82-5

ഒമ്പതാം പദ്ധതി

## ജനകീയാസൂത്രണം

# വികസന റിപ്പോർട്ട്
## 1996

## കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്ത്

# കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്

എഡിററർ:
വി. കെ. നാരായണൻ നമ്പൂതിരി

• • •

സബ് എഡിറ്റേഴ്സ് :
എൻ. രാജശേഖരൻ മാസ്റ്റർ
എ. ബി. ബാബുരാജ്
വി. ജയപ്രകാശ് നാരായണൻ
ഇ. എ. ജോസ്മാസ്റ്റർ
ഇ. കെ. ജോസ് മാസ്റ്റർ

• • •

ഡി. ടി. പി. & ലേഔട്ട്
ഗ്രെയ്സ് ഗ്രാഫിക്സ്, കേച്ചേരി.

• • •

പ്രിന്റിംഗ്
മരിയ, നമ്പഴിക്കാട്.

## ഉള്ളടക്കം

ആമുഖം
എഡിറ്റോറിയൽ
പഞ്ചായത്ത് ഒറ്റനോട്ടത്തിൽ
ചരിത്രപശ്ചാത്തലം
ഭൂപ്രകൃതി
കൃഷി - ജലസേചനം
വ്യവസായം
വിദ്യാഭ്യാസം
മൃഗസംരക്ഷണം, മത്സ്യബന്ധനം
സഹകരണം
സാമൂഹ്യക്ഷേമം
വിഭവസമാഹരണം
ആരോഗ്യം, കുടിവെള്ളം, ശുചിത്വം.
പാർപ്പിടം
പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം
സംസ്ക്കാരം
ഊർജ്ജം, ഗതാഗതം, മാർക്കറ്റ്
വനിത
തയ്യാറാക്കിയവരുടെ ലിസ്റ്റ്
ഉപസംഹാരം

# ആമുഖം

ഒരു ജനതയുടെ ഭാഗധേയം നിശ്ചയിക്കുന്നത് ആ ജനത തന്നെ ആകുമ്പോഴാണ് ജനങ്ങളുടെ ആവശ്യങ്ങൾ വേണ്ടവിധം നിറവേററപ്പെടുന്നതും സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കപ്പെടുന്നതും! സ്വന്തം വിധി നിർണ്ണയിക്കുന്നതിനുള്ള അധികാരം ജനങ്ങൾക്ക പകർന്നുകൊടുക്കാനുള്ള ശ്രമങ്ങളുടെ ഏററവും ഫലപ്രദമായ കാൽവെപ്പായിരുന്നു 73, 74 ഭരണഘടനാ ഭേദഗതിയോടെ നിലവിൽവന്ന പഞ്ചായത്ത്രാജ് സംവിധാനം.

പദ്ധതികൾ രൂപപ്പെടുത്തുന്നതും നടപ്പിലാക്കുന്നതും ജനങ്ങൾതന്നെയാകുമ്പോഴാണ് അധികാര വികേന്ദ്രീകരണം അർത്ഥവത്താകുന്നത്. ജനങ്ങളുടെ ആസൂത്രണശേഷി കണ്ടെത്തുകയും വികസിപ്പിക്കുകയും പരമാവധി പ്രയോജനപ്പെടുത്തുകയുമാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ലക്ഷ്യം!

സംസ്ഥാനതലത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം നിലവിൽ വരുന്നതിനു മുമ്പുതന്നെ കണ്ടാണശ്ശേരി പഞ്ചായത്തിൽ ജനപങ്കാളിത്തത്തോടെ ചെറിയ തോതിൽ വികസന പദ്ധതികൾ തയ്യാറാക്കുകയും അവ നടപ്പിലാക്കുന്നതിന് തുടക്കമിടുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭകളിലൂടെ രൂപീകരിക്കപ്പെട്ട വാർഡ്തല വികസന സമിതികളാണ് ഇത് സാദ്ധ്യമാക്കിയത്.

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായുള്ള ഗ്രാമസഭകൾ മുഴുവൻ വാർഡുകളിലും 1996 സെപ്ററംബർ മാസത്തിൽത്തന്നെ പൂർത്തിയാക്കുവാൻ കഴിഞ്ഞു. ഈ ഗ്രാമസഭകളിൽ ശരാശരി 140 പേരുടെ പങ്കാളിത്തമാണുണ്ടായത്. വിവിധ വിഷയങ്ങളെ അധികരിച്ച് ഗ്രൂപ്പുകളായിത്തിരിഞ്ഞ് ഫലപ്രദമായി ചർച്ചചെയ്യുകയും നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയുംചെയ്തു.

ജില്ലാതല പരിശീലനം ലഭിച്ച 14 പേരും പഞ്ചായത്ത്തലത്തിൽ പരിശീലനം ലഭിച്ച 84 പേരും, വിവിധ വകുപ്പ് ഉദ്യോഗസ്ഥന്മാരും, സാങ്കേതിക വിദഗ്ദരും, വികസന തല്പരരായി മുന്നോട്ടുവന്ന മററ് നിരവധിപേരും റിപ്പോർട്ടിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും അവ ക്രോഡീകരിക്കുന്നതിനും വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്.

12 ഗ്രൂപ്പുകളായി തിരിഞ്ഞ് വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള ചർച്ച, പഠനപര്യടനം, നാട്ടറിവ്, വിദഗ്ദരുമായുള്ള കൂടികാഴ്ച,സക്കാർരേഖകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് വെവ്വേറെ റിപ്പോർട്ടുകൾ തയ്യാറാക്കിയത്. വിദഗ്ദ സമിതി പരിശോധിച്ച് ക്രോഡീകരിക്കുകയും പഞ്ചായത്ത് ഭരണസമിതി ചർച്ചചെയ്ത് അംഗീകരിക്കുകയും ചെയ്ത വികസന റിപ്പോർട്ടാണ് ജനങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നത്. ഒമ്പതാംപദ്ധതിയുടെ ഭാഗമായി കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിൽ അടുത്ത 5 വർഷത്തേക്ക് നടപ്പാക്കേണ്ട വകസന പ്രവർത്തനങ്ങളുടെ ഈ രൂപരേഖ ചർച്ചയിലൂടെ സമ്പുഷ്ടമാക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ജനകീയാസൂത്രണത്തിൻെറ നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിച്ച മുഴുവൻ പേർക്കും നന്ദിപ്രകാശിപ്പിക്കുന്നു. അതോടൊപ്പം വരുംനാളുകളിൽ വിവിധ പദ്ധതികൾ ഏററെടുത്തു നടപ്പാക്കുവാനുള്ള സന്നദ്ധതയോടെ ഓരോരുത്തരും കർമ്മസേനയിൽ അണിചേരണമെന്ന് പ്രത്യേകം താല്പര്യപ്പെടുന്നു.

സമ്പദ് സമൃദ്ധമായ ഒരു നാടിനുവേണ്ടി നമുക്കൊന്നിച്ച് പ്രവർത്തിക്കാം

**പി. കാർത്ത്യായനി**
പ്രസിഡണ്ട്.

# ആമുഖം

# പഞ്ചായത്ത് ഭരണസമിതി



**പി. കാർത്ത്യായനി**
പ്രസിഡണ്ട്



**കെ. എ. ജോണി**
വൈസ് പ്രസിഡണ്ട്



**പി. എ. വിശ്വംഭരൻ**
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ



**പി. എ. മുസ്തഫ**
1-ാം വാർഡ് മെമ്പർ



**ബാലകൃഷ്ണൻ**
2-ാം വാർഡ് മെമ്പർ



**എ. എസ്. ശശി**
3-ാം വാർഡ് മെമ്പർ



**സാവിത്രി രാമകൃഷ്ണൻ**
4-ാം വാർഡ് മെമ്പർ



**വി. കെ. കുഞ്ഞമ്മ**
5-ാം വാർഡ് മെമ്പർ



**കെ. വി. ജോസ് മാസ്റ്റർ**
7-ാം വാർഡ് മെമ്പർ



**ഐഷ ഖാലിദ്**
8-ാം വാർഡ് മെമ്പർ

## എഡിറ്റോറിയൽ



നിയമാനുസൃതമായി ആസൂത്രണ ചുമതല നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനുവേണ്ടിയാണ് ജനകീയാസൂത്രണപ്രസ്ഥാനം രൂപം നൽകിയിട്ടുള്ളത്. ഇത് ആസൂത്രണ വികേന്ദ്രീകരണം നടപ്പാക്കുന്നതിനും, അതുവഴി പദ്ധതിയുടെ 40% തുകയ്ക്കു വരുന്ന സ്കീമുകൾ രൂപപ്പെടുത്തുന്നതിനും, പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുന്നതിനും ലക്ഷ്യമിടുന്നു. ഈ പരിപാടിക്ക് വിപുലമായ അഭിപ്രായസമന്വയം സൃഷ്ടിക്കുന്നതിനും കാമ്പയിനെ സംബന്ധിച്ച സംസ്ഥാന ആസൂത്രണബോർഡിനെ ഉപദേശിക്കുന്നതിനുമായി ഒരു ഉന്നതതല മാർഗ്ഗനിർദ്ദേശകസമിതിക്ക് സർക്കാർ രൂപം നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിലും പ്രവർത്തനം ആരംഭിച്ചു.

പഞ്ചായത്ത് തലത്തിൽ പരിശീലനം സിദ്ധിച്ചവർ വിവിധ വിഷയങ്ങളെ അധികരിച്ച് 12 ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച നടത്തുകയും, പ്രശ്നങ്ങളും സാധ്യതകളും വിലയിരുത്തുകയും ചെയ്തു. ഭൂപ്രകൃതി, വിഭവസമ്പത്ത് എന്നിവയറിയാൻ പഠനപര്യടനയാത്ര നടത്തുകയും, നാട്ടിലെ കാരണവന്മാരും വിവിധ രംഗങ്ങളിൽ പ്രഗദ്ഭരായവരുമായി ചർച്ച നടത്തുകയും ചെയ്തു. അതെല്ലാം ക്രോഡീകരിച്ച് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിനുശേഷം മാത്രമാണ് പുസ്തകരൂപത്തിൽ അടുത്ത അഞ്ചുവർഷത്തേയ്ക്കുള്ള വികസന റിപ്പോർട്ടായി പ്രസിദ്ധീകരിക്കുന്നത്.

കണക്കുകളും നാട്ടറിവുകളും മറ്റും ശേഖരിച്ച് റിപ്പോർട്ടാക്കുവാൻ വേണ്ടി ദിവസങ്ങളായി നിരവധി ഉദ്യോഗസ്ഥന്മാരും,. വികസനതൽപരരായ മറ്റുപലരും ആഹോരാത്രം ബുദ്ധിമുട്ടിയിട്ടുണ്ട് എന്നിട്ടും ഇതു പൂർണ്ണമല്ല. ഒന്നു കൂടിശ്രമിച്ചെങ്കിൽ കുറെക്കൂടി നന്നാക്കാമായിരുന്നു. അപാകതകളും, പോരായ്മകളും ധാരാളം കാണാം. പക്ഷെ ഇതൊരു കരടുരേഖ മാത്രമാണ്. ഇതിൽ വിട്ടുപോയത് ചേർത്ത് സമ്പുഷ്ടമാക്കി വരും നാളുകളിലേക്കുള്ള പഞ്ചായത്തിന്റെ സമഗ്രരേഖയാക്കി മാറ്റേണ്ടത് ഇനിയുള്ള ചർച്ചകളിലൂടെയാണ്. അതു കഴിഞ്ഞാൽ പിന്നീട് രൂപീകരിക്കപ്പെടുന്ന കർമ്മസേനയാണ് വിവിധ പ്രശ്നങ്ങളും സാധ്യതകളും വിലയിരുത്തി സ്കീമുകൾ തയ്യാറാക്കുകയും അവ നടപ്പിലാക്കുകയും വേണ്ടത്. ഇതുമായി ബന്ധപ്പെട്ട വിദഗ്ദർ തന്നെയാവണം അതും ചെയ്യേണ്ടത്. അപ്പോൾ മാത്രമേ ആസൂത്രണ വികേന്ദ്രീകരണവും, ജനപങ്കാളിത്തത്തോടെയുള്ള ബഹുജന പ്രസ്ഥാനവും സ്വാർത്ഥകമാകുകയുള്ളൂ. അതിനുള്ള തയ്യാറെടുപ്പാണ് ഇനി വേണ്ടത്.

ഈ പ്രദേശത്തിന്റെ പൈതൃകം വിലപ്പെട്ട സ്വത്തായി കാത്തുസൂക്ഷിക്കുകയും ഇവിടെ തലമുറകളായി ജീവിക്കുന്നവരുടെ വികാര വിചാരങ്ങൾ അനുഭവിച്ചറിയുകയും ചെയ്ത ആ വലിയ മനുഷ്യൻ, കണ്ടാണശ്ശേരിയുടെ ചരിത്രകാരനായ വട്ടംപറമ്പിൽ വേലപ്പൻ, അയ്യപ്പൻ എന്ന ശ്രീ. കോവിലൻ.

നാട്ടറിവുകളുടേയും, ഐതിഹ്യങ്ങളുടേയും പൊരുള് അന്വേഷിച്ചറിഞ്ഞ് യുക്തിസഹജമായി വ്യാഖാനിക്കുന്ന പ്രൊഫ. പി. നാരായണൻമേനോൻ, പഞ്ചായത്തു വികസന റിപ്പോർട്ട് തയ്യാറാക്കുവാൻ പ്രത്യക്ഷമായും പരോക്ഷമായും സഹകരിച്ച മറ്റു നിരവധി ആളുകൾ, എല്ലാവരേയും കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു.

നാം ഒരുമിച്ച് നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്ന കൂട്ടായ്മയാണ് വേണ്ടത് അതുമാത്രമേ നാടിനെ നന്നാക്കൂ.....

"സംഗച്ഛധ്വം, സംവദധ്വം,
സംവോമനാംസി ജാനതാം" - ഋഗ്വേദം 8 . 8 . 49
(നമ്മൾ ഒന്നിച്ചുകൂടി നടക്കുക, പരസ്പര വിരോധമില്ലാതെ ഒരേ വാക്യം പറയുക,
നമ്മുടെ മനസ്സുകൾ ഏകരൂപോദ്ദേശങ്ങളോടു കൂടിയതാകട്ടെ)

വി. കെ. നാരായണൻ നമ്പൂതിരി
എഡിറ്റർ & ജനറൽ കൺവീനർ
കണ്ടാണശ്ശേരി പഞ്ചായത്ത് വികസന സമിതി

13

# കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഒറ്റനോട്ടത്തിൽ

| | | | |
|---|---|---|---|
| 1. | ജില്ല | : | തൃശൂർ |
| 2. | താലൂക്ക് | : | തലപ്പിള്ളി |
| 3. | പാർലിമെന്റ് മണ്ഡലം | : | ഒറ്റപ്പാലം |
| 4. | അസംബ്ലി മണ്ഡലം | : | കുന്നംകുളം |
| 5. | ബ്ലോക്ക് പഞ്ചായത്ത് | : | ചൊവ്വന്നൂർ |
| 6. | ജില്ല പഞ്ചായത്ത് ഡിവിഷൻ | : | ചൂണ്ടൽ |
| 7. | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | കണ്ടാണശ്ശേരി, ചൂണ്ടൽ. |
| 8. | വില്ലേജുകൾ. | : | കണ്ടാണശ്ശേരി, ആളൂർ. |
| 9. | ആസ്ഥാനം | : | മറ്റം |
| 10. | അതിരുകൾ | : | കിഴക്ക് - കൈപ്പറമ്പ്, തോളൂർ, ചൂണ്ടൽ പഞ്ചായത്തുകൾ<br>തെക്ക് - എളവള്ളി പഞ്ചായത്ത്<br>പടിഞ്ഞാറ് - തൈക്കാട്, ആർത്താറ്റ്, പൂക്കോട് പഞ്ചായത്തുകൾ<br>വടക്ക് - ചൂണ്ടൽ, ചൊവ്വന്നൂർ പഞ്ചായത്തുകൾ |
| 11. | വിസ്തീർണ്ണം | : | 15.27 ച. കി. മീ. |
| 12. | ജനസംഖ്യ | : | 21037 (പു : 9654 സ്ത്രീ : 11183) |
| 13. | ജനസാന്ദ്രത | : | 1378 ച. കി. മീ. |
| 14. | വാർഡുകൾ | : | 10 |
| 15. | വീടുകൾ | : | 4893 |
| 16. | പട്ടികജാതി കോളനികൾ | : | 3 |
| 17. | ലക്ഷംവീടു കോളനികൾ | : | 4 |
| 18. | കോളേജുകൾ | : | 1 |
| 19. | ഹൈസ്കൂളുകൾ | : | 2 |
| 20. | യു. പി. സ്കൂളുകൾ | : | 2 |
| 21. | സ്കൂളുകൾ | : | 5 |
| 22. | നേഴ്സറി സ്കൂളുകൾ | : | 13 |
| 23. | സാക്ഷരത ശതമാനം | : | 97.4 |
| 24. | ശുദ്ധജലപദ്ധതികൾ | : | 3 |
| 25. | പൊതുടാപ്പുകൾ | : | 36 |
| 26. | പൊതുകിണറുകൾ | : | 32 |
| 27. | കുഴൽ കിണറുകൾ | : | 11 |
| 28. | പൊതുകുളങ്ങൾ | : | 23 |
| 29. | പുഴ | : | 1 |
| 30. | തോടുകൾ | : | 22 കി. മീ. |
| 31. | ജലസേചന പദ്ധതികൾ | : | 1 |
| 32. | റോഡുകൾ | : | 68 കി. മീ. |
| 33. | തെരുവുവിളക്കുകൾ | : | 496 |
| 34. | ഷെഡ്യൂൾഡ് ബാങ്കുകൾ | : | 2 |
| 35. | സഹകരണ ബാങ്കുകൾ | : | 2 |
| 36. | ക്ഷീരവ്യവസായ സംഘങ്ങൾ | : | 2 |
| 37. | സർക്കാർ സ്ഥാപനങ്ങൾ | : | 1. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്<br>2. കൃഷിഭവൻ<br>3. മൃഗാശുപത്രി<br>4. പ്രാഥമിക ആരോഗ്യകേന്ദ്രം<br>5. ഹോമിയോ ഡിസ്പെൻസറി<br>6. കുടുംബക്ഷേമ കേന്ദ്രങ്ങൾ (4) |


തൃശൂർ റോഡ്
W
S
ചൂണ്ടൽ
ഗുരുവായൂർ റോഡ്
തൈക്കാട്
എളവള്ളി
ചിറ്റാട്ടുകര റോഡ്



കണ്ടാണശ്ശേരി പഞ്ചായത്ത്
ഭൂപടം
N
S
E
വലിയതോട്

# ചരിത്ര പശ്ചാത്തലം



## സ്ഥലനാമ ചരിത്രം

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലാണ് കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. തലപ്പിള്ളി രാജവംശത്തിന്റെ നിയന്ത്രണത്തിലായിരുന്ന പ്രദേശങ്ങളാണ് പിന്നീട് തലപ്പിള്ളി താലൂക്കായി പഴയ കൊച്ചിരാജ്യത്ത് ഉൾപ്പെട്ടിരുന്നത്. പ്രസിദ്ധമായ ഗുരുവായൂരിനടുത്ത് കൊച്ചി ബ്രിട്ടീഷ് മലബാർ അതിർത്തിയിലാണ് ഈ പ്രദേശം. ചൊവ്വല്ലൂർ,കണ്ടാണശ്ശേരി,നമ്പഴിക്കാട്, മററം, ആളൂർ, പന്നിശ്ശേരി, കൂനംമൂച്ചി, അരിയന്നൂർ എന്നീ പ്രദേശങ്ങൾ ചേർന്നതാണ് ഈപഞ്ചായത്ത്. ഇവിടത്തെ മിക്കപ്രദേശങ്ങളും സമുദ്രനിരപ്പിൽ നിന്ന് അമ്പതു മീററിലേറെ ഉയരത്തിൽ കുന്നുകളും താഴ്വരകളുമായിട്ടാണ് കാണപ്പെടുന്നത്. കണ്ടാണശ്ശേരി പ്രദേശവും നമ്പഴിക്കാടിന്റെയും ആളൂരിന്റേയും ചില ഭാഗങ്ങളും മാത്രമേ സമുദ്രനിരപ്പിൽ നിന്ന് ഏറെ ഉയരമില്ലാത്ത തീരദേശസ്വഭാവം പുലർത്തുന്നുള്ളു. താഴ്ന്ന പ്രദേശങ്ങളെല്ലാംതന്നെ ജലാശയങ്ങളായിരുന്നു. മഴക്കാലത്ത് വെള്ളപ്പാച്ചിലിൽ മണ്ണും മററും ഒലിച്ചിറങ്ങി നൂററാണ്ടുകളിലൂടെയാണ് ഈ ജലാശയങ്ങൾ നികന്നുവന്നത്.

കണ്ടാണശ്ശേരി പഞ്ചായത്തിലും സമീപപ്രദേശങ്ങളിലും ധാരാളമായി കണ്ടെത്തിയിട്ടുള്ള തൊപ്പിക്കല്ലുകളും കുടക്കല്ലുകളും മുനിയറകളും നന്നങ്ങാടികളും ഗുഹകളും മററും അതിപുരാതനമായ ഒരു മനുഷ്യസംസ്കൃതിയുടെ തിരുശേഷിപ്പുകളാണ്. കേരളത്തിലുടനീളം ചരിത്രാതീതകാലാവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുള്ളത് കുന്നിൻപുറങ്ങളിലും ചെരിവുകളിലുമാണെന്ന വസ്തുത ശ്രദ്ധേയമണ്. സഹസ്രാബ്ദങ്ങൾക്കുമുമ്പ് കേരളത്തിൽ നിലനിന്നിരുന്ന മഹാശിലാ സംസ്കാരത്തിന്റെ അവശിഷ്ടങ്ങളാണ്. കാരുളിക്കുന്നിന്റെ ചെരുവിൽക്കാണുന്ന കുടക്കല്ലുകളും പുല്ലാനിക്കുന്നിന്റെ നെറുകയിൽ സ്ഥിതിചെയ്യുന്ന മുനിമടയുമെന്ന് ചരിത്രഗവേഷകർ കണ്ടെത്തിയിട്ടുണ്ട്.

ഈ ഭൂമിശാസ്ത്ര പശ്ചാത്തലത്തിലാണ് പ്രാചീനകാല ചരിത്രം പരിശോധിക്കപ്പെടേണ്ടത്. ഇന്നുകാണുന്ന കണ്ടാണശ്ശേരി പ്രദേശം അക്കാലത്ത് ജലാശയങ്ങളായിരുന്നു. ഇപ്പോൾ അരിയന്നൂർ ക്ഷേത്രം സ്ഥിതിചെയ്യുന്ന കുന്നും തെക്കുഭാഗത്തുള്ള പുല്ലാനിക്കുന്നും പടിഞ്ഞാറുണ്ടായിരുന്ന ജലാശയത്തിലേക്ക് തള്ളിനില്ക്കുന്നു. പ്രകൃതിദത്തമായ ഈ സാഹചര്യം വള്ളങ്ങൾക്കും മററും കാററിലും കോളിലും നിന്നു രക്ഷപ്പെട്ട് ശാന്തമായി കരയ്ക്കടുക്കുന്നതിനുള്ള സൗകര്യം നൽകിയതുകൊണ്ടാവാം ആ ഭാഗം ഇന്നും 'തുറങ്കര'എന്ന പേരിൽഅറിയപ്പെടുന്നത്.ഇതിനടുത്ത് ജലാശയത്തിലേക്കു തള്ളിനില്ക്കുന്ന പ്രദേശത്തിന്റെ അഗ്രഭാഗത്തിനോട് ചേർത്ത്ഉണ്ടാക്കിയ പ്രദേശമാണ് കണ്ടാണശ്ശേരി.അങ്ങനെ അററം ചേർത്തുണ്ടാക്കിയ ഗ്രാമം എന്നർത്ഥത്തിലായിരിക്കാം കണ്ടാണശ്ശേരി എന്നപദമുണ്ടായത്. (കണ്ട=അററം, അണ=ചേർക്കുക, ചേരി=ഗ്രാമം)

സ്ഥലനാമവുമായി ബന്ധപ്പെടുത്തി പരിശോധിക്കുമ്പോൾ സംഘകാല സാഹിത്യകൃതിയായ 'പുറനാനൂറ്' എന്ന ഗ്രന്ഥത്തിൽ 'വാകൈ പെരും തുറ' എന്നു സൂചിപ്പിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്. ഇത്, കൊടുങ്ങല്ലൂരിൽ നിന്നും '80 സ്റ്റേഡിയ' വടക്കുമാറി, മററത്തിനകത്തുള്ള വാകയെ അനുസ്മരിപ്പിക്കുന്നു.

ചുററും കുന്നുകളുള്ളതിനാലാവാം തുറങ്കരക്കു കിഴക്കുള്ള ഭാഗം മറയപ്പെട്ട പ്രദേശമെന്ന അർത്ഥത്തിൽ'മററം' ആയത്, (മററത്തിന് താണഭൂമിയെന്നും ആററരികിലെ സ്ഥലമെന്നും തടമെന്നും അർത്ഥഭേദങ്ങളുണ്ട്) ഇതിന്റെ മേൽഭാഗത്തുള്ള ക്ഷേത്രമാണ് മേൽതൃക്കോവിൽ. കിഴക്ക് കണ്ടിയൂരും. (കേരളത്തിൽ വേറേയും മററവും അതിനടുത്ത് കണ്ടിയൂരും ഉണ്ട്. മററം ചേർത്ത സ്ഥലനാമങ്ങളും ധാരാളമുണ്ടല്ലോ?.) ഇവിടെ നിന്നും തെക്കുപടിഞ്ഞാറായാണ് നമ്പഴിക്കാട്. ഇത് നൗ+അഴി+കാട് ആകാം. (നൗ=തോണി കപ്പൽ; അഴി=അഴിമുഖം, തുറ=തുറമുഖം) എങ്കിൽ ഇതും ജലഗതാഗതവുമായി ബന്ധപ്പെട്ടിരിക്കുന്നു.

നമ്പഴിക്കാടിന്റെ കിഴക്ക് വട്ടതലയാണ്. നാവികർ വിശ്രമിക്കുന്ന സ്ഥലമാണ് വട്ടതല. മാത്രവുമല്ല, വട്ടതലക്കരികെ ചിറക്കൽ എന്ന പ്രദേശവും ധാരാളമുണ്ട്. വെള്ളം തടഞ്ഞു നിത്താൻ ചിറ കെട്ടിയതുമൂലമാകാം 'ചിറക്കൽ' ഉണ്ടായത്, കണ്ടാണശ്ശേരി പഞ്ചായത്തിലും വട്ടതലക്ക വടക്കുകിഴക്ക ചിറക്കലുണ്ട്. ഈ ചിറക്കലിനു വടക്കുകിഴക്കാണ് ആളൂർ. ജലസമൃദ്ധമായ പ്രദേശമാകയാലാകാം ഈ പ്രദേശത്തിനു് ആളൂർ എന്ന പേരുണ്ടായത്. (ആല്+ഊര്, ആല്=ജലം) വലിയ ജലാശയങ്ങളിൽ അങ്ങിങ്ങ് തുരുത്തുകൾ കാണപ്പെടാറുണ്ട്. 'തുരുത്തു്' പിന്നീട് 'തിരുത്തി'യെന്നായി മാറിയിരിക്കാം ആളൂരിനടുത്തു് 'തിരുത്തി'യും ഉണ്ടല്ലോ! ഇതെല്ലാം നമ്മുടെ നാട്ടിലെ താഴ്ന്ന പ്രദേശങ്ങൾ ജലാശയങ്ങളായിരുന്നുവെന്നും അതുമായി ബന്ധപ്പെട്ടാണ് സ്ഥലനാമങ്ങൾ രൂപംകൊണ്ടതെന്നും സൂചിപ്പിക്കുന്നു.

'അന്നൂര്' എന്നതിനോട് വിവിധ പദങ്ങൾ ചേർത്തുണ്ടായ സ്ഥലം ധാരാളമുണ്ട് പാറ അന്നൂര്, ചൊവ്വ്+അന്നൂര് എന്നിവപോലെ ഉണ്ടായതാകാം അരി+അന്നൂരും (അരിയന്നൂർ) കരി+അന്നൂരും, (ഹരികന്യകയുടെ ഊരാണ് അരിയന്നൂർ എന്നും പറയപ്പെടുന്നു) അത്തരത്തിൽ, സ്ഥലനിർണ്ണയത്തിനുവേണ്ടി മൂച്ചി (മാവ്) ചൂണ്ടിക്കാണിക്കുമൂലം ആ പ്രദേശം 'കൂനംമൂച്ചി' ആയതാകാം. ചൊവ്വല്ലൂരിൽ പ്രസിദ്ധമായ ഒരില്ലമുണ്ടായിരുന്നുവെന്നും അങ്ങനെ ചൊവ്വുള്ള ഇല്ലമുള്ള ഊരാണ് പിന്നീട് ചൊവ്വല്ലൂരായതെന്നും വിശ്വസിക്കപ്പെടുന്നു. അങ്ങോട്ടുള്ള റോഡു തുടങ്ങുന്നിടത്തു് ഒരു പാനീസ് വിളക്ക സ്ഥാപിച്ചിരുന്നു. ആ റോഡാണ് ഇപ്പോൾ പാരീസ് റോഡ് ആയത്

'ചേരി'യെന്നാൽ ഗ്രാമത്തിന്റെ പ്രത്യേകഭാഗം എന്നത്ഥമാണല്ലോ! അതിനാൽ, പണ്ട് വേണ്ടത്ര ഫലഭൂയിഷ്ഠമല്ലാതിരുന്ന (പന്ന)പ്രദേശത്തെ പന്ന+ചേരി പന്നശ്ശേരി (പന്നിശേരി) എന്നും പറഞ്ഞിട്ടുണ്ടാകാം.

## സാമൂഹ്യ സാംസ്കാരിക ചരിത്രം

രണ്ടാം നൂററാണ്ടിലാണ് സെൻറ് തോമസിന്റെ പേരിൽ മററം പള്ളി സ്ഥാപിക്കപ്പെട്ടതെന്നാണ് കണക്കാക്കിവരുന്നത്. എന്നാൽ കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ വമ്പിച്ച പരിവത്തനങ്ങളുണ്ടായ ഒമ്പതാം നൂററാണ്ടിലാണ് കണ്ടാണശ്ശേരി പഞ്ചായത്തിലെ പ്രധാന ദേവാലയങ്ങളായ ചൊവ്വല്ലൂർ ശിവക്ഷേത്രം, അരിയന്നൂർ ഹരികന്യക്ഷേത്രം, കണ്ടിയൂർ മഹാവിഷ്ണുക്ഷേത്രം, മേൽതൃക്കോവിൽ ക്ഷേത്രം, പൊന്മല ശിവക്ഷേത്രം മുതലായവ സ്ഥാപിക്കപ്പെടുന്നത്. പതിനാലാം നൂററാണ്ടിൽ എഴുതപ്പെട്ട 'ചന്ദ്രോത്സവം'എന്ന ഗ്രന്ഥത്തിൽ, അക്കാലത്ത് തലപ്പിള്ളി രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന അരിയന്നൂർ ഹരികന്യാ ദേവിയെ അനുസ്മരിക്കുന്നുണ്ട്.

ടിപ്പുവിന്റെ പട കണ്ടാണശ്ശേരിയിലെത്തിയപ്പോൾ അവിടത്തെ ജനസമൂഹം സംഘടിച്ച് പടയെ പരാജയപ്പെടുത്തുകയുണ്ടായി. അന്ന് പടവെട്ടിയ സ്ഥലമാണ് 'പടവെട്ടുപുറ' മെന്നും മരണമടഞ്ഞവരെ കുഴിച്ചിട്ട സ്ഥലമാണ് 'ആയിരംകുള' മെന്നും പറയപ്പെടുന്നു. ഇതിനടുത്താണ് ശ്രീകൃഷ്ണന്റെ കാലടി പതിഞ്ഞതെന്നു വിശ്വസിക്കപ്പെടുന്ന 'കല്ലത്തിപ്പാറ'.

പഞ്ചായത്തിലെ ഏററവും ഉയരംകൂടിയ പ്രദേശമായ പൊന്മല, ബ്രിട്ടീഷ് ഭരണകാലത്ത് യുദ്ധാവശ്യങ്ങൾക്കും സർവ്വേ സംബന്ധമായ കാര്യങ്ങൾക്കുമുള്ള പ്രധാനകേന്ദ്രമായിരുന്നു. ഇവിടെയുള്ള 'കലച്ചട്ടി' സർവ്വേ സംബന്ധമായ കീപോയൻറാണ്.

നിലത്തെഴുത്തു സമ്പ്രദായം നിലവിലിരുന്ന ഇവിടങ്ങളിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട വിദ്യാഭ്യാസ കേന്ദ്രം മററം പള്ളിയോടനുബന്ധിച്ചുള്ള കുടിപ്പള്ളിക്കൂടമാണ്. എന്നാൽ 19-ാം നൂററാണ്ടിൽ കൊച്ചിരാജാവിന്റെ അംഗീകാരത്തോടെ ആദ്യത്തെ പ്രൈമറിസ്കൂൾ ആരംഭിച്ചതും മററത്തിലാണ് ഇപ്പോൾ ഈ പഞ്ചായത്തിൽ നഴ്സറി മുതൽ ബിരുദാനന്തര ബിരുദംവരെ പഠിക്കുവാനുള്ള സൗകര്യവും സ്ഥാപനങ്ങളും നിലവിലുണ്ട്. പക്ഷെ, അതെല്ലാം മററം ഭാഗത്ത് കേന്ദ്രീകരിച്ചാണ് ഇന്നും നിലനില്ക്കുന്നത്.

ഗുരുവായൂർ ക്ഷേത്ര പ്രവേശന സമരത്തിൽ കണ്ടാണശ്ശേരിയിലെ ഒരു സംഘമാളുകൾ പങ്കെടുത്തിട്ടുണ്ട്. ശ്രീ. വെട്ടത്ത് ഗോവിന്ദൻ എന്ന അപ്പുവിനായിരുന്നു നേതൃത്വം. അതേപോലെ, ഇക്കാലത്തുതന്നെ, അയിത്തത്തിനും ജാതീയതയ്ക്കുമെതിരായുള്ള പ്രവർത്തനങ്ങളും ഇവിടെ ശക്തമായിരുന്നു. ഭ്രഷ്ട് കല്പിക്കപ്പെട്ടിരുന്ന ഒരു സ്ത്രീയെ മിശ്രവിവാഹം കഴിക്കുകയും അതുവഴി ഈ പ്രസ്ഥാനത്തിന് ശക്തി പകർന്നവരും ഇവിടെയുണ്ടായി.

കണ്ടാണശ്ശേരി പഞ്ചായത്തിലെ നിരവധിയാളുകൾ നാട്ടിലും മറുനാട്ടിലും വെച്ച് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കുകയുണ്ടായി. അതിൽ എടുത്തുപറയാവുന്ന വ്യക്തി ഐ. എൻ. എ. യിൽ അംഗമായിരുന്ന മുൻ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. പി. കെ. മണത്തിൽ എന്ന ഇട്ടിറിയാണ്.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ 1950കളിൽ, അനൗപചാരിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കേരളത്തിലുടനീളം ശക്തിപ്രാപിച്ച ഗ്രന്ഥശാലാപ്രസ്ഥാനം ഈ പഞ്ചായത്തിലും ശക്തിപ്പെടുകയുണ്ടായി. ഇത് ഇവിടേയും നിരവധി വായനശാലകൾക്ക് ജന്മം നൽകുകയുണ്ടായി.

കർഷക – തൊഴിലാളി പ്രസ്ഥാനങ്ങളുമായി സഹകരിച്ച് കണ്ടാണശ്ശേരി പഞ്ചായത്തിൽ രൂക്ഷമായ സമരങ്ങളും മററ് സംഘടിത പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. ഇതേത്തുടർന്ന് വിവിധ മേഖലകളിൽ ശക്തമായ തൊഴിലാളി സംഘടനകൾ രൂപീകരിക്കപ്പെടുകയും ചെയ്തു.

ജന്മി – കുടിയാൻ ബന്ധം അവസാനിപ്പിച്ചുകൊണ്ടുണ്ടായ ഭൂപരിഷ്കരണ നിയമം മൂലം ഇവിടെ പാട്ടത്തിനും മററുമെടുത്ത് കൃഷിയിറക്കിയിരുന്നവരെല്ലാം സ്വന്തമായി ഭൂമിയുള്ളവരായി അംഗീകരിക്കപ്പെടുകയുണ്ടായി.

ആരോഗ്യ രംഗത്ത് കുഴപ്പിള്ളി, കൊടയ്ക്കാട്ട് തുടങ്ങിയ പ്രശസ്തരായ പാരമ്പര്യ വൈദ്യന്മാരുടേയും മററ് നിരവധി പാരമ്പര്യ വൈദ്യന്മാരുടേയും ഒരു പരമ്പര തന്നെ ഈ പഞ്ചായത്തിലുടനീളം ഉണ്ടായിരുന്നു. ഇപ്പോൾ നാട്ടുവൈദ്യന്മാരും അലോപ്പതി, ആയുർവ്വേദം, ഹോമിയോ ഡോക്ടർമാരും അലോപ്പതി, ഹോമിയോ ഡിസ്പൻസറികളും ഇവിടെയുണ്ട്.

ജലമാർഗ്ഗ ഗതാഗത സംവിധാനമായിരുന്നു പണ്ടിവിടെയുണ്ടായിരുന്നത്. ഇന്നതില്ല. ഈ പഞ്ചായത്തിലൂടെ പോകുന്ന ഗുരുവായൂർ – തൃശ്ശൂർ റോഡും അതുമായി ബന്ധപ്പെട്ട മററ് നിരവധി റോഡുകളുമാണ് ഗതാഗതത്തിനായി ഇപ്പോൾ ഉപയോഗപ്പെടുത്തുന്നത്.

ശിലായുഗത്തിലെ മുനിമട മുതൽ ആധുനിക കോൺക്രീററ് സൗധങ്ങൾ വരെ ഇപ്പോൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും ജനങ്ങളുടെ പാർപ്പിട പ്രശ്നം പരിപൂർണ്ണമായി ഇതുവരേയും പരിഹരിക്കപ്പെട്ടിട്ടില്ല.

മേൽപ്പറഞ്ഞ സാമൂഹ്യസാംസ്കാരിക പശ്ചാത്തലം നിലനില്ക്കുമ്പോഴും ഈ പ്രദേശത്തെ വിവിധ ഉല്പാദന മേഖലകൾ വിവിധ കാരണങ്ങളാൽ മുരടിച്ചു നില്ക്കുകയാണ്. തൊഴിലില്ലായ്മയും കുടിൽ വ്യവസായങ്ങളുടെ നിലനില്പും രൂക്ഷമായിക്കൊണ്ടിരിക്കുന്നു. അതോടൊപ്പം വനിതകൾക്കു നേരെ അനുഭവപ്പെടുന്ന അവഗണനയും കാര്യമായ തോതിലുണ്ട്.

എന്നാൽ, പഞ്ചായത്തിൻെറ വിഭവ സമാഹരണം കൂടുതൽ ശക്തമാക്കിയും ഭൂവിനിയോഗവും കുടിൽ വ്യവസായങ്ങളും ഫലപ്രദമായി പരിപോഷിപ്പിച്ചും ജനങ്ങളുടെ കൂട്ടായ്മയിലൂടെ ഇന്നനുഭവപ്പെടുന്ന വെല്ലുവിളികളെ വേണ്ടവിധത്തിൽ കാര്യക്ഷമമായി പരിഹരിക്കാൻ കഴിയുന്നതാണ്.

### പഞ്ചായത്ത് സമിതികൾ

1948ലാണ് കണ്ടാണശ്ശേരി പഞ്ചായത്ത് രൂപം കൊള്ളുന്നത്. അതുവരെ വെള്ളാററഞ്ഞൂർ ഗ്രൂപ്പ് പഞ്ചായത്തിൻേറയും ചൂണ്ടൽ പഞ്ചായത്തിൻേറയും ഭാഗമായിരുന്നു ഇത്. കണ്ടാണശ്ശേരിയിലെ

ആദ്യത്തെ പ്രസിഡണ്ടിനേയും വൈസ് പ്രസിഡണ്ടിനേയും 1123 മേടമാസം 23-ാംതിയ്യതി ആളൂർ വില്ലേജ് ഓഫീസിൽ വെച്ചാണ് തെരഞ്ഞെടുത്തത്. പിന്നീട് കാലാകാലങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ വിവിധ സമിതികൾ രൂപംകൊള്ളുകയും ഇന്നുവരെ ഭരണം നടത്തുകയും ചെയ്തിട്ടുണ്ട്.

1964 മുതലാണ് പഞ്ചായത്ത് ഓഫീസ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയത്. പഞ്ചായത്ത് ഓഫീസ് കെട്ടിടം പണിയുന്നതിനുള്ള സ്ഥലത്തിന്റെ കൈവശാവകാശം ഒഴിഞ്ഞു കൊടുത്തത് റവ. ഫാദർ. പോൾ കാക്കശ്ശേരിയും ജന്മാവകാശം വിട്ടുകൊടുത്തത് ബ്രഹ്മശ്രീ. വടക്കമ്പാട്ട മനയ്ക്കൽ കൃഷ്ണൻ നമ്പൂതിരിയും പശുപതി നമ്പൂതിരിയുമാണ്.

1948 മുതൽ ഇന്നുവരെയുണ്ടായ പഞ്ചായത്ത് ഭരണസമിതി പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് എന്നിവർ:

**1948__1952**

പ്രസിഡണ്ട് : ചിറമൽ തോമക്കുട്ടി ദേവസി

വൈസ് പ്രസി: സി. ട്ടി. ശങ്കരൻ

**1952__62**

പ്രസിഡണ്ട്: കെ. എ.പറിഞ്ചു

വൈ. പ്രസിഡണ്ട് : എം. ജി. ഇട്ടറി1 (പി. കെ. മണത്തിൽ)

**1962__63**

പ്രസിഡണ്ട് : കെ. ആർ. കുട്ടപ്പൻ

വൈ. പ്രസി : എം. ജി. ഇട്ടിറി

**1963__72**

പ്രസിഡണ്ട് : സി. മാധവ വാരിയർ

വൈ. പ്രസി : കെ. എസ്. പ്രഭാകരൻ

**1972__76**

പ്രസിഡണ്ട് : പി. ഐ. പീററർ

വൈ. പ്രസി : എം. കെ. കുട്ടൻ

**1976__79**

പ്രസിഡണ്ട് : പി. ഐ. പീററർ

വൈ. പ്രസി : പി. നാരായണൻ നായർ

**1979__88**

പ്രസിഡണ്ട് : കെ. കെ. കേശവൻ

വൈ. പ്രസി : കെ. ആർ. കൃഷ്ണൻ മാസ്റ്റർ

**1988__95**

പ്രസിഡണ്ട് : കെ. കെ. കേശവൻ

വൈ. പ്രസി : വി. കെ. നാരായണൻ നമ്പൂതിരി

1995ൽ ഗ്രാമപഞ്ചായത്ത് രൂപീകരിക്കപ്പെട്ടതു മുതൽ ഇന്ന് നിലവിലുള്ള ഭരണസമിതി.

| | | |
|---|---|---|
| പ്രസിഡണ്ട് | : | പി. കാർത്ത്യായനി |
| വൈ. പ്രസിഡണ്ട് | : | കെ. എ. ജോണി |
| സ്റ്റാൻഡിങ്ങ് കമ്മിററി ചെയർമാൻ | : | പി. എ. വിശ്വംഭരൻ |
| അംഗങ്ങൾ | : | പി. എ. മുസ്തഫ |
| | | എൻ. കെ. ബാലകൃഷ്ണൻ |
| | | എ. എസ്. ശശി |
| | | സാവിത്രി രാമകൃഷ്ണൻ |
| | | വി. കെ. കുഞ്ഞമ്മ |
| | | കെ. വി. ജോസ് മാസ്റ്റർ |
| | | ഐഷാ ഖാലിദ് |

## സാംസ്കാരിക നായകർ

കണ്ടാണശ്ശേരി പഞ്ചായത്തിൽ എല്ലാംകൊണ്ടും എടുത്തുപറയാവുന്ന പ്രഗത്ഭവ്യക്തി ശ്രീ.കോവിലൻ എന്ന വി. വി. അയ്യപ്പനാണ്. പട്ടാളക്കാരനായിരുന്ന അദ്ദേഹം മലയാള സാഹിത്യത്തിലെ ഏററവും ശക്തനും പ്രഗത്ഭനും ശ്രദ്ധേയനുമായ എഴുത്തുകാരനാണ്. ഈ നാടിന്റെ ഹൃദയമിടിപ്പും മനുഷ്യ സംസ്കൃതിയുടെ ചരിത്രവും അനുഭവിച്ചറിഞ്ഞെഴുതിയ 'തട്ടകം' എന്ന കോവിലന്റെ മാസ്റ്റർപീസ് കണ്ടാണശ്ശേരിയുടെ ചരിത്രം കൂടിയാണ്.

പട്ടാളക്കാരനും എഴുത്തുകാരനുമായ ശ്രീ. ശങ്കർജി മററം, പത്രപ്രവർത്തകനും എഴുത്തുകാരനുമായ ശ്രീ. ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി, സംസ്കൃത പണ്ഡിതനും എഴുത്തുകാരനുമായ ശ്രീ. കെ. കേശവൻനായർ മാസ്റ്റർ, സിനിമാസംവിധായകനായ ശ്രീ.പവിത്രൻ എന്നിവർ ഇവിടെ ഇന്നും ജീവിക്കുന്ന സാംസ്കാരിക നായകന്മാരാണ്. വളർന്നുവരുന്ന വേറേയും നിരവധിയാളുകൾ ഈ രംഗത്തുണ്ട്.

# ഭൂപ്രകൃതി

കണ്ടാണശ്ശേരി പഞ്ചായത്തിലെ ഭൂപ്രകൃതിയനുസരിച്ച് വിവിധഭാഗങ്ങളെ കുന്നിൻ പ്രദേശം, ചെരിവു തലം, താഴ്വരകൾ, വയലുകൾ, മണൽ പ്രദേശം, എന്നിങ്ങനെയായി തരം തിരിക്കാം. പ്രകൃതി മനോഹരമായ നിരവധി കുന്നുകളും, പുഴയും, നെൽവയലുകളും, തെങ്ങിൻ തോട്ടങ്ങളും നിറഞ്ഞ തനി ഉൾനാടൻ പ്രദേശമാണിത്. കിഴക്കുനിന്ന് പടിഞ്ഞാട്ടു ചെരിഞ്ഞു കിടക്കുന്ന രൂപത്തിലാണെങ്കിലും കുന്നുകളും, വയലുകളും ഇടകലർന്ന ഭൂവിഭാഗമാണിവിടെ കിഴക്കൻ മേഖല നെൽകൃഷിക്കും പടിഞ്ഞാറൻ മേഖല തെങ്ങിനുമാണ്. പ്രാധാന്യം നൽകിയിരിക്കുന്നത്. മണ്ണിൻെറ പ്രകൃതിയനുസരിച്ച് മററ് കൃഷിരീതികളും ഇടവിളകളും, ധാരാളമുണ്ട്. കണ്ടാണശ്ശേരി പഞ്ചായത്ത് മുഴുവൻ 'ഉൾനാടൻ മേഖലയി' ലാണ് ഉൾപ്പെടുന്നത്.

പ്രധാനപ്പെട്ട ഒമ്പത്കുന്നുകളാണുള്ളത്. അതെല്ലാം പണ്ട് കാടുകളായിരുന്നു. ഇവ ചെങ്കല്ലും ചരലും കലർന്ന ചെമ്മൺ പ്രദേശങ്ങളാണ്. ചെങ്കല്ലും, കരിങ്കല്ലും ധാരാളമുണ്ട്. ഫലഭൂയിഷ്ഠത വേണ്ടത്രയില്ലെങ്കിലും നാടൻ മരങ്ങൾ ധാരാളമായി വളരുന്നു. കിഴക്കൻ കുന്നുകളിൽ ചെങ്കല്ലും കരിങ്കല്ലും പാറപ്പൊട്ടിച്ച് ധാരാളം ക്വാറികളുണ്ടായിട്ടുണ്ട്. ഇപ്പോൾ കല്ലു മാത്രമല്ല, മണ്ണും മുഴുവനുമായി നീക്കം ചെയ്യപ്പെടുന്നു. അതുകൊണ്ടുതന്നെ ആകൃതിയും പ്രകൃതിയും നഷ്ടപ്പെട്ട് അവ നശിച്ചു കൊണ്ടിരിക്കുന്നു. പലതും കുളങ്ങളായി മാററുകയും ചെയ്യുന്നു ഈ അവസ്ഥ പരിസ്ഥിതിക്കും ദോഷം ചെയ്യുന്നു

ചെരിവുകൾ ചരൽ പ്രദേശമാണ്. മരങ്ങളില്ലാത്തതു മൂലം, മേൽമണ്ണ് ഒലിച്ചുപോയി തരിശുകളായി മാറുന്നു. അതുകൊണ്ടുതന്നെ വേണ്ടത്ര മണ്ണില്ലാത്തതും കൃഷി ചെയ്യാൻ പററാത്തതും പാഴ്മരങ്ങൾ മാത്രം വളരുന്നവയുമാണ് മിക്ക ചെരിവുതലങ്ങളും.

താഴ്വരകൾ പൊതുവെ ഫലഭൂയിഷ്ഠമാണ്. അതുകൊണ്ടുതന്നെ നാണ്യവിളകൾ ധാരാളം കൃഷിചെയ്യപ്പെടുന്നു. ഫലവൃക്ഷങ്ങളും മററുമരങ്ങളും സസ്യലതാദികളും ധാരാളമായി വളരുന്നുണ്ട്.

വയലുകൾ ഫലഭൂയിഷ്ഠമാണ്. ഇവിടെ എക്കൽ എണ്ണാണുള്ളത്. ഇത് നെൽകൃഷിക്ക് ഉപകാരപ്രദമാണ്. എന്നാൽ പലതും ഇഷ്ടികക്കളങ്ങളായി മാററിയിട്ടുണ്ട്. അതുകൊണ്ടുതന്നെ മേൽമണ്ണുനഷ്ടപ്പെട്ട് ജൈവാംശം ഇല്ലാത്ത വയലുകളായും മണ്ണെടുത്ത് വൻകുഴികളായി വെള്ളം കെട്ടികിടക്കുന്ന പ്രദേശങ്ങളായും ഇവ മാറിയിരിക്കുന്നു. പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിലാണ് ഈ സ്ഥിതി കൂടുതലുള്ളത്. മാത്രമല്ല, വയലുകൾ മണ്ണിട്ടു നികത്തുന്നതും ഇവിടത്തെ പരിസ്ഥിതിയെ ബാധിക്കുന്നു.

പടിഞ്ഞാറൻ മണൽപ്രദേശം തെങ്ങുകൃഷിക്ക് ഏററവും അനുയോജ്യമാണ്. ഇവിടങ്ങളിൽ നെൽകൃഷി വേണ്ടത്ര ഫലപ്രദമല്ലാത്തതിനാൽ, നെൽപ്പാടങ്ങൾ അധികവും പുരയിടങ്ങളായി മാറുന്നു

**ജലപ്രകൃതി:-** പ്രധാനപ്പെട്ട ഒരു പുഴയും മിക്ക ഭാഗത്തുമുള്ള തോടുകളും നിരവധി കുളങ്ങളും പൊതു-സ്വകാര്യ കിണറുകളും കുഴൽ കിണറുകളും അടങ്ങിയതാണ് ഇവിടെയുള്ള ജലപ്രകൃതി. എന്നാൽ ഇവയെല്ലാം വർഷക്കാലത്ത് ജലസമൃദ്ധമാകുമെങ്കിലും വേനൽക്കാലത്ത് മിക്കതും വററാറുണ്ട് 10% ജലാശയങ്ങളിലെ വേനലിൽ വെള്ളമുണ്ടാകൂ. പുഴയിലേയും തോടുകളിലേയും വെള്ളം സംഭരിക്കാനുള്ള തടയണയും ചിറകളും ഉണ്ടെങ്കിലും, നീരൊഴുക്കില്ലാത്തതിനാൽ രൂക്ഷമായ ജലക്ഷാമം പഞ്ചായത്തിൽ പൊതുവെ അനുഭവപ്പെടുന്നു. പ്രത്യേക ഭൂപ്രകൃതി (കുന്നും വയലും ഇടകലർന്നത്) ആകയാൽ മഴക്കാലത്തു ലഭിക്കുന്ന വെള്ളം പെട്ടെന്ന് ഒലിച്ചുപോകുന്നു. പുഞ്ചകൃഷിക്കാണ്. ഏററവും വിഷമം നേരിടാറുള്ളത്. അതുപോലെ തോട്ടങ്ങളിലെ ജലസേചനത്തിനും ഏററവും ഉയരമുള്ള പൊന്മലരിൽ പ്രകൃതിദത്തമായ നീരുറവയുണ്ട്. പടിഞ്ഞാറൻ മണൽ പ്രദേശത്ത് കഠിനജലവും മററെല്ലായിടത്തും ശുദ്ധമൃദുജലവുമാണ്. പാടം നികത്തുകയും റോഡുകൾ ഉണ്ടാക്കുകയും മൂലം വെള്ളം ഒഴുകിപ്പോകാതെ കൃഷിയെ ബാധിക്കുന്നത് ഒരു പ്രശ്നമാണ്. മിക്ക കുളങ്ങളിലും പുഴയിലും മത്സ്യസമ്പത്ത് ധാരാളമായുണ്ട്.

**മഴ:-** ജില്ലാതല വാർഷിക ജലപാതം: 3130 മി. ലി.

| 94-95 | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| മഴനിരക്ക് | 7 മി. മീ. | 10 | 27 | 86 | 296 | 769 | 759 | 443 | 257 | 301 | 144 | 31 |

**വനം:**

കുന്നുകളും താഴ്വരകളും വൻമരങ്ങളുള്ള കാടുകളായിരുന്നു. അതെല്ലാം നഷ്ടപ്പെട്ടു. അവിടം റബ്ബറും മരങ്ങളും മററും, ആയി മാറുന്നു. പഴയകാടിനെ അനുസ്മരിച്ചുകൊണ്ട് നില നില്ക്കുന്ന അപൂർവ്വം പാമ്പിൻ കാവുകൾ ഇന്നുണ്ട്. അവിടെ മാത്രമേ വലിയ മരമുള്ളൂ. ഇത്തരം 'നിത്യ ഹരിത ചെറുവനങ്ങൾ' നില നിർത്തേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും അത്യാവശ്യമാണ്. വയലുകൾക്കരികെ കണ്ടൽക്കാടുകളുടെ അവശിഷ്ടങ്ങൾ ലഭ്യമാണ്.

**മനുഷ്യവിഭവം:**

സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 21037 ആണ്. അതിൽ 9654 പേർ പുരുഷൻമാരും 11183 പേർ സ്ത്രീകളുമാണ്. പണ്ട് സ്ത്രീകൾ അധികവും ജോലിക്കു പോയിരുന്നില്ലെങ്കിലും, ഇന്ന് സ്ത്രീകളും പുരുഷന്മാരും വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നുണ്ട്. സാങ്കേതിക മേഖലയിലും വിവിധ രംഗങ്ങളിലും കൈ തൊഴിലുകളിലും പണിയെടുക്കുന്നവരുണ്ടെങ്കിലും ഭൂരിഭാഗവും കാർഷീക മേഖലയിലാണ് പണിയെടുക്കുന്നത്. ഇപ്പോൾ മുപ്പായിരത്തിലധികം കുട്ടികളും പഞ്ചായത്തിലുണ്ട്. അവരധികംപേരും പഠിക്കുന്നവരാണ്. പഞ്ചായത്ത് സാക്ഷരത 97.4%ആണ്.

എഴുത്തുക്കാരായ കോവിലൻ, ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി, ശങ്കർജി മററം, സിനിമാ സംവിധായകൻ പവിത്രൻ, സംസ്കൃത പണ്ഡിതനായ കേശവൻനായർ മാസ്ററർ, പട്ടിക ജാതിക്കാരനും പ്രശസ്ത എഞ്ചിനീയറുമായ എം കെ. അയ്യപ്പൻ, കോളേജ് പ്രിൻസിപ്പിലായിരുന്ന കാഞ്ഞങ്ങാട്ട് കേശവൻനായർ, കല്ല്യാൺ ബിഷപ്പായ ഫാ. പോൾ ചിററിലപ്പിള്ളി, സ്വാതന്ത്ര സമരസേനാനിയായ പി. കെ. മണത്തിൽ ചിത്രക്കാരനായ പി. ടി. ജേക്കബ്ബ് മാസ്ററർ തുടങ്ങിയ പ്രശസ്ത വ്യക്തികൾ ഈ പഞ്ചായത്തിലുള്ളവരാണ്.

വിവിധമതവിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും ഉള്ളവരാണ് ഇവിടുള്ളവർ എന്നാൽ യാതൊരു പ്രശ്നവുമില്ലാതെ സൗഹാർദ്ദപരമായ അന്തരീക്ഷമാണ് പഞ്ചായത്തിലുടനീളം അനുഭവപ്പെടുന്നത്.

ആളൂർ വില്ലേജ് – ഉരഠനാട് (709 ഹെ)
കണ്ടാണശ്ശേരി വില്ലേജ് – ഉരഠനാട് (818 ഹെ)

**പ്രധാന കുന്നുകൾ:–**

1. പോന്മലക്കുന്ന്
2. പയനിത്തടം കുന്ന്
3. മേൽതൃക്കോവിൽ കുന്ന്
4. കാരുളി കുന്ന്
5. പുല്ലാനിക്കുന്ന്
6. പുറവക്കുന്ന്
7. ചൊവ്വല്ലൂർ കുന്ന്
8. തുറങ്കര കുന്ന്
9. പടവെട്ടുപുറം കുന്ന്

**ഏററവും ഉയരം കൂടിയ ഭാഗം:–**
പൊന്മല – ഉയരം 56 മീററർ

**പ്രധാനപുഴ:–** ആളൂർ പുഴ (കേച്ചേരി പുഴ)
മൊത്തം നീളം : 51 കി. മീ.
പഞ്ചായത്തതിർത്തിയിലെ നീളം : 6 കി. മീ.
ശരാശരി വീതി : 40 മീററർ.

**ചെക്ക്ഡാം:–** ആളൂർപുഴയിൽ കിഴക്കാളൂരിൽ

**ജലസേചന പദ്ധതി:–** പാത്തിത്തോട് ജലസേചന പദ്ധതി

**പ്രധാന തോടുകൾ:–**

1. എടക്കളത്തൂർ ചിറതോട്
2. പാത്തിത്തോട്
3. തിരുത്തി തോട്
4. കണ്ടിയൂർ – മനയ്ക്കൽ താഴെ തോട്
5. ആതോട് തോട്
6. പൊന്നാം തോട്
7. വലിയ തോട്
8. കണ്ടികുളം പാടംതോട്

**ചിറകൾ:–** വിവിധ തോടുകളിലായി 8 എണ്ണം

**പ്രധാന പൊതു കുളങ്ങൾ:–**
കാരക്കുളം, പാറക്കുളം, ചോരക്കുളം, ശങ്കരംകുളം ചെറുകുളം, വേളാകുളം, നട്ടുച്ചാക്കുളം, വല്യാടം കുളം. വട്ടകുളം, ഉറവുകുളം, പയനിക്കുളം, പയങ്കണ്ണികുളം, സമുദായക്കുളം.

**ശുദ്ധജല പദ്ധതി:–**
മാനഴിക്കുളം പദ്ധതി, മേൽ തൃക്കോവിൽ പദ്ധതി, പുല്ലാനിക്കുന്നു പദ്ധതി.

**പ്രധാന നീരുറവകൾ:–**
പൊന്മല തീർത്ഥക്കുളം.

**പ്രധാന പാടശേഖരങ്ങൾ:–**

1. ആളൂർ പാടം
2. മററം പന്നിശ്ശേരിപാടം
3. ആര്യംപാടം
4. കണ്ടികുളം പാടം

**മൺതരം:–**
കുന്നിൻപ്രദേശം – ചരലുകലർന്ന ചെമ്മണ്ണ്
പാടം (വയൽ) – എക്കൽ മണ്ണ്
പടിഞ്ഞാറൻ സമതലം – മണൽ

**കിണർ:–**
പഞ്ചായത്ത് കിണർ: 32, കുഴൽ കിണർ: 11

## കണ്ടാണിശ്ശേരി പഞ്ചായത്തിലെ പ്രധാനപ്പെട്ട മരങ്ങൾ

| കുന്നിൻ പ്രദേശം | ചെരിവു പ്രദേശം | | സമതല പ്രദേശം |
|---|---|---|---|
| ആൽമരം. | മാവ് | ലാങ്കി. | തെങ്ങ്. |
| തേക്ക്. | പ്ലാവ് | ഇലഞ്ഞി. | കവുങ്ങ്. |
| കശുമാവ്. | കശുമാവ്. | മരുത് | പ്ലാവ്. |
| പ്ലാവ്. | പൊടിനി. | പതിമുഖം | മാവ്. |
| മാവ്. | അയനി. | കുങ്കുമം. | പുളി |
| പേരാൽ | അത്തി. | വയ്യങ്കതവ്. | പൊടിനി |
| അത്തി. | ഇത്തി. | നെല്ലി. | കാഞ്ഞിരം. |
| ഇത്തി. | തേക്ക്. | അരി നെല്ലി | അത്തി. |
| കടപ്പാവുട്ട | വീട്ടി. | തെങ്ങ്. | ഇത്തി |
| കാഞ്ഞിരം | പുളി | കവുങ്ങ്. | പ്ലാശ് |
| ചന്ദനം | ഞാവൽ. | പലകപ്പയ്യാനി | പേരാൽ |
| അകിൽ | ഈറൻ പന. | യൂക്കാലി | പേര. |
| | കരിമ്പന. | അക്കേഷ്യ | ഞാവൽ. |
| | കൊടപ്പന. | കാററാടി. | ആര്യവേപ്പ്. |
| | മുള. | അരണമരം. | വേപ്പ് |
| | കാഞ്ഞിരം. | മാഞ്ചിയം. | പപ്പായ |
| | മഞ്ചാടി. | ചന്ദനം | പൂമരം |
| | ചേര്. | അകിൽ. | ചാമ്പ |
| | ഉങ്ങ്. | പേര | ചെമ്പകം. |
| | ചെമ്പകം | ആര്യവേപ്പ് | കൂവളം |
| | മുള്ളങ്കയിനി. | വേപ്പ് | ആൽമരം |
| | കൂവളം. | കമ്പിപ്പാല | മരോട്ടി. |
| | ഇരുമ്പൻപുളി. | റബ്ബർ | |
| | കല്ല്യായിനി | | |
| | കടപ്ലാവ്. | | |
| | കടപ്പാവുട്ട | | |
| | വരിയ | | |
| | പ്ലാശ് | | |
| | വെള്ളരി. | | |
| | ചെന്തൂരി | | |
| | മഹാഗണി. | | |
| | താന്നി. | | |
| | വേങ്ങ. | | |
| | പൂവ്വം | | |
| | മുരിങ്ങ | | |
| | ആമതാള്. | | |
| | ചാമ്പ | | |
| | കര. | | |
| | മട്ടി. | | |
| | പാല. | | |
| | പൂള. | | |
| | വാക. | | |
| | പൂമരം. | | |
| | സപ്പോട്ട. | | |
| | കണിക്കൊന്ന. | | |
| | കരവീരകം. | | |
| | മന്ദാരം. | | |

## കണ്ടാണിശ്ശേരി പഞ്ചായത്തിലെ പ്രധാനപ്പെട്ട സസ്യലതാതികൾ :—

| | | |
|---|---|---|
| തുളസി | സ്വർണ്ണമല്ലി | |
| തെച്ചി | കഞ്ഞിക്കൂർക്ക | |
| മന്ദാരം | ബ്രഹ്മി | |
| ശംഖുപുഷ്പം | കററാർവാഴ | |
| അമരി | തൊട്ടാർവാടി | |
| മുല്ല | വെള്ളിലം | |
| റോസ് | ചോറപ്പുല്ല് | |
| നന്ദ്യാർവട്ടം | കൃഷ്ണക്രാന്തി | |
| എരുക്ക് | ബാണപുഷ്പം | |
| പുഷ്കരമൂലം | സീതാർമുടി | |
| തുമ്പ | ഫേഷൻ ഫ്രൂട്ട് | |
| മുക്കുററി | കമ്യൂണിസ്റ്റ് പച്ച | |
| ആടലോടകം | മോക്ഷമി (മോച്ചമി) | |
| കഞ്ഞുണ്ണി | ഉഴിഞ്ഞ | |
| പൂവ്വാം കുറുന്തൽ | തിരുതാളി | |
| നെല്പന | കൊഴിഞ്ഞിൽ | |
| ശതാവരി | | |
| കറുക | | |
| തവിഴായ്ത | | |
| കുറുന്തോട്ടി | | |
| പാണ | | |
| കരുവള്ളി | | |
| തളിരുംപഴം | | |
| മുത്തങ്ങ | | |
| നന്നാരി | | |
| നവരകിഴങ്ങ് | | |
| വാഴ | | |
| ചെറൂള് | | |
| കിഴാർനെല്ലി | | |
| ചിററാമൃത് | | |
| രാമകിരീടം | | |
| ബോഗൻവില്ല | | |
| അശക് | | |
| കൂത്താടിച്ചി | | |
| ചെമ്പരത്തി | | |

# കൃഷി - ജലസേചനം

## I. കൃഷി

ഭൂപരിഷ്കരണനിയമം നടപ്പിൽ വരുന്നതുവരെ ജന്മി - കുടിയാൻ സമ്പ്രദായത്തിലുള്ള കൃഷിരീതിയായിരുന്നു കണ്ടാണശ്ശേരി പഞ്ചായത്തു പ്രദേശത്തു നിലനിന്നിരുന്നത്. വിരലിലെണ്ണാവുന്നത്ര മാത്രം ജന്മിമാരുണ്ടായിരുന്ന ഈ പ്രദേശത്ത് കുടിയാന്മാർ ജന്മിമാരിൽനിന്ന് കൃഷിഭൂമി പാട്ടത്തിനെടുത്താണ് കൃഷി ചെയ്തിരുന്നത്. കുടിയാന്മാർക്ക് എത്ര നഷ്ടം സംഭവിച്ചാലും പാട്ടം കൊടുക്കണം എന്നത് നിർബന്ധമായിരുന്നു.

മനുഷ്യൻ പ്രകൃതിയുമായി കൂടിച്ചേർന്ന് ജീവിച്ചിരുന്ന ആ പഴയകാലം ഇന്നൊരു ഓർമ്മ മാത്രമായി. വയലുകളും, തെങ്ങും, കവുങ്ങും, കുരുമുളകും, വാഴകളും, മാവും, പ്ലാവും, കശുമാവുകളും, മറ്റു പലതരം ഫലവൃക്ഷങ്ങളും, നാടൻ മരങ്ങളും തിങ്ങിനിറഞ്ഞു നിന്നിരുന്ന ഹരിതാഭമായ ഈ പ്രദേശത്തിന്റെ പ്രകൃതി സൗന്ദര്യം മനസ്സിൽ സൂക്ഷിക്കുന്നുണ്ട് പഴയ തലമുറയിലെ കൃഷിക്കാർ.

ഈ പ്രദേശത്തെ പ്രധാന ധാന്യവിള നെല്ലായിരുന്നു. പാരമ്പര്യമായി കൃഷിചെയ്തു വന്നിരുന്നതും, പ്രതിരോധ ശേഷിയുള്ളതുമായ തനി നാടൻ വിത്തിനങ്ങളിൽപ്പെട്ട കൊടിയൻ (കരുണ്ടൻ) അരിക്കുറുമ, പാലച്ചെമ്പാൽ, ചിറ്റ്യാനി, ചുവന്ന 19½, വെളുത്ത 19½, പാണ്ടി, ചുവന്ന അദ്യാൻ, കറുത്ത അദ്യാൻ എന്നിവ മുണ്ടകൻ കൃഷിക്കും, പളളിയാൽ, വട്ടൻ, ചെമ്പാവ്, ചീര, തവളക്കണ്ണൻ, ആര്യൻ കാളി എന്നിവ വിരിപ്പുകൃഷിയ്ക്കും ചീരവിത്ത്, പുഞ്ചകൃഷിക്കുമാണ് പ്രധാനമായി ഉപയോഗിച്ചിരുന്നത്. ജലസേചന സൗകര്യം ഇല്ലാത്ത പ്രദേശങ്ങളിൽ കട്ട മോഡൻ വിത്തും വിതച്ചിരുന്നു. കന്നുകാലികളെ ഉപയോഗിച്ചാണ് അന്ന് നിലം ഉഴുതിരുന്നത്. മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്തു വന്നിരുന്നത്. ജലസേചനം നടത്തിയിരുന്നത് തുലാൻ, കാളത്തേക്ക്, കയറ്റുകൊട്ട, വേത്തി, ചക്രം മുതലായ രീതികളുപയോഗിച്ചാണ് പ്രധാനവളങ്ങളായി ചാണകം, പച്ചില, ചാരം, ആട്ടിൻ കാഷ്ഠം, കോഴിക്കാഷ്ഠംഎന്നിവയാണ് ഉപയോഗിച്ചിരുന്നത്. കീടങ്ങളുടെ ശല്യം താരതമ്യേന കുറവായിരുന്നു. പ്രകൃതിയിൽ നിന്നും സംസ്കരിച്ചെടുക്കുന്ന ചില എണ്ണകളും, പാരമ്പര്യരീതികളുമാണ് പ്രതിരോധത്തിനു വേണ്ടിചെയ്തിരുന്നത്. പുഴുക്കേടിനു കശുവണ്ടി എണ്ണ ചാരം എന്നിവയാണ് കീടനാശിനിയായി ഉപയോഗിച്ചിരുന്നത്. മുറം കൊണ്ടടിച്ച് പുഴക്കളെ വാരിയെടുത്ത് നശിപ്പിക്കുന്ന രീതിയും ഉപയോഗിച്ചിരുന്നത്. പക്ഷികളെ അകറ്റാൻ പടക്കം പൊട്ടിക്കുക, പാട്ട കൊട്ടുക എന്നീ രീതികളാണ് ചെയ്തുവന്നിരുന്നത്. വടക്കൻ പാട്ടിന്റെ ഈരടികളുമായി ഞാറു നടുകയും, കൊയ്യുകയും ചെയ്യുന്ന പെണ്ണുങ്ങളും, തുലാൻ തേവുമ്പോൾ പാടുന്ന പാട്ടും, കാളത്തേക്കിന്റെ തേക്കുപാട്ടും, കന്നു പൂട്ടുമ്പോൾ അത്യുച്ചത്തിൽ പാടുന്ന സുന്ദരങ്ങളായ കന്നുപൂട്ടു പാട്ടും എല്ലാം കൂടി തനിഗ്രാമീണതയുടെ അഭൗമസൗന്ദര്യം ആ പൊയ്പോയ കാലം മനസ്സിന്റെ മണിച്ചെപ്പിൽ സൂക്ഷിച്ച് നിർവൃതിയടയുന്നു പഴമക്കാർ.

തോട്ടവിളകളിൽ മുഖ്യ ഇനങ്ങളായ തെങ്ങും കവുങ്ങും ഇടകലർത്തിയാണ് കൃഷിചെയ്തിരുന്നത്. തോട്ടങ്ങൾ മുഴുവനായും നന്നായി കിളച്ചുമറിക്കും. ജൂൺ ജൂലായ് മാസങ്ങളിൽ തടമെടുത്ത് ചാണകമിട്ടുകൊടുക്കാറുണ്ടായിരുന്നു. വളപ്രയോഗത്തിനുശേഷം കവുങ്ങിൻ തോട്ടങ്ങളിൽ മേൽ മണ്ണിടുക എന്നൊരു പതിവുണ്ടായിരുന്നു. തോട്ടങ്ങളിൽ സാധാരണയായി കൊട്ടയും തുമ്പിയും ഉപയോഗിച്ച് കാളത്തേക്ക് തേവിയാണ് ജലസേചനം നടത്തിയിരുന്നത്. ആയകാലങ്ങളിൽ തേങ്ങയും, അടയ്ക്കയും പച്ച വലിച്ച് തോടു പോളിച്ചും തലച്ചുമടായും, കൈവണ്ടി കാളവണ്ടി എന്നിവ ഉപയോഗിച്ചാണ് കുന്ദംകുളം, കേച്ചേരി മുതലായ ചന്തകളിൽ കൊണ്ടുപോയി വിററഴിക്കാറുണ്ട്. അടയ്ക്ക പച്ച വെട്ടു സമ്പ്രദായം കുറയുകയും പഴുപ്പിച്ച് ഉണക്കുകയും ചെയ്തതോടെ കൃഷിക്കാരെല്ലാം അതിലേക്ക് തിരിഞ്ഞു. അടയ്ക്ക പഴുപ്പിച്ച് വലിക്കാൻ തുടങ്ങിയതോടെ ഉല്പാദനം കുറഞ്ഞുവന്നു. കളി അടയ്ക്കവെട്ടുന്ന രീതി ഈ പ്രദേശത്തു പൊതുവെ കുറവായിരുന്നു.

തോട്ടങ്ങളിൽ ഇടവിളയായി കുരുമുളകു കൃഷി ധാരാളം ചെയ്തുവന്നിരുന്നു. ദ്രുതവാട്ട രോഗം മുതലായ രോഗങ്ങൾ നിമിത്തം കുരുമുളകു കൃഷി കാലം ചെല്ലുംതോറും നശിക്കാനിടയായി. മറ്റൊരു മുഖ്യ ഇനമായ കശുമാവ് ഈ പ്രദേശത്ത് ധാരാളമുണ്ടായിരുന്നു. കശുവണ്ടിക്ക മാന്യമായ വില കിട്ടാത്തതു കാരണം കൃഷിക്കാർ അതിൽ നിന്നും പിന്തിരിയാൻ കാരണമായി.

തോട്ടവിളകൾക്കും റബ്ബറിനും അമിത പ്രാധാന്യം കല്പിക്കുകയും നെൽ കൃഷിക്ക് ഗവൺമെൻറും മററും പ്രോത്സാഹനം കൊടുക്കാതിരിക്കുകയും ചെയ്തത്, ഇടക്കാലത്ത് നെൽകൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്.

പച്ചക്കറി കൃഷി ധാരാളമായി ചെയ്തുവന്നിരുന്ന ഈ പ്രദേശത്ത് പുഴയോരങ്ങളും, തോട്ടങ്ങളും മററുമാണ് പച്ചക്കറി കൃഷിചെയ്യാൻ ഉപയോഗിച്ചിരുന്നത്. മത്തൻ, തണ്ണിമത്തൻ, കുമ്പളങ്ങ, വെള്ളരി, കക്കരി, കയ്പക്ക, ചേന, വഴതന, ചേമ്പ്, കൂർക്ക, പയറ്, പച്ചമുളക്, മുരിങ്ങ, മരച്ചീനി, കാവത്ത്, നനകിഴങ്ങ്, പൊടിക്കിഴങ്ങ്, പപ്പായ, ചക്കരക്കിഴങ്ങ് മുതലായ ഇനങ്ങളെല്ലാം ധാരാളമായി കൃഷിചെയ്തുവന്നിരുന്നു. ആദ്യകാലങ്ങളിൽ വൻതോതിൽ പച്ചക്കറികൃ ഷി നടത്തിയിരുന്ന പലകൃഷിക്കാരും ഉണ്ടായിരുന്നു. അന്നൊക്കെ പച്ചക്കറികൃഷിക്ക് ജൈവവളങ്ങൾ മാത്രമാണ് ഉപയോഗിച്ചിരുന്നത്. മററം, കേച്ചേരി, കുന്ദംകുളം എന്നിവിടങ്ങളിലേക്ക് കൈവണ്ടിക്കും, തലച്ചുമടായും കൊണ്ടുപോയി കച്ചവടം നടത്തിയിരുന്നു. പിന്നീട് പച്ചക്കറികൃഷി ലാഭമല്ലാതായതോടെ ഈ മേഖലയിലേക്ക് കൃഷിക്കാരുടെ ശ്രദ്ധ ഇല്ലാതായി. പച്ചക്കറിയ്ക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഗതിയാണ് ഇന്നുള്ളത്.

കണ്ടാണശ്ശേരി പഞ്ചായത്തിൽ പ്രത്യേകിച്ച് ആളൂർ ഭാഗത്ത് പുഴയോരങ്ങളിൽ വൻ തോതിൽ നേന്ത്രവാഴകൃഷിനടത്തിവന്നിരുന്നു. ഈ ഭാഗത്തുനിന്നും ലഭിച്ചിരുന്ന കാഴ്ചക്കുലയ്ക്ക് മററു സ്ഥലങ്ങളിൽ നല്ല മതിപ്പായിരുന്നു. ജൈവവളങ്ങൾ മാത്രമുപയോഗിച്ചാണ് അന്ന് കൃഷിക്കാർ വാഴകൃഷിചെയ്തിരുന്നത്. ശരാശരി 20 കിലോ തൂക്കം വരുന്ന വാഴക്കുലകൾ അന്ന് ലഭിച്ചിരുന്നു. ഈ ഭാഗത്ത് ഇന്നും നേന്ത്രവാഴകൃഷി സാമാന്യം നല്ല രീതിയിൽ നടത്തിവരുന്നുണ്ട്. കർഷകർക്ക് ഭേദപ്പെട്ട വില കിട്ടുന്നത് ഒരു കാരണമായിരിക്കാം. പക്ഷേ ഇന്ന് മിക്കവരും രാസവളങ്ങളും, കീടനാശിനികളുമാണ് ഉപയോഗിക്കുന്നത്. ഇതുകാരണം നേന്ത്രപ്പഴത്തിന് രുചിഭേദവും, കൂടുതൽ ദിവസം സൂക്ഷിക്കാൻ പററാത്തതുമായ അവസ്ഥയും സംജാതമായിട്ടുണ്ട. മനുഷ്യന് വളരെയധികം മാരകമായ രാസവളങ്ങളുടെയും, കീടനാശിനുകളുടെയും ഉപയോഗം കുറയ്ക്കണം എന്ന കാര്യത്തിലേക്കുള്ള ഒരു ചൂണ്ടുപലകയാണിത്.

ആദ്യകാലത്ത് മാവ്, പ്ലാവ്, പുളി, അയനി, കരിമ്പന, ഈററൻപന, കുടപ്പന, ഞാവൽ, കടപ്ലാവ്, മററുനാടൻ മരങ്ങളായ മുള്ളങ്കയനി, കല്ലയനി,പലകല്ലയനി, വേങ്ങ, മരുത്, ചടച്ചി മുതലായവയും ഭാരം കുറഞ്ഞ മരങ്ങളിൽപെട്ട പൊടിഅയനി, പൂള, വാക, പാല, പൂമരം എന്നിവയും ധാരാളം മുളംകൂട്ടങ്ങളും ഈ പ്രദേശങ്ങളിൽ നിറഞ്ഞുനിന്നിരുന്നു. ഈ പഞ്ചായത്തിൽപ്പെട്ട പൊന്മലക്കുന്നും, തുറങ്കരകുന്നും, മേൽതൃക്കോവിൽ കുന്നും മററും ഒരു കാലത്ത് വൻവൃക്ഷങ്ങൾ കൊണ്ടും, ഔഷധസസ്യങ്ങളെ കൊണ്ടും തിങ്ങിനിറഞ്ഞ് വൻകാടുകളെ പോലെ ആയിരുന്നു. മററം "മേൽതൃക്കോവിൽ" ക്ഷേത്രത്തിനടുത്തുള്ള മാതാവിന്റെ പള്ളി "വനത്തിലെ മാതാവ്" എന്ന പേരിലാണ് ഇന്നും അറിയപ്പെടുന്നത്. ഇതുതന്നെ അവിടെ കാടുണ്ടായിരുന്നു എന്നതിനു ഉത്തമ ദൃഷ്ടാന്തമാണ്. നല്ലവിലപിടിപ്പുള്ള ചന്ദനമരങ്ങൾ പോലും ഇവിടെ ധാളമുണ്ടായിരുന്നു. 1116 ഇടവമാസത്തിൽ ഉണ്ടായ കൊടും കാററും, മരാമത്തുപണികൾക്കുള്ള മരം മുറിക്കലും ഇവിടങ്ങളിൽ യാതൊരു മരങ്ങളുമില്ലാതാക്കി. മുളങ്കാടുകൾ ഇന്നിവിടെ വളരെ കുറവെയുള്ളൂ. പേപ്പർമില്ലുകളിലേക്കും വാർപ്പ് പണി മുതലായ ആവശ്യങ്ങൾക്കും വേണ്ടി ഇവവൻതോതിൽ മുറിച്ചു മാററപ്പെട്ടു. നെല്ലി, അമ്പഴം, ആത്ത, നാരകം, ഇരുമ്പൻ പുളി, അരിനെല്ലി മുതലായ ഒട്ടുമിക്ക ഫലവൃക്ഷങ്ങളും, സസ്യലതാഗികളും നിറഞ്ഞുനിന്നിരുന്ന, സമ്പൽസമൃദ്ധമായ പോയനാളിനെക്കുറിച്ച് പഴയതലമുറയിലെ കൃഷിക്കാർ വാചാലരായപ്പോൾ ഇന്നത്തെ തലമുറ എന്താണ് ഭൂമി എന്നറിയാതെ, എന്താണ് പ്രകൃതിയെന്നറിയാതെ ഇരുള്ള നിറഞ്ഞ ഭാവിയെ ഓർത്ത് ശിരസ്സുകുനിച്ച് നില്ക്കുകയാണ്.

കണ്ടാണിശ്ശേരി പഞ്ചായത്ത് മൊത്തം 1526 ഹെ. 64 ആർ. 57 സ്ക്വ. മീ. വിസ്തൃതിയിൽ കിടക്കുന്നു. ആളൂർ, കണ്ടാണശ്ശേരി എന്നീ വില്ലേജുകൾ ഉൾപ്പെട്ട ഈ പഞ്ചായത്തിലെ വില്ലേജ് അടിസ്ഥാനത്തിലുള്ള ഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.



| കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്ത് | | | | | |
|---|---|---|---|---|---|
| വില്ലേജിന്റെ പേര് | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ |
| ആളൂർ | 408.8985 ഹെ | 257.2688ഹെ | 48720ഹെ | | 709.0393 |
| കണ്ടാണിശ്ശേരി | 424.7602ഹെ | 360.1456ഹെ | 32.7006ഹെ | | 817.6064ഹെ |
| ആകെ വിസ്തീർണ്ണം | 833.6587ഹെ | 617.4144ഹെ | 75.5726ഹെ | | 1526.6457ഹെ |

ആകെ നെൽകൃഷിക്ക് ഉപയോഗിച്ചിരുന്ന സ്ഥലം മൊത്തം 617.4144 ഹെ. ആണ്.(40.44%). 1996ലെ കണക്കുപ്രകാരം കൃഷിചെയ്തുവരുന്ന നിലത്തിന്റെ വിസ്തീർണ്ണം 402 ഹെക്ടറായി ചുരുങ്ങിയിട്ടുണ്ട്. അതായത് മൊത്തം കൃഷിചെയ്തുവന്നതിന്റെ 34.89% കുറഞ്ഞു. ഇതിനു കാരണം നെൽകൃഷിലാഭകരമല്ലാതാകുകയും നെൽപാടങ്ങൾ വീടുവെക്കുന്നതിനും തെങ്ങ് മുതലായ തോട്ടവിളകൾ വെച്ചുപിടിപ്പിക്കുന്നതിനും വേണ്ടി മണ്ണിട്ട് നികത്തിയതാണ്.

ഇന്ന് തട്ടുകളായികിടക്കുന്ന ഉയർന്ന പ്രദേശങ്ങളും, സമതലങ്ങളും ഇടകലർന്ന് കിടക്കുന്നതാണ് ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി. സമതലങ്ങളിൽ പ്രധാനമായും നെൽകൃഷിയും, വാർഷികോല്പന്നങ്ങളായി നേന്ത്രവാഴ, പച്ചക്കറി മുതലായവയും കൃഷിചെയ്തുവരുന്നുണ്ട്. ഉയർന്ന് തട്ടുകളായി കിടക്കുന്ന പ്രദേശങ്ങളിൽ പ്രധാനമായും തെങ്ങ്, കവുങ്ങ് മുതലായ തോട്ടവിളകളാണുള്ളത്. ഇടവിളകളായി കുരുമുളക്, പച്ചക്കറികൾ, ഇഞ്ചി, മരച്ചീനി എന്നിവയും ചെയ്തുവരുന്നുണ്ട്. ഏററവും ഒടുവിലെ വിവധതരം കൃഷികളുടെ പൂർണ്ണമായ വിവരണ പട്ടിക താഴെ കൊടുക്കുന്നു.

<u>കണ്ടാണിശ്ശേരി ഗ്രാമ പഞ്ചായത്ത്</u>

| വിള | വിസ്തീർണ്ണം | മൊത്തംഉല്പാദനം | ഉല്പാദനക്ഷമത(ഹെ) |
|---|---|---|---|
| നെല്ല്(1-ാം വിള) | 295 ഹെ | 516.25ടൺ | 1750കി./ഹെ |
| നെല്ല്(2-ാം വിള) | 402 ഹെ | 703.50ടൺ | 1750കി/ഹെ |
| നെല്ല്(3-ാം വിള) | 10 ഹെ | 26.25ടൺ | 2625കി/ഹെ |
| പയർ | 25 ഹെ | 12.50ടൺ | 500കി/ഹെ |
| എള്ള് | 1 ഹെ | 3.00ടൺ | 3000കി/ഹെ |
| പച്ചക്കറികൾ | 10 ഹെ | 10.00ടൺ | 1000കി/ഹെ |
| തെങ്ങ് | 714.30 ഹെ | 6655141എണ്ണം/കൊല്ലം | 43എണ്ണം/തെങ്ങ്/കൊല്ലം |
| വാഴ | 15.00 ഹെ | 45.00ടൺ | 3000കി/ഹെ |
| മരച്ചീനി | 16.76 ഹെ | 33.52ടൺ | 2000കി/ഹെ |
| കുരുമുളക് | 15.00 ഹെ | 12.00ടൺ | 800കി/ഹെ |
| ഇഞ്ചി | 6.00 ഹെ | 6.00ടൺ | 1000കി/ഹെ |
| കശുമാവ് | 12.00 ഹെ | 21.00ടൺ | 1750കി/ഹെ |
| മാവ് | 23.79 ഹെ | 20.00ടൺ | 840കി/ഹെ |
| റബ്ബർ | 1.00 ഹെ | ഉല്പാദനം ഇല്ല | |
| കവുങ്ങ് | 78.00 ഹെ | 234ടൺ | 3000കി/ഹെ |
| മഞ്ഞൾ | 5 ഹെ | 2.50ടൺ | 500കി/ഹെ |
| ആകെ | 132485 ഹെ | | |

മേൽ കാണിച്ചിരിയ്ക്കുന്ന പട്ടികയിൽ നിന്നും മൊത്തം 1324.85 ഹെക്ടർ ഭൂമി കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നു എന്നു കാണുന്നു. മൊത്തം വിസ്തൃതിയുടെ 86.78% ഇതിൽ തന്നെ ഭൂരിഭാഗവും അതായത് 829.09 ഹെക്ടർ സ്ഥലം (62.58%) തോട്ടവിളകൾക്കായി ഉയോഗിക്കുന്നു. നെൽകൃഷിയ്ക്ക് (30.34%) 402 ഹെക്ടർ ഉപയോഗിക്കുന്നുണ്ട്. ബാക്കിയുള്ള 93.76 ഹെക്ടർ (7.08%) മറ്റു വിവിധയിന കൃഷിയാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതു കാണാം.

മേൽപറഞ്ഞിരിക്കുന്ന വസ്തുതയിൽ നിന്നും നെൽകൃഷി പൊതുവെ കുറഞ്ഞുവരുന്ന ഒരു അവസ്ഥ കാണുന്നു. ഇപ്പോൾ തന്നെ കേരളീയരുടെ മുഖ്യാഹാരമായ അരി ആന്ധ്ര മുതലായ സ്ഥലങ്ങളിൽനിനും ഇറക്കുമതി ചെയ്യുകയാണ്. നെൽകൃഷിയോടുള്ള ഈ താല്പര്യമില്ലായ്മ നമ്മളെ എവിടെ കൊണ്ടെത്തിക്കും എന്ന് വളരെ ഗൗരവപൂർവ്വം ചിന്തിക്കേണ്ട വിഷയമാണ്. ഈ മേഖലയിലേക്ക് കർഷകരെ ആകർഷിക്കുകയും, ബോധവത്ക്കരണം നടത്തേണ്ടതും നമ്മുടെ ഭാവിയിലേക്കുള്ള പാത സുഗമമാക്കുമെന്നോർമ്മിപ്പിക്കട്ടെ.

കണ്ടാണശ്ശേരി പഞ്ചായത്തിലെ കൃഷിക്കാരുടെ വകതിരിച്ചുള്ള എണ്ണവും, കൈവശഭൂമിയുടെ വിസ്തീർണ്ണവും താഴെ കാണിച്ചിരിക്കുന്ന പട്ടികയിൽ കൊടുക്കുന്നു.

**കണ്ടാണശ്ശേരി പഞ്ചായത്ത്**

| വാർഡ് നമ്പർ | നാമമാത്രകർഷകർ (1 ഹെക്ടറിനു താഴെ) | ചെറുകിട കർഷകർ (1-2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) |
|---|---|---|---|
| 1 | 278 എണ്ണം | 21 എണ്ണം | 2 എണ്ണം |
| 2 | 409 " | 11 " | 1 |
| 3 | 405 " | 28 " | 5 " |
| 4 | 295 " | 15 " | 1 " |
| 5 | 425 | 18 " | |
| 6 | 416 " | 23 " | 1 |
| 7 | 409 " | 26 " | 2 " |
| 8 | 302 " | 18 " | 3 " |
| 9 | 572 " | 33 " | 5 " |
| 10 | 328 " | 7 " | 2 " |
| ആകെ | 3839 എണ്ണം | 200 എണ്ണം | 22 എണ്ണം |

കാലം ചെല്ലുന്തോറും നെൽകൃഷിയുടെ ഉല് നം കുറഞ്ഞുവരുകയും, കർഷക തൊഴിലാളികൾ കെട്ടിടനിർമ്മാണം, വൈരക്കൽ മേഖല തുടങ്ങിയ കൂടുതൽ വേതനം ലഭിക്കുന്ന തൊഴിലുകളിലേക്ക് തിരിയുകയും ചെയ്തതാണ്. നെൽകൃഷി വളരെ ചിലവേറിയതും ആദായമില്ലാത്തതുമായ ഏർപ്പാടായി തീർന്നു. ചാണകം, പച്ചില മുതലായ നാട്ടുവളങ്ങൾ ആവശ്യത്തിന് ലഭിക്കാതെ വരികയും, ഇത്തരം സാധനങ്ങൾ പാടങ്ങളിൽ എത്തിക്കാൻ കൂലിക്കാരെ കിട്ടാതെ വരികയും ചെയ്തതോടെ കൃഷിക്കാരെല്ലാം രാസവളങ്ങളിലേക്ക് തിരിഞ്ഞു. നെൽചെടികൾക്കുണ്ടാകുന്ന വിവിധതരം കേടുകൾ അകറ്റാൻ പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന രീതികൾ എല്ലാവരും ഉപേക്ഷിച്ചു. പകരം പുതിയ കീടനാശിനികൾ ഉപയോഗിച്ചുതുടങ്ങി. പെട്ടെന്ന് ഉല്പാദനം ലഭിക്കുന്ന മൂപ്പുകുറഞ്ഞ വിത്തുകൾ ഉപയോഗിക്കാൻ കൃഷിക്കാർ നിർബന്ധിതരായി. നാടൻ വിത്തുകൾ നാട്ടിൽനിന്നും അപ്രത്യക്ഷമായി. കന്നുകാലികളെ കൊണ്ട് നിലം ഉഴുതുന്ന രീതി കൃഷിക്കാർ ഉപേക്ഷിച്ചു. പകരം ട്രാക്ടർ, ട്രില്ലർ മുതലായ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുതുടങ്ങി ഇതുകാരണം കന്നുകാലികളെ വളർത്തൽ ഗണ്യമായി കുറഞ്ഞു. തൽഫലമായി

ചാണകം മുതലായ ജൈവവളങ്ങളുടെ ലഭ്യത വളരെ കുറഞ്ഞു. ഉല്പാദനം കുറഞ്ഞതോടുകൂടി പണ്ട് പ്തമ്പ് അടിസ്ഥാനത്തിൽ നെല്ല് കൊയ്തിരുന്ന തൊഴിലാളികൾ പകരം കൂലി ആവശ്യപ്പെട്ടുതുടങ്ങി. ജീവിതനിലവാരത്തിലുണ്ടായ ഉയർച്ച കൂലി വർദ്ധനക്കും കാരണമായി. കർഷകർക്ക് വളം മുതലായ സാധനങ്ങൾ കൊണ്ടുപോകാൻ വേണ്ടത്ര സൗകര്യമില്ലാത്തതു കാരണം കൂലിക്കാരെ ആശ്രയിക്കേണ്ടിവന്നു. ഈവക പ്രശ്നങ്ങൾ നിമിത്തം കർഷകർ കൃഷി കൂടുതൽ ആദായകരമാക്കാനുള്ള മാർഗ്ഗം തേടിതുടങ്ങി.

രാസവളങ്ങളുടേയും, കീടനാശിനികളുടേയും അമിതപ്രയോഗവും, പ്രകൃതിയുടെ ചാക്രിക ചലനത്തിനു വിരുദ്ധമായ ചില ആധുനിക കൃഷി രീതികളും നിമിത്തം പാടങ്ങളിൽ തവള, മണ്ണിര, ഞവിണി, ഞണ്ട്, മത്സ്യങ്ങൾ മുതലായ പലതരം ജീവികളും ഇല്ലാതായി മണ്ണിന്റെ ജീവൻ നഷ്ടപ്പെട്ടു. ഉല്പാദനം കുറഞ്ഞ കൃഷി ഒരു ശാപമായി കർഷകന് തോന്നിതുടങ്ങി, ഓരോരുത്തരായി പിൻവലിയാൻ തുടങ്ങി.

## കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ കാർഷിക ഉപകരണങ്ങൾ

| | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | ട്രാക്ടർ | ട്രില്ലർ | നാലൻ കലപ്പ | റോക്ക് സ്പ്രെയർ | നാസ്റ്റാക്ക് സ്പ്രെയർ | മറ്റുള്ളവ | മെതി യന്ത്രം | തെങ്ങ് കയറ്റ യന്ത്രം | പോർട്ടബിൾ പമ്പ്സെറ്റ് |
| 1. | 1 | | 5 | 2 | 6 | | | | 28 |
| 2 | 1 | | 4 | 2 | 4 | | | | 35 |
| 3 | 1 | | 3 | 2 | 5 | | | | 30 |
| 4 | | | 4 | 2 | 4 | | | | 27 |
| 5 | 1 | | 4 | 2 | 3 | | | | 26 |
| 6 | 1 | | 2 | 2 | 6 | | | | 25 |
| 7 | | | 3 | 3 | 8 | | | | 35 |
| 8 | 1 | 1 | 1 | 2 | 5 | | 1 | | 40 |
| 9 | | | 2 | 3 | 7 | | | | 39 |
| 10 | | | 2 | 2 | 3 | | | 1 | 30 |
| ആകെ | 5 | 1 | 30 | 20 | 51 | | 1 | 1 | 315 |

## കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് രാസവള കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993 - 94 | | | 1994 - 95 | | | 1995 - 96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി. ഗ്രാം | കീടനാശിനി ദ്രവം (കി.ഗ്രാം) | കീടനാശിനി ഖരം (കി.ഗ്രാം) | രാസവളം കി. ഗ്രാം | കീടനാശിനി ദ്രവം (കി.ഗ്രാം) | കീടനാശിനി ഖരം (കി.ഗ്രാം) | രാസവളം കി. ഗ്രാം | കീടനാശിനി ദ്രവം (കി.ഗ്രാം) | കീടനാശിനി ഖരം (കി.ഗ്രാം) |
| | സഹകരണം | 8250 | 18 | 125 | 8100 | 15 | 105 | 7600 | 12 | 94 |
| | സ്വകാര്യം | 15150 | 281 | 425 | 15200 | 25 | 421 | 12500 | 22 | 402 |
| | ആകെ | 23400 | 299 | 550 | 23300 | 40 | 526 | 20100 | 34 | 496 |

കണ്ടാണിശ്ശേരി പഞ്ചായത്തിൽ 1 - 9 1987 ലാണ് കൃഷിഭവൻ പ്രവർത്തനം ആരംഭിച്ചത്. ആദ്യകാലത്ത് കൃഷിഭവൻ ഓഫീസ് മറ്റം സർവ്വീസ് സഹകരണ ബാങ്ക് വകയായുള്ള കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. പിന്നീട് കൂനംമൂച്ചി സെന്ററിലേക്ക് മാറ്റുകയുമുണ്ടായി. കുറച്ചുകാലങ്ങളായി ഇവിടെത്തന്നെയാണ് കൃഷിഭവൻ പ്രവർത്തിച്ചുവരുന്നത്.

കൃഷിഭവൻ മുഖേന കൃഷിക്കാർക്ക് പല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. അവ താഴെ കൊടുക്കുന്നു.

1. നെൽകൃഷി വികസന പദ്ധതികൾ
2. സമഗ്രനാളികേര വികസന പദ്ധതി
3. നടീൽ വസ്തുക്കൾ വിതരണം ചെയ്യൽ
4. കുരുമുളകു വികസന പദ്ധതി
5. കവുങ്ങുകൃഷി വികസന പദ്ധതി
6. പച്ചക്കറി കൃഷി വികസന പദ്ധതി
7. ഫലവർഗ്ഗകൃഷി വികസന പദ്ധതി
8. സുഗന്ധവിള വികസന പദ്ധതി
9. പ്രത്യേകഘടക പദ്ധതി
10. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി
11. വിള ഇൻഷൂറൻസ് പദ്ധതി
12. മണ്ണുപരിശോധന
13. കൃഷിയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം (തെങ്ങ്)

മേൽപറഞ്ഞിരിക്കുന്ന പദ്ധതികൾപ്രകാരം കൃഷിഭവൻ മുഖേന ധനസഹായം നടീൽ വസ്തുക്കളുടെ വിതരണം എന്നിവയെ സംബന്ധച്ച പട്ടിക താഴെ കൊടുക്കുന്നു.

## കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെ.) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ള പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾ പൊട്ടൽ | | |
| 1993 - 94 | | | | | 200 | 38349 |
| 1994 - 95 | | | | | 199 | 51856 |
| 1995 - 96 | | | | | 22 | 22980 |
| ആകെ | | | | | 421 | 113185 |

*6

## കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് നടീൽവസ്തുവിതരണം

| ഇനം | | 1993 - 94 | 1994 - 95 | 1995 - 96 |
|---|---|---|---|---|
| തെങ്ങ് | Wct | 100 | 200 | 200 |
| | T x D | | | 50 |
| | D x T | | | |
| നീലഅമരി | | | | 5000 |
| കുരുമുളക് | | | | 5000 |
| ചിറ്റാടലോടകം | | | | 3000 |
| തിപ്പലി | | | | 7500 |
| മാവ് (ഗ്രാഫ്റ്റ്) | | 100 | | 60 |
| പ്ലാവ് (ഗ്രാഫ്റ്റ്) | | 10 | | |
| ചെറുനാരകം | | 5 | | |
| പപ്പായ | | | | 60 |
| ചാമ്പ | | 10 | | |
| പേര | | | | 60 |
| ഒടിച്ചുത്തി നാരകം | | 10 | | |
| മാതളനാരകം | | | | 60 |

ജന്മിത്ത സമ്പ്രദായം അവസാനിപ്പിച്ചുകൊണ്ട് ഭൂപരിഷ്കരണനിയമം വന്നതോടെ പാട്ടത്തിനെടുത്ത് കൃഷിചെയ്തിരുന്ന കർഷകർക്ക് സ്വന്തമായി ഭൂമി ലഭിച്ചു. കൃഷിഭൂമി തുണ്ടുകളായി മാറി. ഇത് നിലവിലുണ്ടായിരുന്ന കൃഷി സമ്പ്രദായത്തെ മാററി മറിച്ചു. ഗ്രൂപ്പ് ഫാമിങ്ങ് സൊസൈററികളുടെ അഭാവത്തോടെ തുണ്ടുകളായി മുറിക്കപ്പെട്ട ഭൂമി കൂട്ടിച്ചേർത്ത് വ്യാപകമായി കൃഷി ശക്തിപ്പെടുത്താനുള്ള ശ്രമം വീണ്ടും ആരംഭിച്ചു.

കണ്ടാണിശ്ശേരി കൃഷിഭവനു കീഴിൽ മൊത്തം നാലു ഗ്രൂപ്പ് ഫാമിങ്ങ് പാടശേഖരങ്ങളുണ്ട്. ഇവയ്ക്ക് കൃഷിഭവൻ മുഖേന കാർഷികോപകരണങ്ങളും, വിത്തുകളും, കൂടനാളിനികളും, നടീൽവസ്തുക്കളും, രാസവളങ്ങളും, പമ്പുസെററുകളും സബ്സിഡിനിരക്കിൽ നല്കിവരുന്നുണ്ട്. മേൽ പറഞ്ഞ പാടശേഖരങ്ങളിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരാറുണ്ട്. എന്നിരുന്നാലും മിക്ക ഗ്രൂപ്പ് ഫാമിംഗ് സൊസൈററികൾക്കും പല യന്ത്രങ്ങളും ലഭിച്ചിട്ടില്ല. ഇത് കാർഷിക മേഖലക്ക് മുന്നോട്ടുള്ള സുഗമമായ പ്രവർത്തനത്തിന് വലിയൊരു തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽപെട്ട ഗ്രൂപ്പ് ഫാമിംഗ് സൊസൈററികളുടെ പേരും ഇപ്പോൾ കൈവശമുള്ളതും ആവശ്യമുള്ളതുമായ യന്ത്രസാമഗ്രികളുടെ വിവരണത്തിനുള്ള പട്ടിക ചുവടെ ചേർക്കുന്നു.

## കണ്ടാണിശ്ശേരി ഗ്രാമപഞ്ചായത്ത് പാടശേഖരകമ്മിററികൾ

| ക്രമ നമ്പർ | പേര് | ആരംഭിച്ച തിയ്യതി | മെമ്പർമാരുടെഎണ്ണം | വിസ്തീർണ്ണം | ആവശ്യം ഉള്ളത് | കൈവശം ഉള്ളത് |
|---|---|---|---|---|---|---|
| 1. | കണ്ടികുളപാടം ഗ്രൂപ്പ് ഫാമിംഗ് സൊസൈററി | 1989 | 160 | 310 ഏക്കർ | ട്രക്റ്റർ-1<br>പവ്വർ ട്രില്ലർ-1<br>നടീൽ യന്ത്രം-2<br>കൊയ്ത്തുയന്ത്രം-2 | |
| 2. | മററം പന്നിശ്ശേരി പാടശേഖരഗ്രൂപ്പ് ഫാമിംഗ് സൊസൈററി | 1989 | 150 | 200ഏക്കർ | ട്രാക്റ്റർ-1<br>കൊയ്ത്തു യന്ത്രം-2<br>നടീൽ യന്ത്രം-2<br>മെതിയന്ത്രം-2 | സ്പ്രെയർ-1 |
| 3. | ആര്യാംപാടം ഗ്രൂപ്പ് ഫാമിംഗ് പാടശേഖരം | 1989 | 80 | 60 ഏക്കർ | പവ്വർട്രില്ലർ-2<br>കൊയ്ത്തുയന്ത്രം-2<br>നടീൽ യന്ത്രം-2<br>സ്പ്രെയർ-2<br>മെതിയന്ത്രം-2 | |
| 4. | ആളൂർ ഗ്രൂപ്പ് ഫാമിംഗ് പാടശേഖരം | 1989 | 225 | 325ഏക്കർ | പവ്വർ ട്രില്ലർ-2<br>കൊയ്ത്തുയന്ത്രം-4<br>മെതിയന്ത്രം4<br>സ്പ്രെയർ-4 | ട്രാക്റ്റർ-1<br>പവ്വർട്രില്ലർ-1<br>മെതിയന്ത്രം-1 |

**സാദ്ധ്യതകൾ:-**

1. കാർഷികവൃത്തി ഒരു മാന്യമായ തൊഴിലാണെന്നും,ഞാൻ ഒരു കർഷകനാണെന്ന് അഭിമാനപൂർവ്വം പറയാനും ഉള്ള ഒരു സാമുഹ്യബോധം, അതായത് ഒരു ജീവനുള്ള "കാർഷിക സംസ്കാരം" കൃഷിക്കാരിലും അതുവഴി സമൂഹത്തിനും ഉണ്ടാക്കിത്തീർക്കണം.ഇതിനു വേണ്ടി ശക്തമായ ബോധവൽക്കരണവും, പരിഷ്ക്കരണപരിപാടികളും നടത്തിയേ പററൂ.
2. നെൽപാടങ്ങൾ മററു പല ആവശ്യങ്ങൾക്കുമായി മണ്ണിട്ടു നികത്തുന്ന രീതി ശക്തമായ നിയമം മൂലം തടയണം. കണ്ടാണിശ്ശേരി പഞ്ചായത്തിലെ പല കുന്നുകളും നെൽപാടങ്ങൾ നികത്താൻ വേണ്ടി നാലുഭാഗത്തുനിന്നും മണ്ണെടുത്ത് വെറും മൺതിട്ടകൾപോലെയായിരിക്കുന്നു. പൊന്മലകുന്ന് ഇതിനൊരു ഉദാഹരണമാണ്. അനുപമമായ പ്രകൃതി സൗന്ദര്യം വഴിഞ്ഞൊഴുകിയിരുന്ന കണ്ടാണിശ്ശേരി പഞ്ചായത്തിലെ പല കുന്നുകളും വൻ തോതിൽ മണ്ണെടുത്തു നീക്കുക വഴി നശിച്ചിരിക്കുന്നു.
3. ഉയർന്ന പ്രദേശങ്ങളിലുണ്ടായിരുന്ന വൃക്ഷങ്ങ. വൻതോതിൽ മുറിച്ചുനീക്കപ്പെട്ടകാരണം മണ്ണൊലിപ്പ് ഭീഷണിയെ നേരിടുന്നുണ്ട്. ഇതിനുവേണ്ടി കൃഷിഭവനിൽ കൂടി നാടൻ വൃക്ഷങ്ങളുടെ തൈകൾ വിതരണം ചെയ്യാനും അവ നിർബന്ധമായും വെച്ചുപിടിപ്പിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.
4. അമിതമായ രാസവളപ്രയോഗം നിമിത്തം മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെട്ടിരിക്കുന്നു. അന്ധമായ പാശ്ചാത്യാനുകരണമാണ് ഇതിനു കാരണം. ഈ പ്രവണത നിർത്തുകയും കർഷകരെ ജൈവവളങ്ങളിലേക്ക് തിരിച്ചുവിടാനും ശക്തവും ബോധപൂർവ്വവുമായ ശ്രമം നടത്തണം. ഈ ബോധം അധികാരികൾക്കും ഉണ്ടാകണം.
5. അത്യാവശ്യ മൂലകങ്ങൾക്ക് മാത്രം ആവശ്യമുള്ള സമയങ്ങളിൽ വളപ്രയോഗം നടത്താൻ പഠനക്ലാസ്സുകൾ വഴി കർഷകരെ ബോധവാന്മാരാക്കണം.
6. കീടനാശിനുകളുടെ ഉപയോഗം പരമാവധി കുറച്ച് പ്രകൃത്യാതന്നെയുള്ള കീടനിയന്ത്രണം നടത്താനുള്ള

അറിവ് കൃഷിക്കാർക്ക് നല്കണം. തലമുറകളോളം നീണ്ടുനില്ക്കുന്ന മാരകങ്ങളായ കീടനാശിനികൾ നിർബന്ധമായും ഉപേക്ഷിക്കണം. അവസാനത്തെ ആററംബോംബായി മാത്രം കീടനാശിനികൾ ഉപയോഗിക്കാൻ കർഷകരെ പ്രേരിപ്പിക്കുക.

7. അമിതമായ വളപ്രയോഗവും, കീടനാശിനികളുടെ ഉപയോഗവും നിമിത്തം നെൽപാടങ്ങളിൽ നിന്നും മററും കർഷകന്റെ മിത്രങ്ങളായ പല ജീവികളും വംശനാശത്തിന്റെ അവസാനഘട്ടത്തിലാണ്. പ്രകൃതിയുടെ താളം തെററിച്ചുള്ള ഇത്തരം പ്രവൃത്തികൾ മാററിയെടുത്ത് മണ്ണിന് ജീവനും, ഓജസ്സും പുതിയൊരു "ജൈവവിപ്ലവം" തന്നെ ഉണ്ടാക്കണം.

8. രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം നിമിത്തം മണ്ണിൽ അമ്ലത കൂടിയിട്ടുണ്ട്. മണ്ണുപരിശോധന നടത്തി കർഷകർക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ കൃഷിഭവൻ വഴി കൊല്ലം തോറും കൊടുക്കേണ്ടത് അത്യാവശ്യമാണ്.

9. നല്ല പ്രതിരോധശേഷിയുണ്ടായിരുന്ന പഴയ വിത്തിനങ്ങൾ കൃഷിചെയ്യാനുള്ള ശ്രമം നടത്തണം.

10 തെങ്ങ്, കവുങ്ങ് മുത്ലായ തോട്ടവിളകൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് യഥാസമയങ്ങളിൽ ശുശ്രൂഷ ചെയ്യാനും കീടനാശിനികൾ (മാരകങ്ങളല്ലാത്ത) വിതരണം ചെയ്യാനും അടിയന്തിര നടപടികൾ വേണം.

11. പ്രകൃതി ദുരന്തം വരുന്ന കൃഷികൾക്ക് നേരിൽ ചെന്നു കണ്ട് അവയ്ക്ക് മാന്യമായ തോതിൽ ദുരിതാശ്വാസം നല്കാനുള്ള നടപടികൾ വേണം.

12. നെൽകൃഷി ലാഭകരമാക്കാൻ കൊയ്ത്തു, മെതിയന്ത്രങ്ങൾ സബ്സിഡിനിരക്കിൽ ആവശ്യാനുസരണം പാടശേഖര കമ്മററികൾക്ക് ലഭിക്കാനുള്ള നടപടികൾ വേണം.

13. നടീൽ വസ്തുക്കളുടെ വിതരണം കൃഷിഭവൻ വഴി കാര്യക്ഷമമാക്കണം.

14. കൃഷിഭവൻ മുഖേനവിതരണം ചെയ്തുവരുന്ന നെൽവിത്തുകളും മററു പച്ചക്കറിവിത്തുകളും, തെങ്ങിൻ തൈ, കവുങ്ങിൻ തൈ മുതലായവയും കൃഷിചെയ്യേണ്ടുന്ന സമയങ്ങൾക്ക് തൊട്ടുമുമ്പു മാത്രം വിതരണം ചെയ്യാനുള്ള നടപടികൾ ശക്തമാക്കുകയും ക്രമീകരിക്കുകയും വേണം.

15. കൃഷിഭവൻ മുഖേന വിതരണം ചെയ്തുവരുന്ന കാർഷികോപകരണങ്ങൾ അർഹതയുള്ള കൃഷിക്കാർക്ക് മാത്രം വിതരണം ചെയ്യാൻ അധികൃതർ ശ്രദ്ധിക്കണം.

16. കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വിലയും, ഇവ വിററഴിക്കുന്നതിനു വേണ്ടി കൃഷിഭവനു കീഴിൽ അവ ശേഖരിക്കുവാനുള്ള സംവിധാനവും അടിയന്തിരമായി കൈക്കൊള്ളണം.

17. വിളകൾക്ക് ഇൻഷൂറൻസ് ഏർപ്പെടുത്തണം.

18. ഔഷധചെടികൾ വളർത്തുന്നതിന് വേണ്ടത്ര സഹായവും പരിശീലനവും നല്കണം.

19 മൊത്തം കൃഷിഭൂമിയുടെ 1.13% (15ഹെക്ടർ) സ്ഥലത്ത് കുരുമുളക് കൃഷി ചെയ്യുന്നുണ്ട്. ഈ കൃഷിക്ക് മാരകമായിത്തീർന്നിരിക്കുന്ന ദ്രുതവാട്ട രോഗം മാറുന്നതിനു വേണ്ടതായ പ്രതിവിധികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

20. നേന്ത്രവാഴകൃഷിമൊത്തം കൃഷിഭൂമിയുടെ 1.13%(15 ഹെക്ടർ) സ്ഥലത്ത് കൃഷിചെയ്യുന്നുണ്ട്. വാഴകൃഷിക്ക് ദോഷകരമായിത്തീർന്നിരിക്കുന്ന പലതരം കീടങ്ങളെ നശിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിച്ചാൽ ഈ കൃഷിയിലേക്ക് കൂടുതൽ ശ്രദ്ധ ചെലുത്താൻ കഴിയും. നേന്ത്രവാഴകൃഷിക്ക് പ്രത്യേകമായി വിള ഇൻഷൂറൻസ് ഏർപ്പെടുത്തിയാൽ കൂടുതൽ വിജയസാദ്ധ്യതയുള്ള ഒരു മേഖലയാണിത്.

`21. പച്ചക്കറികൃഷിക്ക് ഈ പഞ്ചായത്തിൽ ധാരാളം സാദ്ധ്യതകളുണ്ട്,. ഓരോ കുടുംബത്തിലും നിർബന്ധമായും ഓരോ അടുക്കളത്തോട്ടം നടപ്പിൽ വരുത്തുവാൻ കൃഷിഭവനുകൾ മുൻകൈ എടുക്കണം.

22. ഈ പഞ്ചായത്തിൽ മൊത്തം 11 ഹെക്ടർ സ്ഥലത്ത് (0.83%) ഇഞ്ചി, മഞ്ഞൾ മുതലായവ കൃഷിചെയ്യുന്നുണ്ട്. ഈ കൃഷിക്ക് യോജിച്ച ധാരാളം സ്ഥലങ്ങൾ ഈ പ്രദേശത്തുണ്ട്. ഇവ കൃഷിചെയ്യുന്നതിനുള്ള ആധുനികരീതികൾ കൃഷിക്കാർക്ക് നല്കുകയാണെങ്കിൽ വളരെ വികസിപ്പിച്ചെടുക്കാവുന്ന മേഖലയാണിത്.

23. സുഗന്ധവിളകളായ ജാതി, ഗ്രാംപൂ മുതലായ വിദേശനാണ്യവിളകൾ ഉല്പാദിപ്പിക്കുവാൻ നല്ല സാദ്ധ്യതയുള്ള ഭൂപ്രദേശമാണിത്. ഈ കൃഷിയിലേക്ക് കൃഷിക്കാരെ ആകർഷിക്കാൻ കൃഷിഭവൻ ശ്രദ്ധിക്കണം.

24. കൃഷിക്കാർക്ക് പുതിയ കൃഷിരീതിയിൽ പരിശീലനം നൽകുക.

**കണ്ടാണശ്ശേരി പഞ്ചായത്ത്** **തെങ്ങ് കൃഷിയെ സംബന്ധിച്ച വിവരങ്ങൾ**

| | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | തെങ്ങ്കൃഷി വിസ്തീർണ്ണം (ഹെ) | കായ്ക്കാത്തത് എണ്ണം | കായ്ക്കുന്നത് എണ്ണം | ആകെ എണ്ണം | റൂട്ട്‌വിൽറ്റ് എണ്ണം | ലീഫ് റോട്ട് എണ്ണം | ബഡ് റോട്ട് എണ്ണം | സ്റ്റെം ബ്ലീഡിങ്ങ് എണ്ണം | മറ്റുള്ളവ എണ്ണം | ആകെ എണ്ണം |
| 1 | 65.80 | 5600 | 273265 | 278865 | | | 255 | 12 | | 267 |
| 2 | 73.20 | 8000 | 1064630 | 1072630 | | | 125 | 354 | | 479 |
| 3 | 115.00 | 4500 | 880215 | 884715 | | | 324 | 125 | | 449 |
| 4 | 59.50 | 2070 | 432007 | 432077 | | | 125 | 315 | | 440 |
| 5 | 82.70 | 5118 | 2289000 | 2294118 | | | 315 | 230 | | 545 |
| 6 | 84.60 | 7700 | 490014 | 497714 | | | 215 | 105 | | 320 |
| 7 | 17.50 | 1600 | 580040 | 581640 | | | 105 | 20 | | 125 |
| 8 | 23.50 | 1810 | 51000 | 52810 | | | 215 | 53 | | 268 |
| 9 | 125.20 | 7400 | 370042 | 377442 | | | 105 | 65 | | 170 |
| 10 | 67.30 | 5130 | 164000 | 169130 | | | 120 | 140 | | 260 |
| Total | 714.30 | 48928 | 6594213 | 6643141 | | | 1904 | 1419 | | 3323 |

# ജലസേചനം

കണ്ടാണിശ്ശേരി പഞ്ചായത്തിൽ ഒട്ടു മിക്ക കൃഷികളും മഴയെ മാത്രം ആശ്രയിച്ചാണ് ചെയ്തുവരുന്നത്. ജൂൺ മുതൽ ഒക്ടോബർ മാസം വരെ ലഭിക്കുന്ന കാലവർഷവും, നവംബർ മുതൽ മെയ് മാസം വരെ ലഭിക്കുന്ന വരണ്ട കാലാവസ്ഥയും അനുഭവപ്പെടുന്നു. മാർച്ച് മുതൽ മെയ് മാസം വരെയുള്ള മൂന്നു മാസക്കാലം ഈ പഞ്ചായത്ത് കുടിവെള്ളം പ്രശ്നത്തെ കടുത്ത വരൾച്ചയെ അഭിമുഖീകരിക്കാറുണ്ട്.

ഈ പഞ്ചായത്തിൽ പ്രധാന ജലസ്രോതസ്സ് 7,8 എന്നീ വാർഡുകളിൽ കൂടി ഒഴുകിപ്പോകുന്ന വാഴാനി ഡാമിന്റെ മെയിൻ കനാലായ ആളൂർ പുഴയാണ്. മററു പ്രധാനമായ ജലസ്രോതസ്സുകൾ ഇല്ലാത്തതുമൂലം മഴവെള്ളം തോടുകളിലും, കുളങ്ങളിലുമായി സംഭരിച്ചാണ് അതാവശ്യം കൃഷികൾക്ക് ഉപയോഗിക്കുന്നത്. കണ്ടാണിശ്ശേരി പഞ്ചായത്തിൽ പ്രധാനമായും എട്ടോളം ചീപ്പുകളാണുള്ളത്, ഇവയെല്ലാം പ്രകൃതിദത്തമായ തോടുകളിലാണ് നിർമ്മിച്ചിട്ടുള്ളത്. ഈ തോടുകളിൽ ഉള്ള ജലത്തെ ആശ്രയിക്കാൻ പററില്ല. കാരണം വേനൽക്കാലത്ത് ഈ തോടുകൾ 3 മാസത്തോളം വററി വരണ്ടു കിടക്കാറുണ്ട്.

ഈ പഞ്ചായത്തിൽ 3500സ്വകാര്യകിണറുകളും, 1[illegible] കുഴൽ കിണറുകളും , 45 കുളങ്ങളുമാണുള്ളത്. കുളങ്ങളും കുഴൽ കിണറുകളും രണ്ടായിരത്തോളം കിണറുകളുമാണ് തോട്ടവിളകൾക്ക് ജലസേചനത്തിനു വേണ്ടി ഉപയോഗിക്കുന്നത്. ആയിരത്തോളം പമ്പുസെററുകളിൽ വൈദ്യുതി കൊണ്ടു പ്രവർത്തിപ്പിക്കുന്നവ 850 എണ്ണമാണ്. ഇവ ഗാർഹികാവശ്യങ്ങൾക്കും തോട്ടവിളക്കുമുള്ള വെള്ളം നല്കുന്നു. ഇതിൽ 20% മാത്രമെ വീട്ടാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുള്ളു. 35 ശതമാനത്തോളം കുടുംബങ്ങൾ മാത്രമെ ചുരുങ്ങിയ രീതിയിലെങ്കിലും ജലസേചനസൗകര്യമുള്ളു. നെൽകൃഷിചെയ്തുവരുന്ന സമതലങ്ങളിൽ 402 ഹെക്ടറിൽ ജലസേചനസൗകര്യം ഉള്ളത്. 131.58 ഹെക്ടർ സ്ഥലത്തു മാത്രമാണ് ഇതിനു തന്നെ പൂർണ്ണമായും ജലസേചനസൗകര്യം ലഭിക്കാറില്ല. ആകെ 10 ഹെക്ടർ സ്ഥലത്തു മാത്രമാണ് പുഞ്ചകൃഷിചെയ്തുവരുന്നത്. ജലസേചനസൗകര്യത്തിന്റെ കുറവ് ഇതിൽ നിന്നും മനസ്സിലാക്കാമല്ലൊ.

◆ ◆ ◆

# കണ്ടാണശ്ശേരി പഞ്ചായത്തിലെ ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ

**മുഖ്യനിർദ്ദേശങ്ങൾ :**

1 വാഴാനി ഡാമിന്റെ മെയിൻ കനാലായ ആളൂർ പുഴ ഏകദേശം 6കി. മീ. ദൈർഘ്യത്തിൽ 7, 8 എന്നീ വാർഡുകളിൽക്കൂടി ഒഴുകുന്നുണ്ട്. ഈ പുഴയിൽ ഫെബ്രുവരി 15വരെ മാത്രമെ വെള്ളം ഉണ്ടാകാറുള്ളൂ. വെള്ളം സംഭരിച്ചുനിർത്തുന്നതിന് ഇപ്പോൾ സ്ഥിരം സംവിധാനങ്ങളൊന്നുമില്ല. ആയതുകൊണ്ട് ആളൂർ പുഴയിൽ ''പരിയ്ക്കററി'' എന്ന സ്ഥലത്ത് ചീപ്പും, ചിറയും സ്ഥാപിക്കുക. വർഷങ്ങളായി കർഷകർ ആവശ്യപ്പെടുന്ന ഒരു പദ്ധതിയാണിത്.

1a മുള്ളിങ്ങൽ എന്ന സ്ഥലത്ത് ആളൂർപുഴക്ക സമീപം 25HP മോട്ടോർ സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

2 വേനൽക്കാലത്ത് ആളൂർ പുഴയിലേക്കു വെള്ളം എത്തിക്കുന്നതിന് അന്നകര ചിറയുടെ താഴെ ഭാഗത്തു നിന്ന് വെള്ളം ലിഫ്റ്റ് ചെയ്യുന്നതിന് പറപ്പൂർ സർവ്വീസ് സഹകരണ ബാങ്ക് നടത്തുന്ന താല്ക്കാലിക ലിഫ്റ്റ് ഒരു സ്ഥിരംസംവിധാനമാക്കി മാററി 'ചിമ്മിനി', 'പീച്ചി' എന്നീ ഡാമുകളിൽ നിന്നുള്ള വെള്ളം ഈ ഭാഗത്തേക്ക് എത്തിക്കുക.

3 ആളൂർ പുഴയിൽ കാഞ്ഞിരക്കണ്ട് എന്ന സ്ഥലത്ത് ഒരു ചെക്ക് ഡാമുണ്ട്. മണ്ണടിഞ്ഞ് നികന്നുവരുന്നതു കാരണം ഇത് വേണ്ടത്ര വെള്ളം സംഭരിക്കാൻ പററാത്ത സ്ഥിതിയിലാണ് നില്ക്കുന്നത്. വർഷംതോറും ഇതിൽനിന്നും മണ്ണ് നീക്കംചെയ്ത് പൂർണ്ണമായും ജലം സംഭരിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

4 ആളൂർ പാടശേഖരത്തിൽ കൂടി പോകുന്ന പാത്തിത്തോടിന് $2\frac{1}{2}$കി.മീ. ദൈർഘ്യമുണ്ട്. ഇവിടെ 20HP മോട്ടോറുള്ള ജലസേചന പദ്ധതിയുമുണ്ട്. നിലവിലുള്ള പാത്തിത്തോടിൽ കൂടി വെള്ളംകൊണ്ടുപോകുമ്പോൾ നല്ലൊരു ശതമാനം വെള്ളം പാഴായിപോകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടി പാത്തിത്തോടിന്റെ അടിഭാഗവും, പാർശ്വഭാഗങ്ങളും കോൺക്രീററ്ചെയ്ത് സംരക്ഷിക്കണം.

5 കണ്ടയൂർ പാടത്തുള്ള ''ഉറവഴിക്കുളവും'' കുനംമൂച്ചിയിലുള്ള ''സമുദായക്കുളവും ആഴം കൂട്ടുകയും, പാർശ്വസംരക്ഷണപണികൾ ചെയ്യുകയും ഈ കുളങ്ങളിൽ പമ്പ് സെററ് സ്ഥാപിക്കുകയും ചെയ്താൽ ഈ പ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നത്തിനും, ജലസേചനത്തിനും വളരെയധികം സൗകര്യമായിരിക്കും.

6 ചൊവ്വല്ലൂർ തോട് വാഴാനി ഡാമിന്റെ കനാലുമായി ബന്ധപ്പെടുത്തിയാൽ 1, 2, 3, 4, 5 എന്നീവാർഡുകളിലെ കാർഷികാവശ്യങ്ങൾക്കും കുടിവെള്ളത്തിനും ശാശ്വതമായ ഒരു പരിഹാരമുണ്ടാകും.

7 പൈനിക്കുളത്തിന്റെ വടക്കുഭാഗത്തുകൂടി ആട്ടയൂർ റോഡിൽ നില്ക്കുന്ന കലുങ്ക് വരെ 775മീററർ നീളത്തിൽ വെള്ളച്ചാൽ നിർമ്മിക്കുക. ഇതിനുവേണ്ടതായ സ്ഥലം സൗജന്യമായി വിട്ടുകൊടുത്തിട്ടുള്ളതിൽ 50 മീററർ നീളം കനാൽ നിർമ്മിച്ചിട്ടുണ്ട്. ബാക്കിയുള്ള 725 മീററർ നീളത്തിൽ വെള്ളച്ചാൽ എത്രയുംവേഗം നിർമ്മിക്കണം. ഇത് ആ പ്രദേശത്തെ കൃഷി ആവശ്യങ്ങൾക്കും, മേൽവെള്ളം ഒഴുക്കിക്കളയുന്നതിനും വളരെയധികം പ്രയോജനംചെയ്യും.

8 പെരുമണ്ണ്, എടക്കളത്തൂർ, ആളൂർ എന്നീ പാടശേഖരങ്ങൾ വർഷക്കാലങ്ങളിൽ വെള്ളത്തിനടിയിൽ ദിവസങ്ങളോളം മുങ്ങിക്കിടക്കാറുണ്ട്. ഇത് കർഷകർക്ക് നിത്യശാപമായി തീർന്നിരിക്കുന്നു. ഇതിനുപരിഹാരമായി ആളൂർ–കേച്ചേരി P. W. D. റോഡ്, ആളൂർ–പുത്തൂർ ബ്ലോക്ക് റോഡ്, ആളൂർ–എടക്കളത്തൂർ M.L.A. റോഡ്, ഗുരുവായൂർ–തൃശ്ശൂർ റെയിൽവെ ലൈൻ എന്നിവയെ മുറിച്ചുകടന്നു പോകുന്ന ഒരു

തോട് നിർമ്മിക്കണം. ഇതുകൊണ്ട് ചൂണ്ടൽ പഞ്ചായത്ത്, കണ്ടാണശ്ശേരി പഞ്ചായത്ത്, കൈപ്പറമ്പ് പഞ്ചായത്ത്, തോളൂർ പഞ്ചായത്ത്, അടാട്ട് പഞ്ചായത്ത് തുടങ്ങിയ സ്ഥലങ്ങളിലെ കൃഷിക്ക് വളരെ ഉപകാരപ്രദമായിരിക്കും

9 1-ാംവാർഡിൽ കണ്ടികുളം പാടശേഖരത്തിലുള്ള "കണ്ടികുളം തോട്" പാർശ്വസംരക്ഷണ പണികൾ ചെയ്ത് ചീപ്പുകൾ നിർമ്മിച്ച് ജലം സംഭരിക്കാനുള്ള സംവിധാനം ചെയ്യുക.

10 ചോരക്കുളം താഴ്ത്തി പാർശ്വങ്ങൾ സംരക്ഷിച്ച് മോട്ടോർ പമ്പിങ്ങ്സംവിധാനം ഏർപ്പെടുത്തണം.

11 കാരക്കുളം താഴ്ത്തി പാർശ്വസംരക്ഷണ പണികൾ ചെയ്ത് പമ്പിങ്ങ് സംവിധാനം ചെയ്യുക.

12 കരിയന്നൂർ പാടശേഖരത്തിലേയ്ക്ക് കാർഷിക ഉപകരണങ്ങൾ കൊണ്ടുപോകുന്നതിനും, ട്രാക്ടർ മുതലായവ ഇറക്കുന്നതിനു ഒരു സ്ഥിരം "റാമ്പ്" നിർമ്മിക്കുക.

13 കണ്ടികുളം പാടത്ത് വലിയവരമ്പിനു സമീപം ഒരു കുളംകുഴിച്ച് പമ്പിങ്ങ് സംവിധാനം ഏർപ്പെടുത്തി യാൽ ജലസേചന സൗകര്യം കൂടുന്നതാണ്

14 വലിയ വരമ്പുമുതൽ കരിയന്നൂർ കുരിശുപള്ളിവരെ ഒരു ഫാം റോഡ് നിർമ്മിക്കുക.

15 കണ്ടികുളം പാടം തോട്ടിൽ ചീപ്പുകൾ നിർമ്മിയ്ക്കണം

16 2-ാംവാർഡിൽ കണ്ടികുളം പാടശേഖരത്തിൽ ചൊവ്വല്ലൂർ ഭാഗത്ത് വേളംകോട്ട് താഴത്ത് ഒരു കുളം താഴ്ത്തി പമ്പിങ്ങ്സംവിധാനം ഏർപ്പെടുത്തുക.

17 ഗുരുവായൂർ – തൃശ്ശൂർ മെയിൻ റോഡിലുള്ള പാലത്തിനു താഴെയായി വലിയ തോട്ടിൽ ഒരു ചീപ്പ് നിർമ്മിക്കുക.

18 ചൊവ്വല്ലൂർപടി അങ്ങാടിക്കുതാഴെ "എഞ്ചിൻതറ"യുടെ താഴെ ഭാഗത്ത് ഒരു ചീപ്പ് നിർമ്മിക്കുക

19 പൊന്നാംതോട്ടിൽ നിലവിലുള്ള പഴയ മൂന്നുചിറകൾ പുനരുദ്ധാരണം ചെയ്യുക.

20 "തത്തടത്തുകുളം" താഴ്ത്തി പാർശ്വസംരക്ഷണം ചെയ്ത് പമ്പിങ്ങ് സൗകര്യം ഏർപ്പെടുത്തുക

21 3-ാംവാർഡിൽ "ശങ്കരകുളം" താഴ്ത്തി പാർശ്വഭാഗങ്ങൾ സംരക്ഷിച്ച് പമ്പിങ്ങ് സംവിധാനം ചെയ്യുക

22 3-ാംവാർഡിൽകൂടി പോകുന്ന പൊന്നാംതോട് താഴ്ത്തിയും വീതികൂട്ടിയും പാർശ്വഭാഗങ്ങൾസംരക്ഷിച്ചു 2 ചീപ്പുകൾ നിർമ്മിക്കുക

23 4-ാംവാർഡിൽ വലിയതോട്ടിൽ പട്ടിണിപ്പുര. തലപ്പിള്ളി എന്നീ സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന പഴക്കംചെന്ന ചീപ്പുകൾ പുനരുദ്ധാരിച്ച് പാർശ്വസംരക്ഷണ പണികൾ ചെയ്യുക.

24 പഞ്ചായത്തുവകയായുള്ള ഒരു ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള പൈങ്കിണിക്കുളം പുനരുദ്ധരിച്ച് 600മീ നീളത്തിൽ പടിഞ്ഞാറോട്ട് കുഞ്ഞുതോടുവരെ വെള്ളച്ചാൽ നിർമ്മിക്കുക. പ്രസ്തുത കുളത്തിലേക്ക് ഒരു പൊതുവഴിയും നിർമ്മിക്കണം.

25 പൈങ്കിണിക്കുളത്തിന് സമീപം ഒരു കലുങ്ക് നിർമ്മാണം.

26 പഞ്ചായത്തുവക പാറക്കുളം പുനരുദ്ധരിച്ചാൽ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിയ്ക്കാൻ കഴിയും.

27 5-ാംവാർഡിൽകൂടി പോകുന്ന പൊന്നാംതോട്ടിൽ ഒരു ചീപ്പുകെട്ടി പാർശ്വങ്ങൾ സംരക്ഷിച്ചാൽ പാഴായി പ്പോകുന്ന ജലം സംഭരിക്കാൻ കഴിയും.

28 നമ്പഴിക്കാട് മണ്ണാൻ കുളത്തിനോട് ചേർന്ന് സൗജന്യമായി ലഭിച്ചിട്ടുള്ള രണ്ടുസെൻറ് സ്ഥലത്ത് ഒരു കിണർ കുഴിച്ച് പമ്പിങ്ങ് സൗകര്യം ചെയ്താൽ 15 ഹെക്ടർസ്ഥലത്തുള്ള തെങ്ങിനും, ഇടവിളകൾക്കും ജലസേചനം നടത്താൻ സാധിക്കുന്നതാണ്.

29 6–ാംവാർഡിൽ മററം ആളൂർ റോഡിൽ നിന്നും കണ്ടിയൂർ റോഡിലേയ്ക്ക് ഒരു ഫാം റോഡ് നിർമ്മിക്കുക (സൈഡിൽ കൈതോട് കൂടി വേണം) 59

30 മററം വാക റോഡിൽനിന്നും ചിററിലപ്പിള്ളി ഇടവഴി കൂടി ഒരു ഫാം റോഡ് നിർമ്മിക്കുക. (സൈഡിൽ കൈതോടുകൂടി വേണം)

31 ഏരുകുളം – ആര്യാംപാടം ഫാം റോഡു നിർമ്മിക്കണം.

32 കാറളി മനറോഡിൽനിന്ന് ഏരുകുളം റോഡുമായി ബന്ധിപ്പിയ്ക്കുന്ന ഫാം റോഡ് നിർമ്മിക്കുക.

33 6–ാംവാർഡ് ആര്യംപാടത്തുനിന്ന് പൊന്നാംതോടിലേയ്ക്ക് ഒരു കൈതോട് ഉണ്ടാക്കുക.

34 6–ാംവാർഡിൽ പച്ചക്കറികൃഷി ചെയ്യുന്നതിന് ആര്യാപാടത്ത്കുളം നിർമ്മിച്ച് പമ്പിങ്ങ് സൗകര്യം ഏർപ്പെടുത്തുക. (ഈ പദ്ധതി വിവിധ വാർഡുകളിൽ കൂടി നടപ്പിലാക്കുക.

35 കൃഷിഭവൻ ഓഫീസ് മൃഗാശുപത്രി കോമ്പൗണ്ടിൽ പണിയുക.

36 7–ാം വാർഡിലുള്ള 2½ കി. മി. നീളമുള്ള പാത്തിതോടിൽ നിന്നും പാർശ്വഭാഗങ്ങളിലേക്ക് വെള്ള ച്ചാലുകൾ നിർമ്മിക്കുകയും പാത്തിത്തോടിന് ചേർന്ന് ഒരു ഫാം റോഡ് നിർമ്മിക്കുകയും ചെയ്യുക.

37 കണ്ടിയൂർ വലിയ തോടുമുതൽ ശങ്കരംപരപ്പ് തോട് വരെ 1½ കി മി. നീളത്തിൽ പുതിയ തോട് നിർമ്മിക്കുക.

38 കണ്ടിയൂർ തോട് മുതൽ ശങ്കരംപരപ്പ് ബണ്ട് റോഡ് വരെ ഒരു ഫാം റോഡ് നിർമ്മിക്കുക.

39 ആളൂർ പാടശേഖരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു വേണ്ടി അതോട് എന്ന തോട്ടിൽ നിന്നും മുതയം തോട്ടിലേക്ക് 750മീററർ നീളത്തിൽ പുതിയ തോട് നിർമ്മിക്കുക.

40 വർഷക്കാലത്ത് പുഴ കര കവിഞ്ഞ് ഒഴുകുന്നത് തടയുന്നതിനു വേണ്ടി പുഴ വരമ്പ് കനം കൂട്ടി ബലപ്പെടുത്തുക.

41 ആളൂർ ഗ്രൂപ്പ് ഫാമിംഗ് പാടശേഖരത്തിനു വേണ്ടി വാങ്ങിയ 10 സെൻറ് സ്ഥലത്ത് ഓഫീസ് കം ഗോഡൗൺ, കുളം, സീഡ്സെൻറർ എന്നിവ പണിയുക.

42 ആളൂർ പാടശേഖരത്തിലേക്ക് പോകുവാൻ നിലവിലുള്ള മുല്ലയ്ക്കൽ ഇടവഴി, ചക്രമാക്കിൽ ഇടവഴി, പാലയൂർ ഇടവഴി, തിരുത്തി കുളിക്കടവ് റോഡ് എന്നിവയുമായി ബന്ധപ്പെടുത്തി പുഴ വരമ്പു വരെ ഫാം റോഡുകൾ നിർമ്മിക്കുക.

43 സമഗ്ര നാളികേര ഉല്പാദന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുത്തി ജംഗ്ഷനിലും (**K V P** റോഡ്) ഓരോ കിണർകുഴിച്ച് പമ്പ്സെററ് സ്ഥാപിച്ച് കൃഷിക്കും, കുടിവെള്ളത്തിനും ഉപയുക്തമായ രീതിയിൽ സംവിധാനം ഏർപ്പെടുത്തുക. (ഈ പദ്ധതി വിവിധ വാർഡുകളിൽകൂടി നടപ്പിലാക്കണം.)

44 തിരുത്തിതോട്, മുതയംതോട്, ആറോഡ്, കണ്ടിയൂർ തോട് എന്നിവ പാർശ്വഭാഗങ്ങൾകെട്ടി സംരക്ഷിക്കുക.

45 ഇമ്മട്ടി ഇടവഴി, നട്ടുച്ചാങ്കുളം, പ്രിയദർശിനി റോഡ്, വടക്കംപാട്ട് മനറോഡ് എന്നിവയെ ബന്ധിപ്പിക്കുന്ന ഒരു ഫാം റോഡ് നിർമ്മിക്കുക.

46 തിരുവത്രകോളനി, ചിറയ്ക്കൽ അമ്പലം, പണിക്കർഇടവഴി, K V P റോഡ് എന്നിവയുമായി ബന്ധിപ്പിക്കുന്ന ഒരു ഫാം റോഡ് നിർമ്മിക്കുക.

47 8-ാംവാർഡിൽ പൊന്മലകുന്നിനു പടിഞ്ഞാറുവശമുള്ള കരിങ്കൽ ക്വാറിയിലെ വററാത്ത ജലസ്രോതസ്സ് മോട്ടോർസ്ഥാപിച്ച് പമ്പ്ചെയ്ത് വിതരണംചെയ്താൽ ഈപ്രദേശത്ത് കൃഷിചെയ്യുന്ന തോട്ടവിളകൾക്ക് വലിയൊരു അനുഗ്രഹമായിരിക്കും ഇതുവഴി ഉല്പാദനം ഇരട്ടിയാക്കാൻ സാധിക്കും.

48 ആളൂർ ''പുറവക്കോട്''' ക്ഷേത്രത്തിനടുത്ത് ആളൂർപുഴക്കു കുറുകെ ഒരു അക്വഡക്ററ് നിലവിലുണ്ട്. ഇത് വഷങ്ങളായി ജീർണ്ണിച്ച് ഉപയോഗപ്രദമല്ലാത്ത രീതിയിലാണ് കിടക്കുന്നത്. എത്രയുംവേഗം ഈ അക്വഡക്ററ് പുനരുദ്ധാരണം നടത്താനുള്ള സംവിധാനം ചെയ്യണം.

49 ആളൂർ – വെട്ടുകാട് – മനറോഡ്, കണ്ടിയൂർ - പന്നിശ്ശേരി – പ്രിയദർശിനി റോഡുമായി ബന്ധിപ്പിക്കുന്ന ഒരു ഫാംറോഡ് നിർമ്മിക്കണം.

50 9-ാംവാർഡിൽ കുനംമൂച്ചിയിലുള്ള സമുദായക്കുളം റോഡ് കണ്ടിയൂർ (കൊല്ലംകുളം റോഡ്) റോഡുമായി ബന്ധിപ്പിക്കുന്ന ഒരു ഫാം റോഡ് നിർമ്മിക്കുക.

51 കുനംമൂച്ചിയിൽ നിന്നും ആരംഭിച്ച് വടക്കുമ്പാട്ട്മന താഴെവരെ പന്നിശ്ശേരി പാടത്തിന്റെ മദ്ധ്യഭാഗത്തു കൂടി വരുന്നതോട് വീതിയും ആഴവുംകൂട്ടി പാർശ്വഭാഗങ്ങൾ സംരക്ഷിക്കണം.

52 10-ാംവാർഡിൽ കണ്ടികുളം പാടശേഖരത്തിലുള്ള മഞ്ഞുംപടി – തറയംകണ്ടം ഫാം റോഡ് വീതികൂട്ടി പാർശ്വസംരക്ഷണ പണികൾ ചെയ്യണം.

53 കണ്ടികുളം പാടശേഖരത്തിലെ മേൽവെള്ളം ഒഴിഞ്ഞുപോകുന്നതിനുവേണ്ടി ഫാം റോഡിനുസമാന്തരമായി ഒരു വെള്ളച്ചാൽ നിർമ്മിക്കുകയും ഇത് കണ്ടികുളം തോടുമായി ബന്ധിപ്പിക്കുകയും വേണം.

54 കണ്ടികുളം തോട്ടിൽ സ്ഥിതിചെയ്യുന്ന ചിറ വളരെ ശോചനീയമായ അവസ്ഥയിലാണ്. ഈ ചിറ പുനരുദ്ധാരണംചെയ്ത് ഉപയോഗപ്രദമാക്കേണ്ടത് വളരെ അത്യാവശ്യമാണ്.

55 ജലധാര സ്കീമിൽ പണികഴിപ്പിച്ച ആളൂർ — തിരുത്തി ശങ്കരംപരപ്പ ബണ്ട് ഉയർത്തുകയും വെള്ളം ഒഴുകിപ്പോകുന്നതിനു് കലുങ്കുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും വേണം.

56 2-ാംവാർഡിൽ ഉള്ള തനേടംപാടശേഖരത്തിലേക്ക് കൃഷി ആവശ്യത്തിന് വാഹനങ്ങൾ പോയിരുന്നത് പാരീസ്റോഡിനുതൊട്ടുള്ള P. W. D.റോഡിലുള്ള പാലത്തിന്റെ അരികിൽ കൂടിയാണ്. എന്നാൽ സ്വകാര്യവ്യക്തികൾ പാടംനികത്തി വീട് വെക്കാൻവേണ്ടി മണ്ണിട്ട് ഉയർത്തിമതിൽകെട്ടിയിരിക്കുകയാണ്. ആയതിനാൽ 2-ാംവാർഡിലെ താനേടം പാടശേഖരത്തിലേക്ക് വാഹനങ്ങൾ ഇറങ്ങാൻ സൗകര്യം ഉണ്ടാക്കണം.

57 2-ാംവാർഡിലെ പുത്തൻകുളത്തിന് പടിഞ്ഞാറ് ഭാഗത്തുകൂടെ കണ്ടികുളപ്പാടം പാടശേഖരത്തിലേക്ക് പോകുന്നവഴിയിൽ 2 ചെറിയ പാലങ്ങൾ ഉണ്ട്. ഈ പാലങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ് ആയതിനാൽ രണ്ടു പാലങ്ങളും വീതികൂട്ടി പുതുക്കിപണിയുകയും കൃഷി ആവശ്യത്തിന് മെയിൻറോഡുമായി 'ഫാം റോഡ്'' നിർമ്മിക്കുക.

58 മരുതോടിപ്പാടം കൈതോട് രക്ഷിക്കാൻ ബണ്ട് നിർമ്മിക്കുക. ഫാം റോഡ് നിർമ്മിച്ച്താഴേക്കുപോകാൻ പററാവുന്ന രീതിയിൽ സംരക്ഷിക്കണം.

59 കണ്ടികുളംപാടം ശിവക്ഷേത്ര പരിസരത്ത് പാടത്തേക്ക് വലിയവരമ്പ്വരെ ഫാം റോഡ് പണിയുക.

60 ഞാലികുളം താഴ്ത്തി സംരക്ഷിക്കുക.

61 ചോരക്കുളം – കാരക്കുളം തോട് നിർമ്മിക്കുക.

62 വലിയതോട് അളന്ന് തിട്ടപ്പെടുത്തി പുറമ്പോക്ക് ഒഴിവാക്കി നടവരമ്പ്കൂട്ടി നിർമ്മിക്കുക.

63 ചിററിക്കാട് തോടിന്റെ സൈഡ്കെട്ടി കണ്ടികുളംതോടുമായി ബന്ധിപ്പിക്കുക.

64 പ്ലാക്കാട് അമ്പലം മുതൽ കണ്ടികുളം പാടത്തേക്ക് ഫാം റോഡിനരികിലൂടെ വെള്ളച്ചാൽ ഉണ്ടാക്കുക. 41

65 വിവിധ പഞ്ചായത്തുകളിൽകൂടി ഒഴുകുന്ന വലിയതോട് കണ്ടാണശ്ശേരി പഞ്ചായത്തിൽ മണൽപ്രദേശത്തു കൂടി ഒഴുകുന്നുണ്ട്. വലിയതോട് വീതിയും, ആഴവും കൂട്ടി സംരക്ഷിക്കണം.

66 പുളിഞ്ചോട് മുതൽ കണ്ടികുളം പാടത്തേക്ക്ചിററിക്കാട്തോടുമായി ബന്ധപ്പെടുത്തിതോട്നിർമ്മിക്കുക.

67 പ്ലാക്കാട് പുളിഞ്ചോട് റോഡിൽനിന്ന് പാടത്തേക്ക് ഫാം റോഡ് നിർമ്മിക്കുക.

68 കുഴപ്പുള്ളി കുളത്തിലേയ്ക്ക് പൊതുവഴി ഉണ്ടാക്കുക.

69 പയനിക്കുളത്തിൽ കാലികളെ ഇറക്കാൻ പടവും അതിന്നരികെ കലുങ്കും നിർമ്മിക്കണം.

70 ആട്ടയൂർ – വരോപ്പറമ്പ് റോഡിൽ കുഞ്ഞുതോട് എന്ന സ്ഥലത്ത് കലുങ്ക് പണിയണം.

71 നമ്പഴിക്കാട് പള്ളിക്കുതെക്കുനിന്ന വരുന്നതോട് വടക്കുഭാഗത്തുകൂടെ പൊന്നാംതോടുമായി ബന്ധിപ്പിക്കുക

72 മററം നമ്പഴിക്കാട് റോഡിന്റെ പടിഞ്ഞാറുഭാഗത്ത് വെള്ളംഒഴിയാവുന്ന വെള്ളച്ചാലുകൾ പൊന്നാംതോടു മായി ബന്ധിപ്പിക്കണം

## കൃഷി സാദ്ധ്യതകൾ

ആളൂർ പുഴയിൽ 'പരിയകററി' എന്ന സ്ഥലത്ത് ചീപ്പും ചിറയും സ്ഥാപിക്കുക.

'മുള്ളിങ്ങൽ' എന്ന സ്ഥലത്ത് ലിഫ്ററ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുക.

അന്നകര ചിറഭാഗത്തുള്ള താല്ക്കാലിക ലിഫ്ററ് സ്ഥിരം സംവിധാനമാക്കുക.

ആളൂർ പുഴയിൽ കാഞ്ഞിരക്കുണ്ടിലുള്ള ചെക്ക്ഡാമിന്റെ ജലസംഭരണശേഷി വദ്ധിപ്പിക്കുക.

ആളൂർ പാടശേഖരത്തിലെ പാത്തിത്തോടിന്റെ കേടുപാടുകൾ നീക്കുക.

കണ്ടിയൂർ പാടത്തുള്ള ഉറവഴിക്കുളവും കുനംമൂച്ചിയിലുള്ള സമുദായകുളവും നന്നാക്കി പമ്പുസെററുകൾ സ്ഥാപിക്കുക.

ചൊവ്വല്ലൂർ തോട് വാഴാനി ഡാമിന്റെ കനാലുമായി ബന്ധിക്കുക.

പൈനികുളത്തിന്റെ വടക്കുഭാഗത്തുകൂടി വെള്ളച്ചാൽ നിർമ്മിക്കുക.

പെരുമണ്ണ്, എടക്കളത്തൂർ, ആളൂർ പാടശേഖരങ്ങളെ വഷ്ക്കെടുതിയിൽ നിന്നും രക്ഷിക്കാൻ ഒരു തോട് നിർമ്മിക്കുക.

കണ്ടിക്കുളം തോടു നന്നാക്കി ചീപ്പുകൾ നിർമ്മിക്കുക.

ചോരക്കുളം, കാരക്കുളം, എന്നിവ നന്നാക്കി പമ്പിങ്ങ് സംവിധാനം ഏപ്പെടുത്തുക.

കരിയന്നൂർ പാടശേഖരത്തിലേയ്ക്ക് ഒരു സ്ഥിരം 'റാമ്പ്' നിർമ്മിക്കുക.

കണ്ടിക്കുളം പാടത്ത് വലിയവരമ്പിനടുത്ത് ഒരു കുളം ഉണ്ടാക്കി പമ്പിങ്ങ് സംവിധാനം ഏർപ്പെടുത്തുക.

വലിയവരമ്പ് – കരിയന്നൂർ കുരിശുപള്ളി ഫാം റോഡ് നിർമ്മിക്കുക.
കണ്ടിക്കുളം പാടം തോട്ടിൽ ചീപ്പുകൾ നിർമ്മിക്കുക.

കണ്ടിക്കുളം പാടശേഖരത്തിൽ ചൊവ്വല്ലൂർ ഭാഗത്ത് വേളംകോട്ടുതാഴത്ത് ഒരു കുളം നിർമ്മിച്ച് പമ്പിങ്ങ് സൗകര്യം ഏർപ്പെടുത്തുക.

മെയിൻ റോഡിലുള്ള പാലത്തിനുതാഴെ വലിയ തോട്ടിൽ ഒരു ചീപ്പ് നിർമ്മിക്കുക.

ചൊവ്വല്ലൂർപടി 'എഞ്ചിൻതറ'യുടെ താഴെഭാഗത്ത് ഒരു ചീപ്പ് നിർമ്മിക്കുക.

പൊന്നാംതോട്ടിലെ പഴയ മൂന്നുചിറകൾ പുനരുദ്ധരിക്കുക.

'തത്താത്തുകുളം' നന്നാക്കി പമ്പിങ്ങ് സൗകര്യം ഏർപ്പെടുത്തുക.

ശങ്കരക്കുളം നന്നാക്കി പമ്പിങ്ങ് സൗകര്യം ഏർപ്പെടുത്തുക.

3–ാംവാർഡിൽ പൊന്നാംതോട് നന്നാക്കി രണ്ടുചീപ്പുകൾ നിർമ്മിക്കുക.

4–ാംവാർഡിൽ വലിയ തോട് നന്നാക്കുകയും പട്ടിണിപ്പുര, തലപ്പിള്ളി ചീപ്പുകളുടെ കേടുപാടുകൾ നീക്കുകയും ചെയ്യുക.

പൈങ്കണ്ണിക്കുളം പുനരുദ്ധരിക്കുകയും, കുഞ്ഞുതോട്‌വരെ വെള്ളച്ചാൽ നിർമ്മിക്കുകയും ചെയ്യുക.

പൈങ്കണ്ണിക്കുളത്തിനടുത്ത് ഒരു കലുങ്ക് നിർമ്മിക്കുക.

പാറക്കുളം പുനരുദ്ധരിക്കുക.

5–ാംവാർഡിൽ പൊന്നാംതോട് നന്നാക്കി ചീപ്പ് നിർമ്മിക്കുക.

നമ്പഴിക്കാട് മണ്ണാൻ കുളത്തിനടുത്തുള്ള സ്ഥലത്ത് കിണർകുഴിച്ച് പമ്പിങ്ങ് സൗകര്യം ഏർപ്പെടുത്തുക.

7–ാംവാർഡിൽ പാത്തിത്തോട്ടിൽ നിന്നും വെള്ളച്ചാലുകൾ നിർമ്മിക്കുക, പാത്തിത്തോടിനോടു ചേന്ന് ഒരു ഫാം റോഡ് ഉണ്ടാക്കുക.

കണ്ടിയൂർ വലിയതോട് മുതൽ ശങ്കരംപരപ്പ് തോടുവരെ ഒരു തോട് നിർമ്മിക്കുക,

കണ്ടിയൂർ തോടു മുതൽ ശങ്കരംപരപ്പ് ബണ്ടുറോഡ് വരെ ഒരു ഫാം റോഡ് നിർമ്മിക്കുക.

ആളൂർ ആതേഡ് തോട്ടിൽ നിന്നും മുതയംതോട്ടിലേക്ക് ഒരു തോട് നിർമ്മിക്കുക.

ആളൂർ പുഴവരമ്പ് കനംകൂട്ടി ബലപ്പെടുത്തു .

ആളൂർ പാടശേഖരംവക സ്ഥലത്ത് ഓഫീസ് കംഗോഡൗൺ, കുളം, സീസ്‌സെൻറർ എന്നിവപണിയുക.

ആളൂർ പാടശേഖരത്തിലേക്കു നിലവിലുള്ള വഴികളുമായി ബന്ധപ്പെടുത്തി പുഴവരമ്പുവരെ ഫാം റോഡ് നിർമ്മിക്കുക

ആളൂർ വടക്കമ്പാട്ടുമന റോഡിലും തിരുത്തി ജംഗ്ഷനിലും കിണർനിർമ്മിച്ച് പമ്പുസെററ് സ്ഥാപിക്കുക

തിരുത്തിതോട്, മുതയംതോട്, ആറോട്, കണ്ടിയൂർതോട് എന്നിവ നന്നാക്കുക.

ഇമ്മട്ടി ഇടവഴി, നട്ടച്ചാങ്കുളം, പ്രിയദർശിനി റോഡ്, വടക്കമ്പാട്ട് മനറോഡ് എന്നിവയെ ബന്ധിപ്പിക്കുന്ന ഒരു ഫാം റോഡ് നിമ്മിക്കുക

തിരുവത്രകോളനി, ചിറസ്റ്റൽ അമ്പലം, പണിക്കർ ഇടവഴി, **K V P** റോഡ് എന്നിവയുമായി ബന്ധിപ്പിക്കുന്ന ഒരു ഫാം റോഡ് നിമ്മിക്കുക.

പൊന്മലകുന്നിന്റെ പടിഞ്ഞാറുവശമുള്ള വറ്റാത്ത ജലസ്രോതസ് പമ്പ്സെററ് സ്ഥാപിച്ച് പ്രയോജനപ്പെടുത്തുക.
ആളൂർ പുറവക്കോട് അകചഡേററ് പുനരുദ്ധരിക്കുക.

ആളൂർ – വെട്ടകാട് – മനറോഡ്, കണ്ടിയൂർ–പന്നിശേശി പ്രിയദർശിനി റോഡുമായി ബന്ധിപ്പിക്കുന്ന ഒരു ഫാം റോഡ് നിമ്മിക്കുക

കുനംമൂച്ചിയിൽ സമുദായകുളം റോഡ് കണ്ടിയൂർ റോഡുമായി ബന്ധിപ്പിക്കുന്ന ഒരു ഫാം റോഡ് നിർമ്മിക്കുക

പന്നിശ്ശേരി പാടം തോട് നന്നാക്കുക.

10–ാംവാർഡിൽ കണ്ടിക്കുളം പാടശേഖരത്തിലുള്ള മാത്തും പടി –തറയംകണ്ടം ഫാം റോഡ്നന്നാക്കുക.

കണ്ടിക്കുളം പാടശേഖരത്തിൽ ഫാം റോഡിന്റെ സമാന്തരമായി വെള്ളച്ചാൽ നിർമ്മിക്കുക.

കണ്ടിക്കുളം തോട്ടിലെ ചിറ നന്നാക്കുക.

ആളൂർ–തിരുത്തി – ശങ്കരംപരപ്പ ബണ്ട് ഉയർത്തുകയും കലുങ്കുകളുടെ എണ്ണം കൂട്ടുകയും ചെയ്യുക.

2–ാം വാർഡിൽ താനേടം പാടശേഖരത്തിലേക്ക് വാഹനങ്ങൾ ഇറങ്ങാൻ സൗകര്യം ഉണ്ടാക്കുക.

2–ാം വാർഡിൽ കണ്ടിക്കുളം പാടശേഖരത്തിലേയ്ക്കുള്ള വഴിയിലുള്ള പാലങ്ങൾ നന്നാക്കുക

മെയിൻ റോഡുമായി ബന്ധിപ്പിക്കുന്ന ഫാം റോഡ് നിമ്മിക്കുക.

മരുതോടിപ്പാടം കൈത്തോട് രക്ഷിക്കാൻ ബണ്ട നിമ്മിക്കുക ഫാം റോഡ് നിമ്മിക്കുക.

കണ്ടിക്കുളം പാടം – ശിവക്ഷേത്രപരിസരം ഫാം റോഡ് നിമ്മിക്കുക.

ഞാലിക്കുളം നന്നാക്കുക

ചോരക്കുളം–കാരക്കുളം തോട് നിർമ്മിക്കുക.

വലിയ തോട് നടവരമ്പ് ബലപ്പെടുത്തുക.

ചിററിക്കാട് തോട് നന്നാക്കുക. കണ്ടിക്കുളം തോടുമായി ബന്ധിപ്പിക്കുക.

പ്ലാക്കാട് അമ്പലം മുതൽ കണ്ടിക്കുളം പാടത്തേക്ക് ഫാം റോഡിനോട് ചേർന്ന് വെള്ളച്ചാൽ നിമ്മിക്കുക.

മണൽപ്രദേശത്ത് വലിയതോട് നന്നാക്കുക.

ചിററിക്കാട് തോടുമായി ബന്ധിപ്പിച്ച് പുളിഞ്ചോട് – കണ്ടിക്കുളം പാടംതോട് നിമ്മിക്കുക.

**പ്രശ്നങ്ങൾ:**

കർഷകന് വേണ്ടത്ര അംഗീകാരം ലഭിക്കുന്നില്ല.
വയലുകൾ നികത്തുന്നു. ഇഷ്ടികക്കളങ്ങളാക്കുന്നു.
കുന്നുകൾ മണ്ണെടുത്ത് നശിപ്പിക്കുന്നു.
ശക്തമായ മണ്ണൊലിപ്പ് പലയിടങ്ങളിലും ഉണ്ട്.
രാസവളങ്ങളുടേയും കീടനാശിനികളുടേയുംഅമിതമായ ഉപയോഗം
മിത്രകീടങ്ങളുടെ നാശം
മണ്ണുപരിശോധനയുടെ അഭാവം.
പ്രകൃതിക്ഷോഭത്തിൽ നിന്ന് കൃഷിയെ രക്ഷിക്കാനുള്ള സംവിധാനങ്ങളുടെ കുറവ്.
കാർഷിക ഉപകരണങ്ങളുടെ ദൗർലഭ്യം.
മേൽത്തരം നടീൽ വസ്തുക്കളുടെ അപര്യാപ്തത.
വിത്തും വളവും വേണ്ടപ്പോൾ ലഭിക്കുന്നില്ല.
ജലസേചന സൗകര്യം വേണ്ടത്ര ഇല്ല.
കൃഷിക്കാർക്ക് വേണ്ടത്ര പരിശീലനം ലഭിക്കുന്നില്ല.
ഫാം റോഡുകൾ വേണ്ടത്ര ഇല്ല.

| | |
|---|---|
| പഞ്ചായത്തിൽ ജലസേചനത്തിന് ഉപയുക്തമായ തോടുകളുടെ മൊത്തം നീളം | 22k.m. |
| തോടുകളുംകുളങ്ങളും ഉപയോഗപ്പെടുത്തി പഞ്ചായത്തിൽ മൊത്തം കൃഷിചെയ്യുന്ന പ്രദേശം | 928ഏക്കർ |
| തോട്,കുളം എന്നിവയുടെ അററകുററപ്പണികൾക്ക് 94_95വർഷത്തിൽ ചിലവഴിച്ചസംഖ്യ | 27627രു |
| കാർഷികാവശ്യത്തിനുവേണ്ടിയുള്ള വൈദ്യുതി കണക്ഷൻ | 2435 |

കണ്ടാണശ്ശേരി പഞ്ചായത്തിൽപെടുന്ന മിക്ക പാടശേഖരങ്ങളിലും പ്രത്യേകിച്ച് ആളൂർ പാടശേഖരത്തിൽ ഇഷ്ടിക നിർമ്മാണത്തിനു വേണ്ടി ഫലഭൂയിഷ്ഠമായ മേൽമണ്ണ് ഏകദേശം 2 കോൽ താഴ്ചയിൽ എടുക്കുന്ന പ്രവണത അനുദിനം വർദ്ധിച്ചുവരുന്നതായി കാണുന്നു. ഇത് യുദ്ധകാലാടിസ്ഥാനത്തിൽ നിറുത്തൽ ചെയ്യേണ്ടതാണെന്ന് ഇവിടെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

മേൽ വിവരിച്ചിരിക്കുന്ന കൃഷി_ജലസേചന റിപ്പോർട്ട് തയ്യാറാക്കിയത് വില്ലേജ് ആഫീസ്, കൃഷിഭവൻ മൈനർ, ഇറിഗേഷൻ, കൃഷി വകുപ്പ്, മേജർ ഇറിഗേഷൻ മുതലായ ഓഫീസുകളിൽ നിന്നും കിട്ടിയ സ്ഥിതി വിവരകണക്കുകൾ അനുസരിച്ചും. വാർഡു തോറുമുള്ള ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടും, പഴയതും പുതിയതുമായ തലമുറകളിലെ കൃഷിക്കാരുമായി നടത്തിയ ചർച്ചകളിൽ ഉരുത്തിരിഞ്ഞതും, പഞ്ചായത്തുതല പര്യടനവേളയിൽ കിട്ടിയ വിവരങ്ങൾ അനുസരിച്ചുമാണ്. പാടശേഖരങ്ങളിലെ പ്രശ്നങ്ങൾ അതതു പാടശേഖര കമ്മററികളും, കൃഷിക്കാരും കൂടി ചർച്ച ചെയ്ത് ക്രോഡീകരിച്ചെടുത്തതാണ്. കേട്ടറിവും, നാട്ടറിവും ചില വിവരങ്ങൾ ശേഖരിക്കാൻ പ്രചോദനമായിട്ടുണ്ട്. കൃഷിക്കാരല്ലാത്ത കാരണവന്മാരും ഈ ജനകീയ പ്രസ്ഥാനത്തിനു വേണ്ടി തങ്ങളുടെ അനുഭവ സമ്പത്തിൻെറ നിധികുംഭം തുറന്നുതന്നിട്ടുണ്ട് എന്ന് ഇവിടെ പ്രത്യേകം ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

മേൽവിവരിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ എല്ലാം തന്നെ ഈ പഞ്ചായത്തിന് അടുത്ത 5 വർഷത്തേയ്ക്കുള്ള ''ജനകീയ ആസൂത്രണ പരിപാടി''യിലേക്ക് അത്യാവശ്യമുള്ളതാണ് എന്ന് മനസ്സിലാക്കാൻ പഞ്ചായത്തുതല പര്യടനവേളയിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയതുകൊണ്ട് മേൽപറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങളും, പ്രശ്നങ്ങളും എല്ലാം പരിഹരിച്ച് കണ്ടാണശ്ശേരി പഞ്ചായത്തിൻെറ അതുവഴി ഈ സമൂഹത്തിൻെറ സമസ്തമേഖലയ്ക്കും ശോഭനമായ ഒരു ഭാവിയും, കുളിർ കോരിനില്ക്കുന്ന ഭൂമിദേവിയേയും സ്വപ്നം കണ്ടുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കട്ടെ.

# വ്യവസായം

കണ്ടാണശ്ശേരി പഞ്ചായത്തിൽ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികൾ ഉണ്ടെങ്കിലും ഇവിടത്തെ വിഭവങ്ങളും അടിസ്ഥാന സൗകര്യങ്ങളും പ്രയോജനപ്പെടുത്തി തൊഴിൽ നേടുന്നവർ താരതമ്യേന കുറവാണ്. ഈ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്തിട്ടുള്ള 78 വ്യവസായ യൂണിററുകളിലായി നേരിട്ടും അല്ലാതെയും ഏകദേശം 893 പേർ ജോലിചെയ്യുന്നുണ്ട്. പഞ്ചായത്തിലെ വ്യവസായ തൊഴിലാളികളിൽ ഭൂരിഭാഗവും പഞ്ചായത്തിനു പുറത്തുള്ള വ്യവസായസ്ഥാപനങ്ങളിലാണ് ജോലി ചെയ്യുന്നത്. ഈ പഞ്ചായത്തിന്റെ 2, 7, 8 വാർഡുകൾ ഉൾപ്പെടുന്ന ആളൂരിൽ സാമുദായിക അടിസ്ഥാനത്തിൽ ചില കുടുംബങ്ങൾ കുടിൽ വ്യവസായമായി കളിമൺപാത്രങ്ങൾ നിർമ്മിക്കുന്നുണ്ട് എന്നുള്ളതൊഴിച്ചാൽ പാരമ്പര്യമേഖലയിൽ തൊഴിൽ നേടുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്. കളിമണ്ണ്പാത്ര നിർമ്മാണം, പനമ്പ് നെയ്ത്ത് മുളകൊണ്ടുള്ളവീട്ട് ഉപകരണങ്ങൾ നിർമ്മാണം തുടങ്ങിയവയാണ് ചെയ്തിരുന്നത്. പിൽക്കാലത്ത് അലുമിനിയം പ്ലാസ്റ്റിക് സ്റ്റീൽഉല്പന്നങ്ങളുടെ വരവോടുകൂടി ഈ കുടിൽവ്യവസായങ്ങൾ പുറകോട്ടുപോയി പുതിയ തലമുറ ഈ തൊഴിലുകളിലേക്ക് വരുവാൻ താൽപര്യം കാണിക്കാത്തതും അമിതമായ കൂലിവർദ്ധനവും ഈ മേഖലയെ തളർത്തിയിട്ടുണ്ട്. നിയമത്തിന്റെ നൂലാമാലകളില്ലാതെ ബാങ്കുകളിൽനിന്നും മിതമായ പലിശനിരക്കിൽ സാമ്പത്തിക സഹായം ലഭിക്കാനുള്ള സൗകര്യം ഇല്ലാത്തതുകൊണ്ട് യന്ത്രവല്ക്കരണം നടത്തി ഉല്പാദനം വർദ്ധിപ്പിക്കുവാൻ ഈ മേഖലയിൽ തൊഴിൽചെയ്യുന്ന സാധാരണക്കാരന് കഴിയാതെ വരുന്നു. ആധുനിക മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന കുടിൽ വ്യവസായങ്ങൾ ഒന്നും ഇവിടെ ഇല്ല ഉജാലയുടെ ഒരു സോപ്പ് നിർമ്മാണ ഫാക്ടറി ഒഴിച്ചാൽ യാതൊരു സ്ഥാപനങ്ങളും പൊതുമേഖലയിലായാലും സഹകരണ മേഖലയിലായാലും ഇവിടെ ഇല്ല. വ്യക്തികൾനടത്തുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളാകട്ടെ കൂടുതൽപേർക്ക് തൊഴിൽ നല്കുവാൻ പര്യാപ്തവുമല്ല. ഈ സ്ഥാപനങ്ങളിലെ ഉല്പന്നങ്ങൾക്ക്വൻകിട വ്യവസായ ഉല്പന്നങ്ങളുമായി മത്സരിക്കുവാൻ കഴിയാതെ വരുന്നു. യന്ത്രവല്ക്കരണം നടത്തി ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാമ്പത്തിക സഹായം കൂടിയേതീരൂ. വൈദ്യുതി തുടർന്ന് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും ജനങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശമായതുകൊണ്ട് മലിനീകരണ സംബന്ധമായ പ്രശ്നങ്ങളെകൊണ്ടും വ്യവസായ യൂണിററുകൾ ആരംഭിക്കുന്നതിന് തല്പരരായ വ്യക്തികൾ ഈ പ്രദേശത്ത് ഉണ്ടെങ്കിൽകൂടി പലരും മുന്നോട്ടുവരുവാൻ വിമുഖത കാണിക്കുന്നു.

ഈ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പുരോഗതിയ്ക്കും തൊഴിൽരഹിതരായ അഭ്യസ്ഥവിദ്യർക്ക് തൊഴിൽ ലഭിക്കുന്നതിനു ഗവൺമെൻറിന്റെ പരിപൂർണ്ണ ഓഹരി പങ്കാളിത്തത്തോടുകൂടിമലിനീകരണ സ്വഭാവമില്ലാത്ത താഴെ പറയുന്ന വ്യവസായ/സഹകരണ സ്ഥാപനങ്ങൾ ഉണ്ടാകേണ്ടതും തുടങ്ങുവാനുദ്ദേശിക്കുന്ന വ്യക്തികൾക്ക് പ്രോത്സാഹനം നൽകേണ്ടതും ആവശ്യമാണ്.

### നാളികേര സംസ്കരണയൂണിററ്

ഈ പഞ്ചായത്തിലെ ഒരു പ്രധാന കാർഷിക ഉല്പന്നമാണ് നാളികേരം. 1 മുതൽ 5വരെയുള്ള വാർഡുകളിൽ തെങ്ങ് സമൃദ്ധിയായി വളരുന്നുണ്ട്. കർഷകരിൽ നിന്നും നാളികേരം സമാഹരിച്ച് ഇവിടെ സംസ്കരിച്ചെടുത്ത് നിത്യ ആവശ്യങ്ങൾക്കുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞാൽ കർഷകരുടെ ഉല്പന്നങ്ങൾക്ക് വിലയും വളരെ അധികംപേർക്ക് തൊഴിലും ലഭിക്കും

### കളിമൺ വ്യവസായ യൂണിററ്

പഞ്ചായത്തിലെ 2, 7, 8 വാർഡുകളിൽ വിപുലമായി കളിമൺ നിക്ഷേപം ഉണ്ട്. ഇത് ഉപയോഗിച്ച് വിവിധതരം ഇഷ്ടികകൾ കളിമൺപാത്രങ്ങൾ, കളിക്കോപ്പുകൾ, ഗൃഹോപകരണങ്ങൾ എന്നിവ നിർമ്മിക്കാം. ആവശ്യമായ വിദഗ്ദതൊഴിലാളികളും ഈ രംഗത്ത് ഉണ്ട്. ഇന്ന് പുറംദേശക്കാരാണ് ഇവിടത്തെ കളിമണ്ണിന്റെ ഭീമമായ ഭാഗം ഉപയോഗിക്കുന്നത്. അതുകൊണ്ട് ഇവിടെയുള്ള

തൊഴിലാളികൾക്ക് തൊഴിലോ മെച്ചമായ കൂലിയോ ലഭിക്കുന്നില്ല. ആയതിന് ഒരു സ്ഥിരം സംവിധാനം എന്നനിലക്ക് ഉയന്ന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഗുണമേന്മയുള്ള ഉല്പന്നങ്ങൾ നിർമ്മിക്കാവുന്ന ഒരു വ്യവസായ സ്ഥാപനം ഇവിടെ തുടങ്ങേണ്ടത് ആവശ്യമാണ്.

## വനിതാ വ്യവസായം:

പഞ്ചായത്തിലെ മൊത്തം വനിതകളിൽ ഭൂരിഭാഗവും സ്ഥിരമായി ജോലിഉള്ളവരല്ല. എന്നാൽ വിവിധതരം തൊഴിൽ ചെയ്യുന്നതിൽ വിദഗ്ധരാണ്. പലക്കും തൊഴിൽ ചെയ്യുന്നതിനുവേണ്ട സാഹചര്യം സൃഷ്ടിക്കുവാൻ വ്യക്തികൾക്ക് സാധിക്കുന്നില്ല. എന്നാൽ നമ്മുടെ പഞ്ചായത്തിൽ 9-ാംവാർഡിൽപ്പെട്ട "നിബുല" സോപ്പ് കമ്പനിയിൽ സോപ്പ് പൊതിയുന്ന "റേപ്പർ" ആ കമ്പനിയുമായി ചർച്ച് ചെയ്ത് ഒരു വനിതാ സഹകരണസംഘം രൂപീകരിച്ച് കോൺട്രാക്ട് വ്യവസ്ഥയിൽ ഏറെറടുത്താൽ ഈ പ്രദേശത്തുള്ള വനിതകൾക്ക് ജോലിക്ക് സാദ്ധ്യതയുണ്ട്. കൂടാതെ അടുത്തുതന്നെ മേൽപറഞ്ഞസ്ഥാപനം ആയുർവ്വേദ സോപ്പ് യൂണിററും ആരംഭിക്കുന്നുണ്ട്. അവരുമായി സഹകരിച്ച് ഒരു കരാർ വ്യവസ്ഥ ഉണ്ടാക്കിയാൽ കൂടുതൽ പേക്ക് ജോലിക്ക് സാദ്ധ്യതയുണ്ട് കമ്പനിക്ക് ഇപ്പോൾ എടുത്തുകൊണ്ടിരിക്കുന്ന കാർബോഡ് പേക്കിങ്ങ് കേയ്സ് നിർമ്മിക്കുന്ന ഒരു വനിതാ യൂണിററ് ഈ പഞ്ചായത്തിൽ തുടങ്ങിയാൽ കൂടുതൽപേക്ക് ജോലിക്ക് സാദ്ധ്യതയുണ്ട്. ഇപ്പോൾ അടുത്തപ്രദേശങ്ങളിൽ നിന്നാണ് അവർ വാങ്ങുന്നത്. യൂണിററ് അതിലുംകുറച്ച് തുകക്ക് കൊടുക്കുവാൻ സാധിക്കും. ഈ യൂണിററുകൾക്കാണ് ഈ പഞ്ചായത്തിൽ ഏററവും കൂടുതൽ പ്രാധാന്യം നൽകേണ്ടത്.

## എഞ്ചിനിയറിങ്ങ് യൂണിററ്

പഞ്ചായത്തിന്റെ 8, 9, 10 എന്നീ വാർഡുകളിൽ കുറച്ചു ചെറുകിട യൂണിററുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് വരാത്തത് അവർക്ക് വേണ്ടതായ പരിശീലനം ലഭിക്കുന്നില്ല എന്നത്കൊണ്ടാണ്. അതിനാൽ പഞ്ചായത്തടിസ്ഥാനത്തിൽ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ പേര് രജിസ്റ്റർചെയ്ത് അവർക്ക് പരിശീലനംകൊടുത്താൽ ഇലട്രോണിക്ക് ഉപകരണങ്ങൾ ഉണ്ടാക്കുവാനും കയററുമതി ചെയ്യുവാനും സാധിക്കും.

കൈത്തറി നിർമ്മാണം മുമ്പ് ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നതാണ്. അതിൽ കൂടുതൽ വനിതകൾ ജോലിചെയ്തിരുന്നു. എന്നാൽ മാർക്കററിനുള്ള അവസരം ഇല്ലാത്തതുകൊണ്ടാണ് ആ തൊഴിൽ അപ്പാടെ നിന്നുപോയത്. കയ്ത്തറി വസ്ത്രങ്ങൾക്ക് വീണ്ടും ജനങ്ങൾക്ക് ഉപയോഗം വദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ ഈ വ്യവസായത്തിൽ വേണ്ടതായ പരിഷ്ക്കരണത്തോടുകൂടി പുനരുദ്ധരിക്കാവുന്നതാണ്. പുനരുദ്ധരിച്ചാൽ കൂടുതൽ വനിതകൾക്കു ജോലിചെയ്യാൻ സാദ്ധ്യതയുണ്ട്.

ഇപ്പോൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഖാദിവസ്ത്ര യൂണിററ് കാലോചിതമായി പരിഷ്ക്കരിക്കുകയാണെങ്കിൽ കുറച്ചുകൂടി തൊഴിൽ സാദ്ധ്യത, കുറച്ചുകൂടി വനിതകൾക്ക് സാദ്ധ്യതയുണ്ട്. ഖാദിബോർഡിന്റെ സഹായത്തോടെ ആരംഭിക്കുന്ന യൂണിററുകളെകുറിച്ച് പഞ്ചായത്തിൽ സെമിനാറുകളും പരിശീലന ക്ലാസ്സുകളും കൊടുത്താൽ വളരെയധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും.

## ബിൽഡിങ്ങ് മെററീരിയൽ യൂണിററ്

4, 5, 6 വാർഡുകളിൽ ബിൽഡിങ്ങ് മെററീരിയൽ ഫർണീച്ചർ എന്നിവ മരത്തിലും സിമന്റിലും നിർമ്മിക്കുന്നതിന് ഒരു പൊതുമേഖല സ്ഥാപനം അത്യാന്താപേക്ഷിതമാണ് ടി പ്രദേശത്ത് ഈ വിഭാഗത്തിൽ ജോലിചെയ്യുന്ന വിദഗ്ദ തൊഴിലാളികൾ ഉണ്ട്. ഇവക്ക് സ്വന്തമായി സ്ഥാപനം ഉണ്ടാക്കാൻ സാമ്പത്തികശേഷി ഇല്ല. ഇവ വിവിധ സ്വഭാവത്തിൽ ഉള്ളവയും ആണ്. ആയതിനാൽ ഗവൺമെൻറ് ഓഹരിപങ്കാളിത്വത്തോടുകൂടിയ ഒരു സ്ഥാപനം ഉണ്ടാക്കുകയാണെങ്കിൽ ഈ മേഖലകളിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാകും.

## പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ

1 വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതി ആവശ്യത്തിന് ലഭിക്കുന്നില്ല.

2 പരമ്പരാഗത വ്യവസായമേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കുവാൻ യന്ത്രങ്ങളുടെ സഹായവും പരിശീലനവും കൊടുക്കണം.

3 വനിതകൾക്ക് തൊഴിൽ അവസരങ്ങൾ കുറവാണ്.

4 വ്യവസായങ്ങൾക്ക് സാമ്പത്തികസഹായം നല്കുന്നതിൽ ബാങ്കുകൾ താല്പര്യം കാണിക്കുന്നില്ല.

5 മുഖ്യകാർഷികോല്പന്നമായ തേങ്ങ, വ്യവസായരംഗത്ത് കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല.

6 വ്യവസായങ്ങൾ സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം ലഭിക്കുന്നില്ല.

7 വ്യവസായ സംരംഭകർക്ക് ആവശ്യമായ ലൈസൻസുകൾ ലഭിക്കാൻ താമസം നേരിടുന്നു.

8 പഞ്ചായത്ത് അതിർത്തിയിൽ മിനി ഇഡസ്ട്രിയൽ എസ്റ്റേററ് സ്ഥാപിക്കുക.

| വാർഡ് | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മററുള്ളവ | ആകെ | ആകെ ഫീസ് |
|---|---|---|---|---|---|---|
| I | 5 | 3 | 8 | 17 | 33 | 850/- |
| II | 4 | 5 | 16 | 10 | 35 | 520/- |
| III | 3 | 1 | 5 | 9 | 18 | 670/- |
| IV | 5 | 1 | 15 | 9 | 30 | 900/- |
| V | 4 | 2 | 9 | 8 | 23 | 800/- |
| VI | 9 | 4 | 45 | 34 | 92 | 1600/- |
| VII | 6 | 1 | 4 | 8 | 29 | 1135 |
| VIII | 4 | 1 | 12 | 10 | 27 | 1050/- |
| IX | 6 | 2 | 45 | 26 | 79 | 1615/- |
| X | 5 | 3 | 32 | 20 | 60 | 1370/- |
| | 51 | 21 | 191 | 137 | 426 | 10510/- |

## കണ്ടാണശ്ശേരി പഞ്ചായത്തിലെ ചെറുകിട വ്യവസായങ്ങളുടെ വിവരണം

| നമ്പർ | | യൂണിററുകളുടെ എണ്ണം | തൊഴിലാളി എണ്ണ |
|---|---|---|---|
| 1 | ഉജാല | 1 | 281 |
| 2 | ഫ്ളവർമില്ല് | 21 | 42 |
| 3 | റയ്സ്മില്ല് | 10 | 23 |
| 4 | വെൽഡിങ്ങ് | 8 | 28 |
| 5 | മരക്കമ്പനി | 6 | 30 |
| 6 | മരം ഫർണിച്ചർ | 2 | 12 |
| 7 | കൊപ്രമില്ല് | 4 | 9 |
| 8 | ടയർ റീസോളിങ്ങ് | 1 | 3 |
| 9 | ശാസ്താ അയേൺ വർക്സ് | 1 | 25 |
| 10 | കളർ വർക്സ് | 1 | 25 |
| 11 | നിബുല സോപ്പ് | 1 | 68 |
| 12 | കെമിക്കൽ ഇൻഡസ്ട്രീസ് | 2 | 8 |
| 13 | വെടിക്കെട്ട് വ്യവസായ ശാല | 1 | 5 |
| 14 | ആയൂർവ്വേദ മരുന്നുശാല | 1 | 5 |
| 15 | ഇലാസ്റ്റിക് റബ്ബർ കമ്പനി | 1 | 15 |
| 16 | സോഡാ നിർമ്മാണകമ്പനി | 4 | 4 |
| 17 | സ്റ്റീൽ ഫർണ്ണീച്ചർ കമ്പനി | 1 | 15 |
| 18 | സർവ്വീസ് സ്റ്റേഷൻ | 1 | 5 |
| 19 | റേഡിയോ റിപ്പയർ | 3 | 5 |
| 20 | ഇലട്രോണിക് ചോക്ക് | 1 | 5 |
| 21 | വൈരക്കൽ | 3 | 48 |
| 22 | ഹോളോബ്രിക്സ് | 2 | 30 |
| 23 | തീപ്പെട്ടിക്കമ്പനി | 1 | 20 |
| 24 | പൗഡർ കമ്പനി | 1 | 5 |

# വിദ്യാഭ്യാസം

നവീന പഠന സമ്പ്രദായത്തിൽ വിദ്യാഭ്യാസം എന്നത് സ്കൂളിൽ നിന്നും കോളേജിൽ നിന്നും ലഭിക്കുന്നത് മാത്രമാണെന്ന സങ്കല്പം മാറിയിരിക്കുന്നു. പ്രൈവറ്റ് സ്റ്റഡിയും, ദൃശ്യശ്രവ മാധ്യമങ്ങളിലൂടെയുള്ള പഠനവും മറ്റു മാർഗ്ഗങ്ങളാണെന്നു ജനങ്ങൾ കരുതുന്നു. ഇലക്ട്രിസിറ്റി, ഇലക്ട്രോണിക്സ്, കംപ്യൂട്ടർ മേഖലകളിൽ മനുഷ്യൻ അത്ഭുതകരമായ കുതിച്ചുചാട്ടം നടത്തിയിരിയ്ക്കുന്നു. ഈ മേഖലകളിൽ കുട്ടികളെ അറിവുള്ളവരാക്കാനുതകുന്ന വിദ്യാഭ്യാസ സമ്പ്രദായത്തെ ജനങ്ങൾ പ്രതീക്ഷിക്കുന്നു. അതുപോലെ മാരകമായ ക്യാൻസർ മരുന്നില്ലാത്ത ചികിത്സയില്ലാത്ത എയ്ഡ്സ്, വിനാശകരമായ മയക്കുമരുന്നുകൾ എന്നിവയെ സംബന്ധിച്ച് അറിവും, പ്രതിരോധമാർഗ്ഗങ്ങളും സംബന്ധിച്ച് അറിവുണ്ടാക്കാൻ ഉതകുന്ന ബോധവത്ക്കരണം അത്യന്താപേക്ഷിതമാണെന്ന് ജനങ്ങളറിയുന്നു.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

കണ്ടാണശ്ശേരി പഞ്ചായത്തിൽ ഒരു കോളേജും, രണ്ടു ഹൈസ്കൂളുകളും, രണ്ട് യു. പി. സ്കൂളുകളും, അഞ്ച് എൽ. പി. സ്കൂളുകളും സ്ഥിതിചെയ്യുന്നു. ഒമ്പത് നേഴ്സറികൾ (ബ്ലോക്ക് സഹായം) മൂന്ന് പ്രൈവറ്റ് നേഴ്സറികൾ, ഒരു ക്രഷ് എന്നിവയും പ്രവർത്തിക്കുന്നു.

എ. ഡി. 140 ൽ മറ്റത്തിൽ സ്ഥാപിതമായ സെന്റ്. തോമാസിന്റെ പേരിലുള്ള പള്ളിയോടൊപ്പം തുടങ്ങിയ കുടിപള്ളിക്കൂടം നിരവധി നൂറ്റാണ്ടുകളിൽ ഇവിടുത്തകാർക്ക് വിദ്യ പ്രദാനം ചെയ്തു. പത്തൊമ്പതാം നൂറ്റാണ്ടിൽ കൊച്ചി രാജാവിന്റെ അംഗീകാരത്തോടെ പ്രൈമറി സ്കൂൾ നടത്തപ്പെട്ടിരുന്നു. 20-ാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ഗവൺമെന്റ് വക പ്രൈമറി സ്കൂൾ മറ്റത്തിലുണ്ടായിരുന്നു.

1944-ൽ മറ്റം സെന്റ് ഫ്രാൻസിസ് ഹൈസ്കൂൾ ആരംഭിച്ചു. ഈ വിദ്യാകേന്ദ്രത്തിന്റെ സ്ഥാപനത്തോട് മറ്റത്തേയും തൊട്ട അയൽപ്രദേശങ്ങളുടേയും ആയിരങ്ങളുടെ അകകണ്ണ് തുറക്കാൻ വഴിയൊരുക്കപ്പെട്ടു. അക്ഷരങ്ങൾ അറിവായി ജനങ്ങളിലെത്തി, അറിവ് വെളിച്ചമായി മാറി. അത് ഈ നാടിന്റെ വിദ്യാഭ്യാസ സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടി, ഭൗതിക പുരോഗതിക്കും വഴിതെളിയിച്ചു.

## സെന്റ് മേരീസ് എൽ. പി. സ്കൂൾ മറ്റം.

മറ്റം അങ്ങാടിയുടെ പാർശ്വം ചേർന്ന് തിരക്കിനിടയിൽ ഈ കൊച്ചു സരസ്വതി ക്ഷേത്രം സ്ഥിതിച്ചെയ്യുന്നു. ആദ്യം ഈ സ്ഥാപനം ഗവൺമെന്റ് എൽ. പി. സ്കൂളായിരുന്നു. 1926 മെയ് 27 നു മറ്റം പള്ളിക്ക് ലഭിച്ച ഈ സ്ഥാപനം പള്ളി നടത്തിപ്പിന്നായി ക്ലാരിസ്റ്റ് സന്യാസസമൂഹത്തിന് ഏൽപ്പിച്ചുകൊടുക്കുകയും ചെയ്തു. വിദ്യാർത്ഥിനികൾ 241, അദ്ധ്യാപികമാർ 10 , വിസ്തീർണ്ണം 35 സെന്റ് കക്കൂസ്, മൂത്രപുര, കിണർ ഉണ്ട്. കളിസ്ഥലമില്ല. മൈക്ക് സിസ്റ്റം ഉണ്ട്. വൈദ്യുതീകരിച്ചിട്ടുണ്ട്.

## സെന്റ് ഫ്രാൻസിസ് എൽ. പി. സ്കൂൾ, മറ്റം.

മറ്റം സെന്റ് ഫ്രാൻസിസ് ഹൈസ്കൂളിൽ നിന്ന് ബൈഫർക്കേറ്റ് ചെയ്യപ്പെട്ട് 1962-ൽ ഈ സ്ഥാപനം നിലവിൽ വന്നു. മററം സെന്ററിൽ തന്നെ ഈ സ്ഥാപനവും സ്ഥിതിച്ചെയ്യുന്നു. വിദ്യാർത്ഥികൾ 263, അദ്ധ്യാപികമാർ 9, വിസ്തീർണ്ണം 35 സെന്റ്, കക്കൂസ്, മൂത്രപ്പുര, വൈദ്യുതി, മൈക്ക് സിസ്റ്റം ഉണ്ട്. കിണർ, കളിസ്ഥലം ഇല്ല: ആവശ്യത്തിന് സ്ഥലസൗകര്യമുണ്ട്.

## സെന്റ്. ഫ്രാൻസിസ് ഹൈസ്കൂൾ ഫോർ ഗേൾസ്, മറ്റം

1968 ൽ സെൻറ് ഫ്രാൻസിസ് ഹൈസ്കൂൾ ബൈഫർക്കേറ്റ് ചെയ്യപ്പെട്ടു. ഗേൾസ് ഹൈസ്കൂൾ മാതൃ വിദ്യാലയത്തിൽ തുടർന്ന് കണ്ടാണശ്ശേരി പഞ്ചായത്തിന്റെ വിദ്യാപീഠമായിരുന്ന ഹൈസ്കൂൾ

സ്ഥിതിചെയ്തിടത്തുതന്നെ ഇന്ന് ഏറ്റവും നല്ല നിലയിൽ ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. സാംസ്കാരിക തലസ്ഥാനമായ (പഞ്ചായത്തിന്റെ) മറ്റത്തിന്റെ ഹൃദയഭാഗത്ത് തലയുയർത്തിനിന്ന എല്ലാ വിദ്യാർത്ഥികളേയും ജാതി, മത, സാമ്പത്തിക ഭേദമന്യേ സ്കൂളിൽ ചേർത്തുകൊണ്ട് അസൂയാർഹമായ വിജയം നേടികൊണ്ടിരിക്കുന്നു. 80% മുതൽ 90% വരെ മാറുന്ന എസ്. എസ്. എൽ. സി. വിജയശതമാനം ഇതിന് വ്യക്തമായൊരു തെളിവാണ്. 1994-ൽ സുവർണ്ണജൂബിലി ആഘോഷിച്ചു. വിദ്യാർത്ഥിനികൾ 919, അദ്ധ്യാപകർ 37, മൂത്രപ്പുര, കക്കൂസ്, കിണർ, പൈപ്പുവഴി ശുദ്ധജല വിതരണം, മൈക്ക് സിസ്റ്റം എന്നിവയുണ്ട്. സ്കൂൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ആവശ്യത്തിന് കെട്ടിടങ്ങളുണ്ട്, വിസ്തീർണ്ണം രണ്ട് ഏക്കറ രണ്ട് സെന്റ്. കളിസ്ഥലം ഒരു ഏക്കറ ഇരുപത്തിമൂന്നു സെന്റ്.

## സെന്റ്. ഫ്രാൻസിസ് ഹൈസ്കൂൾ ഫോർ ബോയ്സ്, മറ്റം.

1968-ൽ സെന്റ്. ഫ്രാൻസിസ് ഹൈസ്കൂൾ ബൈഫർക്കേറ്റ് ചെയ്യപ്പെട്ടു. ബോ.യ്സ് ഹൈസ്ക്കൂൾ മേത്യക്കോവിൽ കുന്നിൽ ആരംഭിച്ചു. പ്രകൃതിരമണീയമായ അന്തരീക്ഷമാണവിടെ, ചുറ്റും ചിന്നിചിതറി കിടക്കുന്ന ചെറുമലകൾ, അടിവാരത്ത് ഇടതൂർന്ന് നില്ക്കുന്ന കവുങ്ങ് തോപ്പുകൾ, താഴെ പച്ചപരവതാനി വിരിച്ച നെൽ പാടങ്ങൾ എന്തുകൊണ്ടും ശാന്തവും മനോഹരവുമായ ഭൂപ്രകൃതി. സമരവും, തുടർപ്രക്രിയകളും കാരണം വിജയശതമാനവും, വിദ്യാർത്ഥികൾക്കും കുറഞ്ഞുകൊണ്ടിരിക്കുന്നു. 1993-ൽ സിൽവർ ജൂബിലി ആഘോഷിച്ചു. വിദ്യാർത്ഥികൾ 804, അദ്ധ്യാപകർ 33, വിസ്തീർണ്ണം ഒരു ഏക്കറ പത്ത് സെൻറ, കളി സ്ഥലം രണ്ട് ഏക്ര. കക്കൂസുകൾ, മൂത്രപ്പുരകൾ, പൈപ്പുവഴി ശുദ്ധജലവിതണം, ടി. വി. മൈക്ക്സിസ്റ്റം എന്നിവയുണ്ട്. വൈദ്യുതീകരിച്ചിട്ടുണ്ട്.

## സെൻറ് ജോസഫ്സ് എൽ. പി. സ്കൂൾ, ആളൂർ.

പൊന്നില്ലാത്ത, പൊന്നല്ലാത്ത കർഷകൻ പൊന്നാക്കുന്ന പൊൻമലയുടെ അടിവാരത്ത്, ഈ കൊച്ചു സരസ്വതീക്ഷേത്രം സ്ഥിച്ചെയ്യുന്നു, ആദ്യം ഒരു കൊച്ചുഷെഡ്ഡിൽ തുടങ്ങി, സംഭാവനകിട്ടിയ സ്ഥലത്തേക്ക് മാററപ്പെട്ട ഈ വിദ്യാലയം, 1901 ലാണ് ഈ സ്കൂൾ സ്ഥാപിതമായത്. തുടർന്ന് സ്ഥലം വാങ്ങി, സ്കൂൾ വികസിപ്പിക്കുകയാണുണ്ടാത്. ആളൂർപ്പുഴ അരഞ്ഞാണം കെട്ടിയ, പുഞ്ചപ്പാടം, പരവതാനി വിതച്ച കുംഭാരകോളനിയും രണ്ട് ഹരിജൻ കോളനികളും സ്ഥിതിച്ചെയ്യുന്ന, തനി ഗ്രാമിണ അന്തരീക്ഷം നിലനില്ക്കുന്ന ആളൂരിന്റെ ആശാകേന്ദ്രമാണ് ഈ സരസ്വതി ക്ഷേത്രം. വിസ്തീർണ്ണം 55 സെന്റ്, വിദ്യാർത്ഥികൾ 235, കളിസ്ഥലം 25 സെന്റ്, കക്കൂസ്, മൂത്രപ്പുരകൾ, കിണർ, മൈക്ക് ഇവയുണ്ട്. വൈദ്യുതീകരിച്ചിട്ടുണ്ട്.

## സെന്റ് തോമാസ് യു, പി. സ്കൂൾ, കൂനംമൂച്ചി.

സാമാന്യ വിദ്യാഭ്യാസത്തിന് മറ്റത്തിൽ പോകേണ്ടിയിരുന്നു കൂനംമൂച്ചി നിവാസികൾക്ക്. ആദ്യമായി മറ്റം സെന്റ് ഫ്രാൻസിസ് സ്കൂളിന്റെ ബ്രാഞ്ചായി ഇവിടെ പ്രാഥമിക പാഠശാല രൂപംകൊണ്ടു. എന്നാൽ മററം പള്ളി മാനേജ്മെന്റിന്റെ കീഴിൽ ദൂരെയായി ഒരു ബ്രാഞ്ച് സ്കൂൾ നടത്താൻ അന്നത്തെ കൊച്ചി ഗവൺമെന്റ് അനുമതി നൽകിയില്ല. തൻമൂലം കൂനംമൂച്ചിയിലെ ഇരുപ്രാർത്ഥനാ സമുദായങ്ങളും കൂടി സെന്റ് തോമാസിന്റെ നാമദേയത്തിൽ ഒരു പ്രൈമറി സ്കൂൾ സ്ഥാപിച്ചു. 1918 ജൂലായ് പതിനഞ്ചിനു കൊച്ചി ഗവൺമേന്റിൽനിന്ന് പ്രൈമറി സ്കൂളിന് അനുവാദം ലഭിച്ചു. പിന്നീട് 4-6-1962- ൽ യു. പി. സ്കൂളായി ഉയർത്തപ്പെട്ടു. 68-ൽ സുവർണ്ണജൂബിലി ആഘോഷിച്ചു. കൂനംമൂച്ചിയിലേയും, പരിസരങ്ങളിലേയും അധ്യകൃതർക്കും മറ്റു പിന്നോക്ക വിഭാഗക്കാർക്കും, ഈ വിദ്യാലയം ഒരുനുഗ്രഹമായി. വിദ്യാർത്ഥികൾ 397+271 = 668, അദ്ധ്യാപകർ 24,വിസ്തീണ്ണം ഒരു ഏക്ര, മുപ്പത്തിയെട്ട് സെന്റ്, കളിസ്ഥലം അമ്പത് സെന്റ്. കക്കൂസകൾ, മൂത്രപ്പുര, കിണർ, മൈക്ക്സിസ്റ്റം ഉണ്ട്. വൈദ്യുതീകരിച്ചിട്ടുണ്ട്.

## ലിറ്റിൽഫ്ലവർ എൽ. പി. സ്കൂൾ, വടുതല.

പടിഞ്ഞാറ് താഴെ കടൽവരെ പരന്ന് ഇടതൂർന്ന് നില്ക്കുന്ന തെങ്ങുംതോപ്പുകൾ, പൊക്കത്തിൽ

കശുമാവിൻ തോപ്പുകൾക്ക് മദ്ധ്യേ പടവെട്ടുപുറത്തിന് തിലകക്കുറിയായി ഈ സ്കൂൾ സ്ഥിതിച്ചെയ്യുന്നു. 1925-ൽ ഈ സ്കൂൾ സ്ഥാപിതമായി. വിദ്യാത്ഥികൾ 194, അദ്ധ്യാപികമാർ 5, വിസ്തീർണ്ണം 76 സെന്റ്, കളിസ്ഥലമില്ല, കക്കൂസ് ഉപയോഗയോഗ്യമല്ല, മൂത്രപ്പുരയുണ്ട്. കിണർ ഉണ്ട്, വൈദ്യുതീകരിച്ചിട്ടില്ല. മൈക്ക് സിസ്റ്റം ഇല്ല.

## എക്സൽസിയർ എൽ. പി. സ്കൂൾ, കണ്ടാണശ്ശേരി.

1921-ൽ കണ്ടണശ്ശേരിയിലെ നാല് പൗരപ്രമുഖർ സ്കൂളിനുവേണ്ടി സ്ഥലം വാങ്ങി. പുല്ലാനികുന്നിന്റെ അടിവാരത്ത് ചെമ്മണ്ണ്, പൂഴിമണലിന്, പറങ്കിമാവ് തെങ്ങിൻതോപ്പ് വഴിമാറുന്ന സന്ധിയിൽ ഈ സ്ഥാപനം 51
സ്ഥിതിച്ചെയ്യുന്നു. സ്കൂൾ കെട്ടിട പണിക്ക് നാട്ടുകാരിൽനിന്നും സിലോൺ മലയാളികളിൽനിന്നും, സംഭാവന പിരിച്ച് പണം ശേഖരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ 224, അദ്ധ്യാപികമ്മാർ 5, വിസ്തീണ്ണം 29 സെന്റ്, കളിസ്ഥലമില്ല. മൂത്രപ്പുരയുണ്ട്. കക്കൂസുകൾ ഉപയോഗ്യമല്ല. കിണറുണ്ട്. മൈക്കുസിസ്റ്റം ഇല്ല, വൈദ്യുതീകരിച്ചിട്ടില്ല.

## എ. എസ്. എസ്. യു. പി. സ്കൂൾ, കണ്ടാണശ്ശേരി.

പുല്ലാനികുന്നിന്റെ പാർശ്വത്തിൽ കശുമാവിൻതോപ്പിന്റെ മദ്ധ്യത്തിൽ ഈ സ്ഥാപനം സ്ഥിതിച്ചെയ്യുന്നു. 1968-ൽ ഈ സ്ഥാപനം ആരംഭിച്ചു. ഇപ്പോൾ വിദ്യാർത്ഥികൾ 72, അദ്ധ്യാപകർ 3, വിസ്തീർണ്ണം ഒരു ഏക്ര, 62 സെന്റ്. കളിസ്ഥലം 35 സെന്റ്. കക്കൂസുണ്ട്, മൈക്ക് സിസ്റ്റം ഇല്ല. വൈദ്യുതീകരിച്ചിട്ടില്ല.

## ശ്രീകൃഷ്ണകോളേജ്, ഗുരുവായൂർ. (അരികന്നിയൂർ)

നൂറ്റാണ്ടുകൾ പഴക്കമുള്ള വിദ്യാഭ്യാസസംസ്കാരം ഇവിടെ നിലനിന്നിരുന്നു എങ്കിലും, ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസത്തിനുതകുന്ന സ്ഥാപനങ്ങളുണ്ടായിരുന്നില്ല. ഈ പോരായ്മ കാലത്തിന്റെ തികവിൽ പരിഹരിക്കപ്പെട്ടു. 1964-ൽ പ്രശസ്തമായ ഗുരുവായൂർ ദേവസ്വത്തിൽ കീഴിൽ ഇവിടെ ശ്രീകൃഷ്ണകോളേജ് ആരംഭിച്ചു. അരിയന്നിയൂർ അമ്പലനടയിൽ നിന്നും സ്വല്പം കിഴക്കുമാറി വിശാലമായ കുന്നിൻപരപ്പിൽ ഉയർന്ന ഈ സരസ്വതീക്ഷേത്രം പഞ്ചായത്തിനു മുഴുവൻ അഭിമാനമാണ്.

| കോഴ്സുകൾ | വിദ്യാർത്ഥികൾ | അദ്ധ്യാപകർ |
|---|---|---|
| പ്രീ. ഡിഗ്രി | 736 + 931 = 1667 | |
| ഡിഗ്രി | 1093 | 104 |
| പി. ജി. കോഴ്സ് | 27 | |
| ആകെ | 2787 | |
| വിജയശതമാനം പ്രീ. ഡിഗ്രി 50%, | | ബി.എ. 76% |
| ബി. എസ്. സി. 78%, | ബി.കോം. 95%, | പി. ജി. 99% |

ആവശ്യത്തിനുള്ള കെട്ടിടങ്ങൾ കക്കൂസുകൾ, മൂത്രപ്പുരകൾ എന്നിവയുണ്ട്. വൈദ്യുതീകരിച്ചിട്ടുണ്ട്. മൈക്കുസിസ്റ്റം ഉണ്ട്. ബോർവെല്ലിൽനിന്ന് അത്യാവശ്യത്തിനു മാത്രം ശുദ്ധജലം ലഭിക്കുന്നു.

മഠത്തിൽ സംഗീത - നൃത്ത പഠനകേന്ദ്രങ്ങൾ ഉണ്ട്. കരാട്ടെ, കളരി തുടങ്ങിയ പരിശീലന സ്ഥലങ്ങളുണ്ട്. സാംസ്കാരിക കേന്ദ്രത്തിലെ വായനശാല ലൈബ്രറി, മറ്റു വാർഡുകളിലെ ഗ്രാമീണ വായനശാലകൾ ഇവയും വിദ്യാഭ്യാസവളർച്ചയ്ക്ക് മുതൽ കൂട്ടാകുന്നു. ഒരിക്കലും നഷ്ടപ്പെടാത്തതും, പങ്കുവെയ്ക്കുമ്പോൾ വർദ്ധിക്കുന്നതുമായ വിദ്യയെ മറ്റു പല തരത്തിലും ഈ പഞ്ചായത്തിൽ അഭ്യസിപ്പിക്കുന്നുണ്ട്. 12 നേഴ്സറി ഇതിൽ 9 എണ്ണം ബ്ലോക്കു,സഹായം, 3 പ്രൈവറ്റ് ആളൂർ തിരുത്തിയിൽ പഞ്ചായത്ത്വക ശിശുവിഹാർ, അരികന്നിയൂരിൽ ഒരു ക്രഷ് എന്നിവ ഈ മേഖലയിൽ സേവനമനുഷ്ഠിക്കുന്നു. നിരവധി ട്യൂട്ടോറിയലുകളും ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മാത്രമേയുള്ളൂ.

## പ്രശ്നങ്ങൾ

1. അക്ഷരം അറിയാത്ത വിദ്യാർത്ഥികൾ പ്രൈമറി തലത്തിലും ഹൈസ്കൂൾ തലത്തിലും ഉണ്ട്.
2. വിവിധ ബുദ്ധിനിലവാരത്തിലുള്ള കുട്ടികൾക്ക് ഒരേ രീതിയിലുള്ള പഠനരീതി തന്നെ അവലംബിക്കുന്നതുകൊണ്ട് പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികൾ ബുദ്ധിമുട്ടിലാവുന്നു.
3. ഹൈസ്കൂൾ തലത്തിൽ വിഷയബാഹുല്യം അനുഭവപ്പെടുന്നു. ഹൈസ്കൂൾ പാഠ്യപദ്ധതിയിലോ, കോളേജിലോ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് സാഹചര്യമില്ല. കോളേജിൽ നിന്നും പുറത്തുവരുന്ന ഒരു വിദ്യാർത്ഥിക്ക് ഒരു തൊഴിലിൽപോലും പ്രാവീണ്യം ലഭിക്കുന്നില്ല.
4. ഒന്നാം ക്ലാസിലെ ഓൾ പ്രൊമോഷൻ, ആറുവരെയുള്ള ക്ലാസുകളിലെ 90% വിജയിപ്പിക്കൽ, 7, 8, 9, ക്ലാസുകളിലെ 80% വിജയിപ്പിക്കൽ എസ്. എസ്. എൽ. സി. ക്ക് 35-40 മാർക്ക് കൊടുത്ത് വിജയശതമാനം ഉറപ്പിക്കൽ ഇവവഴി അക്ഷരം അറിയാത്ത കുട്ടികൾ പുറത്തുവരുന്നു.
5. ഏറ്റവം നല്ല സ്കൂൾ തിരഞ്ഞുള്ള പോക്ക്, ഇംഗ്ലീഷ് മീഡിയം സ്കൂൾ ഭ്രമം ഇവ പടർന്നുപിടിച്ചിരിക്കുന്നു.
6. അക്ഷരം പഠിച്ച (സാക്ഷരതാ സംരംഭം വഴി) ആളുകൾ അക്ഷരം മറക്കുന്നു.
7. വിദ്യാലയത്തിലേയും കോളേജിലേയും രാഷ്ടീയാതിഷ്ഠിത പാർലിമെന്റ്, യൂണിയൻ തിരഞ്ഞെടുപ്പുകൾ, പരസ്പര വൈരാഗ്യത്തിനും, അകൽച്ചക്കും, അക്രമത്തിനും വഴിയൊരുക്കുന്നു.
8. വെളിയിലുണ്ടാകുന്ന രാഷ്ട്രീയ സംഭവങ്ങൾക്ക് വിദ്യാർത്ഥികളെകൂടി ഇറക്കുക വഴി തുടർസമരങ്ങളും അക്രമങ്ങളും, കൊലപാതകങ്ങളും അട്ടിമറികളും, സ്കൂൾ, കോളേജ് അന്തരീക്ഷത്തിൽ നടക്കുന്നു.
9. വിദ്യാർത്ഥി അദ്ധ്യാപക അനുപാതം ഇന്ന് 1 : 45 ആണ്. ഇത് അശാസ്ത്രീയമാണ്. അദ്ധ്യാപകന് കുട്ടിയെ ശ്രദ്ധിക്കാൻ അവസരം കിട്ടുന്നില്ല. പഠനത്തിൽ ശ്രദ്ധക്കുറവ്, അച്ചടക്കരാഹിത്യം ഇവ നിലനില്ക്കുന്നു. സ്കൂളിൽ അച്ചടക്കമുണ്ടാകുന്നതിനും, പഠനത്തിനും കൂടുതൽ ശ്രദ്ധ വരുന്നതിനും കാര്യമായ ഒരു സമ്പ്രദായം നടപ്പാക്കണം.
10. സ്കൂളുകളിൽ അച്ചടക്കമുണ്ടാക്കുന്നതിനും, പഠനത്തിൽ കൂടുതൽ ശ്രദ്ധ വരുന്നതിനും കാര്യമായ ഒരു സമ്പ്രദായം നടപ്പാക്കണം.
11. സ്കൂൾ കോളേജ് തലത്തിൽ മയക്കുമരുന്നു ലഭ്യതയുണ്ട്. ചില കുട്ടികൾ മയക്കുമരുന്നിന് അടിമകളാകുന്നു.
12. സ്കൂളുകളിൽ കുട്ടികളിൽ മിതവ്യയശീലം നഷ്ടപ്പെടുന്നു. ആഡംബരം ധൂർത്തിന്റെ വക്കിലെത്തുന്നു.
13. ടി. വി., കേബിൾ ടി. വി. ക്രിക്കറ്റ് ഇവ വിദ്യാർത്ഥികളുടെ പരമാവധി സമയം കളയുന്നു. എന്തും കാണുക എന്നതിലപ്പുറം ബുദ്ധിപരമായി ചിന്തിക്കാനോ ഓർമ്മയിലേക്ക് കയറ്റിവയ്ക്കാനോ കുട്ടി ശ്രമിക്കുന്നില്ല. പഠനത്തിൽ പിന്നോക്കം പോകുന്നു. സാഹിത്യവാസനകൾ കൂമ്പടയുന്നു. കളി, നാടകം, വായന തുടങ്ങി പണ്ടുണ്ടായിരുന്ന നല്ല ഗുണങ്ങളും ഇന്ന് ഇല്ലാതാകുന്നു.
14. തൊഴിലിന്റെ മാന്യത വിദ്യാർത്ഥി മനസ്സിലാകുന്നില്ല. എന്തും എന്റെ കൈപിടിയിലാണെന്നോ, വീട്ടിൽ മാതാപിതാക്കളേക്കാൾ സ്ഥാനവും ബഹുമാനവും, തനിയ്ക്കാണെന്നോ കുട്ടികൾ ധരിച്ചവശായിരിക്കുന്നു. ഗൾഫ് മുതലായ സ്വാധീനം ഇതിലുണ്ട്.
15. അദ്ധ്യാപകന് പഴയ അർപ്പണബോധം ഇല്ല. അദ്ധ്യാപക ജോലി വെറും തൊഴിൽ പ്രതിഫലതലത്തിലേക്ക് ഭൂരിഭാഗം അദ്ധ്യാപകരും ഇറക്കി കെട്ടിയിരിയ്ക്കുന്നു. പ്രത്യേകിച്ചും, ഈ മേഖല സ്ത്രീവൽക്കരിയ്ക്കപ്പെട്ടിരിക്കുകയാണല്ലോ പഴയ ഗുരു ശിഷ്യബന്ധം കുറ്റിയറ്റിരിക്കുന്നു.
16. വീടുകളിൽ രക്ഷിതാക്കൾ കുട്ടികളെ ശാസിയ്ക്കുകയോ നിയന്ത്രിക്കുകയോ ചെയ്യാത്തതുകൊണ്ട്, സ്കൂളിൽ ഈ പ്രതികരണങ്ങൾ അവർക്ക് സഹിക്കാനാവുന്നില്ല.
17. ദരിദ്രകുടുംബങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്ക് യൂണിഫോം, ഫീസ്, പുസ്തകം എന്നിവയ്ക്ക്

സഹായം ഗവ: നല്കാത്തതുകൊണ്ടു അവർ ബുദ്ധിമുട്ടുന്നു,

18. വിദ്യാർത്ഥികൾ പഠിയ്ക്കുന്ന സ്കൂളുകളിൽ കക്കൂസ്, മൂത്രപ്പുരകൾ ഇവ തൃപ്തികരമല്ലാത്ത അവസ്ഥയിൽ കാണുന്നു. സ്കൂൾ ചെത്തിതേക്കാത്തവയുണ്ട്. ബഞ്ചും ഡസ്കും ആവശ്യത്തിന് ലഭ്യമാകുന്നില്ല.

19. കുട്ടിയുടെ സ്വഭാവം, പഠിപ്പ് എന്നിവ അറിയുന്നതിന് പിതാവ് സ്കൂളിൽ ചെല്ലുന്നില്ല.

20. കുട്ടിയുടെ പഠനത്തിന് മാതാവു കൂടുതൽ ശ്രദ്ധിക്കുന്നില്ല.

21. പല സ്കൂളുകളിലും PTA ശക്തമായി പ്രവർത്തിക്കുന്നില്ല. 53

22. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി പ്രവർത്തിയ്ക്കുന്ന വായനശാലകൾക്ക് സാമ്പത്തിക സഹായം നല്കി പ്രോത്സാഹിപ്പിക്കുന്നില്ല.

23. പഞ്ചായത്ത് സാംസ്കാരിക നിലയത്തിലെ ലൈബ്രറി വികസിപ്പിക്കുക, കൂടുതൽ മെമ്പർമാരെ ചേർക്കുക, ഇവ ചെയ്യുന്നതായി കാണുന്നില്ല.

24. പല സ്കൂളുകൾക്കും കോമ്പൗണ്ട് മതിലുകൾ ഇല്ല. മേൽപറഞ്ഞ പ്രശ്നങ്ങൾ മൂലം ഒന്നുമറിയാത്ത പരുവത്തിൽ സ്കൂളിൽ ചേർത്ത് വർഷങ്ങൾക്കുശേഷം ഒന്നിനും പറ്റാത്തവരായി ഭൂരിപക്ഷം വിദ്യാർത്ഥികളും സ്കൂൾ കോളേജുകൾ വിടുന്നു.

25. ചൊവ്വല്ലൂർ, വാർഡ് ആളൂർ വാർഡ് 7, കണ്ടാണശ്ശേരി വാർഡ് 2, അരികന്നിയൂർ വാർഡ് 10 എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാലയങ്ങൾ പോലുമില്ല. വാർഡ് രണ്ടിൽ നേഴ്സറി സ്കൂളില്ല.

26. ഈ പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഒന്നുംതന്നെയില്ല.

<u>പരിഹാരനിർദ്ദേശങ്ങൾ</u>

1. ഒന്നാം ക്ളാസിലേയും തുടർന്നുള്ള പ്രമോഷൻ മാനദണ്ഡങ്ങൾ മാറ്റണം. അക്ഷരം അറിയാത്തവർക്ക് അക്ഷരപുലരി ക്ലാസുകൾ പ്രത്യേകമായി നടത്തണം.

2. പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിങ്ങ് കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം.

3. 1, 2, 3, 4 ക്ലാസുകളിൽ മാതൃഭാഷ മാത്രമേ പഠിപ്പിക്കാവൂ, 5, 6, 7, ക്ലാസുകളിൽ ഭാഷകളും, മറ്റു വിഷയങ്ങളിൽ പൊതുവിജ്ഞാനവും ലഭിച്ചാൽ മതി. 8, 9, 10, കോളേജുകൾ എന്നിവയിൽ ഭാഷാപഠനം കുറച്ച് ഭാഷകൾ തിരഞ്ഞെടുത്ത് പഠിക്കാനുള്ള അവസരം നൽകണം. ശാസ്ത്ര ചരിത്ര വിഷയങ്ങളിൽ ഒപ്ഷനൽ സമ്പ്രദായം നടപ്പാക്കണം. സ്കൂൾ കോളേജ് വിട്ടുപോകുന്ന കുട്ടിക്ക് ഒരു തൊഴിലിൽ പ്രാവീണ്യം ലഭിക്കത്തക്ക തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പാക്കണം.

4. അദ്ധ്യാപന നിലവാരം ഉയർത്തിയാൽ മാത്രമേ ഏറ്റവും നല്ല സ്കൂൾ തിരഞ്ഞുപോകുന്നത് നിൽക്കുകയുള്ളൂ.

5. സാക്ഷരതയെ തുടർന്ന തുടർ സാക്ഷരതാ പ്രവർത്തനം വേണം.

6. വിദ്യാലയ രാഷ്ട്രീയം അനാവശ്യമാണ്. അത് സമരത്തിനും അക്രമത്തിനും വഴിയൊരുക്കുന്നു. മെറിറ്റിന്റെ അടിസ്ഥാനത്തിൽ സ്കൂളിനും കോളേജിനും ക്ലാസ് പ്രതിനിധികളെ തിരഞ്ഞെടുക്കണം. അതിൽനിന്ന് ലീഡർ, ചെയർമാർ എന്നിവരെ തിരഞ്ഞെടുക്കണം. സ്പോർട്സ്, കല മുതലായ രംഗങ്ങളിൽ കഴിവുള്ളവരെ യൂണിയനിലേക്ക് നോമിനേറ്റ് ചെയ്യാനുള്ള വ്യവസ്ഥയും വേണം. വിദ്യാലയത്തിന് വെളിയിലെ സംഭവങ്ങൾക്ക് വിദ്യാർത്ഥികളെ ഇറക്കി സമരം ചെയ്യുന്നത് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇല്ലാതാക്കണം.

7. വിദ്യാർത്ഥി - അദ്ധ്യാപക അനുപാതം ! : 30 എന്നാക്കണം. എങ്കിൽ മാത്രമേ അദ്ധ്യാപകന് വിദ്യാർത്ഥിയെ ശ്രദ്ധിക്കാൻ കഴിയൂ.

8. കുട്ടികളിൽ അച്ചടക്കം, പഠനത്തിൽ ശ്രദ്ധിക്കാനുള്ള മനോഭാവം എന്നിവ വളർത്തിയെടുക്കുന്നതിന് സെഷനൽ മാർക്ക് സംവിധാനം സ്കൂളുകളിലും കോളേജുകളിലും തുടങ്ങുന്നത് നല്ലതാണ്.

9. മയക്കുമരുന്നിന്റെ ലഭ്യത കണ്ടുപിടിയ്ക്കണം. മയക്കുമരുന്ന് ഉപയോഗിക്കുന്നവരേയും, അതിന് അടിമകളായവരേയും തെരഞ്ഞു കണ്ടുപിടിക്കണം. ഉപദേശങ്ങൾ, താക്കീതുകൾ, ചികിത്സ ഇവ നല്കി പരിഹരിയ്ക്കാവുന്നതാണ്. വില്പനക്കാരെ പിടികൂടി അധികാരികളെ ഏല്പിക്കുകയോ, വിവരം കൊടുത്ത് പിടിപ്പിക്കുകയോ ചെയ്യേണ്ടതാണ്.

10. മിതവ്യയശീലം പഠിപ്പിയ്ക്കണം. രക്ഷിതാക്കളും അദ്ധ്യാപകരും.

11. ടി. വി., ക്രിക്കറ്റ് ഇവ കാണുന്നത് ഇല്ലാതാക്കാൻ സാധ്യമല്ല. അതുകൊണ്ട് രക്ഷിതാക്കൾ ഇതിൽ നിയന്ത്രണം ഏർപ്പെടുത്തണം. കാണേണ്ട പ്രോഗ്രാംസ് നിശ്ചയിക്കുക. ടി. വി. കാണാനുള്ള സമയം നിശ്ചയിക്കുക, കൂടാതെ വിദ്യാഭ്യാസ കാര്യങ്ങളിൽ 5 മണിതൊട്ട് 6 മണിവരെ ടെലികാസ്റ്റ് ചെയ്യുക. ഈ സമയത്ത് പാഠ്യഭാഗങ്ങളിലെ പരീക്ഷണങ്ങൾ, പ്രായോഗിക ഉപയോഗങ്ങൾ എന്നീ കാണിയ്ക്കാവുന്നതാണ്. ടി. വി. യെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെടുത്തണം

12. വിദ്യാർത്ഥികൾ തൊഴിലിന്റെ മാന്യത മനസ്സിലാക്കണം. രക്ഷിതാക്കൾ വിദ്യാർത്ഥികൾക്ക് സാമ്പത്തികസൗകര്യം കുറച്ചുമാത്രം കൊടുക്കണം.

13. അദ്ധ്യാപകവൃത്തി ഒരു വെക്കേഷനായി എടുക്കണം. പ്രതിഫലത്തിനുള്ള ജോലി മാത്രമല്ലെന്ന് ആധുനികാദ്ധ്യാപകർ മനസ്സിലാക്കണം.

14. ദരിദ്രരായ കുട്ടികൾക്ക് യൂണിഫോം, സ്പെഷൽ ഫീസ് സൗജന്യം, പുസ്തകം ഇവ ലഭ്യമാക്കണം.

15. കക്കൂസ്, മൂത്രപ്പുര, ചുറ്റുമതിലുകൾ ചെത്തിതേപ്പ്, അവശ്യം ബഞ്ച്, ഡെസ്ക് ഇവ ലഭ്യമാക്കണം.

16. പി. ടി. എ. മാതൃസംഗമം, എന്നിവ ശക്തമായി പ്രവർത്തിക്കണം.

17. പിതാവ് ഇടയ്ക്ക് സ്കൂളിൽ ചെല്ലണം.

18. കുട്ടിയുടെ ആദ്യത്തെ സാമൂഹികബന്ധം അമ്മയുടെ ചിരിയിൽ നിന്ന് തുടങ്ങുന്നു. സംസ്കാരത്തിന്റെ ആരംഭവും അമ്മയിൽ നിന്ന് തന്നെ, മുലപ്പാലോടൊപ്പം മാതൃഭാഷയും, ഉച്ചാരണശുദ്ധിയും മാതാവിൽനിന്ന് കുട്ടിക്ക് ലഭിക്കുന്നു. മാതാവിന് കുട്ടിയുടെ പഠനത്തിൽ കാര്യമായ സ്വാധീനം ചെലുത്താൻ കഴിയും. അതുകൊണ്ട് മാതൃസംഗമം ഓരോ സ്കൂളിലും നടത്തണം.

19. സ്കൂൾ കോംപ്ലക്സുകൾ നല്ലതാണ്. അദ്ധ്യാപകർക്ക് പരസ്പരം ഇടപഴകാനും, വിഷയങ്ങൾ മനസ്സിലാക്കുന്നതിനും ഇത് സഹായകരമാണ്. എൽ. പി., യു. പി. സ്കൂളുകൾക്ക് ലാബറട്ടറി, കളിസാമഗ്രികൾ, കളിസ്ഥലം ഇവ ലഭ്യമാക്കാൻ ഹൈസ്കൂളുകൾക്ക് കഴിയും.

20. എൻ. സി. സി. സ്കൗട്ട്, ഗൈഡ്സ്, ഇവ തുടങ്ങുന്നത് അച്ചടക്കം, സ്വഭാവരൂപവത്ക്കരണം, തൊഴിൽ ചെയ്യാനുള്ള മനസ്ഥിതി എന്നിവയുണ്ടാകും.

21. കായിക വിനോദങ്ങൾ കുട്ടികളിൽ അച്ചടക്കം ആരോഗ്യം മുതലായവ വളർത്തും.

22. ഉല്ലാസയാത്രകൾ, ചെറുതും വലുതും - ഒന്നു വീതം നടത്തുന്നത് നല്ലതാണ്.

23. അച്ചടക്കത്തെ പറ്റി, പഠനത്തെ പറ്റി, ഭാവിയെപറ്റി വ്യക്തിത്വ വികാസത്തെ പറ്റി സെമിനാറുകൾ കരിയർ ക്ലാസുകൾ, നേതൃത്വ പരിശീലനം ഇവ കൊടുക്കണം.

24. സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ലൈബ്രറി കൂടുതൽ വികസിപ്പിക്കണം. ഓരോ വാർഡിലും വായനശാലകൾ തുടങ്ങണം (ഉണ്ടെങ്കിൽ അതുമതി) അവയ്ക്കു പഞ്ചായത്തുകളിൽ നിന്ന് സാമ്പത്തികസഹായം നൽകണം. ലൈബ്രറി പുസ്തകങ്ങൾ സപ്ലൈ ചെയ്യണം. സാംസ്കാരിക നിലയത്തിൽ കൂടുതൽ മാസികകൾ തൊഴിൽപര മാസികകൾ എന്നിവ വരുത്തണം.

25. സ്കൂളുകൾ, നേഴ്സറി ഇവയില്ലാത്ത വാർഡുകളിൽ അവ തുടങ്ങണം. പഞ്ചായത്തിൽ ഒന്നിലധികം

സാങ്കേതിക വിദ്യാലയങ്ങൾ തുടങ്ങണം. ബോയ്സ് ഹൈസ്കൂളിൽ സ്ഥലസൗകര്യമുണ്ട്.

26. ഒന്നിലധികം സാങ്കേതിക വിദ്യാലയങ്ങൾ, ഇലക്ട്രിസിറ്റി, ഇലക്ട്രോണിക്സ്, കംപ്യൂട്ടർ എന്നീ മേഖലകളിൽ ഈ പഞ്ചായത്തിൽ തുടങ്ങണം. നിലവിലുള്ള രണ്ട് ഹൈസ്കൂളുകളിലും ധാരാളം മുറികൾ ഒഴിഞ്ഞുകിടക്കുന്നു. യു. പി., എൽ. പി. സ്കൂളുകളിലും മുറികൾ ലഭ്യമാകും. സ്ഥലവും സൗകര്യങ്ങളും ഇവിടെ ഇപ്പോൾതന്നെ ലഭ്യമാണ്.

27. സാക്ഷരത തുടർപ്രവർത്തനം തുടങ്ങണം. 55

28. സാംസ്കാരിക കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ലൈബ്രറി വികസിപ്പിക്കണം., മെമ്പർഷിപ്പ് കൂട്ടണം. ഓരോ വാർഡിലും ചെറു ഗ്രന്ഥശാലകൾ (ഇപ്പോൾ ഉള്ള സ്ഥലങ്ങൾ ഒഴികെ) തുടങ്ങണം. അതിന് പഞ്ചായത്ത് സാമ്പത്തിക സഹായം ചെയ്യണം. ലൈബ്രറി ബുക്കുകൾ പഞ്ചായത്ത് ലൈബ്രറിയിൽ നിന്ന് വാർഡു ലൈബ്രറികൾക്ക് എടുക്കാനുള്ള പദ്ധതിയുണ്ടാക്കണം.

29. സ്കൂൾ, കോളേജ് തലങ്ങളിൽ രാഷ്ട്രീയ ഇലക്ഷനുകൾ നിർത്തണം.

30. പഞ്ചായത്തിലെ വാർഡ് ഒന്ന്, വാർഡ് രണ്ട്, വാർഡ് ഏഴ്, വാർഡ് പത്ത് എന്നിവിടങ്ങളിൽ പ്രൈമറി സ്കൂളുകൾ ഗവൺമെന്റ് തുടങ്ങണം, സ്കൂളില്ല.

31. വാർഡ് 1, 2, 5, 7, 8, 9, 10 ഇവയിൽ നേഴ്സറികൾ തുടങ്ങണം. ഇതിൽ വാർഡ് 2, 8 എന്നിവയിൽ നേഴ്സറി പോലുമില്ല. ശങ്കരംകുളം ജംഗ്ഷനിൽ നേഴ്സറി തുടങ്ങണം.

32. മുനിമട നേഴ്സറിക്ക് ഒരു പാർക്ക് നിർമ്മിക്കണം.

33. വായനശാലകൾ (അംഗീകൃതമായത്) ഇല്ലാത്ത വാർഡുകളിൽ പഞ്ചായത്തിന്റെ സഹായത്തോടെ വായനശാലകൾ തുടങ്ങണം. വായനശാലകൾക്ക് കെട്ടിടം പണിയാൻ സാമ്പത്തികസഹായം പഞ്ചായത്ത് നൽകണം.

34. മറ്റം. സെന്റ് ഫ്രാൻസിസ് ബോയ്സ് ഹൈസ്കൂൾ, ഗേൾസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തണം. സ്ഥലം, കളിസ്ഥലം, മുറികൾ വേണ്ടത്രയുണ്ട്.

35. നാലാംക്ളാസ്, ഏഴാം ക്ലാസ് എന്നിവയിൽ ഗവൺമെന്റ്തല പൊതുപരീക്ഷ നടത്തണം

36. 1, 4 വാർഡുകളിലെ നേഴ്സറി സ്കൂളുകൾക്ക് സ്വന്തമായ കെട്ടിടം ഉണ്ടാക്കണം.

◆ ◆ ◆

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

വികസനപ്രവർത്തനങ്ങളിലൂടെ ആസൂത്രണം ഗ്രാമതലത്തിൽ നിന്ന് തന്നെ ആരംഭിക്കുന്ന ഈ സാഹചര്യത്തിൽ മൃഗസംരക്ഷണ മേഖലക്ക് വലിയ പ്രസക്തിയും പ്രാധാന്യവുമാണുള്ളത്. കഴിഞ്ഞകാലങ്ങളിൽ മൃഗസംരക്ഷണം ഈ നാടിന്റെ സാമ്പത്തികവും സാമൂഹികവുമായ വളർച്ചക്ക് വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. ഇനിയും വളരെയേറെ സംഭാവന ഗ്രാമീണസാമ്പത്തിക നവോത്ഥാനത്തിൽ ഈ മേഖലക്ക് നൽകാൻ കഴിയും.

ഗ്രാമീണ ജനത ഇന്നനുഭവിക്കുന്ന പോഷകാഹാരത്തിന്റെ കുറവു നികത്തി ഒരു ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിന് കൂടുതൽ പാലും മുട്ടയും മാംസവും ഉല്പാദിപ്പിക്കേണ്ടതുണ്ട്. അമിതമായ രാസവള കീടനാശിനി പ്രയോഗം മൂലം മണ്ണിന്റെ ഗുണനിലവാരവും ഫലപുഷ്ടിയും ക്ഷയിച്ചു കൊണ്ടിരിക്കുന്നു. ഇത് പരിഹരിക്കുവാൻ ജൈവവളങ്ങൾ ധാരാളമായി ഉപയോഗിക്കുന്നതിന് അവയുടെ ലഭ്യത വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഉപഭോഗ സംസ്കാരത്തിന്റെ കരാളഹസ്തങ്ങളിൽ നിന്ന് ഗ്രാമീണ ജനതക്ക് മോചനം ആവശ്യമായിരിക്കുകയാണ്. നമുക്ക് ആവശ്യമുള്ള കോഴിമുട്ട, മാംസം, ക്ഷീരോൽപന്നങ്ങൾ എന്തിനേറെ ജൈവവളത്തിനുപോലും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതി വിശേഷമാണ് ഇപ്പോഴുള്ളത്. ആയിരക്കണക്കിനു രൂപക്കുള്ള കോഴിയും കോഴിമുട്ടയും ദിനം പ്രതി ഇവിടെ ഇറക്കുമതി ചെയ്യപ്പെടുകയും വിററഴിക്കപ്പെടുകയും ചെയ്യുന്നു. ആരോഗ്യം നഷ്ടപ്പെട്ട് ആയിരക്കണക്കിന് കന്നുകാലികളെ അന്യദേശങ്ങളിൽ നിന്ന് കൊണ്ടുവന്ന് മാംസത്തിനായി ഉപയോഗപ്പെടുത്തുന്നു. ഇതുമൂലം ദിനംപ്രതി ഭീമമായ സംഖ്യ ഇവിടെ നിന്നും പുറത്തേക്കൊഴുകുന്നു. ഈ നഷ്ടം ഇല്ലാതാക്കാൻ സാധിച്ചാൽ വേണ്ടത്ര മൂലധനം സ്വരൂപിക്കാനും ഒരു വ്യാവസായിക മുന്നേറ്റത്തിന് വഴിയൊരുക്കാനും സാധിക്കും, മേൽപറഞ്ഞ വസ്തുതകൾ കണക്കിലെടുക്കുമ്പോൾ ഗ്രാമീണജനതക്ക് ഏററവും കൂടതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഗ്രാമീണ ജീവിതശൈലിക്ക് അനുയോജ്യമായ വികസന സാദ്ധ്യതയുള്ള മൃഗസംരക്ഷണ മേഖലയിലേക്ക് നമ്മുടെ ശ്രദ്ധ തിരിയേണ്ടിയിരിക്കുന്നു. ചുരുങ്ങിയ സ്ഥലസൗകര്യവും സാങ്കേതിക പരിജ്ഞാനവും അതോടൊപ്പം അല്പം അദ്ധ്വാനിക്കാൻ സന്നദ്ധതയമുള്ള ഏതൊരാൾക്കും പ്രത്യേകിച്ച് വനിതകൾക്കും, സ്വീകരിക്കാവുന്ന ഇതിൽ പരം നല്ലൊരു തൊഴിൽ മേഖലയുണ്ടോ എന്ന് സംശയമാണ്. ഇതിനെല്ലാം പുറമെ കൂടുതൽ ചാണക വാതക പ്ലാന്റുകൾ സ്ഥാപിച്ച് കൊണ്ട് പാചക ഇന്ധന ക്ഷാമത്തിന് ഗ്രാമീണ തലത്തിൽ തന്നെ പരിഹാരമുണ്ടാക്കുന്നതിന് മൃഗസംരക്ഷണമേഖലയിലെ ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്.

മൃഗസംരക്ഷണം കൃഷിയുടെ ഒരു ഭാഗമായിട്ടാണ് നാം ഇതുവരെ കണക്കാക്കിയിരുന്നത്. ഈ ചിന്താഗതി മാററി അത്യാധുനികമായ മാനേജ്മെന്റ് സംവിധാനങ്ങളും ശാസ്ത്രീയസംസ്കരണരീതികളും ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും തനത് വിപണനതന്ത്രങ്ങളും ആവിഷ്കരിച്ച് നടപ്പാക്കിയാൽ വലിയൊരു വ്യവസായമായി ഈ മേഖലയെ ഉയർത്തുവാനും സ്വയം പര്യാപ്തമായ ഗ്രാമം കെട്ടിപ്പടുക്കാനും കഴിയും.

### മൃഗസംരക്ഷണം അന്നും ഇന്നും

കാർഷിക സംസ്കാരം നിലനിൽക്കുന്ന ഈ പഞ്ചായത്തിൽ ഏകദേശം രണ്ടു ദശകങ്ങൾക്ക് മുമ്പു വരെ 60% കുടുംബങ്ങളിലും മുട്ടക്കും മാംസത്തിനും കാർഷികാവശ്യത്തിനും ഗതാഗതത്തിനുമായി നാടൻ പശു, എരുമ, പോത്ത്, കാള, ആട്, പന്നി, കോഴി, താറാവ്, കാട എന്നിവയെ വളർത്തിയിരുന്നു. എന്നാൽ ഇന്ന് സ്ഥിതി വ്യത്യസ്ഥമാണ്. സങ്കരയിനം പശുക്കളുടെ ആവിർഭാവത്തോടെ 1 മുതൽ $1^1/2$ ലിററർ മാത്രം

പാൽ തരുന്ന നാടൻ പശുക്കൾ ഈ ഗ്രാമത്തിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുയാണ്. കൃഷിഭൂമികൾ തുണ്ടുകളായി വിഭജിക്കപ്പെടുകയും പുതിയ വിത്തിനങ്ങളുടെ ഉപയോഗത്തോടെ വൈക്കോലിന്റെ ലഭ്യത കുറയുകയും മേച്ചിൽ സ്ഥലങ്ങളുടെ വിസ്തൃതി കുറയുകയും ചെയ്തതോടെ കാലിവളർത്തലിൽ ജനങ്ങൾക്ക് താല്പര്യം കുറഞ്ഞു.

കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിൽ 1967 ഒക്ടോബർ 27-ാം തിയ്യതി ആരംഭിച്ച പ്രൈമറി സെന്റരോടുകൂടിയാണ് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് മൃഗസംരക്ഷണരംഗത്ത് ആധുനിക ചികിത്സാസമ്പ്രദായത്തിന്റെ ഗുണങ്ങൾ ലഭിക്കാൻ തുടങ്ങിയത്. 1990 മാർച്ച് 23-ാം തിയ്യതി പ്രസ്തുത സെന്റർ വെററിനറി ഡിസ്പെൻസറിയായി ഉയർത്തിയതോടെ കൃത്രിമ ബീജസങ്കലനവും പ്രതിരോധകുത്തിവെയ്പ്പും നടത്തുന്നതോടൊപ്പം സ്ഥിരമായി ഒരു ഡോക്ടറുടെ സേവനവും ലഭിക്കാൻ തുടങ്ങി.

**1990-ൽ നടത്തിയ സെൻസസ്സിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ വളർത്തുമൃഗങ്ങൾ.**

| പശു സങ്കരയിനം | നാടൻ പശുക്കൾ | എരുമ | ആട് | പോത്ത് | ആകെ |
|---|---|---|---|---|---|
| 686 | 391 | 106 | 1415 | 158 | 2756 |

**1995 സെൻസസ്സ് പ്രകാരം**

| പശു സങ്കരയിനം | നാടൻ പശുക്കൾ | എരുമ | ആട് | പോത്ത് | ആകെ |
|---|---|---|---|---|---|
| 815 | 163 | 37 | 623 | 27 | 1665 |

മേൽ പറഞ്ഞ കണക്കനുസരിച്ച് വീട്ടുമൃഗങ്ങളെ വളർത്തുന്നതിൽ ഈ പഞ്ചായത്തിലെ പിന്നോക്കാവസ്ഥ വ്യക്തമാണ്.

കൃത്രിമ ബീജസങ്കലന പരിപാടിയുടെ ഫലമായി അത്യുല്പാദനശേഷിയുള്ള സങ്കര വർഗ്ഗ പശുക്കളുടെ എണ്ണം വർദ്ധിച്ചതുമൂലം ക്ഷീരോല്പാദനരംഗത്ത് അത്ഭുതകരമായ പുരോഗതി ഉണ്ടായിട്ടുണ്ട്. പശു, ഉഴവുമാടുകൾ എന്നിവയുടെ വർദ്ധന ജൈവവളത്തിന്റെ അളവും വർദ്ധിപ്പിച്ചു. വളരെ പണ്ടു മുതൽ പഞ്ചായത്തിൽ ആടുവളർത്തൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ആടുകളുടെ എണ്ണം കുറയുകയാണ്. കൂടുതൽ ആടുകളെ വളർത്തി ആടുവളർത്തൽ സങ്കേതങ്ങൾ തുടങ്ങാനുള്ള സാദ്ധ്യതകൾ ഏറെയാണ്. ഇന്ന് കോഴിമുട്ട മററ് സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. കോഴിവളർത്തൽ ലാഭകരമായ തൊഴിലായതിനാൽ സങ്കരവർഗ്ഗ കോഴികളെ ആവശ്യമുള്ള കുടുംബങ്ങൾക്ക് ലഭ്യമാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

പന്നിവളർത്തലും, മുയൽ വളർത്തലും പഞ്ചായത്തിൽ വ്യാപിപ്പിക്കേണ്ടതാണ്. ബ്രോയ്‌ലർ മുയലുകളെ വിതരണം ചെയ്യേണ്ടതാണ്. അതുപോലെ കാടപക്ഷി വളർത്തലും വ്യാപിപ്പിക്കേണ്ടതാണ്.

ശാസ്ത്രീയമായ മാംസോല്പാദനവും, മാംസസംസ്കരണവും, വിപണനവും പ്രാധാന്യമർഹിക്കുന്നു. പഞ്ചായത്തിൽ ശാസ്ത്രീയമായ അറവുശാലയില്ല. വേണ്ടത്ര സജ്ജീകരണത്തോടുകൂടിയ അറവുശാലയും, മാംസ വിപണനവും ഫലപ്രദമാക്കാൻ ശ്രമം വേണ്ടതാണ്.

<u>പ്രശ്നങ്ങൾ</u>

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യത.
2. അനിയന്ത്രിതവും, അശാസ്ത്രീയവുമായ തീറ്റയുടെ വില.
3. തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അഭാവം
4. ഉദ്പാദനചിലവിനു അനുസൃതമായ ഉല്പന്നവില ഉല്പാദകന് ലഭിക്കുന്നില്ല, അതേസമയം മിതമായ വിലയ്ക്ക് ഉപഭോക്താവിന് പാലും, മറ്റുല്പന്നങ്ങളും ലഭിക്കുന്നില്ല എന്നതാണ് അവസ്ഥ.

5. വിപണന രംഗത്തെ അപര്യാപ്തത.
6. ഭാരിച്ച ചികിത്സാച്ചെലവ്. നിരന്തരം മരുന്നുകളുടെ വില ഉയർന്നുകൊണ്ടിരിക്കുന്നു.
7. വായ്പ നൽകുന്നതിൽ ധനകാര്യസ്ഥാപനങ്ങൾ കാണിക്കുന്ന വൈമുഖ്യം.
8. ഇൻഷൂറൻസ് പരിരക്ഷയുടെ അപര്യാപ്തതയും, ഭാരിച്ച ഇൻഷൂറൻസ് തുകയും.
9. ചുരുങ്ങികൊണ്ടിരിക്കുന്ന തീറ്റപുൽകൃഷിയും, പച്ചപുല്ലിന്റെ ലഭ്യതയിലുള്ള കുറവും.
10. പക്ഷിമൃഗാദികളുടെ ദൗർലഭ്യം.
11. അശാസ്ത്രീയമായ മാംസോല്പാദന വിപണന തന്ത്രം
12. വിവധ ഏജൻസികളുടെ ആസുത്രിതമല്ലാത്ത, പൊരുത്തമില്ലാത്ത മൃഗസംരക്ഷണപ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, അപാകതകൾ.
13. സാങ്കേതിക വൈദഗ്ധ്യം ഇല്ലാത്തവരുടെ മൃഗ ചികിത്സ.
14. കാലത്തിനനുസരിച്ചുള്ള അടിസ്ഥാനസൗകര്യങ്ങളില്ലാത്ത, മൃഗാശുപത്രികൾ. ടെലിഫോൺ, ലബോറട്ടറി സൗകര്യം, മരുന്ന്, വാഹനസൗകര്യം, ആധുനിക ഉപകരണങ്ങൾ എന്നിവയുടെ കുറവ്.

ഈ പ്രശ്നങ്ങൾക്കെല്ലാം ഗ്രാമതലത്തിൽ ഉത്തരം കാണുക പ്രയാസമാണെങ്കിലും ഗ്രാമവികസനം ലക്ഷ്യമാക്കി ആസൂത്രണപ്രക്രികൾ ആരംഭിക്കുമ്പോൾ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ ബന്ധപ്പെട്ടവർ ശ്രമിച്ചേ മതിയാകൂ.

## പരിഹാരങ്ങൾ സാധ്യതകൾ

1. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച്, സഹകരണാടിസ്ഥാനത്തിൽ കഴിയുമെങ്കിൽ ഗ്രാമതലത്തിൽതന്നെ കന്നുകാലി, കോഴിത്തീറ്റ യൂണിറ്റുകൾ സ്ഥാപിക്കുക. ഇതു അപ്രായോഗികമാണെങ്കിൽ ബ്ലോക്കുതലത്തിലോ, ജില്ലാതലത്തിലോ തീറ്റയുല്പാദന ഫാക്ടറികൾ സ്ഥാപിക്കുക. കൂടുതൽ തൊഴിലവസരങ്ങൾ ഇതുമൂലം ഉണ്ടാക്കാം.
2. കാലിതീറ്റ നിയന്ത്രിതവിലയ്ക്കോ സബ്സിഡിയോടു കൂടിയോ മൃഗസംരക്ഷകന് ലഭ്യമാക്കുക.
3. ദരിദ്രവിഭാഗങ്ങൾക്ക് പശുക്കളെ സൗജന്യമായി വിതരണം നടത്തുക.
4. പഞ്ചായത്ത് പുറംപോക്ക് സ്ഥലങ്ങളും മറ്റും ലേലവ്യവസ്ഥയിൽ കൃഷിക്കാർക്ക് തീറ്റപുൽകൃഷിക്ക് ഉപയോഗിക്കാൻ അനുവാദം നൽകുക.
5. വൈയ്ക്കോൽ സംഭരണവും വിതരണവും, പാൽ സഹകരണസംഘങ്ങൾ ഏറ്റെടുക്കുക.
6. പാൽസഹകരണ സംഘങ്ങൾ കർഷകർക്ക് പ്രാപ്യമായ സ്ഥലത്തു പുനരാസൂത്രണം ചെയ്യുക.
7. കൂടുതൽ സംഘങ്ങൾക്ക് രൂപം നല്കുക.
8. കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സ്വീകരിക്കുന്നതിനും, അർഹമായ വില ലഭിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.
9. പാൽ സൊസൈറ്റിയും, ധനകാര്യസ്ഥാപനങ്ങളും ചേർന്ന് മൃഗസംരക്ഷകർക്ക് വായ്പാസൗകര്യം കൂടുതൽ ലളിതവത്ക്കരിക്കുക.
10. പക്ഷിമൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷൂറൻസ് പരിരക്ഷ ഉറപ്പാക്കുക.
11. ആധുനിക രീതിയിലുള്ള അറവുശാലകൾ ഗ്രാമതലത്തിൽ സ്ഥാപിക്കുകയും, ശുദ്ധമായ മാസം ശുചിത്വത്തോടുകൂടിയ മാംസവിപണന ശൃംഖല സ്ഥാപിക്കുക.
12. ക്ഷീരവിപണനം വൈവിധ്യവല്ക്കരിച്ച് പലതരം ക്ഷീരോത്പന്നങ്ങൾ നിർമ്മിച്ച് ശേഖരിച്ച് വില്ക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ വനിതാസംരംഭങ്ങൾക്ക് രൂപം നൽകുക.
13. പാലിന്റെ ഗുണനിലവാരം അളക്കുന്നതിന് ആധുനിക സംവിധാനം ഉണ്ടാക്കുക.
14. വിവധ ഏജൻസികൾ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്നതിന് പുനരാവിഷ്കരണം നടത്തുക,.
15. സമഗ്രമായ പേ വിഷബാധ നിയന്ത്രണങ്ങൾ ആരംഭിച്ച് പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കളേയും പ്രതിരോധ കുത്തിവെയ്പ്പിന് നിർബന്ധം ചെലുത്തുകയും, തെരുവുനായ്ക്കളെ ഉന്മൂലനം ചെയ്യുന്നതിനുള്ള പരിപാടികൾ ഊർജ്ജിതമായി നടപ്പാക്കുകയും ചെയ്യുക.
16. നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ പോരായ്മകൾ മനസ്സിലാക്കി വേണ്ട പ്രതിവിധികൾ ചെയ്യുക.

17. പഞ്ചായത്തിലുള്ള ഏകമൃഗാശുപത്രിയുടെ പ്രവർത്തനം കൂടുതൽ പ്രയോജനപ്രദമാക്കാൻ ടെലിഫോൺ സൗകര്യം, വാഹനസൗകര്യം മുതലായവ ഏർപ്പെടുത്തുക. മൃഗാശുപത്രിയ്ക്ക് ഇലക്ട്രിക്ക് കണക്ഷൻ, റഫ്രിജറേറ്റർ, സ്റ്റെയിലർസർ, ഓപ്പറേഷൻ തിയ്യേറ്റർ, ശസ്ത്രക്രിയാ ഉപകരണങ്ങൾ തുടങ്ങിയവ ലഭ്യമാക്കുക. ഒരു ലൈവ് സ്റ്റോക്ക് അസിസ്റ്റന്റിനേയും, ഒരു ക്ലാർക്കിനേയും നിയമിക്കുക. പ്രാഥമികാവശ്യങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കുക. മൃഗാശുപത്രിയുടെ സുരക്ഷിതത്വത്തിനുവേണ്ടി ചുറ്റും മതിൽ കെട്ടുക. കൂടുതൽ മരുന്നുകളും, ലബോറട്ടറി ഉപകരണങ്ങളും മറ്റും ലഭ്യമാക്കുക. ഇത്യാദി കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ട്. മൃഗാശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തേണ്ടതും ആവശ്യമുണ്ട്.

18. എല്ലാ മാസവും വാർഡുകളിൽ മൃഗസംരക്ഷണ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതും ആവശ്യമാണ്.

**കണ്ടാണശ്ശേരി പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടേയും പക്ഷികളുടേയും വിവരം**

| മൃഗങ്ങൾ | എണ്ണം | പക്ഷികൾ | എണ്ണം |
|---|---|---|---|
| പശു | 978 | കോഴി | 10118 |
| കിടാരി | 554 | താറാവ് | 55 |
| ആട് | 623 | കാട | 9 |
| എരുമ | 37 | ടർക്കി | 9 |
| പോത്ത് | 27 | ഗിനി | 14 |
| പട്ടി | 48 | ലൗബേഡ്സ് | 243 |
| ആന | 1 | തത്ത | 8 |

**<u>കോഴിമുട്ടയുല്പാദനം</u>**

| | |
|---|---|
| ഈ പഞ്ചായത്തിലെ കോഴികളുടെ ആകെ എണ്ണം | 10118 |
| നാടൻ പിടകോഴികളുടെ എണ്ണം | 7849 |
| വർഷത്തിൽ ഒരു നാടൻ പിടക്കോഴിയിൽ നിന്ന് ലഭിക്കുന്ന മുട്ടയുടെ എണ്ണം | 110 |
| നാടൻ കോഴികളിൽനിന്ന് ഒരു വർഷത്തിൽ ലഭിക്കുന്ന മൊത്തം കോഴിമുട്ടകളുടെ എണ്ണം | 86339 |
| സങ്കരവർഗ്ഗ പിടക്കോഴികളുടെ എണ്ണം | 450 |
| ഒരു സങ്കരവർഗ്ഗ പിടക്കോഴി ഒരു വർഷത്തിൽ തരുന്ന മുട്ടകളുടെ എണ്ണം | 200 |
| ആകെ ഒരു വർഷത്തിൽ ലഭിക്കുന്ന സങ്കരകോഴിമുട്ടകളുടെ എണ്ണം | 90000 |
| ഒരു വർഷത്തിൽ ഉല്പാദിപ്പിക്കുന്ന കോഴിമുട്ടകളുടെ മൊത്തം എണ്ണം | 176339 |
| ഒരു വർഷത്തിൽ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന കോഴിമുട്ടകളുടെ മൊത്തം മൂല്യം (ഒരു മുട്ടക്ക് ഒരു രൂപ എന്ന കണക്കിന്) | 1,76,339 രൂപ. |

**<u>രോഗവിവരങ്ങൾ</u>**

| നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് |
|---|---|---|---|---|
| 1. | ദഹനസംബന്ധമായവ | 627 | 29 | 169 |
| 2. | ശ്വാസകോശസംബന്ധം | 89 | 2 | 10 |
| 3. | ഉപാപചയ സംബന്ധം | 60 | | |
| 4. | ത്വക്ക് രോഗങ്ങൾ | 230 | 8 | 40 |
| 5. | ധാതുലവണങ്ങളുടെ അഭാവം | 102 | | |
| 6. | പരാദരോഗങ്ങൾ | 280 | | 45 |
| 7. | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 210 | 4 | 20 |
| 8. | വന്ധ്യത | 198 | | |

| | | | | |
|---|---|---|---|---|
| 9. | അകിടുവീക്കം | 70 | 2 | 15 |
| 10. | മുടന്തൻ പനി | 120 | | |
| 11. | പകർച്ചവ്യാധികൾ | | | |

## ജൈവവളോല്പാദനം

| | |
|---|---|
| പഞ്ചായത്തിലെ മൊത്തം കന്നുകാലികളുടെ എണ്ണം | 1596 |
| ആടുകളുടെ എണ്ണം | 623 |
| പ്രതിദിനം ഇവയിൽ നിന്നു ലഭിക്കുന്ന ജൈവവളം | 76 ടൺ |
| ഒരു വർഷത്തിൽ ലഭിക്കുന്ന ജൈവവളത്തിന്റെ മൊത്തം അളവ് | 2600 ടൺ |
| പഞ്ചായത്തിൽ ഒരു വർഷത്തിൽ ഉല്പാദിപ്പിക്കുന്ന ജൈവവളത്തിന്റെ മൂല്യം | 520000 രൂപ |

## ചാണകത്തിൽനിന്നും ലഭിക്കുന്ന ഇന്ധനം

| | |
|---|---|
| ഈ പഞ്ചായത്തിൽ ആകെ ലഭിക്കുന്ന ചാണകത്തിന്റെ അളവ് | 2600 ടൺ |
| മേച്ചിൽ സ്ഥലങ്ങളിലും മറ്റും നഷ്ടമാകുന്നത് കിഴിച്ച് ബാക്കി വാതകോല്പാദനത്തിന് ലഭ്യമാക്കാവുന്ന ചാണകത്തിന്റെ അളവ് | 10000 ടൺ |
| ഒരു കിലോ ചാണകത്തിൽനിന്ന് ലഭ്യമാകുന്ന പാചകവാതകത്തിന്റെ അളവ് | 1.3 ഘന അടി |
| പതിനായിരം ടൺ ചാണകത്തിൽനിന്ന് ലഭ്യമാക്കാവുന്ന പാചകവാതകത്തിന്റെ അളവ് | 1 കോടി 30 ലക്ഷം ഘന അടി |
| നാല് ആളുകൾ അടങ്ങുന്ന ഒരു കുടുംബത്തിന്റെ വാർഷികാവശ്യത്തിനുവേണ്ട പാചകവാതകഅളവ് | 10520 ഘനഅടി |
| ഇപ്പോൾ ലഭ്യമായ ചാണകം ഉപയോഗിച്ച് നിർമ്മിക്കാവുന്ന പാചകവാതക പ്ലാന്റുകളുടെ എണ്ണം | 124 |

NB: പുതിയ പദ്ധതികൾ ആരംഭിയ്ക്കുമ്പോൾ ചാണകലഭ്യത ഇരട്ടിയിലധികമാകുകയും കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും കഴിയും.

## ക്ഷീരോല്പാദനം

ഈ പഞ്ചായത്തിന്റെ സാമ്പത്തിക ഘടനയിൽ വളരെയേറെ സ്വാധീനം ചെലുത്തുന്ന ഒരു രംഗമാണ് ക്ഷീരോല്പാദനം കൃത്രിമ ബീജസങ്കലനത്തിലൂടെ വളരെയേറെ സങ്കരവർഗ്ഗപശുക്കളെ സൃഷ്ടിക്കാൻ കഴിഞ്ഞതുകൊണ്ട് കഴിഞ്ഞ രണ്ട് ദശകങ്ങൾക്കുള്ളിൽ പാലുല്പാദനരംഗത്ത് വലിയൊരു മുന്നേറ്റംതന്നെ നടത്തുവാൻ സാധിച്ചിട്ടുണ്ട്. വളരെയേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിവുള്ള ഇനിയും വളരെ വികസന സാധ്യതയുള്ള ഒരു രംഗമാണിത്.

പാൽ സാധാരണക്കാരുടെ പാനീയമായി മാറികൊണ്ടിരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഈ പഞ്ചായത്തിൽ ഇപ്പോൾ ഉല്പാദിപ്പിക്കുന്ന പാലിന്റെ ഇരട്ടിയെങ്കിലും ലഭ്യമാക്കുന്നതിനും തൊഴവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഒരു സാമ്പത്തികമുന്നേറ്റം ഉറപ്പാക്കുന്നതിനും പര്യാപ്തമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതുണ്ട്. ചുരുങ്ങിയത് ആയിരം കറവയുള്ള പശുക്കളെയെങ്കിലും ഈ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് വിതരണം നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടത് അത്യാവശ്യമാണ്. ഇതുമൂലം ജൈവവളത്തിന്റെ ലഭ്യതയും വർദ്ധിപ്പിക്കുവാൻ കഴിയും.

പാലുല്പാദനം ഇരട്ടിപ്പിക്കുന്നതിനുള്ള പദ്ധതിയോടൊപ്പം അധികമായി ഉല്പാദിപ്പിക്കുന്ന പാൽ വിപണനം ചെയ്യുന്നതിനുള്ള സംവിധാനവും ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിൽ ഇനിയും നാലോ അഞ്ചോ പാൽ സംഭരണ വിപണന സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതുണ്ട്. പാൽ വിവിധ ഉല്പന്നങ്ങളാക്കി മാറ്റി വിപണനം നടത്തുന്നതിന് വനിതാ സഹകരണസംരംഭങ്ങൾ ആരംഭിക്കേണ്ടതും ആവശ്യമാണ്. അങ്ങിനെ ഈ രംഗത്ത് വളരെയധികം പേർക്ക് തൊഴിൽ ലഭ്യമാക്കുവാനും ക്ഷീരോല്പാദനം ഈ ഗ്രാമപ്രദേശത്തിന്റെ സാമ്പത്തിക ഉന്നമനത്തിനുള്ള ഉത്തമ ഉപാധിയാക്കി മാറ്റുവാനും കഴിയുമെന്നുള്ളതിൽ

സംശയമില്ല. ഇതോടൊപ്പംതന്നെ ജൈവവളസമൃദ്ധി ഒരു യാഥാർത്ഥ്യമാകുകയും, പാചകഇന്ധനം ഉണ്ടാക്കുവാനുള്ള "ഗോബർ ഗ്യാസ്" പദ്ധതി നടപ്പാക്കുന്നതിന് എളുപ്പത്തിൽ സാധിക്കുകയും ചെയ്യും. കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവനായും മിൽമ എടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതും അത്യാവശ്യമാണ്. കന്നുകാലികൾക്ക് ഗ്രൂപ്പ് ഇൻഷൂറൻസ് ഏർപ്പെടുത്തേണ്ടതും ആവശ്യമാണ്.

## കണ്ടാണശ്ശേരി പഞ്ചായത്തിലുള്ള പാൽസംഭരണ വിപണന കേന്ദ്രങ്ങൾ

61

| | |
|---|---|
| പാൽ സഹകരണ സംഘങ്ങൾ - 2 | |
| രണ്ട് പാൽസഹകരണ സംഘങ്ങളിലും കൂടി അളക്കുന്ന പാലിന്റെ പ്രതിദിനഅളവ് | 650 ലിറ്റർ |
| ഈ പഞ്ചായത്തിൽനിന്ന് മറ്റു ഭാഗങ്ങളിലേക്ക് പോകുന്ന പാലിന്റെ പ്രതിദിനഅളവ് | 400 ലിറ്റർ |
| ഉല്പാദകർ അടുത്തുള്ള വീടുകളിൽ, ഹോട്ടലുകളിൽ കൊടുക്കുന്ന പാലിന്റ അളവ് | 350 ലിറ്റർ |
| ഉദ്പാദകന്റെ സ്വന്തം വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന പാലിന്റെ പ്രതിദന അളവ് | 350 ലിറ്റർ |
| ഈ പഞ്ചായത്തിൽ പ്രതിദിനം ഉല്പാദിപ്പിക്കുന്ന പാലിന്റെ മൊത്തം അളവ് | 1750 ലിറ്റർ |
| പാലിൻന്റെ വാർഷികഉല്പാദനം | 515000 ലിറ്റർ |
| ഒരു വർഷത്തിൽ കണ്ടാണശ്ശേരി പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന മൊത്തം പാലിന്റെ വില | 5665000 രൂപ |

## മത്സ്യബന്ധനം

ആളൂർ പുഴയും, തോടുകളും, കുളങ്ങളും, കൊക്കർണികളും ചേർന്നതാണ് ഈ പഞ്ചായത്തിന്റെ ഉപരിതലജലസ്രോതസ്സുകൾ. മത്സ്യബ്ധനസാധ്യതകൾ ഈ ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ടു കിടക്കുന്നു.

മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയ പത്തു കുടുംബങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. അവർ കുളങ്ങളിലേയും, തോടുകളിലേയും പുഴകളിലേയും മത്സ്യം വീശുവല ഉപയോഗിച്ച് പിടിക്കുന്നു. വർഷത്തിൽ രണ്ട് മാസത്തോളം മാത്രമേ മീൻ കിട്ടൂ. പിന്നെ മറ്റു പഞ്ചായത്തുകളിലെ മത്സ്യവിഭവത്തെ ആശ്രയിക്കേണ്ടിവരുന്നു. ഒരു നിത്യതൊഴിലായി ഇതിനെ ആശ്രയിക്കാൻ കഴിയുന്നില്ല. കാരണം വേനൽകാഠിന്യത്തോടെ മിക്ക കുളങ്ങളും, പുഴകളും വറ്റുന്നു. പഴയ കാലങ്ങളിലുണ്ടായിരുന്ന വരാൽ, മുണ്ടത്തി മുതലായ മത്സ്യങ്ങളുടെ വംശനാശം സംഭവിച്ചുകഴിഞ്ഞു. വലിയകുളങ്ങളിലധികവും മത്സ്യവളർത്തലിന് വേണ്ടത്ര ഊന്നൽ കൊടുക്കുന്നില്ല. ഈ കുളങ്ങളിലെല്ലാം മത്സ്യകുഞ്ഞുങ്ങളെ ഫിഷറീസ് പദ്ധതിപ്രകാരം സബ്സിഡി പ്രകാരം വളർത്തിയാൽ വളരെ ഉപകാരപ്രദമാണ്.

മത്സ്യവിപണനത്തിന് പൊതുസംവിധാനം ഈ പഞ്ചായത്തിൽ ഒരു വാർഡിലും ഇല്ല വഴിയോരത്ത് ഇരുന്ന് മീൻ വില്ക്കുന്നവരാണ് ഇവരിൽ അധികവും. ആയതുകൊണ്ട് മത്സ്യവില്പനകേന്ദ്രങ്ങളിൽ മാലിന്യവും, ദുർഗന്ധവും പ്രശ്നങ്ങളുണ്ടാക്കുന്നു. ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മത്സ്യമാർക്കറ്റുകളുണ്ടാക്കി ജനങ്ങളുടെ ബുദ്ധിമുട്ടൊഴിവാക്കാൻ വേണ്ട നടപടി എടുക്കുക.

### മത്സ്യം സംബന്ധിച്ച വിവരം (കടൽ മത്സ്യങ്ങൾ)

| | |
|---|---|
| ജനുവരി മുതൽ മെയ് വരെ കിട്ടുന്നവ | അയല, മത്തി, ചൂട. |
| ജൂൺ മുതൽ ആഗസ്റ്റ് വരെ കിട്ടുന്നവ | ചെമ്മീൻ, അയല, മത്തി, ചൂട, മുള്ളൻ, മാന്തൾ. |
| സെപ്തംബർ മുതൽ മാർച്ച് വരെ കിട്ടുന്നവ | മുള്ളൻ, സ്രാവ്, ആവോലി, ഏട്ട, അരയ്ക്ക, കുടുത. |
| പുഴ, തോട്, കുളം ഇവയിൽനിന്ന് കിട്ടുന്നവ | കല്ലുത്തി, വരാൽ, മുശു, കടു, പരൽ, മുണ്ടത്തിപരൽ, വയമ്പ്, ആരൽ, വാള |

| | |
|---|---|
| ഉൾനാടൻ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ | 17 |
| മത്സ്യവിപണനം നടത്തുന്നവർ | 61 |

# സഹകരണ മേഖല

സമസ്ത ജനവിഭാഗങ്ങളുടെ എല്ലാവിധ പ്രശ്നങ്ങൾക്ക് താല്ക്കാലിക പരിഹാരത്തിനുവേണ്ടി എത്താവുന്ന ഒരു അഭയസങ്കേതമായി സഹകരണപ്രസ്ഥാനം മാറികൊണ്ടിരിക്കുകയാണ്. വായ്പ നല്കുന്നതിനു പുറമെ, കൃഷിക്കാരുടെ വിഭവങ്ങളുടെ സംഭരണം. സംസ്കരണം. വിപണനം, ഗ്രാമീണറോഡുകൾ, പാർപ്പിടങ്ങൾ, പാലങ്ങൾ, ചെറുകിടജലസേചന പദ്ധതികൾ, ആശുപത്രികൾ എന്നിവയുടെ നടത്തിപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾ കൂടി ഏറ്റെടുക്കുവാൻ സഹകരണ സ്ഥാപനങ്ങൾക്ക് കഴിയുമെന്ന അവസ്ഥയിൽ ഈ പ്രസ്ഥാനം എത്തിച്ചേർന്നിട്ടുണ്ട്.

കണ്ടാണശ്ശേരി പഞ്ചായത്ത് രൂപീകരിക്കുന്നതിനുമുമ്പ് ചൂണ്ടൽ പഞ്ചായത്തിലുണ്ടായിരുന്ന ഗ്രാമോദ്ധാരണ പരസ്പര സഹായസംഘം മെമ്പർമാരായിരുന്നു നമ്മുടെ കൃഷിക്കാർ. മറ്റത്തിൽ സ്വകാര്യവ്യക്തികൾ നടത്തിയിരുന്ന ബാങ്കുകളും, പണമിടപാടു സ്ഥാപനങ്ങളും ധാരാളമുണ്ടായിരുന്നു. ഋണബാധ്യതയിൽ മുങ്ങികിടക്കുകയായിരുന്ന ഈ പ്രദേശത്തുള്ള കൃഷിക്കാർ "ജനഉപകാരി ബാങ്ക്" എന്ന പേരിൽ അമിതമായ പലിശ ഈടാക്കി കൃഷിക്കാരുടെ വസ്തുവഹകൾ കൈക്കലാക്കിയിരുന്നു. ഹുണ്ടിക വ്യാപാരികളുടെ ചൂഷണത്തിൽനിന്ന് കൃഷിക്കാരെ രക്ഷിക്കുന്നതിനുവേണ്ടി ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നവർ സംഘടിച്ച് മറ്റം പരസ്പര സഹായ സഹകരണ സംഘം രൂപീകരിച്ചു. 15 - 06 - 1925 ൽ സംഘം രജിസ്റ്ററാക്കി. 1925 ഒക്ടോബർ മാസം 22-ാം തിയ്യതി പ്രവർത്തനം ആരംഭിച്ചു. സംഘത്തിന്റെ സ്ഥാപക പ്രസിഡണ്ട് ശ്രീ കെ. പി. ഐപ്പുണ്ണിയാണ്. ഈ പ്രദേശത്തെ സഹകരണപ്രസ്ഥാനത്തിന്റെ പിതാവാണ് അദ്ദേഹം. ഈ പ്രദേശത്ത് കൂനംമൂച്ചി പീപ്പിൾസ് സഹകരണസംഘവും പ്രവർത്തിച്ചിരുന്നു. 20 - 4 -1947-ൽ അത് പ്രവർത്തനം ആരംഭിച്ചു. ഈ രണ്ട് സഹകരണ സ്ഥാപനങ്ങളും ക്ളിപ്തപ്പെടുത്താത്ത ബാധ്യതയോടുകൂടിയാണ് പ്രവർത്തിച്ചിരുന്നത് പിന്നീട് രണ്ടു സംഘങ്ങളും ക്ലിപ്ത ബാധ്യതയോടുകൂടിയ സംഘമാക്കി മാറ്റുകയാണ് ഉണ്ടായത്. മറ്റം സർവ്വീസ് സഹകരണ ബാങ്ക് 1975-ൽ സുവർണ്ണജൂബിലിയാഘോഷിക്കുകയുണ്ടായി. 1975-ൽ തന്നെ സർവ്വീസ് സഹകരണ ബാങ്കാക്കി ഉയർത്തി. കൂനംമൂച്ചി പീപ്പിൾസ് സർവ്വീസ് സഹകരണസംഘം ബാങ്കാക്കി ഉയർത്തി.

## പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ

| സ്ഥാപനത്തിന്റെ പേര് | സ്ഥാ: വർഷം | അംഗ: എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ | ലാഭം നഷ്ടം |
|---|---|---|---|---|---|---|
| മറ്റം സർവ്വീസ് സഹകരണ ബാങ്ക് | 1925 | 4144 | 11 | 592085 | 68664967 | നഷ്ടം |
| കൂനംമൂച്ചി പീപ്പിൾസ് സർവ്വീസ് സഹകരണ ബാങ്ക് | 1947 | 3750 | 10 | 430000 | | |
| പട്ടികജാതി സർവ്വീസ് സഹകരണ സംഘം | 1990 | 288 | 1 | 300000 | | നഷ്ടം |
| മറ്റം ക്ഷീരവ്യവസായ സഹകരണ സംഘം | 1976 | 598 | 2 | 5980 | | " |
| കൂനമൂച്ചി ക്ഷീരവ്യവസായ സഹകരണസംഘം | 1977 | 1083 | 4 | 20000 | | " |
| കണ്ടാണശ്ശേരി പഞ്ചായത്ത് ഉപഭോക്തൃ സഹകരണസംഘം, അരിയന്നൂർ. | | | | | | |
| ബോയ്സ് ഹൈസ്കൂൾ സഹകരണസംഘം | | | | | | |
| ഗേൾസ് ഹൈസ്കൂൾ സഹകരണസംഘം | | | | | | |
| സോണൽ സ്കൂൾ പ്രൈമറി സഹകരണസംഘം | | | | | | |

മറ്റം സർവ്വീസ് സഹകരണബാങ്ക് 1975-ൽ 1 ലക്ഷം ഡെപ്പോസിറ്റുണ്ടാക്കി ബാങ്കാക്കി ഉയർത്തിയതുമുതൽ പടിപടിയായി നിക്ഷേപം വർദ്ധിച്ച് ഇപ്പോൾ 17367948 രൂപയായി ഉയർത്തിയിട്ടുണ്ട്. ബാങ്കിനെ മറ്റം സെന്ററിൽ സ്വന്തമായി പത്തുസെന്റ് ഭൂമിയും, നല്ല കെട്ടിടവും ഉണ്ട്. എല്ലാവിധ വായ്പകളും കൃഷിക്കാർക്കും അല്ലാത്തവർക്കും കൊടുക്കുന്നു. കൃഷിക്കാർക്കാവശ്യമായ വളം കീടനാശിനി എന്നിവ വിറ്റുവരുന്നു. സ്ഥാപനത്തിൽ 11 ജീവനക്കാരുണ്ട്. ഇപ്പോഴത്തെ പ്രസിഡണ്ട്. ശ്രീ. സി. നാരായണൻകുട്ടി മാസ്റ്ററാണ്. ബാങ്ക് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. എസ്റ്റാബ്ലിഷ്മെന്റ് ചിലവിൽ വരുന്ന വർദ്ധനയാണ് നഷ്ടത്തിനു കാരണം. സംഘങ്ങളുടെ പ്രവർത്തന മൂലധനം, വായ്പ ബാക്കി എന്നിവയെ അടിസ്ഥാനമാക്കിയുള്ള ക്ലാസിഫിക്കേഷൻ നോംസ് 1969-ൽ ഉണ്ടാക്കിയത് ഇപ്പോഴാണ് മാറ്റിയത്. പണത്തിന്റെ മൂല്യത്തിനനുസരിച്ച് ക്ലാസിഫിക്കേഷൻ നോംസിൽ വ്യത്യാസം വരുത്തിയതുകൊണ്ട് കൂടുതൽ ജീവനക്കാരെ നിയമിക്കേണ്ടതായി വന്നുചേർന്നു. ഇതിന്റെ ഫലമായി ശമ്പളച്ചെലവ് വർദ്ധിച്ചു. എല്ലാ സേവനപ്രവർത്തനങ്ങളും നടത്തിവരുന്നു. ഓണക്കാലത്ത് നിത്യോപയോഗസാധനങ്ങളുടെ വില പിടിച്ചു നിർത്തുന്നതിനു ഓണചന്തകൾ നടത്താറുണ്ട്. 63

മറ്റം സർവ്വീസ്സഹകരണ ബാങ്കിന്റെ പ്രവർത്തന പരധി അരിയന്നൂർ അമ്പലറോഡിന്റെ വടക്കുവരേയും, അമ്പലനടറോഡും, ചൊവ്വല്ലൂർപടി റോഡും തമ്മിൽ യോജിക്കുന്ന റോഡിന്റെ കിഴക്കുവശവും ചൊവ്വല്ലൂർപ്പടി റോഡിന്റെ വടക്കുവശവും, ആശാരിയുടെ ഇടവഴിയെന്നു പറയുന്ന പുറംപോക്കുവഴിയുടെ വടക്കുവശവും ഒഴിച്ചുള്ള കണ്ടാണശ്ശേരി പഞ്ചായത്ത് പ്രദേശമാണ്.

കൂനംമൂച്ചി പീപ്പിൾസ് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനപരിധി ചൂണ്ടൽ പഞ്ചായത്ത് ഒന്നാംവാർഡു മുതൽ അഞ്ചാം വാർഡ് ഉൾപ്പെടേയും കണ്ടാണശ്ശേരി ഒന്നാം വാർഡ് 2, 3, 9, 10 വാർഡുകൾ എന്നിവയുടെ ചില ഭാഗങ്ങൾ എന്നിങ്ങനെയാണ്.

140-ാം നമ്പർ മറ്റം സർവ്വീസ് സഹകരണ ബാങ്കിൽ 31-3-96 ന് 4144 മെമ്പർമാരാണ് അംഗങ്ങളായി ചേർന്നിട്ടുള്ളത്. ബാങ്കിന്റെ അംഗീകൃതമൂലധനം 5 87 460 രൂപയും ആണ്. ഒരു ഓഹരിയുടെ വില 10 രൂപയാണ്. ബാങ്കിനു പരമാവധി കടം എടുക്കാവുന്ന തുക 30361750 രൂപയാണ്, ഗവൺമെന്റ് ബാങ്കിൽ ഓഹരി എടുത്തിട്ടുള്ളത് 50000 രൂപയുള്ള 5000 ഓഹരികളാണ്. ഡെപ്പോസിറ്റ് 17367984 രൂപയാണ്. ഇതിൽ സ്ഥിര ഡെപ്പോസിറ്റ് 15031135 രൂപയാണ്. ഹ്യസ്വകാല ഡെപ്പോസിറ്റ് 2336839 രൂപയാണ്. മെമ്പർമാർക്ക് കാർഷികാവശ്യങ്ങൾക്ക് 1127133 രൂപ വായ്പ കൊടുത്തിട്ടുണ്ട്. ഈ പഞ്ചായത്തിൽ കൃഷി ചെയ്യുവാൻ പറ്റിയ ഭൂമി, വയലുകൾ 1524 ഏക്കറും കരഭൂമി 2059 ഏക്കറും ഉണ്ട്. കാർഷിക ഹ്യസ്വകാല വായ്പ ഇനത്തിൽ 2 കോടി രൂപയോളം വിതരണം നടത്തുവാൻ സാധിക്കും. കാർഷിക വായ്പ കൂടാതെ മെമ്പർമാരുടെ വിവധ ആവശ്യങ്ങൾക്ക് വസ്തു പണയത്തിന്മേൽ 2469540 രൂപ വായ്പ കൊടുത്തിട്ടുണ്ട്. ചെറുകിട കച്ചവടക്കാർക്ക് ബിസിനസ്സ് ഓവർ ഡ്രാഫ്റ്റ് ഇനത്തിൽ 488567 രൂപ വായ്പ കൊടുത്തിട്ടുണ്ട്. സ്വർണ്ണം പണ്ട പണയത്തിൻമേൽ 7182817 രൂപ വായ്പ കൊടുത്തിട്ടുണ്ട്. ബാങ്കിൽ മൊത്തം 11268057 രൂപയാണ് വായ്പ ബാക്കി നില്പുള്ളത്. ബാങ്ക് ജില്ലാ സഹകരണ ബാങ്കിൽനിന്ന് 1379740 രൂപയാണ് വിവിധ ആവശ്യങ്ങൾക്കായി വായ്പ എടുത്തിട്ടുള്ളത്. ബാങ്കിന്റെ ഒരു വർഷത്തെ മൊത്തം ടേൺ ഓവർ 68664967 രൂപയാണ്. ബാങ്ക് സ്വന്തം ഫണ്ടിൽനിന്നാണ് വായ്പ കൊടുത്തിട്ടുള്ളത്. ഇനിയും സ്വന്തം ഫണ്ടിൽനിന്ന് വായ്പ കൊടുക്കാനുണ്ട്.

കണ്ടാണശ്ശേരി പഞ്ചായത്ത് പട്ടികജാതി സഹകരണസംഘം 1990-ൽ പ്രവർത്തനം ആരംഭിച്ചു. ആകെ 288 മെമ്പർമാരാണുള്ളത് ഒരു ഓഹരിയുടെ വില 10 രൂപയാണ്.

മറ്റം സർവ്വീസ് സഹകരണ ബാങ്കിൽനിന്ന് നൽകിയിട്ടുള്ള വായ്പകളിൽ കാലാവധി കഴിഞ്ഞിട്ട് കുടിശ്ശികയായി 62937 രൂപ പിരിഞ്ഞുകിട്ടാനുണ്ട്. കാർഷികവായ്പ ഇനത്തിൽ 205643 രൂപയും മദ്ധ്യകാല വായ്പ വസ്തു പണയത്തിൻമേൽ 955001 രൂപയും ആൾജാമ്യമായ ഇനത്തിൽ 235500 രൂപയും, ഐ. ആർ. ഡി. പി. വായ്പയിനത്തിൽ 52179 രൂപയും കുടിശ്ശികയായി പിരിഞ്ഞ് കിട്ടാനുണ്ട്. എസ്റ്റാബ്ലിഷ്മെന്റ്

കണ്ടിജൻസീസ് ഇനത്തിൽ വർഷത്തിൽ 823412 രൂപ ചിലവ് വരുന്നുണ്ട്.

കുന്നംകുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹൗസിങ്ങ് സഹകരണസംഘം നമ്മുടെ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 32 മെമ്പർമാർക്ക് ഭവനനിർമ്മാണാവശ്യത്തിന് 1712000 രൂപ വായ്പയായി കൊടുത്തിട്ടുണ്ട്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ രണ്ടു ക്ഷീരവ്യവസായ സഹകരണസംഘം പ്രവർത്തിക്കുന്നു. മറ്റം ക്ഷീരവ്യവസായ സഹകരണ സംഘത്തിൽ 598 മെമ്പർമാർ ഉണ്ട്. പ്രവർത്തനം ആരംഭിച്ചത് 16 - 3- '76 ലാണ് ഒരു ഓഹരിയുടെ വില പത്ത് രൂപയാണ് പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 5980 രൂപയാണ്. സർക്കാർ ഈ സ്ഥാപനത്തിൽ ഓഹരി എടുത്തിട്ടില്ല,

ഒരു വർഷത്തിൽ സംഘത്തിൽ 69968 ലിറ്റർ പാൽ അളക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽമാത്രം 20130 ലിറ്റർ പാൽ കൊടുക്കുന്നു. ബാക്കി 49838 ലിറ്റർ പുറത്തേക്ക് കൊടുക്കുന്നുണ്ട്.

കൂനംമൂച്ചി ക്ഷീരവ്യവസായ സഹകരണസംഘം പ്രവർത്തനം ആരംഭിച്ചത് 26 - 9 - 1977 ലാണ്. ആകെ അംഗങ്ങൾ 1083 ആണ്. ഒരു ഓഹരിയുടെ വില പത്ത് രൂപയാണ്. സംഘത്തിന്റെ അംഗീകൃത ഓഹരി മൂലധനം 20000 രൂപയാണ്. പിരിഞ്ഞുകിട്ടിയ മൂലധനം 10830 രൂപയാണ്. സർക്കാർ ഓഹരിയില്ല. ഒരു വർഷത്തിൽ 108359 ലിറ്റർ അളക്കുന്നുണ്ട്. ഈ ഗ്രാമപഞ്ചായത്തിൽ 32411 ലിറ്റർ പാൽ വില്ക്കുന്നു. ബാക്കി 75948 ലിറ്റർ പാൽ പുറത്തേക്ക് കൊടുക്കുന്നുണ്ട്. കൊച്ചിൻ കാർഷിക വികസന ബാങ്ക് നമ്മുടെ ഗ്രാമപഞ്ചായത്തിൽ വായ്പ വിതരണം ചെയ്തിട്ടുണ്ട്.

കണ്ടാണശ്ശേരി പഞ്ചായത്ത് ഒരു ഉപഭോക്തൃ സഹരണസംഘം അറികന്നിയൂരിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് രണ്ടു ഹൈസ്ക്കൂൾ സഹകരണസംഘങ്ങളും, ഒരു സോണൽ സ്കൂൾ സഹകരണസംഘവും പ്രവത്തിക്കുന്നുണ്ട്. സ്കൂൾ സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളുടെ ഫലമായി സ്കൂൾ വിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാ സാധനങ്ങളും ഈ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നു. സ്വകാര്യ കച്ചവടക്കാരുടെ കൊള്ളലാഭത്തിൽനിന്നും ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നതിന് സ്കൂൾ സഹകരണസംഘങ്ങൾ ഉപകരിക്കുന്നു.

<u>പ്രശ്നങ്ങൾ</u>

1. മറ്റം സർവ്വീസ്സഹകരണസംഘവും കൂനംമൂച്ചി സർവ്വീസ് സഹകരണസംഘവും നഷ്ടത്തിൽ പ്രവർത്തിക്കുന്നു.
2. വായ്പകുടിശ്ശിക കൂടി വരുന്നു.
3. സർവ്വീസ്സഹകരണ ബാങ്കുകളിൽ ഡെപ്പോസിറ്റ് കുറയുന്നു.
4. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ വേണ്ടത്ര താല്പര്യം ഇല്ലാത്തവരും വേണ്ടത്ര വിദ്യാഭ്യാസമില്ലാത്തവരും ഭരണസമിതി അംഗങ്ങളാകുന്നു.
5. ജീവനക്കാർ സംഘങ്ങളുടെ വളർച്ചയിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല.
6. ജീവനക്കാർ ഭരണസമിതി അംഗങ്ങൾ, മെമ്പർമാർ എന്നിവർക്ക് വേണ്ട അറിവ് പകരുന്നതിനുള്ള സംവിധാനങ്ങൾ ഇല്ല.
7. സഹകരണമേഖലയിൽ കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം കാണുന്നു.
8. അർഹതയുള്ളവർക്കെല്ലാം അംഗത്വവും വായ്പകളും ലഭിക്കുന്നില്ല.
9. അനാവശ്യചിലവുകൾ - വരവറിയാതെ ചിലവാക്കൽ.
10. വായ്പ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സങ്കീർണ്ണമാണ്.
11. ക്ഷീരസംഘങ്ങൾ കൃത്യമായി പാൽവില നൽകുന്നില്ല. കാലിത്തീറ്റ, പുൽവിത്ത്, തുടങ്ങിയവ വേണ്ട രീതിയിൽ വിതരണം ചെയ്യുന്നില്ല.
12. വായ്പാരംഗത്ത് സ്വകാര്യ സ്ഥാപനങ്ങളുടേയും, വ്യക്തികളുടേയും കടന്നുകയറ്റം.
13. സഹകരണമേഖലയിൽ ഗവൺമെന്റിന്റെ കടന്നാക്രമണം.
14. ശ്രീകൃഷ്ണകോളേജിൽ സഹകരണ സംഘം പ്രവർത്തിക്കുന്നില്ല.
15. വിപണന സംസ്കരണ സഹകരണ സംഘങ്ങൾ വേണ്ടത്രയില്ല.
16. സംഘങ്ങളിൽ വനിതകളുടെ സജീവപങ്കാളിത്തമില്ല.

18. സംഘങ്ങളുടെ പൊതുയോഗങ്ങൾ പ്രയോജനപ്രദമായ രീതിയിൽ നടക്കുന്നില്ല.
19. പഞ്ചായത്തിലെ സഹകരണസംഘങ്ങളുടെ പ്രവർത്തനമേഖലയിൽ ജില്ലാ സഹകരണബാങ്ക് പ്രവർത്തിക്കുന്നു.

**സാധ്യതകൾ നിർദ്ദേശങ്ങൾ**

1. പ്രൈമറി തലത്തിലുള്ള ബാങ്കുകളിലും മറ്റു സഹകരണസ്ഥാപനങ്ങളിലും ഗവ. ഓഹരി എടുത്ത് സഹായിക്കണം.
2. സംഘങ്ങളുടെ കിട്ടാകടങ്ങൾക്ക് വർഷം തോറും നൽകിവരുന്ന ഗവ. സഹായം വർദ്ധിപ്പിക്കണം.
3. ഒരു പഞ്ചായത്തിൽ ഒരു പ്രൈമറി സഹകരണസംഘം, ഒറു ക്ഷീരവ്യവസായ സഹകരണസംഘം നോൺ ക്രെഡിററ് വിഭാഗത്തിൽ ഒരു സഹകരണസംഘം എന്നിങ്ങനെ പ്രവർത്തനപരിധി നിശ്ചയിക്കണം.
4. മാനേജീരിയൽ സബ്സിഡി, കെട്ടിട നിർമ്മാണവായ്പ, ഗോഡൗൺ സൗകര്യങ്ങൾ വർദ്ധിപ്പിക്കുനതിന് വായ്പ, ഗ്രാന്റ് എന്നിവ അനുവദിക്കണം.
5. സേവനംകൊണ്ട് ഉണ്ടായിട്ടുള്ള സംഘങ്ങളുടെ നഷ്ടത്തിന്റെ പകുതി സംഖ്യ ഗവൺമെൻറ് അനുവദിക്കണം
6. കൃഷിക്കാർക്ക് അനുവദിക്കുന്ന പ്രൊഡക്ഷൻ ബോണസ്സ് 50% പലിശയുടെ പകുതിയാക്കി വർദ്ധിപ്പിക്കണം.
7. ഓണചന്ത നടത്തുന്നതിൽ ഉണ്ടാകുന്ന നഷ്ടത്തിന് 5000 രൂപ വരെ ഗ്രാന്റ് അനുവദിക്കണം.
8. സഹകരണരംഗത്ത് നിലവിലുള്ള ത്രീ ടയർ സിസ്റ്റം ഒഴിവാക്കി ഗ്രാമപഞ്ചായത്തിനുള്ള പദ്ധതി വിഹിതം നേരിട്ടോ സംസ്ഥാന സഹകരണ ബാങ്ക് വഴിയോ പ്രൈമറി സംഘങ്ങൾക്ക് എത്തിച്ചുകൊടുക്കണം.

കാർഷിക സഹകരണ ബാങ്കുകൾ, ഹൗസിങ്ങ് സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവ വഴിയുള്ള വായ്പ നമ്മുടെ ഗ്രാമപഞ്ചായത്തിൽ നേരിട്ടുകൊടുക്കുന്ന സമ്പ്രദായം നിറുത്തൽ ചെയ്യണം. അങ്ങനെയുള്ള വായ്പകൾ ഗ്രാമപഞ്ചായത്ത് വഴിയോ, സംസ്ഥാന സഹകരണ ബാങ്ക് വഴിയോ പ്രൈമറി സംഘങ്ങൾക്ക് നേരിട്ടോ കൊടുക്കുവാൻ ആവശ്യമായ നിയമ ഭേദഗതികൾ നടത്തണം. എൻ. സി. ഡി. സി., റിസർവ്വ് ബാങ്ക്, നബാഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് പ്രൈമറി സംഘങ്ങൾക്ക് നേരിട്ട് സാമ്പത്തികസഹായം കൊടുക്കണം. ഗ്രാമപഞ്ചായത്തിലേക്ക് വരുന്ന ഫണ്ടുകൾ പ്രൈമറി സഹകരണബാങ്കുകളിൽ നിക്ഷേപിക്കണം.

ഗ്രാമപഞ്ചായത്തിൽ നോൺക്രെഡിക്റ്റ് മേഖലയിൽ ഒരു മൾട്ടിപർപ്പസ് സഹകരണസംഘം രൂപീകരിക്കണം. പച്ചക്കറി, ഔഷധച്ചെടി, പുഷ്പച്ചെടി, കോഴിവളർത്തൽ, പൊതുമരാമത്ത്പണി, വീടുനിർമ്മാണം, ഗ്രാമീണ കുടിൽ വ്യവസായം തുടങ്ങിയവ ഈ സഹകരണസ്ഥാപനങ്ങൾ വഴി വളർത്തിയെടുക്കുവാൻ സാധിക്കും. മൾട്ടിപർപ്പസ് സഹകരണസംഘത്തിൽ ഗുണഭോക്താക്കൾ ആകുവാൻ തയ്യാറുള്ളവരെ മാത്രമേ മെമ്പർമാരായി ചേർക്കുവാൻ പാടുള്ളൂ. ഇവർക്ക് വേണ്ട വായ്പാ സൗകര്യം ഗ്രാമപഞ്ചായത്ത് വഴിയോ, പ്രൈമറി സംഘം വഴിയോ വിതരണം ചെയ്യണം. ഒരു തരത്തിലും കക്ഷിരാഷ്ട്രീയ അടിസ്ഥാനത്തിലുള്ള തിരഞ്ഞെടുപ്പുകൾക്ക് അവസരം ഉണ്ടാക്കരുത്. ഗുണഭോക്താക്കളെ കണ്ടെത്തുനതിനും, പ്രാഥമിക പ്രവർത്തനങ്ങൾക്കും, വാർഡ് മെമ്പർമാരും, വാർഡ് കൺവീനർമാരും അടങ്ങുന്ന ഒരു പ്രൊമോട്ടേഴ്സ് കമ്മിറ്റി ഉണ്ടാക്കണം.

ആധുനിക ബിസിനസ് മാനേജ്മെന്റിനെ സംബന്ധിച്ച് സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും, ഭരണസമിതി മെമ്പർമാർക്കും, തിരഞ്ഞെടുക്കുന്ന അംഗങ്ങൾക്കും ബോധവത്ക്കരണം നടത്തുന്നതിന് ആവശ്യമായ ക്ലാസുകൾ ഗ്രാമതലത്തിൽ സംഘടിപ്പിക്കണം.

സഹകരണസ്ഥാപനങ്ങളിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും പ്രത്യേക പഠന ക്ളാസുകൾ സംഘടിപ്പിക്കണം. സ്ഥാപനത്തിന്റെ വളർച്ചക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, നടപ്പിലാക്കുന്നതിനും വേണ്ട ക്ലാസുകൾ കൊടുക്കണം.

ഗവൺമെന്റിന്റെ കടന്നാക്രമണം ഈ മേഖലയിൽ വളരെകാലമായി, ശക്തമായി അനുഭവപ്പെടുന്നു. സംഘങ്ങൾ പിടിച്ചെടുക്കാനും, തിരിച്ചുപിടിക്കാനും തിരഞ്ഞെടുപ്പുകളിൽ കൃത്രിമം കാണിക്കുന്നതിനും ഭരണയന്ത്രം അതാതു കാലത്തെ ഭരണകക്ഷിക്കാർ ഉപയോഗിക്കുന്നു. സഹകരണമേഖലയിൽ രജിസ്റ്റാറുടെ അധികാരങ്ങൾ വെട്ടിചുരുക്കേണ്ടതാണ്. രജിസ്റ്റാറുടെ അധികാരങ്ങൾ കുറച്ചാൽ അതാതുകാലങ്ങളിലെ ഭരണകക്ഷികൾക്ക് ഇഷ്ടംപോലെ സംഘങ്ങളെ പിരിച്ചുവിടുന്നതിന് സാധിക്കും.

നിലവിലുള്ള നിയമങ്ങളിൽ കാണുന്ന വ്യവസ്ഥകൾ പലതും സംഘങ്ങളുടെ ജനാദിപത്യസ്വഭാത്തിന് പ്രതികൂലമാണ്. സഹകരണനിയമത്തിലെ വകുപ്പ് 32 അനുസരിച്ച് പിരിച്ചുവിടുവാനുള്ള അധികാരം തുടങ്ങി ഒട്ടനവധി വകുപ്പുകൾ സംഘങ്ങളുടെ അഭ്യന്തര സ്വാതന്ത്ര്യത്തേയും ജനാധിപത്യസ്വഭാവത്തേയും ഹനിക്കുന്നതാണ്. ഈ വകുപ്പുകളിൽ അവശ്യമായ മാറ്റം ഉണ്ടാകേണ്ടതാണ്. സഹകരണ സ്ഥാപനങ്ങളിലെ മെമ്പർമാരുടെ ഹിതം എന്തെന്ന് അറിയുന്നതിനുള്ള വേദിയായി പൊതുയോഗത്തെ മാറ്റിതീർക്കണം അതിന് അമ്പതോ, നൂറോ മെമ്പർമാർക്ക് ഒരു മെമ്പർ എന്ന തോതിൽ പ്രാതിനിധ്യ ജനറൽ ബോഡി നമ്മുടെ ഗ്രാമപഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങലിലും ഏർപ്പെടുത്തണം.

നമ്മുടെ ഗ്രാപഞ്ചായത്തിൽ ഉല്പാദന സഹകരണ സംഘങ്ങളും, ഗ്രാമപഞ്ചായത്ത്വികസന പദ്ധതികളുമായി ബന്ധപ്പെട്ടുള്ള മാർക്കറ്റിംഗ് സർവ്വീസ്സംഘങ്ങളും സ്ഥാപിക്കണം. കാർഷികമേഖലയിലുള്ള എല്ലാ ആവശ്യങ്ങളും നമ്മുടെ നിലവിലുള്ള സർവ്വീസ് സഹകരണബാങ്കുകളിൽ നിന്നുതന്നെ ലഭിക്കുന്നതിനാവശ്യമായ പ്രവർത്തനം ഗ്രാമപഞ്ചായത്തുവഴി നടപ്പിലാക്കണം. സഹകരണബാങ്കുകൾ കർഷകന്റെ കാമധേനു ആയി മാറണം. സഹകരണപ്രസ്ഥാനത്തിൽ നിസ്സഹകരണ പ്രസ്ഥാനം കടന്നുകൂടാതിരിക്കാൻ ശ്രദ്ധിക്കണം. സഹകരണമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം ശക്തിപ്പെടുത്തണം. നിലവിലുള്ള സഹകരണസ്ഥാപനങ്ങളിൽ സ്ത്രീകളുടെ ഉന്നമനത്തിനും അഭിവൃദ്ധിക്കും വേണ്ടിയുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുവഴി നടപ്പിലാക്കണം. കോപ്പറേറ്റീവ് മാനേജ്മെന്റിൽ വനിതകൾക്ക് ആനുപാതിക പ്രാധിനിത്യം ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. സ്ത്രീകളായ മെമ്പർമാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യണം. പത്ത് സ്ത്രീകളടങ്ങുന്ന ഒരു ഗ്രൂപ്പിനെ അവരുടെ അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ ഏർപ്പെടുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്തുകൊടുക്കണം. സ്ത്രീകൾക്ക് അത്തരം വ്യവസായ യൂണിറ്റ് തുടങ്ങുന്നതിനുള്ള വായ്പ സർവ്വീസ് സഹകരണബാങ്കുകളിൽകൂടി ലഭ്യമാക്കണം. ഓരോ യൂണിററിനും ആവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി അതിന്റെ പകുതി സബ്സിഡിയും, വായ്പയുമായി കൊടുക്കുന്നതിനുള്ള ഓരോ വർഷവും 25 യൂണിറ്റ് വീതം ഉണ്ടാകുന്നതിനുള്ള സംഖ്യ പദ്ധതി വകയിരുത്തണം. ഏകദേശം 25 ലക്ഷം രൂപയെങ്കിലും വകയിരുത്തണം.

ഗ്രാമപഞ്ചായത്ത് വികസന പദ്ധതികളുമായി ബന്ധപ്പെട്ടിട്ടുള്ള മാർക്കറ്റിംഗ് നടത്തുന്നതിനും കാർഷിക മേഖലയിലുള്ള എല്ലാ ആവശ്യങ്ങളും നിറവേററുന്നതിനുള്ള പ്രവർത്തനസംഖ്യ പദ്ധതിയിൽ വകയിരുത്തണം. സബ്സിഡിയോടുകൂടി എൻ. സി. ഡി. സി. വഴി കൃഷിക്കാർക്ക് കൊടുക്കുന്ന കാർഷികോപകരണങ്ങൾ, ട്രാക്ടർ, മെതിയന്ത്രം, പവർട്രില്ലർ, ഞാറുനടീൽയനന്ത്രം തുടങ്ങിയവ സഹകരണബാങ്കുവഴി കൃഷിക്കാക്ക് എത്തിച്ചുകൊടുക്കണം.

എൻ. സി. ഡി. സി, കേരളാ സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷൻ എന്നിവയുമായി ബന്ധപ്പെട്ട് നമ്മുടെ ഗ്രാമപഞ്ചായത്തിൽ സർവ്വീസ് സഹകരണ ബാങ്കുവഴി കൺസ്യൂമർ സാധനങ്ങൾ വില്പന നടത്തണം. അതിനാവശ്യമായ സാമ്പത്തികസഹായം ഗ്രാമപഞ്ചായത്ത് വഴി എത്തിച്ചുകൊടുക്കണം.

പ്രൈമറി തലത്തിൽ പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ ഡപ്പോസിറ്റു മുഴുവൻ സർവ്വീസ്സഹകരണബാങ്കിൽ നിക്ഷേപിക്കുന്നതിനാവശ്യമായ ബോധവത്ക്കരണം പഞ്ചായത്തു തലത്തിൽ നടത്തണം.

അർഹതയുള്ള എല്ലാവർക്കും മെമ്പർഷിപ്പ് കൊടുത്തണം. അർഹരായവർക്ക് മെമ്പർഷിപ്പും,

വായ്പാസൗകര്യങ്ങളും ലഭ്യമാകുന്നുണ്ടെന്ന് ബോധ്യമായാൽ തന്നെ ഡെപ്പോസിറ്റും അതിനനുസൃതമായി വർദ്ധിക്കും.

നമ്മുടെ ബാങ്കിന്റെ വ്യാപാര അതിർത്തിയിൽ നിന്ന് ജില്ലാസഹകരണബാങ്ക് ഡെപ്പോസിററ് വാങ്ങിക്കുന്നതും, വായ്പ കൊടുക്കുന്നതും നിർത്തൽ ചെയ്യുന്നതിനാവശ്യമായ നടപടിയുണ്ടാകണം.

പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണബാങ്ക് എന്നടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

സ്വകാര്യ ബ്ലെയിഡുകമ്പനികളുടെ നിയന്ത്രിക്കണം. സർവ്വീസ് സഹകരണബാങ്കുകളിൽകൂടി ലളിതമായ വ്യവസ്ഥയിൽ മെമ്പർമാർക്കാവശ്യമായ വായ്പ കൊടുക്കുന്നതിനും തവണ വ്യവസ്ഥയിൽ വീടുകളിൽപോയി കളക്ഷൻ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈകൊള്ളണം.

ആഴ്ച, മാസപതിപ്പുകളിലുമായി ഡെപ്പോസിറ്റ് സ്വീകരിച്ച് അതിന്റെ ഈടിൻമേൽ വായ്പകൊടുക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കണം.

ചൊവ്വല്ലൂരിൽ സർവ്വീസ് സഹകരണബാങ്കിന്റേയും ക്ഷീരവ്യവസായ സഹകരണസംഘത്തിന്റേയും ഒരു ബ്രാഞ്ച് സ്ഥാപിക്കണം. ഈ ദാഗത്തുള്ളവർക്ക് ആവശ്യമായ വായ്പകൾ കൊടുക്കുന്നതിന്നുള്ള സംവിധാനം ഉണ്ടാക്കണം.

തൊഴിലധിഷ്ഠിത സഹകരണസംഘങ്ങൾ സഹകരണ കോളേജുകൾ എന്നിവ തുടങ്ങുന്നതിന്നാവശ്യമായ പ്രവർത്തനങ്ങൾ ഉണ്ടാക്കണം.

<u>ഈ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടിത്തുന്നതിന്നും പുതിയ സംഘങ്ങൾ രൂപീകരിക്കുന്നതിനും ആവശ്യമായ മറ്റു ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.</u>

1. സഹകരണ സ്ഥാപനങ്ങളുൽ ഗവൺമെന്റ് ഓഹരി എടുക്കുന്നതിനുള്ള വിഹിതം നിശ്ചയിക്കൽ.
2. കിട്ടാകടങ്ങൾക്ക് സർവ്വീസ് സഹകരണബാങ്കിൽ ഔട്ട്റൈറ്റ് ഗ്രാന്റ് അനുവദിക്കണം.
3. സർവ്വീസ്സഹകരണ ബാങ്കുകൾക്ക് ഓണചന്ത നടത്തുന്നതിനുള്ള ഗ്രാന്റ്.
4. സേവനംകൊണ്ട് സർവ്വീസ്സഹകരണബാങ്കുകൾക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് ഗ്രാൻറ്.
5. സഹകരണസ്ഥാപനങ്ങൾക്ക് കെട്ടിടം ഫർണ്ണീച്ചർ എന്നിവ വാങ്ങുന്നതിന് ഗ്രാന്റ്.
6. കാർഷികവായ്പയ്ക്കുള്ള പലിശ സബ്സിഡി
7. സഹകരണസ്ഥാപനങ്ങൾക്ക് മേനേജീരിയിൽ സബ്സിഡി.
8. സ്ത്രീകൾ തുടങ്ങുന്ന സഹകരണവ്യവസായ യൂണിറ്റുകൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള ഗ്രാന്റ്.
9. ക്ഷീരവ്യവസായ സഹകരണസംഘങ്ങൾക്ക് പുൽകൃഷിവികസനത്തിന് മാതൃകാതൊഴുത്തു നിർമ്മാണത്തിന് ഗ്രാന്റ്.

കാർഷിക സമ്പർക്ക പരിപാടി, ധാതുലവണമിശ്രിതം, വിറ്റമിൻ സപ്ലിമെന്റ്, ശുദ്ധമായ പാലുല്പാദന കിറ്റ്, പുൽകൃഷി വികസനപദ്ധതി, സംഘങ്ങൾ വഴി പുൽവ്യാപാരം നടത്തുന്നതിനുള്ള സഹായം, സംഘങ്ങൾക്ക് പുല്ല്, വൈയ്ക്കോൽ എന്നിവ വാങ്ങി സൂക്ഷിക്കാൻ ദീർഘകാല പുൽകൃഷിക്ക് പ്രത്യേക ഘടകപദ്ധതി എന്നീ ആവശ്യങ്ങൾക്കുള്ള ഗ്രാന്റ് അനുവദിക്കാൻ ആവശ്യമായ സംഖ്യ ആസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

കൺസ്യൂമർ സംഘങ്ങൾ, വിപണന സംഘങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങൾ, സഹകരണ കോളേജ്, സ്കൂൾ സഹകരണ സംഘം, എന്നീ സഹകരണസ്ഥാപനങ്ങളുടെ സജീവ പ്രവർത്തനത്തിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം.

<u>സർവ്വീസ് സഹകരണ ബാങ്കുകളിലെ മെമ്പർമാക്ക് അവരുടെ വിവിധങ്ങളായ ആവശ്യങ്ങൾക്ക് താഴെപറയുന്ന വിധത്തിൽ പദ്ധതി വായ്പകൾ ലഭ്യമാക്കണം.</u>

1. കാർഷിക ഹ്രസ്വകാലവായ്പ
2. കിണർ
3. പമ്പുസെറ്റ്, സ്പ്രെയർ, ട്രാക്ടർ, പവർട്രില്ലർ, കൊയ്ത്തുയന്ത്രം, ഞാറുനടീൽ യന്ത്രം, കോഴിവളർത്തൽ, പശുവളർത്തൽ, ആടുവളർത്തൽ, കൃഷിക്കും അനുബന്ധവ്യവസായങ്ങൾക്കും, ഭക്ഷണപദാർത്ഥങ്ങൾക്കും, ആഭരണം, മരം, കുരുമുളക് സംസ്കരണം, തുകൽ വ്യവസായം, ഇക്ട്രിക്കൽ റിപ്പയർ വർക്ക്ഷോപ്പ്, ഗ്രാമീണ കുടിൽവ്യവസായം, കൊപ്ര സംസ്കരണം, ടൈലറിംഗ്. നേന്ത്രക്കായ ചിപ്സ്, ബേക്കറി, കുട, പുസ്തകനിർമ്മാണം, ചെറുകിടകച്ചവടം, സ്വയംതൊഴിൽ, വീട് നിർമ്മാണം എന്നീ ആവശ്യങ്ങൾക്കും നബാർഡിൽനിന്ന് വായ്പ ലഭ്യമാകണം.

◆ ◆ ◆

# സാമൂഹ്യക്ഷേമം

കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്തിൽ 4893 കുടുംബങ്ങളിലായി 9854 പുരുഷൻമാരും 11,183 സ്ത്രീകളുമാണ് ഉള്ളത്. ഇതിൽ തന്നെ **I.R.D.P.** സർവ്വേ പ്രകാരം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 19882 കുടുംബങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട 110 കുടുംബങ്ങളുണ്ട്. ദാരിദ്ര രേഖയ്ക്കു താഴെയുള്ളവരും താഴ്ന്ന വരുമാന വിഭാഗക്കാരുമായി ആകെ കുടുംബങ്ങളിൽ 65% വരും. ഗൾഫ് വരുമാനവും മറ്റു വ്യാവസായിക മേഖലയിലെ തൊഴിൽ സാധ്യതകളും പരമ്പരാഗത കൃഷിരീതിയും മൂലം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടേയും താഴ്ന്ന വരുമാന വിഭാഗക്കാരുടേയും ജീവിത നിലവാരം ഉയരാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരത്തിൽ ഏറെക്കുറെ തുല്യത കൈവരുന്നുവെങ്കിലും തൊഴിൽ രംഗങ്ങളിൽ സ്ത്രീ-പുരുഷ അന്തരം പ്രകടമാണ്. തൊഴിലെടുക്കുന്ന പുരുഷൻമാർ 65.89% ഉള്ള ഈ പഞ്ചായത്തിൽ തൊഴിൽ രംഗത്തേക്ക് കൂടുതൽ സ്ത്രീകളെ കൊണ്ടുവരേണ്ടതാണ്. ദാരിദ്ര്യ ജനവിഭാഗങ്ങളിൽ ജാതിപരമായ ഉച്ചനീചത്വം ഇല്ലെന്നു മാത്രമല്ല സൗഹാർദ്ദ അയൽപക്ക ബന്ധത്തോടെ കൂട്ടായ്മയോടെ പ്രാദേശിക സവിശേഷതകളോടെ ജീവിച്ചു പോരുന്നു.

വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ദാരിദ്ര്യ - നിർമ്മാർജ്ജനത്തിനുള്ള പദ്ധതികളും, കാർഷിക മേഖലയിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പദ്ധതികളും വിവിധ വിഭാഗക്കാർക്കുള്ള പെൻഷൻ ധനസഹായ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. പ്രതിവർഷം ശരാശരി 40 കുടുംബങ്ങൾക്കാണ് ഐ.ആർ.ഡി.പി. പദ്ധതി പ്രകാരമുള്ള ആനുകൂല്യം അനുവദിക്കാൻ കഴിയുന്നത്. അർഹരായ മുഴുവൻ പേർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നു മാത്രമല്ല അർഹരായ ഏറ്റവും താഴെക്കിടയിലുള്ളവർക്ക് ആനുകൂല്യം കിട്ടുന്ന അവസ്ഥ നിലവിലുണ്ടോ എന്ന കാര്യം കൂടി പരിശോധിക്കേണ്ടതാണ്.

## വിവിധ പെൻഷനുകൾ ലഭിക്കുന്നവരുടെ വിവരം

| | |
|---|---|
| അവശ കലാകാരൻമാർക്കുള്ള പെൻഷൻ | NIL |
| വാർദ്ധക്യ കാല പെൻഷൻ | 41 |
| കാൻസർ രോഗികൾക്കുള്ള പെൻഷൻ | 5 |
| വികലാംഗ പെൻഷൻ | 25 |
| വിധവ പെനൻഷൻ | 43 |
| കുഷ്ഠ രോഗികൾക്കുള്ള പെൻഷൻ | NIL |
| കർഷക തൊഴിലാളി പെൻഷൻ | 50 |
| തൊഴിലില്ലായ്മ വേതനം | 15 |

പഞ്ചായത്തിൽ ട്രൈസം-തൊഴിൽ പരിശീലനം നേടിയവർ 51 പേരാണ്. ഇതിൽ സ്വയം തൊഴിൽ കണ്ടെത്തിയവർ 27 പേരും, ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ 12 പേരും അവശേഷിക്കുന്നവർ 12 പേരുമാണ്. **D.W.C.R.S.** പദ്ധതി പ്രകാരം 1994 - 1995 വർഷത്തിൽ തുടങ്ങിയ കിഴക്കാളൂരിൽ എട്ടാം വാർഡിൽ 10 പേരടങ്ങുന്ന മൺപാത്ര നിർമ്മാണ യൂണിറ്റ് നടന്നുകൊണ്ടിരിക്കുന്നു. ഏഴാം വാർഡിലെ ആളൂർ തിരുത്തിയിൽ 95 - 96 വർഷത്തിൽ ആരംഭിച്ച 10 പേരടങ്ങുന്ന എസ്സ്ലിബിൾ ചിപ്പ്സ് ഒരു വിധം ഭംഗിയായി നടക്കുന്നുണ്ട്. **D.W.R.C.A.**പദ്ധതികളും, ട്രൈസം- തൊഴിൽ പരിശീനവും പഞ്ചായത്ത് തലത്തിൽ വ്യാപിപ്പിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ ദാരിദ്രജന വിഭാഗങ്ങൾക്ക് കക്കൂസുകളുടെ ആവശ്യവും ലഭ്യതയും സംബന്ധിച്ച കണക്ക് താഴെ കൊടുക്കുന്നു.

| വാർഡ് നമ്പർ | സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം ( I.R.D.P. സർവ്വേ പ്രകാരം ) | വിവിധ പദ്ധതികളിലായി അനുവദിച്ച കക്കൂസുകളുടെ എണ്ണം ( 1992 നു ശേഷം ) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 45 | CRSP 2 | 1 | 43 |
| II | 93 | CRSP 1 | 1 | 92 |
| III | 72 | CRSP 2 | 2 | 70 |
| IV | 92 | CRSP 1 | 1 | 91 |
| V | 48 | CRSP 1 | 1 | 47 |
| VI | 67 | CRSP 2 | 2 | 65 |
| VII | 127 | CRSP 2 | 1 | 125 |
| VIII | 92 | CRSP 20 | 20 | 72 |
| IX | 70 | CRSP 3 | 3 | 67 |
| X | 95 | CRSP 1 | 1 | 94 |

വിവിധ ധനസഹായങ്ങൾ പൊതുവേ നീതിപൂർവ്വമാണ് കൊടുത്തുവരുന്നത് എന്നാലും തൊഴിലില്ലായ്മ വേതനവും തൊഴിലില്ലാത്തവർക്ക് മുഴുവൻ നൽകുന്നതിനോ തൊഴിലുള്ളവരെ ഒഴിവാക്കുന്നതിനോ വേണ്ടത്ര ശ്രദ്ധ കൊടുത്തു കാണിന്നില്ല. നിർമ്മാണ തെഴിലാളി, കർഷക തൊഴിലാളി ക്ഷേമ പദ്ധതികൾ പഞ്ചായത്തുകളുടെ കീഴിൽ വർദ്ധിപ്പിക്കേണ്ടതാണ്. കർഷക തൊഴിലാളികലക്കും മററു തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർക്കും ക്ഷേമ പദ്ധതികളോ ഇൻഷുറൻസ് പദ്ധതികളോ നടപ്പിൽ വരുത്താൻ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. സാമൂഹ്യ ക്ഷേമ പദ്ധതി പ്രകാരം വിവിധ പെൻഷനുകൾ ലഭിക്കുന്നവർ ഉണ്ടെങ്കിലും കൊടുക്കുന്ന പെൻഷനുകൾ കൃത്യമായി കിട്ടാത്ത മാസങ്ങളോളം മുടങ്ങിക്കിടക്കുന്ന അവസ്ഥയുണ്ട്. ധനസഹായത്തിന് അപേക്ഷ നൽകിയവരുടെ അപേക്ഷ ശരിയാം വണ്ണം വെരിഫിക്കേഷൻ നടത്താതെ അപേക്ഷ തള്ളുന്ന ഇന്നത്തെ അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തേണ്ടതുണ്ട്. അർഹരായവർക്കെല്ലാം ധനസഹായം അനുവദിക്കുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായാൽ ഒരളവു വരെ അർഹരായവർക്ക് ധനസഹായം കിട്ടും. സാമൂഹ്യക്ഷേമ വകുപ്പു വഴി നടപ്പാക്കിവരുന്ന വിവിധ സ്കീമുകളെ കുറിച്ച് ജനങ്ങളെ അറിയിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. സാമൂഹ്യ ക്ഷേമ വകുപ്പു വഴി നടപ്പാക്കി വരുന്ന വിവിധ സ്കീമുകൾ ഗ്രാമ പഞ്ചായത്ത് വഴി നടപ്പാക്കേണ്ടതുമാണ്.

**I.R.D.P.** ലിസ്റ്റിൽ അനർഹ കുടുംബങ്ങൾ ഉൾപ്പെട്ടിരിക്കുന്ന ഇന്നത്തെ അവസ്ഥ മാറ്റി അനർഹരെ ഒഴിവാക്കി ധനസഹായം നൽകുന്ന രീതിയിൽ പദ്ധതി ആസൂത്രണം ചെയ്യേണ്ടതുണ്ട്. **I.R.D.P.** വാർഷിക വരുമാന മാനദണ്ഡം മാറ്റണം. ഗുണ ഭോക്താക്കൾക്ക് ധനസഹായം കൊടുക്കുമ്പോൾ ഇപ്പോൾ ബാങ്ക് മാനേജർക്കുള്ള റിസ്ക്ക് (**Risk**) ഒഴിവാക്കി ധനസഹായം പൂർണ്ണമായി കൊടുക്കുവാൻ അവസരം ഉണ്ടാക്കുകയോ ഇപ്പോഴുള്ള രീതി മാറ്റി ഗ്രാമ പഞ്ചായത്തു വഴി ധനസഹായം കൊടുക്കുവാൻ ഏർപ്പാടാക്കുകയോ വേണം. കേരളത്തിൻെറ തനതായ പ്രാദേശിക ജീവിത നിലവാരം വെച്ച് ദാരിദ്ര്യ രേഖ നിർണ്ണയിക്കുകയും സബ്സിഡി സംഖ്യ കൂട്ടുകയും വേണം. **I.R.D.P.** ലിസ്ററിൽ പെട്ട കുടുംബങ്ങളിൽ കക്കൂസ് സൗകര്യം ഇല്ലാത്ത 766 വീട്ടുകാർ ഉണ്ട്. ഇവർക്കായി പ്രത്യേക സ്കീം തയ്യാറാക്കേണ്ടതുണ്ട്.

പാവപ്പെട്ടവർക്കു മാത്രം പ്രയോജനം കിട്ടുന്ന സാമൂഹ്യ ആസ്തികളെയാണ് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിലൂടെ കണ്ടേത്തേണ്ടത്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ ആസൂത്രണത്തിൻെറ ആദ്യ പടിയായി ചെയ്യേണ്ടത് ദരിദ്ര ജന സമൂഹങ്ങളെയും അവർ കൂട്ടായി താമസിക്കുന്ന പ്രദേശങ്ങളെയും കണ്ടെത്തുകയുമാണ്. പട്ടികജാതി ആവാസ സങ്കേതങ്ങൾ, ലക്ഷം വീടു കോളനികൾ നിർദ്ധനർ വസിക്കുന്ന പ്രദേശങ്ങൾ എന്നിവയിൽ D.W.C.R.A. പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്. ഈ വിഭാഗത്തിൽ പെട്ട സ്ത്രീകളുടെ വരുമാന ശേഷി വർദ്ധിപ്പിക്കുകയാണെങ്കിൽ കുടുംബത്തിൻെറ മൊത്തം ജീവിത ഗുണ നിലവാരം, പ്രത്യേകിച്ച് കുട്ടികളുടെ ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവ കാര്യമായി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. ഇവർക്കായി തൊഴിൽ പരിശീലനം പഞ്ചായത്തു തലത്തിൽ കൊടുക്കാൻ കഴിഞ്ഞാൽ ഭക്ഷ്യ സംസ്ക്കരണം, കാർഷിക ഉൽപ്പന്ന സംസ്ക്കരണം തുടങ്ങിയ വ്യവസായ സംരഭങ്ങൾ കോളനികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

## കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്

ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| I | 132 | 8 | 9 | 5 | 3 | 129 |
| II | 194 | 8 | 9 | 5 | 2 | 192 |
| III | 189 | 13 | 10 | 2 | 2 | 187 |
| IV | 234 | 28 | 9 | 3 | 2 | 232 |
| V | 145 | 7 | 9 | 2 | 1 | 144 |
| VI | 173 | 16 | 8 | 2 | 1 | 172 |
| VII | 334 | 27 | 18 | 9 | 4 | 330 |
| VIII | 230 | 12 | 12 | 4 | 4 | 226 |
| IX | 163 | 6 | 3 | 2 | 1 | 162 |
| X | 188 | 13 | 3 | 2 | 3 | 185 |
| | 1982 | 138 | 90 | 36 | 23 | 1959 |

സാമൂഹ്യക്ഷേമത്തിന് വേണ്ടി ചെലവഴിച്ച സംഖ്യ

| | | |
|---|---|---|
| 90 - 91 | - | 152400/- |
| 91 - 92 | - | 88800/- |
| 92 - 93 | - | 86700/- |
| 93 - 94 | - | 4000/- |

ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| ക്രമ നമ്പർ | പരിശീലന വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | ശേഷിക്കുന്നവർ |
|---|---|---|---|---|---|
| I | ടി. വി, റേഡിയോ | 1 | 1 | - | Nil |
| II | ടി.വി., റേഡിയോ | 1 | 1 | - | Nil |
| | ഹാൻറ് ലൂം വീവിങ്ങ് | 2 | - | 2 | |
| | ഓട്ടോ മെക്കാനിസം | 1 | 1 | - | |
| III | ഹാൻറ് ലൂം വീവിങ്ങ് | 3 | - | 2 | 1 |
| | ടെയ്ലറിംഗ് | 1 | 1 | - | - |
| | പ്ലാസ്റ്റിക്ക് കെയിൻ വർക്ക് | 2 | 1 | 1 | - |
| | പ്രിൻറിങ്ങ്, കമ്പോസിങ്ങ് | 3 | 2 | - | - |
| IV | ഹാൻറ് ലൂം വീവിങ്ങ് | 3 | - | - | 3 |
| | ബുക്ക് ബൈൻറിങ്ങ് | 1 | 1 | - | - |
| V | ഹാൻറ് ലൂം വീവിങ്ങ് | 4 | - | - | 4 |
| | ഓട്ടോ മെക്കാനിസം | 1 | 1 | - | - |
| | എംബ്രോയ്ഡറി | 2 | 2 | - | - |
| VI | എംബ്രോയ്ഡറി | 1 | 1 | - | - |
| | വെൽഡിങ്ങ് | 1 | 1 | - | - |
| | ഹാൻറ് ലൂം വീവിങ്ങ് | 4 | - | - | 4 |
| VII | ടി.വി., റേഡിയോ | 1 | - | - | - |
| | പ്ലാസ്റ്റിക്ക് കെയിൻ വർക്ക് | 1 | 1 | - | - |
| | ബുക്ക് ബൈൻറിങ്ങ് | 1 | - | - | 1 |
| | ഡയമൻറ് കട്ടിങ്ങ് | 1 | 1 | - | - |
| | ബ്യൂട്ടീഷൻ | 1 | 1 | - | - |
| | ടൈപ്പ് റൈറ്റിങ്ങ് | 1 | 1 | - | 1 |
| VIII | മൺപാത്ര നിർമ്മാണം | 10 | 10 | - | Nil |
| IX | ടി.വി., റേഡിയോ | 1 | - | 1 | Nil |
| | ഹാൻറ് ലൂം | 2 | - | 2 | |
| | പ്ലാസ്റ്റിക്ക് കെയിൻ വർക്ക് | 2 | - | 2 | |
| X | ഹാൻറ് ലൂം | 2 | - | 2 | Nil |

സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളുടെ പ്രധാന കേന്ദ്രമായി അംഗൻവാടികകളെ മാറ്റികൊണ്ട് ഇത്തരം സെൻററുകൾക്ക് ഇന്നുള്ള സാമൂഹ്യ പ്രാധാന്യം വൻതോതിലുയർത്താനാവും. 1500 ജനസംഖ്യക്ക് ഒരു അംഗൻവാടി സ്ഥാപിക്കുകയും വാർഡിൽ ഒരോ സാമൂഹ്യക്ഷേമകേന്ദ്രം അനുവദിക്കുകയും വേണം. ദുർബല വിഭാഗങ്ങളിലെ ജനങ്ങൾക്ക് പോഷകാഹാര കുറവ് നികത്താനും രോഗ പ്രതിരോധ നിലവാരം ഉയർത്താനും സാമൂഹ്യക്ഷേമ കേന്ദ്രം ഉപയുക്തമാക്കാം. പഞ്ചായത്തിൽ ചില വാർഡുകളിൽ മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കൂട്ടായി മഹിളകളെ യോജിപ്പിച്ച് പ്രവർത്തിക്കാത്ത അവസ്ഥ

നിലവിലുണ്ട്. ഇത് പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ബാലവാടികളേയും ക്രഷെകളെയും അംഗൻവാടികളായി ഉയർത്തുകയും 1500 ജനസംഖ്യക്ക് ഒരു അംഗൻവാടി രൂപപ്പെടുത്തേണ്ടതുണ്ട്.

സാധ്യതകൾ, നിർദ്ദേശങ്ങൾ

1. വാർഡുകൾ തോറും അംഗൻ വാടികൾ സ്ഥാപിക്കുക.
2. സാമൂഹ്യ പ്രവർത്തനങ്ങൾ ജനങ്ങളെ അറിയിക്കുന്നതിന് പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കുക.
3. സാമൂഹ്യക്ഷേമ ധനസഹായങ്ങൾ പഞ്ചായത്തു വഴി നടപ്പിലാക്കുക.
4. പഞ്ചായത്ത് തലത്തിൽ ഉപഭോക്ത ഫോറങ്ങൾ സ്ഥാപിക്കേണ്ടതും, ഉപഭോക്താക്കൾക്ക് ബോധ വൽക്കരണം നൽകേണ്ടതുമാണ്.
5. എയ്ഡ്സ് പോലുള്ള മാരക രോഗങ്ങൾക്ക് എതിരെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
6. പട്ടികജാതി ആവാസ കേന്ദ്രങ്ങൾ, ലക്ഷംവീടു കോളനികൾ, കുഭാര കോളനികൾ ദുർബല വിഭാഗക്കാർ കൂട്ടായി താമസിക്കുന്നിടങ്ങൾ എന്നിവയിൽ **DWCRA** യൂണിറ്റുകൾ സ്ഥാപിക്കുക.
7. ട്രൈസം പരിശീലനം പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കുക, പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാദ്ധ്യത കണ്ടെത്തുന്നതിന് ധനസഹായം കൊടുക്കുക.
8. നിർമ്മാണ തൊഴിലാളി - കർഷക തൊഴിലാളി ക്ഷേമ പദ്ധതികൾ പഞ്ചായത്തുകളുടെ കീഴിൽ വ്യാപകമായും വർദ്ധിപ്പിക്കേണ്ടതാണ്.
9. ദുർബല വിഭാഗത്തിൽ പെട്ട എല്ലാ വീട്ടുകാർക്കും കക്കൂസും വെള്ളവും വെളിച്ചവും എത്തിക്കേണ്ടതാണ്.
10. ഗ്രാമീണ കൈത്തൊഴിൽക്കാർക്ക് ഇപ്പോൾ നൽകുന്ന സഹായം ഇരട്ടിയാക്കുക.
11. വനിതാ, ശിശുക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും എല്ലാ വാർഡിലും കുടുംബക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.
12. **PHC** സെൻററുകളും കുടുംബക്ഷേമ കേന്ദ്രങ്ങളും ഫലപ്രദമാക്കുക.
13. പഞ്ചായത്തിൽ പൊതുശ്മശാനം നിർമ്മിക്കുക.
14. എല്ലാ കോളനികളിലും ശ്മശാനം സംരക്ഷിക്കുക.
15. ശ്മശാനം ഇല്ലാത്ത കോളനികളിൽ അതുണ്ടാക്കാനുള്ള നടപടിയെടുക്കുക.

സാമൂഹ്യക്ഷേമ രംഗത്ത് പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങളെയും അവയ്ക്കുള്ള പരിഹാരങ്ങളേയും സാദ്ധ്യതകളേയും താഴെപറയും പ്രകാരം സംക്ഷേപിക്കാം.

പ്രശ്നങ്ങൾ

1. ഐ.ആർ.ഡി.പി., ട്രൈസം ആനുകൂല്യങ്ങളും പെൻഷൻ ആനുകൂല്യങ്ങളും അർഹരായ മുഴുവൻ പേർക്കും ലഭിക്കുന്നില്ല.
2. ദിദ്രരിൽ വലിയൊരു വിഭാഗത്തിന് കുടിവെള്ളം, വൈദ്യുതി, കക്കൂസ് തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ലഭിക്കുന്നില്ല.
3. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിൽ ലഭിക്കുന്ന സഹായങ്ങൾ പര്യാപ്തമല്ല.

# വിഭവസമാഹരണം

വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പഞ്ചായത്തിന് ഇന്നുള്ള വരുമാനത്തി പുറമെ വിഭവ സമാഹാരത്തിന്റെ പുതിയ സാധ്യതകൾ കണ്ടെത്തിയാലേ പദ്ധതികൾക്ക് രൂ കൊടുക്കുവാൻ കഴിയൂ. പഞ്ചായത്തിന്റെ ധനാഗമ മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് അറിയണം. വരുമാ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ അന്വേഷിക്കുകയും ചെലവഴിക്കുന്ന രീതിയിൽ മാറ്റം വരുത്തിയാ കൂടുതൽ പ്രയോജനം സിദ്ധിക്കുമോയെന്നു പരിശോധിക്കുകയും വേണം.

നമ്മുടെ ഗ്രാമം ഇന്നു നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് വ്യവസായ മേഖലയി നിശ്ചലതയാണ്. ജ്യോതി ലാബറട്ടീസ് ഒഴികെ കാര്യമായ ഒരു വലിയ വ്യവസായ സ്ഥാപനവ നമ്മുടെ പഞ്ചായത്തിലില്ല. ചെറുകിട വിഭവ സമാഹാരത്തിന് പുതിയ മാർഗ്ഗങ്ങൾ വെട്ടിത്തുറക്കാനാകണ

പഞ്ചായത്തിന്റെ വരവ് സംബന്ധിച്ച വിവരങ്ങൾ 1995 - 96

| നമ്പർ | ഇനം | വരവ് | ശതമാനം |
|---|---|---|---|
| 1. | കെട്ടിടനികുതി | 3,39,099 | 49.06 |
| 2. | തൊഴിൽ നികുതി | 2,18,177 | 31.54 |
| 3. | വിനോദ നികുതി | 42,279 | 6.12 |
| 4. | ലൈസൻസ് ഫീസ് | 8,122 | 1.18 |
| 5. | വസ്തു കൈമാറ്റ നികുതി | 67,401 | 9.75 |
| 6. | മറ്റുള്ളവ | 7,269 | |
| 7. | സർക്കാർ ഗ്രാന്റ് | 1,97,683 | 1.05 |
| 8. | ഡെപ്പോസിറ്റ് | 37,516 | |

പഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ പ്രധാന സ്രോതസ്സ് കെട്ടിട നികുതിയാണ് ആകെ വരുമാനത്തിന്റെ 49,06 ശതമാനം വരും. പഞ്ചായത്ത് പ്രധാനമായി ആശ്രയിക്കുന്നത് സർക്കാ ഗ്രാന്റുകളെയാണ്. 1,97,681 കൂടാതെ ആർ.വൈയും അൺടൈഡ് ഫണ്ടും ഉൾപ്പെടെ 5,17,700 രൂപയ ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ലൈസൻസ് ഫീസിനത്തിൽ വളരെ തുച്ഛമായ തുക മാത്രമെ പഞ്ചായത്തിന ലഭിക്കുന്നുള്ളൂ. 1.18 ശതമാനം.

കാർഷിക രംഗം ഇന്ന് മുരടിക്കുകയാണ്. കൃഷി നിലങ്ങൾ താമസപ്പറമ്പുകളായു ഇഷ്ടിക നിർമ്മാണ പറമ്പുകളായും അനുദിനം മാറുകയാണ്. ഉത്പാദന ക്ഷമത അനുദിനം ഇടിയുന്ന കർഷകരും കാർഷികത്തൊഴിലാളികളും മറ്റു നിർമ്മാണ മേഖലയിലേക്കും മാറുന്നു. രാസവള ഉപഭോഗ ഉണ്ടാക്കുന്ന ദോഷഫലങ്ങൾ ഒഴിവാക്കി ജൈവവള പ്രയോഗത്തിന് പ്രാധാന്യം നൽകണം. അതിനുള മനോഭാവം കൃഷിക്കാരിൽ വളർത്തിയെടുക്കണം. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവ സമാഹരണ ഈ രംഗത്ത് വർദ്ധിപ്പിക്കാനാവില്ല.

വ്യാവസായിക- കാർഷിക മണ്ഡലങ്ങളിലും ഫലപ്രദമായി ഇടപെടാനുള്ള അധികാര ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ ഗുണഫലങ്ങൾ താമസമെന്യേ നേടാനാവും.

സർക്കാർ ഗ്രാന്റുകൾക്ക് ഭരണാധികാരികളെ സ്വാധിനിക്കേണ്ട നില ഇന്നും മാറിയിട്ടി ഒരു തരത്തിലുള്ള വിവേചനവും നിലനിർത്താതെ, ഗ്രാന്റുകൾ പിരിക്കുന്ന മേഖലയിൽ വെച്ചുതെ

പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്തണം. സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാൻറുകൾ, വെഹിക്കിൾ ടാക്സ് തുടങ്ങിയവ ഉദാഹരണമായെടുക്കാം. ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് ഈ ഗ്രാൻറുകൾ പഞ്ചായത്തിലെത്തുന്നത്. ഇത് ഫണ്ടിൻെറ ദുരുപയോഗത്തിന് കാരണമാകുന്നു. ജനസംഖ്യ, ദാരിദ്ര്യ രേഖക്കടിയിലെ ജനസംഖ്യ, പട്ടികജാതി ജനസംഖ്യ, സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാതികമായി മാത്രമെ ഗ്രാൻറുകൾ വിതരണം ചെയ്യാൻ പാടുള്ളൂ. ഗ്രാൻറുകളുടെ നീതി പൂർവ്വകമായ വിതരണത്തിന് ഇതാവശ്യമാണ്.

പഞ്ചായത്തിൻെറ ഭരണ ചെലവ് മൊത്തം ചെലവിൻെറ 56.06% ആണ്. ഇത് പഞ്ചായത്തിൻെറ സാധാരണ വരുമാനത്തിൻെറ 60.4% വരും. ചെലവിൻെറ 11.93 ശതമാനത്തോളം പൊതുമരാമത്ത് പദ്ധതികളിലാണ്. പൊതു മരാമത്തിൻെറ 95.35 ശതമാനവും റോഡുകൾക്കായി ചെലവഴിക്കുന്നു. ചെലവിൻെറ 9.83 ശതമാനം തെരുവുവിളക്കുകളിലാണ്. ഭരണ ചെലവുകൾ ഒഴിച്ചു നിർത്തിയാൽ പഞ്ചായത്തിൻെറ ചെലവ് റോഡ്, തെരുവുവിളക്ക്, ജലവിതരണം എന്നീ കാര്യങ്ങൾക്കായി ചെലവഴിക്കുന്നു. ഉൽപ്പാദനത്തെ നേരിട്ടു സഹായിക്കുന്ന കാർഷിക, വ്യാവസായിക തുകകളിൽ കാര്യമായി യാതൊരു ചെലവും നടത്തുന്നില്ല.

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ വരുമാനത്തിൽ ജീവിക്കുന്ന കുടുംബങ്ങളുടെ വാർഡ്തല കണക്ക് (ശതമാനത്തിൽ) താഴെ കാണിക്കുന്നു. ഇവരിൽ ഉയർന്ന സാമ്പത്തിക നില കൈവരിച്ചവർ വളരെ കുറവാണ്.

ഗൾഫ് ജോലി ചെയ്യുന്ന കുടുംബങ്ങൾ വാർഡ്തല കണക്ക് (ശതമാനത്തിൽ)

| Ward | 1 | 2 | 3 | 4. | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| No. | 40 | 10 | 9.8 | 3 | 10 | 15 | 2.5 | 25 | 20 | 39 |

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം 8,122 രൂപ വസൂലാക്കിയിട്ടുണ്ട്. മുഴുവൻ കച്ചവടക്കാരെയും നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

കാർഷികവും അല്ലാത്തതുമായ കൂലിപ്പണികളിൽ ഏർപ്പെടുന്നവരാണ് നമ്മുടെ ജനങ്ങളിൽ മറ്റൊരു വിഭാഗം.

നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും, പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിൻെറ വരുമാനം കൂട്ടാൻ കഴിയും. പഞ്ചായത്തിൽ നിലവിൽ വന്നിരിക്കുന്ന വാർഡ് വികസന സമിതികളും, വാർഡ് പ്രതിനിധികളും കൂട്ടായി പരിശ്രമിച്ചുകൊണ്ട് നികുതി കൊടുക്കേണ്ടവരെല്ലാം നികുതി കൊടുക്കുന്ന ആദ്യത്തെ പഞ്ചായത്താക്കാൻ കഴിഞ്ഞാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ വളരെ മെച്ചപ്പെട്ട രീതിയിൽ മുന്നേറും. വിലക്കയറ്റം ദുസ്സഹമായിരിക്കുന്ന ഈ കാലഘട്ടത്തിൽ നികുതി മറ്റൊരു ഭാരമാവരുത്. വരുമാനത്തിൻെറ ഒരു ചെറിയ ശതമാനമേ നികുതിയായി വാങ്ങുന്നുള്ളൂ. അങ്ങനെയാവുമ്പോൾ എല്ലാവരും അതു കൊടുക്കാൻ താല്പര്യമുള്ളവരാകും.

1. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം.
2. നികുതി കൊടുക്കുന്നത് വഴി തങ്ങളും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ പങ്കു ചേരുകയാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. അതുകൊണ്ട് തന്നെ ചെലവിൻെറ കണക്കിൽ സുതാര്യത ഉണ്ടായിരിക്കണം.
3. നികുതി പിരിക്കാൻ നേതൃത്വം കൊടുക്കുവാൻ വാർഡ് പ്രതിനിധികളും വാർഡ് വികസന സമിതിയും തയ്യാറാവണം. ഇതും ഒരു വികസന പ്രവർത്തനമാണെന്ന ധാരണ പഞ്ചായത്തിലെ ബഹുജന നേതാക്കൾക്കുണ്ടാവണം.

4. കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും അതു ജനങ്ങളെ ബോധ്യപ്പെടുത്താനുമുള്ള സംവിധാനം പഞ്ചായത്ത് ആഫീസിൽ ഉണ്ടാവണം.

കെട്ടിട നികുതി

ഇപ്പോൾ കെട്ടിട നികുതി കണക്കാക്കുന്നത് ശാസ്ത്രീയമല്ല. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മാത്രമല്ല ആഢംബരത്വവും വിലക്കൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം. വീട് നിർമ്മാണത്തിലെ അനാവശ്യധൂർത്ത് ഒഴിവാക്കാൻ നികുതി ഏർപ്പെടുത്തുമ്പോൾ സ്ലാബ് സമ്പ്രദായം ആവിഷ്ക്കരിക്കാവുന്നതാണ്. വീട് അസ്സെസ്സ് ചെയ്തത് എങ്ങനെയാണെന്ന് ഓരോ വീട്ടുടമസ്ഥനെയും ബോധ്യപ്പെടുത്തുവാൻ ഉദ്യോഗസ്ഥൻമാർ തയ്യാറാവണം. അഴിമതി കുറക്കാൻ ഒരു അസ്സെസ്സ്മെൻറ് കമ്മിറ്റി ഉചിതമായിരിക്കും. കാലപ്പഴക്കത്തിൻെറ അടിസ്ഥാനത്തിൽ നികുതി കുറയ്ക്കണമെന്ന നിർദ്ദേശം വരുമാനതോത് കുറയ്ക്കുമെന്നതിൽ ഇപ്പോൾ പ്രായോഗികമല്ല.

വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്.

നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം ഒന്നുകൂടി ശക്തമാക്കേണ്ടതാണ്. ഒരോ വാർഡിലും നികുതി പിരിക്കുന്ന ദിവസവും സ്ഥലവും സമയവും മുൻകൂട്ടി അവിടെയുള്ള അയൽക്കൂട്ട സമിതികളെ അറിയിക്കുക. അവരുടെ ഇടപെടലോടെയും, സഹകരണത്തോടെയും നികുതി പിരിച്ചെടുക്കുന്നത് കുടിശ്ശിക ഇല്ലാതാക്കാൻ സഹായിക്കും.

തൊഴിൽ നികുതി

പഞ്ചായത്തിലെ ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും ജോലി ചെയ്യുന്നവർ ഒഴികെ ചെറിയ ഒരു വിഭാഗത്തിൽ നിന്നു മാത്രമെ തൊഴിൽ നികുതി ലഭിക്കുന്നുള്ളൂ. ഇങ്ങനെയുള്ളവരല്ലാതെ തൊഴിൽ ചെയ്യുന്ന മുഴുവൻ പേരും തൊഴിൽ നികുതി നൽകേണ്ടതാണ്. തൊഴിലാളികളെ മുഴുവനും പഞ്ചായത്തിൽ ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീമിൻെറ കീഴിൽ കൊണ്ടുവരികയും അംഗത്വമുള്ളവരിൽ നിന്ന് തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാം. ഇത് കച്ചവടക്കാർക്കും, നിർമ്മാണ തൊഴിലാളികൾക്കും മറ്റു തൊഴിലാളികൾക്കും ബാധകമാക്കാവുന്നതാണ് വിനോദ നികുതി ഇന്നുള്ളത് നവീകരിക്കേണ്ടതാണ്.

മറ്റു ധനാഗമമാർഗ്ഗങ്ങൾ

ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ മറ്റം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, കൂനംമൂച്ചി പീപ്പിൾസ് സർവ്വീസ് സഹകരണ സംഘം, കണ്ടാണശ്ശേരി ക്ഷീര വ്യവസായ സഹകരണ സംഘവും, പട്ടികജാതി സഹകരണ സംഘം, മറ്റം നെടുങ്ങാടി ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക് കൂനംമൂച്ചി, സ്വകാര്യ ഫൈനാൻസിയേഴ്സ് നമ്മുടെ പഞ്ചായത്തിൽ 60 എണ്ണം ഉണ്ട്. സ്വകാര്യ ഫൈനാൻസിയേഴ്സ് ഒഴികെയുള്ള ബാങ്കുകളിൽ നിക്ഷേപങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ വായ്പകൾ കൊടുക്കുന്നത് വളരെ കുറവാണ്. പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 80-90 ശതമാനമെങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് വായ്പ എടുക്കുവാനുള്ള സാധ്യത പുതിയ പഞ്ചായത്ത് ആക്ടിലുണ്ട്. ഗ്രാമസഭകളോ, പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ബാങ്കുകൾ ബാധ്യസ്ഥരാവുന്ന നിയമം ഈ രംഗത്ത് ഉണ്ടാവേണ്ടിയിരിക്കുന്നു.

ചെലവുകൾ

വളരെ ദരിദ്രമായ നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചെലവഴിക്കുന്നത് ഇതുവരെ തീരെ പ്രത്യുൽപ്പാദനപരമല്ലാത്ത രീതിയിലായിരുന്നു. പൊതുമരാമത്തിനു 12.78% ഉം ഭരണച്ചിലവുകൾക്ക്

60.4% ഉം വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നിവക്ക് 5.06% വീതമാണ് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത്. ഇതിൽ പൊതുമരാമത്തിന് ചെലവഴിച്ചത് പഞ്ചായത്ത് റോഡുകളുടെ റിപ്പയർ ജോലികൾക്കായിരുന്നു. പുതിയ പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതിനുശേഷം 5000 രൂപ വീതം ചെലവഴിച്ചു കൊണ്ടുള്ള റിപ്പയർ വർക്കുകൾ എല്ലാ വാർഡുകളിലും നടത്തിയിട്ടുണ്ട്. റോഡിനു ഇടുന്ന മണ്ണു മുഴുവൻ മഴക്കാലത്ത് ഒലിച്ചു പോകുന്ന അവസ്ഥയുണ്ട്. റോഡ് വീണ്ടും പഴയ സ്ഥിതിയലാവുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള താൽക്കാലിക റിപ്പയർ വർക്കുകൾ ഒരു ഗുണവും ചെയ്യുന്നില്ല. എന്നു മാത്രമല്ല പഞ്ചായത്തിൻെറ ഫണ്ട് പാഴായിപ്പോകുന്നതിന് കാരണമാവുകയും ചെയ്യുന്നു. പഞ്ചായത്തിൻെറ വിഭവ ചോർച്ച തടയുന്നതിന് റോഡു സംരക്ഷണം അനിവാര്യമാണെന്നു കാണാം. പഞ്ചായത്തിലെ മണ്ണു റോഡുകൾ സംരക്ഷിക്കേണ്ടതിൻെറ ഉത്തരവാദിത്വം ആ റോഡുകൾക്കിരുവശവുമുള്ള അയൽക്കൂട്ടങ്ങൾക്കായിരിക്കണം. മഴക്കാലം തുടങ്ങുന്നതിനു മുൻപെ റോഡുകളിലുള്ള കാനകൾ സന്നദ്ധ പ്രവർത്തനം വഴി ഉണ്ടാക്കണം. വെള്ളം ഒലിച്ചു പോകാൻ ചാലുകളില്ലാത്തതു കൊണ്ടാണ് റോഡുകൾ തോടുകളായി മാറുന്നത്.

ഭൂനികുതി

ഭൂനികുതി ചില തത്വങ്ങൾ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്നതിനും അത് പിരിച്ചെടുക്കുന്നതിനും പഞ്ചായത്തുകളെ ഏൽപ്പിക്കാം. ഇപ്പോൾ നിലവിലുള്ള നിരക്ക് വളരെ കുറവാണ്. ഏക്കറിന് 20 ക. ഇത് ഉയർത്തുന്നതിനോടൊപ്പം ഭൂമിയുടെ തരം അനുസരിച്ച് നിരക്കിൽ വ്യത്യാസം വരുത്തേണ്ടതാണ്. തരിശിട്ടിരിക്കുന്ന കൃഷിയോഗ്യമായ ഭൂമിക്കും വയൽ നികത്തി ഉണ്ടാക്കുന്ന പുരയിടത്തിനും പരമാവധി നിരക്കും, വയലുകൾക്കും പാറക്കുന്നുകൾക്കും ഏറ്റവും കുറവുമാകണം. ഇത് പിരിച്ചെടുക്കുന്നതിന് നേരത്തെ കെട്ടിടനികുതിയുടെ കാര്യത്തിൽ സൂചിപ്പിച്ച സമീപനം സ്വീകരിക്കാവുന്നതാണ്. ഒരു വർഷത്തിൽ തന്നെ വ്യത്യസ്ത സമയങ്ങളിലാവണം നികുതി പിരിക്കേണ്ടത്. ജനങ്ങൾക്ക് ബുദ്ധിമുട്ട് പരമാവധി കുറയ്ക്കാൻ ഇത് സഹായകമാകും.

ഷോപ്പിങ്ങ് കോംപ്ലക്സ്

പഞ്ചായത്ത് ഓഫീസിനു മുൻ വശത്ത് **P.W.D.** റോഡിന് തൊട്ടു കിടക്കുന്ന സ്ഥലത്തും, ബിൽഡിങ്ങ് പണിയാൻ പറ്റുന്ന പഞ്ചായത്തിൻെറ പുറമ്പോക്കു സ്ഥലത്തും സാമ്പത്തിക തോതനുസരിച്ച് സ്ഥലം വാങ്ങിയും ഷോപ്പിങ്ങ് കോംപ്ലക്സ് ഉണ്ടാക്കിയാൽ പഞ്ചായത്തിന് നല്ലവരുമാനമാകും. വാഹനങ്ങൾക്ക് പാർക്ക് ചെയ്യാൻ പാർക്കിങ്ങ് സ്ഥലങ്ങൾ ഉണ്ടാക്കി കൊടുത്താൽ വാഹനങ്ങളിൽ നിന്ന് വരുമാനമാകുകയും ചെയ്യും. മേൽപറഞ്ഞ പണികൾക്ക് ബാങ്കുകളിൽ നിന്ന് തിരിച്ചടവിന് ലോൺ എടുക്കാവുന്നതാണ്.

ഗ്രാമ ചന്തകൾ

ഇന്നുള്ള കാർഷികോൽപ്പന്നങ്ങളും പ്രത്യേകിച്ച് പച്ചക്കറി കൃഷി അഭിവൃദ്ധിപ്പെടുകയാണെങ്കിൽ വാർഡ് സംയുക്ത തലത്തിൽ ആഴ്ചചന്തകൾ ആരംഭിക്കാവുന്നതാണ്. ഗ്രാമീണർക്ക് ഇടത്തട്ടുകാരുടെ സഹായമില്ലാതെ അവരുടെ ഉല്പന്നങ്ങൾ വിൽക്കാനും അത്യാവശ്യം വേണ്ട സാധനങ്ങൾ വാങ്ങാനും ഇതുകൊണ്ട് കഴിയും.

മാംസ-മത്സ്യ മാർക്കറ്റ്

മറ്റം, കൂനംമൂച്ചി പ്രദേശങ്ങളിൽ പഞ്ചായത്തിൻെറ മേൽനോട്ടത്തിലും, മറ്റുള്ള സ്ഥലങ്ങളിൽ ശേഷിക്കനുസരിച്ച് മാംസ - മത്സ്യ മാർക്കറ്റുകളും തുടങ്ങാവുന്നതാണ്. പഞ്ചായത്തിൻെറ ഒരു കേന്ദ്രത്തിൽ ആധുനിക രീതിയിലുള്ള അറവുശാലകളും, മാംസ - മത്സ്യങ്ങളുടെ അവശിഷ്ടങ്ങൾ സംസ്ക്കരിച്ച് വളമാക്കാൻ ഉതകുന്ന രീതിയിൽ സംസ്ക്കരണ ശാല പണിയുകയാണെങ്കിൽ ഇതിൽ നിന്ന് കിട്ടുന്ന പണം പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാനും മാർക്കറ്റുകളിൽ വിൽക്കുന്ന മാംസ - മത്സ്യങ്ങൾ രോഗ വിമുക്തമാണെന്ന് ഉറപ്പുവരുത്താനും പഞ്ചായത്തിന് കഴിയും.

കച്ചവട ലൈസൻസ്

കച്ചവടം തുടങ്ങുന്നതിനുള്ള ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഇതുശരിയാം വിധം പിരിച്ചെടുക്കുന്നില്ല. ഇത് കൃത്യമായി പിരിച്ചെടുക്കുന്നതിന് വാർഡ് തോറും കച്ചവടക്കാരുടെ കണക്ക് ശേഖരിക്കുകയും ലൈസൻസ് ഫീസ് പിരിച്ചെടുക്കുകയും വേണം.

ടൂറിസം

പഞ്ചായത്തിൽ ടൂറിസത്തിന് സാദ്ധ്യതകളുണ്ട്. ഗുരുവായൂർ പ്രദേശത്തോട് അടുത്ത് കിടക്കുന്നതിനാൽ ടൂറിസ്റ്റുകളെ ആകർഷികാൻ പ്രയാസമില്ല. പുല്ലാനികുന്ന് മുനിമടയും, അരികന്നിയൂർ കുടകയും ചുറ്റു മതിൽ കെട്ടി സംരക്ഷിക്കുകയും, പെരുന്തച്ചനാൽ നിർമ്മിതമാണെന്ന് പറയപ്പെടുന്ന അരികന്നിയൂർ ഹരികന്യാ ക്ഷേത്രവും, നൂറ്റാണ്ടുകൾ പഴക്കമുള്ളതും വാസ്തുശിൽപ മാതൃകയിലുള്ള ചൊവ്വല്ലൂർ ശിവക്ഷേത്രവും പൊൻമല ശിവക്ഷേത്രവും, അത്ഭുത നീരുറവയുള്ള മറ്റത്തിലുള്ള വനമാതാവിൻെറ പള്ളിയും, പഞ്ചായത്ത് ചരിത്രത്തിൽ സ്വർണ്ണ ലിപികളാൽ എഴുതപ്പെട്ട കണ്ടാണശ്ശേരിയിലെ ആയിരം കുളവും, പ്രകൃതി ദത്തമായ മനോഹാരിതയിൽ കുളിച്ചു നിൽക്കുന്ന ആളൂരിലെ പൊൻമല കുന്നും, കൃഷ്ണൻെറ കാലടിപാതയാൽ തുടിച്ചു നിൽക്കുന്ന (ഐതിഹ്യം) കല്ലുത്തിപ്പാറയും, ടൂറിസ്റ്റുകളെയും ഭക്തജനങ്ങളെയും വരവിന് ആക്കം കൂട്ടുന്നവയാണ്. മേൽപറഞ്ഞ കണ്ടാണശ്ശേരിയുടെ തനതായ പൈതൃകത്തെ സംരക്ഷിക്കുതോടൊപ്പം പ്രാദേശിക സഹരണത്തോടെ ടൂറിസ്റ്റുകളെ ആകർഷിക്കാൻ വിഭവങ്ങൾ കണ്ടെത്തുകയും സൃഷ്ടിക്കുകയും ചെയ്താൽ പഞ്ചായത്തിന് ഇതിൻമേലുള്ള സാമ്പത്തിക സഹായം വന്നു ചേരും.

നാഷണൽ സേവിങ്ങ്സ് സ്കീം

പഞ്ചായത്തിൻ നിന്ന് പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ് പത്രയുടെ 15 മുതൽ 25% വരെ കിട്ടുന്ന ഇന്നത്തെ അവസ്ഥയോടൊപ്പം കിട്ടുന്ന സംഖ്യ ഇന്നുള്ളതിനെക്കാൾ കൂട്ടുകയും ഇതുപോലെ മറ്റുള്ള സമ്പാദ്യ പദ്ധതികളുടേയും വിഹിതം പഞ്ചായത്തിന് കിട്ടുന്ന രീതിയിൽ ഗവൺമെൻറ് തലത്തിൽ ഇടപെട്ട് നിയമം വരുത്തേണ്ടതുണ്ട്. പൊതുമേഖല ധനകാര്യസ്ഥാപനങ്ങളും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളും പഞ്ചായത്തിൽ നിന്ന് പിരിച്ചെടുക്കുന്ന വിഹിതത്തിൻെറ നല്ലൊരു ശതമാനം പഞ്ചായത്തിൽ തന്നെ ചെലവഴിക്കാനുതകുന്ന രീതിയിൽ ഗവൺമെൻറ് ഇടപെടലുകൾ അത്യാവശ്യമാണ്.

പഞ്ചായത്ത് ഭരണ സമിതിയും വാർഡിലെ അയൽക്കൂട്ടങ്ങളും ഇടപെട്ടുകൊണ്ട് പഞ്ചായത്തിൽ നിന്നും പരമാവധി സമ്പാദ്യനിക്ഷേപം ഉണ്ടാക്കിയാൽ പഞ്ചായത്തിന് ഒരു വരുമാനമായി. **L.I.C.,** മറ്റു ഇൻഷൂറൻസ് കമ്പനികളും ഈ ഇനത്തിൽ നിന്ന് പഞ്ചായത്തിൽ നിന്ന് കൊണ്ടു പോകുന്ന സംഖ്യയുടെ നിശ്ചിത തുക ഗവൺമെൻറ് തല ഇടപെടൽ മുഖേന വികസനത്തിന് കിട്ടിയാൽ ജനകീയ വിഭവസമാഹരണം കൂടുതൽ എളുപ്പമാകും.

മനുഷ്യാദ്ധ്വാനം

പഞ്ചായത്തിലെ ഏറ്റവും പ്രധാന വിഭവം മനുഷ്യ വിഭവം തന്നെയാണ്. എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യാനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ജാതി, മത, കക്ഷി ചിന്തകൾക്കതീതമായി സ്വന്തം നാടിൻെറ വികസനത്തിന് തൻെറ അദ്ധ്വാനം സംഭാവന നൽകുക എന്നത് വളരെ മഹത്തായ ഒരാശയമാണ്.

പഞ്ചായത്തിലെ ചെറിയ റോഡുകൾ മഴക്കാലം വരുന്നതിന് മുൻപ് കാനകൾ ഉണ്ടാക്കി വർഷകാലത്ത് റോഡ് ചീത്തയാവാതെ സൂക്ഷിക്കാൻ ആ റോഡ് ഉപയോഗിക്കുന്നവരും, ആ റോഡിന് ഇരുവശവും താമസിക്കുന്നവരും മനസ്സ്വെച്ചാൽ മതി. പഞ്ചായത്തിൻെറ സഹായം വേണ്ടിടത്ത് അത് സ്വീകരിക്കുകയുമാവാം.

സാക്ഷരതയുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താനും, വിദ്യാഭ്യാസ നിലവാരത്തിൽ പുറകോട്ടുപോയ കുട്ടികളെ ഉയർത്താനും അയൽക്കൂട്ട സമിതികൾ വിചാരിച്ചാൽ കഴിയും. എല്ലാ പ്രദേശത്തും ബഹുജന സംഘടനകകൾക്കും സാംസ്ക്കാരിക സ്ഥാപനങ്ങൾക്കും സ്വാധിനമുള്ള പഞ്ചായത്താണ് നമ്മുടേത്. അതുകൊണ്ട് ഈ ഇടപെടൽ മേഖലയിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കും. ഗ്രാമസഭകളുടെ റിപ്പോർട്ടുകളിൽ റോഡുകൾ ഉണ്ടാക്കുന്നതിനും, റോഡുകൾ സംരക്ഷിക്കുന്നതിനും, തോടുകൾ വെട്ടാനും ഉള്ളവ സംരക്ഷിക്കാനും, പരിസര മാലിന്യം ഇല്ലാതാക്കുന്നതിനും, വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും, ആരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനുമൊക്കെയുള്ള നിർദ്ദേശങ്ങൾ ഉണ്ട്. നിർദ്ദേശങ്ങൾ സമ്പാദ്യമാക്കിമാറ്റാനും വിഭവ സമാഹരണം ജനകീയമാക്കാനും കഴിയണം.

പ്രശ്നങ്ങൾ, സാധ്യതകൾ

1. ഇന്നുള്ള വസ്തു കൈമാറ്റ നികുതിയും, വാഹന ടാക്സ് നികുതിയും പഞ്ചായത്തിനുള്ള വിഹിതം കൂട്ടുകയും, കാലാകാലങ്ങളിൽ കിട്ടുന്ന രീതിയിൽ ഗവൺമെൻറ് ഇടപെടൽ അത്യാവശ്യവും, നേരിട്ട് കൈമാറാനുള്ള സാഹചര്യവും ഉണ്ടാക്കണം.
2. പരസ്യ നികുതി കൃത്യമായി വാങ്ങിക്കുക.
3. നടപ്പിലാക്കുന്ന പണികളുടെ മേൻമ ഉറപ്പാക്കേണ്ടതാണ്. ആവർത്തന ചെലവ് കുറക്കാൻ ഇത് സഹായകമാകും.
4. കേബിൾ ടി.വി.യെ പഞ്ചായത്ത് നികുതി വലയത്തിൽ കൊണ്ടുവരേണ്ടതാണ്.
5. ചെലവഴിക്കുന്ന പണം ഇടത്തട്ടിൽ ചോർന്നു പോകാതിരിക്കണമെങ്കിൽ ജനകീയ കമ്മിറ്റികളിലുടെ പഞ്ചായത്ത് പണികൾ പ്രാദേശികമായി നടത്തണം. ഇവരെ സഹായിക്കാൻ പഞ്ചായത്ത്തല മാർഗ്ഗനിർദ്ദേശ സമിതികൾ ഉണ്ടാകുകയും ചെയ്യണം.
6. ഗവൺമെൻറ് ഇടപെടലിലൂടെ പൊതു സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ വായ്പകൾ ഗ്രാമ പഞ്ചായത്തിന് കിട്ടേണ്ടതാണ്.
7. ജനകീയ ഇടപെടലിലൂടെ ഇന്ദിര വികാസ് പത്രയിലൂടെ ശേഖരിക്കുന്ന പണത്തിൻെറ തോതനുസരിച്ച് ഗ്രാൻറ് കൂട്ടുകയും, മറ്റു ഇൻഷുറൻസ് മേഖലയിലേക്ക് പഞ്ചായത്തിൻ നിന്ന് പോകുന്ന പണത്തിൻെറ വിഹിതം ഗ്രാൻറായി അനുവദിക്കാൻ ഗവൺമെൻറ് തലത്തിൽ ഇടപെടൽ ഉണ്ടാവുകയും വേണം.
8. ആഢംബര വസ്തുക്കൾ ഉപയോഗിച്ച് വലിയ വീട് പണിയുന്നവരിൽ നിന്നും, ഭൂമി കൈമാറ്റം ചെയ്യുന്ന വൻകിടക്കാരിൽ നിന്നും, ഫ്ലാറ്റ് പണിത് വിൽക്കുന്നവരിൽ നിന്നും, വിവാഹം ധൂർത്തായി കൊണ്ടാടുന്നവരിൽ നിന്നും, ബാങ്കുകൾ വഴി ഗൾഫ് വരുമാനത്തിൻെറ വിഹിതവും, സഹകരണ ബാങ്കുകളുടെ ആസ്തിക്കനുസരിച്ച വിഹിതവും, സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളിൽ നിന്നും, ഫാക്ടറി, വലിയ കച്ചവട സ്ഥാപനങ്ങൾ, പ്രകൃതി വിഭവങ്ങൾ വിൽക്കുന്നവരിൽ നിന്നും ഗവൺമെൻറ് ഇടപെടലിലൂടെ പുതിയ നികുതി ചുമത്തേണ്ടതാണ്.

## The Nedungadi Bank Ltd., Mattom Branch.

| Year | At the end of March | Deposits | Advances | Recovery |
|---|---|---|---|---|
| | | Amounts in Lakhs | | |
| 1990 | | 63.30 | 19.54 | 1.23 |
| 1991 | | 64.62 | 20.53 | 1.60 |
| 1992 | | 83.41 | 21.57 | 2.01 |
| 1993 | | 90.16 | 24.78 | 2.40 |
| 1994 | | 110.53 | 20.35 | 2.95 |
| 1995 | | 122.13 | 56.89 | 3.52 |
| 1996 | | 153.37 | 77.15 | 4.41 |

## The Mattom Service Co-operative Bank Ltd., No.140 സ്ഥിതിവിവര കണക്ക്

| ഇനം | 1982 | 1996 | വർദ്ധനവ് |
|---|---|---|---|
| ഡെപ്പോസിറ്റ് | | | |
| സ്ഥിരം | 1417054 | 17435093 | 16018039 |
| മറ്റുള്ളവ | 527993 | 2543881 | 2015888 |
| ആകെ | 1945047 | 19978974 | 18034027 |
| | | | |
| വായ്പകൾ | | | |
| കാർഷീക ഹൃസ്വകാലം | 505457 | 1190945 | 685488 |
| മദ്ധ്യകാലം | 219199 | 1793564 | 11574365 |
| സാധാരണ വായ്പകൾ | 417322 | 374098 | - |
| സ്വർണ്ണ പണ്ടം പണയം | 1620870 | 7050340 | 6029470 |
| വീട് വായ്പ | 865155 | 52179 | - |
| വിവാഹം | - | 719786 | - |
| കച്ചവടം | - | | - |
| ഗൃഹോപകരണം | - | 89650 | - |
| ആകെ | 2249363 | 11742099 | - |
| കുടിശ്ശിക | 497360 | 602937 | - |
| % | 34% | 16% | - |
| മെംബർമാർ സി ക്ലാസ്സ് ഉൾപ്പെടെ | 4136 | 8860 | - |
| പലിശ നിരക്ക് | | | |
| കാർഷീകം | 10% | 125 | - |
| മദ്ധ്യകാലം | 18.5% | 18.5% | - |
| സാധാരണ വായ്പകൾ | 18.5% | 18.5% | - |
| സ്വർണ്ണപണ്ടം പണയം | 18.5% | 18.5% | - |
| വീട് വായ്പ | 7.5% | 7.5% | - |
| വിവാഹം | - | 18.5% | - |
| കച്ചവടം | - | 18.5% | - |
| ഗൃഹോപകരണം | - | 18.5% | - |

നിക്ഷേപത്തുകയുടെ ഏകദേശം പകുതി മാത്രമാണ് ലോൺ ഇനത്തിൽ ചിലവഴിക്കുന്നത് നിരാശാവഹമാണ്. വായ്പത്തുക തിരിച്ചുകിട്ടാൻ ബുദ്ധിമുട്ടുകൾ ഏറെയാണ്. ഗൾഫ് പണം അധികമായി ഇവിടെ നിക്ഷേപത്തിൽ വരുന്നില്ല. കാർഷിക വായ്പകൾ ഈ പഞ്ചായത്തതിർത്തിയൽ ഈ ബാങ്കുവഴി വളരെ കുറച്ചു മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന പരാതി നിലനിൽക്കുന്നു.

വിഭവസമാഹരണത്തിനുള്ള ചില മാർഗ്ഗ രേഖകൾ കൂടി ചേർക്കുന്നു.

1. കാർഷിക രംഗം

ആകെ ജനവിഭാഗത്തിൻെറ നല്ലൊരു പങ്ക് ഈ മേഖലയുമായി നേരിട്ടും അല്ലാതെയും ബന്ധപ്പെട്ട് ജീവിക്കുന്നു. കൃഷിയിടങ്ങളിൽ പണിചെയ്ത് ജീവിക്കുന്ന പഴയസംസ്ക്കാരത്തിൽ നിന്നും പുത്തൻ തലമുറ ഏറെക്കുറെ അകന്നു കഴിഞ്ഞിരിക്കുന്നു. ഈ മേഖലയിൽ തൊഴിൽ ചെയ്യാൻ ആളുകളെ കിട്ടാൻ സാധിക്കാത്ത അവസ്ഥയായിരിക്കും. അനവധിപേർ സംഘം ചേർന്ന് കൂട്ടായ്മയുടെ കാഴ്ചപ്പാടിൽ കൃഷിചെയ്ത് വിളവെടുക്കുകയും, അതിൽ നിന്നും കിട്ടുന്ന വിളവിന് മാന്യമായ വിലകിട്ടുന്ന ആഴ്ചചന്തകൾ പഞ്ചായത്തിന് നേരിട്ട് സംഘടിപ്പിക്കാവുന്നതും, അതിൻെറ നിശ്ചിതതുക വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്ന രീതിയിൽ സംഭരിക്കാവുന്നതുമാണ്.

ഈ പഞ്ചായത്തിലെ പ്രധാന നാണ്യ വിളകളാണ് അടയ്ക്ക, തേങ്ങ, കശുവണ്ടി എന്നിവ. ഇവ സംഭരിക്കുകയും, സംസ്ക്കരിക്കുകയും ഗ്രാമ പഞ്ചായത്തിന് നേരിട്ട് സംഘടിപ്പിക്കാവുന്നതാണ്. സംസ്ക്കരണരംഗത്ത് ചെറിയ തോതിലുള്ള യന്ത്രസാമഗ്രികളുടെ സഹായവും, വലിയ രീതിയിലുള്ള മനുഷ്യാദ്ധ്വാനവും ഉപയോഗിക്കാവുന്നതാണ്. ഈ മേഖലയിൽ നിന്നും വലിയൊരു തുക ഈ രീതിതയിൽ പഞ്ചായത്തിന് സംഭരിക്കാവുന്നതിനോടൊപ്പം യുവതീ യുവാക്കൾക്ക് തൊഴിൽ നൽകാനും സാധിക്കും.

നെല്ല് സംഭരിക്കുകയും, അവ യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് പുഴുങ്ങി കുത്തി അരിയാക്കി വിൽപ്പന നടത്താവുന്ന ചെറിയ തൊതിലുള്ള യൂണിറ്റുകൾ പഞ്ചായത്തിന് നേരിട്ട് നടത്താവുന്നതും ഇതിൽ നിന്നും ഒരു നിശ്ചിത തുക വികസന പ്രവർത്തനങ്ങൾക്കായി സമാഹരിക്കാവുന്നതുമാണ്.

ഗ്രാമ പഞ്ചായത്തിലെ പൊതു നിരത്തുകളുടെ പാർശ്വഭാഗങ്ങളിൽ ജാതിക്കായ് മരം, കറുവപ്പട്ട മരം എന്നിവ വെച്ചു പിടിപ്പിക്കലിലൂടെ അല്പകാലങ്ങൾക്കു ശേഷം പഞ്ചായത്തിന് ഒരു നിശ്ചിത വരുമാനം ഉണ്ടാക്കിയെടുക്കാവുന്നതാണ്.

വ്യാവസായിക രംഗം

ഒരു ഗ്രാമ പഞ്ചായത്തിൻെറ സാമ്പത്തിക പരിധിയിൽ നിന്നുകൊണ്ട് ഒരു പടുകൂറ്റൻ കമ്പനി ആരംഭിക്കുക എന്നു പറയുന്നതു തന്നെ പരിധികൾക്കപ്പുറമാണെങ്കിലും, പാരമ്പര്യ - പാരമ്പര്യേതര വ്യവസായങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ചെറിയ യൂണിറ്റുകൾ പഞ്ചായത്തിന് നേരിട്ട് നടത്തി നല്ലൊരു വരുമാനം ഉണ്ടാക്കാവുന്നതാണ്. ഈ യൂണിറ്റുകളിൽ പരമാവധി മനുഷ്യശേഷി ഉപയോഗിക്കുവാൻ തക്കതാവണം. അതതു മേഖലയിൽ പ്രാവീണ്യം നേടിയവരുടെ സാങ്കേതിക സഹായം ഉപയോഗിക്കുന്നതോടൊപ്പം ധാരാളം യുവജനങ്ങൾക്ക് തൊഴിൽ നൽകാൻ സാധിക്കുകയും ചെയ്യും. ഇത്തരത്തിൽ പഞ്ചായത്തിന് നടത്താവുന്ന ചില രംഗങ്ങളാണ് മെഴുകുതിരി നിർമ്മാണം, നോട്ടു പുസ്തകനിർമ്മാണം തുടങ്ങിയവ.

കെട്ടിട നിർമ്മാണ രംഗം

ഗ്രാമ പഞ്ചായത്തിൻെറ വിവിധ മേഖലകളിലായി ചിന്നിചിതറി നിൽക്കുന്ന അനവധി ആളുകൾ ഈ മേഖലയിലുണ്ട്. തൊഴിലാളികളോടൊപ്പം ഈ മേഖലയിൽ പുതിയ അറിവും, കഴിവുമുള്ള വ്യക്തികളും നമുക്കുണ്ട്. അതിനാൽ ഈ പഞ്ചായത്തിന് നേരിട്ട് തന്നെ ഒരു കൺസ്ട്രക്ഷൻ യൂണിറ്റ്

നടത്താവുന്നതാണ്. ഇതിൻെറ അനുബന്ധമേഖലകളായ മരസാധന നിർമ്മാണം, കല്ലുവെട്ടൽ ഹോളോബ്രിക്സ് നിർമ്മാണം എന്നിവയിൽ ആധുനിക യന്ത്ര സാമഗ്രികൾ പരമാവധി ഉപയോഗിച്ച് പഞ്ചായത്തിന് നല്ലൊരു വരുമാനം ഉണ്ടാക്കാവുന്നതാണ്. പഞ്ചായത്തിലെ നൂറുകണക്കിന് യുവതീ-യുവാക്കൾക്ക് ഒരു സ്ഥിരം തൊഴിൽ മേഖലയായി ഇതിനെ വളർത്തിയെടുക്കാവുന്നതാണ്.

കായിക - വിനോദ രംഗം

നല്ലൊരു ഓഡിറ്റോറിയം പഞ്ചായത്ത് പണികഴിപ്പിക്കുന്നതിലൂടെ വിനോദ മേഖലയിൽനിന്നും നല്ലൊരു വരുമാനം ഉണ്ടാക്കാവുന്നതാണ്. ഈ ഓഡിറ്റോറിയത്തിൽ മാസം തോറും ടിക്കറ്റു വെച്ചുള്ള പരിപാടികൾ പഞ്ചായത്തിന് നേരിട്ട് സംഘടിപ്പിക്കാവുന്നതും, മറ്റു ദിവസങ്ങളിൽ പൊതു പരിപാടികൾക്ക് നിശ്ചിത വാടകയിൽ ഇത് അനുവദിച്ചു കൊടുക്കാവുന്നതുമാണ്. സാമ്പത്തിക ലാഭത്തോടൊപ്പം സാംസ്ക്കാരിക വളർച്ച കൂടി ഈ പ്രവർത്തനത്തോടൊപ്പം നമുക്ക് പ്രതീക്ഷിക്കാവുന്നതാണ്.

പഞ്ചായത്ത് ഗ്രൗണ്ട് ഉപയോഗപ്രദമാക്കുന്നതിലൂടെ കായികരംഗത്തു നിന്നും സാരമായ വരുമാനവും, ആരോഗ്യപരമായ വളർച്ചയും സാധ്യമാകുന്നതാണ്. കളരി - കരാട്ടെ എന്നീ മേഖലയിൽ പ്രഗൽഭരും പഠനം പൂർത്തിയാക്കിയവരുമായ ആളുകളെ സംഘടിപ്പിച്ചുകൊണ്ട് പഠനക്ലാസ്സുകൾ ആരംഭിക്കാവുന്നതാണ്. പഴയ തലമുറയിൽ, ഈ മേഖലയിൽ പ്രഗത്ഭരായ വ്യക്തികളുടെ അറിവും സഹായവും ഉപയോഗിക്കാവുന്നതാണ്. പഠിതാക്കളിൽ നിന്നും ഒരു നിശ്ചിതഫീസ് ഈടാക്കേണ്ടതുമാകുന്നു. ഈയിനത്തിൽ പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

സാസ്ക്കാരിക രംഗം

പഞ്ചായത്തതിർത്തിയിൽ സർഗ്ഗ വാസനയുള്ളവരെ സംഘടിപ്പിച്ചുകൊണ്ട് ഒരു മാസിക ആരംഭിക്കാവുന്നതാണ്. പരസ്യങ്ങളിൽ നിന്നുള്ള വരുനാമവും, വരിക്കാരിൽ നിന്നുള്ള പണവും സ്വരൂപിച്ചാൽ നല്ലൊരു ലാഭം പ്രതീക്ഷിക്കാവുന്ന ഒരു സംരംഭമായിരിക്കും ഇത്. ഈ മേഖലയുമായി ബന്ധപ്പെട്ട മുഴുവൻ മനുഷ്യശേഷിയും ഉപയോഗിക്കാൻ പ്രാപ്തമായ ഒരു കമ്മിറ്റി ഉണ്ടായിരിക്കണം എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് എന്നു മാത്രം. കൃതികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്തിൻെറ പരിധി ഉണ്ടാവരുത്.

മത്സ്യമേഖല

പഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള കുളങ്ങളിൽ മത്സ്യം വളർത്തൽ ആരംഭിക്കുകയും ഇവയുടെ വിൽപ്പനക്കായി സ്ഥിരം ചന്തകൾ മുൻകൂട്ടി അറിയിക്കുന്ന സ്ഥലത്ത് സംഘടിപ്പിക്കേണ്ടതുമാകുന്നു. കൃത്യതയും, പൊതു മാർക്കറ്റിൽ നിന്ന് കിട്ടുന്നതിൽ നിന്ന് അൽപ്പം വിലക്കുറവുമുണ്ടായാൽ പഞ്ചായത്തിൻെറ പുറം ഭാഗത്തു നിന്നും ധാരാളം മത്സ്യകച്ചവടക്കാരെ ഈ മേഖലയിലേക്ക് ആകർഷിപ്പിക്കാവുന്നതും പഞ്ചായത്തിന് നല്ലൊരു ലാഭം നീക്കി വെക്കാവുന്നതുമാണ്.

മറ്റു മാർഗ്ഗങ്ങൾ

പഞ്ചായത്തിലുള്ള പ്രധാന കച്ചവട കേന്ദ്രങ്ങളായ മറ്റം - കൂനംമൂച്ചി എന്നീ സ്ഥലങ്ങളിൽ കാർ-ഓട്ടോ പാർക്ക് എന്നിവ പണിയുകയും, അതിൽ പാർക്കു ചെയ്യാൻ ഒരു വാഹനത്തിന് നിശ്ചിത തുക ഫീസ് ചുമത്താവുന്നതുമാകുന്നു. ആദ്യഘട്ടത്തിൽ പണം ചെലവു വരുമെങ്കിലും പഞ്ചായത്തിന് ഒരു സ്ഥിരം വരുമാനമായി ഇത് മാറും.

കല്യാണ മണ്ഡപം

പഞ്ചായത്തതിർത്തിക്കകത്ത് നല്ല ഒരു സ്ഥലത്ത് ഒരു കല്യാണ മണ്ഡപവും, അതിൽ ഉപയോഗിക്കാൻ മേശ, കസേര തുടങ്ങിയവ വാടകയ്ക്ക് കൊടുക്കാവുന്നതുമാണ്. ആദ്യഘട്ടത്തിൽ പണം ചെലവു വരുമെങ്കിലും പഞ്ചായത്തിന് വാർഷിക വരുമാനത്തിൽ നല്ലൊരു വരുമാനം പ്രതീക്ഷിക്കാവുന്ന ഒരു സംരഭമായിരിക്കും ഇത്.

കുടിവെള്ളം

പഞ്ചായത്തിലെ ഏറ്റവും കൂടുതൽ ജലം ലഭ്യമാകുന്ന പ്രദേശത്ത് കിണർ കുഴിച്ച് ശുദ്ധജലം പഞ്ചായത്തതിർത്തിയിൽ മുഴുവൻ വീടുകളിലേക്കും വിതരണം ചെയ്യുവുന്നതാണ്. മീറ്റർ ഉപയോഗിച്ച് ചെലവാക്കിയ വെള്ളത്തിൻെറ അളവ് മനസ്സിലാക്കി അതിന് പൈസ ഈടാക്കി വരുമാനം വർദ്ധിപ്പാക്കാവുന്നതാണ്. ഹോട്ടലുകൾക്കും സ്ഥാപനങ്ങൾക്കും ഇതിൽ നിന്നും നൽകാവുന്നതും ഫീസ് ചുമത്താവുന്നതുമാണ്.

പുസ്തക നിർമ്മാണ കേന്ദ്രം

ധാരാളം സ്ത്രീകൾക്ക് ജോലി നൽകാവുന്നതും നല്ലൊരു വരുമാനം ഉണ്ടാക്കാവുന്നതുമായ ഒരു സംരംഭം ആണിത്. ഈ മേഖലയിലുള്ള വൻകിട കമ്പനികളുമായി സഹകരിച്ചോ, നേരിട്ടോ പഞ്ചായത്തിന് ഇത് നടത്താവുന്നതാണ്. സ്ത്രീകൾക്ക് വീടുകളിലേക്ക് ആവശ്യത്തിന് പേപ്പർ ഷീറ്റുകളും മറ്റും കൊണ്ടുപോയി പുസ്തക രൂപത്തിലാക്കി കൊണ്ടുവരാനുള്ള സൗകര്യം ഉണ്ടാക്കിയാൽ മതി. പഞ്ചായത്താഫീസിനടുത്തു സ്ഥിതിചെയ്യുന്ന ആർക്കും ഉപയോഗമില്ലാത്ത ആല ഇതിൻെറ ബൈൻറിങ്ങ് ജോലികൾക്ക് ഉപയോഗിക്കാവുന്നതാണ്. അമിതമായ മുടക്കുമുതൽ ആവശ്യമായി വരുന്നില്ലയെന്നതും ധാരാളം സ്ത്രീകൾക്ക് തൊഴിൽ നൽകാവുന്നതുമായ ഒരു മേഖലയായും, പഞ്ചായത്തിന് പണം സംഭരിക്കാവുന്ന മാർഗ്ഗമായും ഇതിനെ മാറ്റാവുന്നതാണ്.

അറവുശാല

ജനവാസം അധികമില്ലാത്ത ഒരു സ്ഥലത്ത്, ആധുനിക രീതിയിലുള്ള അറവുശാല സംഘടിപ്പിക്കാവുന്നതാണ്. പഞ്ചായത്തതിർത്തിക്കകത്ത് മാംസമാക്കി മാറ്റുന്ന മാടുകളെ നിർബ്ബന്ധമായും ഇവിടെ അറപ്പിക്കേണ്ടതാകുന്നു. മാട് ഒന്നിന് നിശ്ചിത ഫീസ് ഈടാക്കേണ്ടതുമാകുന്നു. വളരെ നല്ലൊരു വരുമാന സാധ്യതയുള്ള ഒരു സംരഭമായി ഇതിനെ ഉയർത്താവുന്നതാകുന്നു.

ഗൾഫ് പണം

ഗൾഫ് പണത്തെ ഉപാധികളോടെ നിശ്ചിത പലിശ നൽകാവുന്ന രേഖകൾ നൽകി വികസന പ്രവർത്തനങ്ങൾക്ക് വ്യക്തികളിൽ നിന്നും നേരിട്ട് സ്വീകരിക്കാവുന്നതും, ആ തുക മേൽപറഞ്ഞ ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതുമാകുന്നു.

സംക്ഷിപ്തം

മേൽപറഞ്ഞ പദ്ധതികൾ നടപ്പിലാക്കുക ശ്രമകരമാണ്. ഓരോ മേഖലയിലും വിദഗ്ധരെ സംഘടിപ്പിച്ചുകൊണ്ട് കമ്മിറ്റികൾ രൂപീകരിക്കേണ്ടതും അവയുടെ നടത്തിപ്പിന് ധാരാളം ആരംഭ മുതൽ ആവശ്യവുമാണ്. ഇതിനുവേണ്ടി പഞ്ചായത്തതിർത്തിയിലുള്ള ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും പഞ്ചായത്ത് നേരിട്ട് കടം എടുക്കേണ്ടതും, അതതു മേഖലയുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ ഓരോ സ്ഥാപനത്തിൻേറയും കേന്ദ്രം ആരംഭിക്കേണ്ടതും, ആ പ്രദേശത്തെ ആളുകൾക്ക് ആ സ്ഥാപനത്തിൽ ജോലികൾക്ക് പ്രാമുഖ്യം നൽകേണ്ടതുമാകുന്നു.

ഇത്തരം സംരംഭങ്ങളിലൂടെ പഞ്ചായത്തിലെ ഏറ്റവും കൂടുതലുള്ള മനുഷ്യ വിഭവത്തേയും, സ്വദേശ വിദേശ പണത്തേയും പരമാവധി ഉപയോഗിച്ചുകൊണ്ട് പഞ്ചായത്തിൻെറ വരുമാനം ഉയർത്താവുന്നതും, പഞ്ചായത്ത് ഭരണത്തിൽ ജനങ്ങൾക്ക് നേരിട്ടുള്ള ബന്ധം നൽകാവുന്നതുമാകുന്നു.

കേവലം നികുതി പിരിക്കൽ ദൈനംദിന കാര്യങ്ങൾക്ക് അതുപയോഗിക്കൽ എന്ന പ്രവർത്തനം മാത്രം നടത്തുന്ന ഒരു സ്ഥാപനമായി ഗ്രാമ പഞ്ചായത്ത്പ്രവർത്തനം ഒതുക്കാതെ മേൽപറഞ്ഞ രീതികളിലൂടെ സ്ഥായിയായ വരുമാനത്തൊടൊപ്പം, ധാരാളം പേർക്ക് നേരിട്ടും അല്ലാതെയും ജോലിനൽകാവുന്ന പ്രവർത്തനങ്ങളിലും ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു.

## ആരോഗ്യം. കുടിവെള്ളം, ശുചിത്വം

ശാരീരികവും മാനസികവും ബുദ്ധിപരവും സാമൂഹ്യവുമായ സ്ഥിരതയാണ് ആരോഗ്യം അല്ലാതെ മരുന്നു കഴിച്ചുണ്ടാക്കേണ്ടതല്ല. ജീവിത സാഹതര്യങ്ങൾ മെച്ചപ്പെടുത്തിയും ചിട്ടപ്പെടുത്തിയും പ്രതിരോധ ശക്തി വർദ്ധിപ്പിക്കുകയാണ് വേണ്ടത്. അത്യാവശ്യമെങ്കിൽ മാത്രം ഡോക്ടറെ കാണുകയും മരുന്നു കഴിക്കുകയും ചെയ്യാമെന്നല്ലാതെ, സാധാരണ ഗതിയിൽ ഭക്ഷണം വഴി തന്നെ മരുന്നിൻെറ ഗുണംകിട്ടാനുതകും വിധം പോഷകമൂല്യം വർദ്ധിപ്പിക്കുകയാണ് വേണ്ടത്. ഡോക്ടർ + ആശുപത്രി + മരുന്ന് = ആരോഗ്യം ഇന്നത്തെ അവസ്ഥ മാറ്റണം. ശുദ്ധജലം, പോഷകാഹാരം, മലിനമല്ലാത്ത പരിസരം, തൊഴിൽ വിദ്യാഭ്യാസം എന്നിവയുടെ ഗുണകരമായ സമന്വയമാണ് ആരോഗ്യമെന്ന് ബോദ്ധ്യപ്പെടണം. രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ, രോഗം വരാതിരിക്കുവാൻ ശ്രദ്ധിക്കുകയാണ്. അതിനനുസരിച്ചുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് മുൻഗണനയും വേണ്ടത്.

വെളിച്ചം, വിശ്രമം, വെള്ളം
വ്യായാമം, വായു, ഭക്ഷണം
രോഗജാലം നശിപ്പിക്കും
വൈദ്യൻമാർ ആറുപേരിവർ

ഈ ആറു സംഗതികളും വേണ്ട വിധത്തിലുണ്ടാകുവാനുള്ള സാഹചര്യം ഉണ്ടാക്കുകയാണ് ആവശ്യം.

ജനങ്ങളുടെ ആരോഗ്യസ്ഥിതി വിലയിരുത്തുമ്പോൾ ലോകത്തിലുള്ള ഏത് വികസിത രാജ്യത്തേക്കാളും മെച്ചപ്പെട്ട ജീവിത സാഹചര്യം കേരളത്തിലുണ്ട്. ആരോഗ്യത്തിലും സാക്ഷരതയിലും കേരളം മുന്നിലാണ്. ജനന നിരക്ക്, മരണ നിരക്ക്, ശിശു മരണ നിരക്ക് എന്നിവ കുറവാണ്. എന്നാൽ രോഗാതുരത വളരെ കൂടുതലാണ്. ആരോഗ്യ പ്രവർത്തനങ്ങളുടെ പോരായ്മയാണ് ഇതിന് കാരണം. എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കകൻ കഴിഞ്ഞിരുന്നെങ്കിൽ പല രോഗങ്ങളും ഒഴിവാക്കാൻ കഴിയുമായിരുന്നവെന്നാണ് വിദഗ്ധാഭിപ്രായം. കാലാനുസൃതമായി ജീവിതരീതിയിലുണ്ടായ മാറ്റവും രോഗാതുരതക്കു കാരണമാണ്.

പൊതുമരണ നിരക്ക് കേരളത്തിൽ ആയിരത്തിന് 5.9 ആണ്. എന്നാൽ പഞ്ചായത്ത് തലത്തിൽ ഇതിനും കുറവാണിത്. ഇപ്പോഴത്തെ കണക്കനുസരിച്ച് ആയിരത്തിന് 3.56 ആണ് പൊതു മരണ നിരക്ക്.

ശിശുമരണനിരക്കും പഞ്ചായത്തിൽ കുറവാണ്. സംസ്ഥാന നിരക്കിൻെറ പകുതി മാത്രമാണ് ഇവിടെയുള്ളത്. കേരളത്തിലെ ശിസുമരണ നിരക്ക് 16 ആണ്. പഞ്ചായത്ത്തലത്തിൽ ഇത് 8.6 ആണ്.

മാതൃ മരണ നിരക്കും ഇവിടെ ആയിരത്തിൽ ഒന്നിനു താഴെ മാത്രമെ ഉള്ളു. അത്തരത്തിൽ ജനനനിരക്ക് താരതമ്യേന കുറവും സംസ്ഥാന നിരക്കിനു താഴേയുമാണ്.

വിശദ വിവരം താഴെ ചേർക്കുന്നു

| | കേരളം | പഞ്ചായത്ത് |
|---|---|---|
| പൊതു മരണനിരക്ക് (ആയിരത്തിന്) | 5.9 | 3.56 |
| ശിശുമരണനിരക്ക് | 16.0 | 8.4 |
| മാതൃമരണനിരക്ക് | 1ൽ താഴെ | 1ൽ താഴെ |
| ജനന നിരക്ക് | 17.0 | 11.7 |

കണ്ടാണശ്ശേരി പഞ്ചായത്തിൽ 4 കുടുംബക്ഷേമ കേന്ദ്രങ്ങളാണുള്ളത്. ഇതിലൊന്നും വേണ്ടത്ര സൗകര്യങ്ങളില്ല. ആദ്യമായി സ്ഥാപിക്കപ്പെട്ട കുടുംബക്ഷേമകേന്ദ്രം ആളൂരിലാണ്. ബ്രഹ്മശ്രീ വടക്കുമ്പാട്ടു കൃഷ്ണൻ നമ്പൂതിരി സൗജന്യമായി കൊടുത്ത 25 സെൻറ് സ്ഥലത്ത് സ്വന്തം കെട്ടിടത്തിലായിരുന്നു പ്രവർത്തനം. എന്നാൽ കെട്ടിടം കേടു വന്ന് നാശമായതിനാൽ അവിടെ പ്രവർത്തനം തീരെയില്ലാതായി. തൊട്ടടുത്ത വീട്ടിലാണ് ഇപ്പോൾ കുടുംബക്ഷേമകേന്ദ്രം പ്രവർത്തിക്കുന്നത്. മറ്റു കുടുംബക്ഷേമകേന്ദ്രങ്ങളിൽ രണ്ടെണ്ണത്തിന് സ്വന്തം സ്ഥലമില്ല.

പരിസരമലിനീകരണവും ശുദ്ധജലത്തിൻെറ ആഭാവവും മൂലം രോഗങ്ങളുള്ളവർ പഞ്ചായത്തിലുണ്ട്. പ്രത്യേകിച്ച് ആളൂർ കുമ്പാരക്കോളനിയിൽ. ഇവിടെ പോഷകാഹാരക്കുറവുമൂലം രോഗമുണ്ടാകുന്നു. പൊതുവെ ലക്ഷം വീടുകോളനിയിലും ഇതനുഭവപ്പെടുന്നുണ്ട്.

എല്ലാ വീട്ടിലും കക്കൂസ് സ്ഥാപിച്ചിട്ടില്ല. അതുകൊണ്ടു തന്നെ പുറം പറമ്പുകളിൽ മലവിസർജ്ജനം നടത്തുന്നവർ ധാരാളമുണ്ട്. പരിസരമലിനീകരണത്തിന് ഇതൊരു കാരണമാകാം.

ഈ പ്രശ്നം മൂലവും വർ,ക്കാലത്ത് വെള്ളം കെട്ടിക്കിടക്കുന്നതു മീലവും കൊതുകു ശല്യം വളരെ കൂടുതലാണ്. ഡ്രെയിനേജ് സംവിധാനത്തിൻെറ പോരായ്മ മുഖ്യ കാരണമാണ്.

എലികളുടെ ശല്യം ധാരാളമുണ്ട്. കൃഷിയെ നശിപ്പിക്കുന്നതിനേക്കാൾ കൂടുതലായി എലികൾ രോഗം പരത്താൻ ഇടയാക്കുന്നു.

ചികിത്സാ സമ്പ്രദായം

പാരമ്പര്യ വൈദ്യൻമാരും നാട്ടു ചികിത്സാ വിദഗ്ധരുമാണ് ആദ്യ കാലത്തുണ്ടായിരുന്നത്. പച്ചില മരുന്നുകളുടെ ഉപയോഗം ധാരാളമായിട്ടുണ്ടായിരുന്നു. രോഗം വന്നാൽ കഷായവും മറ്റും കഴിക്കുന്ന പതിവാണ് ഉണ്ടായിരുന്നത്.

കാലം മാറിയതോടെ ആധുനിക ചികിത്സാ സമ്പ്രദായം വ്യാപിക്കുകയും, ശക്തമായി പ്രചരിക്കുകയും ചെയ്തു. അതോടെ ഡോക്ടറുടെ സഹായവും ആവശ്യവും നേരിട്ടു, മെഡിക്കൽ ഷോപ്പുകളും ആസ്പത്രികളും ആശ്രയിക്കുന്നവർ ഏറി. പഴയ ചികിത്സാ രീതി തടയപ്പെട്ടു. ഔഷധ സസ്യങ്ങളുടെ ദൗർലഭ്യവും അതറിയുന്നവരുടെ എണ്ണക്കുറവും മറ്റൊരു കാരണമായി. അതോടെ ആരോഗ്യ ചെലവ് വർദ്ധിക്കുകയും ചെയ്തു.

പ്രധാന രോഗങ്ങൾ

പനി, വയറിളക്കം, ഛർദ്ധി, ടൈഫോയ്ഡ്, മഞ്ഞപ്പിത്തം, ശ്വാസം മുട്ട്, ചിക്കൻ പോക്സ്, അഞ്ചാം പനി, കണ്ണിൽക്കേട്, മുണ്ടിനീര്, പൈൽസ്.

| വർഷം | പുതിയ രോഗികൾ | പഴയ രോഗികൾ | ആകെ |
|---|---|---|---|
| 92 - 93 | 1999 | 7485 | 9484 |
| 93 - 94 | 3095 | 14946 | 18041 |
| 94 - 95 | 1646 | 17764 | 19310 |
| 95 - 96 | 1723 | 14527 | 16250 |

പകർച്ച വ്യാധി

| വർഷം | ജലജന്യരോഗം | വായുജന്യം | പ്രാണിജന്യം | മറ്റുള്ളവ |
|---|---|---|---|---|
| 93 - 94 | 223 | 8 | 1 | 12250 |
| 94 - 95 | 205 | 15 | 4 | 12247 |
| 95 - 96 | 224 | 24 | 2 | 10433 |

കുട്ടികളുടെ ആരോഗ്യപരിപോഷണ നിലവാരം

| | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | |
|---|---|---|---|---|---|---|
| പ്രായം | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1-ാം വയസ്സിൽ താഴെ | 140 | 168 | - | - | - | - |
| 1 - 3 വയസ്സ് | 285 | 295 | 10 | 11 | 4 | 6 |
| 3 - 6 വയസ്സ് | 405 | 450 | 11 | 12 | 110 | 9 |

1-ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ
2-ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ
3-ാം ഗ്രേഡ് - ഗുരുതരമായ പോഷണക്കുറവുള്ളവർ

| കുട്ടികൾ | ബി.സി.ജി. | ഡി.റ്റി.പി. | | | 3D | പോളിയോ | | | | ഡി.റ്റി. | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | | 1D | 2D | 3D | 4D | 1D | 2D | 3D | |
| 1 വയസ്സിന് താഴെ | 203 | 175 | 182 | 227 | - | 175 | 182 | 227 | - | - | - | - | 250 |
| 1-3 വയസ്സ് | 24 | 11 | 9 | 19 | 231 | 11 | 9 | 19 | 231 | 46 | 76 | 159 | 28 |
| 3-6 വയസ്സ് | - | - | - | - | - | - | - | - | - | - | - | 133 | - |

ടെറ്റനസ് ടോക്സോയിഡ് (T.T.)

| ഗർഭിണികൾ | 1D | 2D | BD |
|---|---|---|---|
| | 96 | 118 | 52 |

| | |
|---|---|
| ഇരുമ്പ് ഗുളികകൾ ലഭിച്ച ഗർഭിണികൾ | 235 |
| ഇരുമ്പ് / ഫോളിക്കാസിഡ് ലഭിച്ച കുട്ടികൾ | 580 |
| വിറ്റമിൻ എ ലഭിച്ച കുട്ടികൾ | 400 |
| ആശുപത്രിയൽ നടന്ന പ്രസവം | 308 |
| വീട്ടിൽ നടന്ന പ്രസവം | ഇല്ല |

| | |
|---|---|
| പ്രാഥമികാരാഗ്യ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരുടെ എണ്ണം | 13 |
| ഹോമിയോ ഡിസ്പെൻസറി ഉദ്യോഗസ്ഥർ | 3 |

| | |
|---|---|
| പൊതു കിണർ | 32 |
| കുഴൽക്കിണർ | 11 |
| പ്രധാന പൊതു കുളങ്ങൾ | 8 |

,87

പഞ്ചായത്ത് തലത്തിൽ കൃത്യമായ കണക്ക് ലഭ്യമല്ല. ജില്ലാടിസ്ഥാനത്തിലുള്ള സ്ഥിതിവിവരം താഴെ ചേർക്കുന്നു.

ജലം

| | | |
|---|---|---|
| സ്വന്തം കിണർ | 59.38% | ( ഉപയോഗിക്കുന്നവർ ) |
| സ്വന്തം കുളം | 0.41 | |
| പൊതു കിണർ | 26.56 | |
| പൊതുകുളം | 0.72 | |
| പൊതു പൈപ്പ് | 7.07 | |

മലവിസർജ്ജനം

| | |
|---|---|
| പറമ്പിൽ | 28.19 |
| കക്കൂസ് | 69.2 |
| മറ്റുള്ളവ | 2.79 |

മലിനജലം ഒഴിവാക്കുന്നത്

| | |
|---|---|
| പ്രത്യേക സംവിധാനമില്ലാത്തവർ | 25.61 |
| അടുക്കളത്തോട്ടം | 60.41 |
| ഡ്രെയിനേജ് | 1.53 |

ചപ്പ് ചവറ് സംസ്ക്കരണം

| | |
|---|---|
| വളമാക്കി മാറ്റുന്നവർ | 13.98 |
| കത്തിച്ചു കളയുന്നവർ | 27.75 |
| പുറത്തേക്കു വലിച്ചെറിയുന്നവർ | 44.69 |

അടുപ്പ്, പുകശല്യം

| | |
|---|---|
| വിറകടുപ്പ് | 91.69 |
| പുകയേൽക്കാത്ത അടുപ്പ് | 1.86 |
| സ്റ്റൗ | 1.13 |
| ഗ്യാസ് | 2.97 |

വെള്ളം കെട്ടികിടക്കൽ

| | |
|---|---|
| പുരയിയത്തിൽ | 12..75% |
| വീട്ടു പരിസരത്ത് | 32.14% |
| കൊതുകുശല്യം അനുഭവിക്കുന്നവർ | 85.51% |

പഞ്ചായത്തിലിപ്പോൾ ഒരു അലോപ്പതി ഹെൽത്ത് സെൻററും ഒരു ഹോമിയോ സെൻററുമാണ് ഉള്ളത്. ആശുപത്രിയില്ല. നാലഞ്ചു കിലോമീറ്റർ അകലെയുള്ള ആശുപത്രികളെയാണ് രോഗികൾ ആശ്രയിക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മരുന്നും സൗകര്യവും ആവശ്യത്തിനില്ല.

| | |
|---|---|
| ജനസംഖ്യ | 21037 |
| പുരുഷൻ | 9654 |
| സ്ത്രീ | 11183 |
| കുട്ടികൾ | 3608 |
| ഹോമിയോ ഡിസ്പെൻസറി | 1 |
| അലോപ്പതി | 1 |
| ആയ്യുർവ്വേദം | ഇല്ല |
| കുടുംക്ഷേമകേന്ദ്രം | 4 |
| ബാലവാടി | 1 |
| മരുന്നു ഷാപ്പ് | 9 |
| ഡോക്ടർ | 1 |
| സ്വകാര്യ ചികിത്സാ കേന്ദ്രം | 4 |
| ലെപ്രസി വെൽഫെയർ കമ്മിറ്റി | 1 |

കാക്കശ്ശേരി ഐപ്പുണ്ണി മാത്തു സംഭാവന നൽകിയ ഒരു ഏക്കർ സ്ഥലത്താണ് മറ്റ റൂറൽ ഡിസ്പെൻസറിയായിരുന്ന പ്രാഥമികാരോഗ്യ കേന്ദ്രം 28.10.84 മുതൽ പ്രവർത്തിച്ചു വരുന്നത് കേന്ദ്രത്തിൻെറ ഇന്നത്തെ സ്ഥിതി ശോചനീയമാണ്.

12.12.82 ൽ ഹോമിയോ ഡിസ്പെൻസറി തുടങ്ങി. കൂനംമൂച്ചിയിൽ നാട്ടുകാ സംഭാവന ചെയ്ത 10 സെൻറ് സ്ഥലത്ത് കെട്ടിടം പണിപൂർത്തിയായി വരുന്നു. ഇപ്പോൾ വാട

കെട്ടിടത്തിലാണ് പ്രവർത്തനം നടക്കുന്നത്.

മേൽപ്പറഞ്ഞ രണ്ടു ഡിസ്പെൻസറികളും വേണ്ടത്ര സജ്ജമാക്കി രോഗികളെ കിടത്തി ചികിത്സിപ്പിക്കുവാനുള്ള സൗകര്യം ഉള്ളതാക്കണം.

പ്രശ്നങ്ങൾ

59

1. വേണ്ട ചികിത്സാ സൗകര്യമില്ല. ആശുപത്രിയില്ല.
2. അലോപ്പതി ഡിസ്പെൻസറിയുടെ സ്ഥിതി ഗുരുതരമാണ്.
3. ആവശ്യത്തിന് മരുന്നില്ല.
4. ആയ്യുർവ്വേദ ആശുപത്രിയില്ല.
5. കുടുംബക്ഷേമകേന്ദ്രങ്ങൾക്ക് കെട്ടിടമില്ല.
6. നിലവിലുള്ള കുടുംബക്ഷേമകേന്ദ്ര കെട്ടിടം വീഴാറായി.
7. ക്ഷേമപ്രവർത്തനങ്ങൾ ഫലപ്രദമല്ല.
8. ശുദ്ധജല ദൗർലഭ്യം നേരിടുന്നു.
9. മലിനജലമാണ് ലഭിക്കുന്നത്.
10. പൊതു കിണറും കുളവും ശുദ്ധീകരിക്കാറില്ല.
11. ആരോഗ്യകാർഡ് ഇല്ല.
12. വെള്ളം കെട്ടികിടക്കുന്നു.
13. കൊതുകു ശല്യം വളരെയുണ്ട്.
14. നാലു കലോമീറ്റർ അകലെയാണ് ആശുപത്രി.
15. ആരോഗ്യ പ്രവർത്തനങ്ങൾ ഫലപ്രദമല്ല.
16. പോഷകാഹാരക്കുറവ്.
17. എലിശല്യം രൂക്ഷമായുണ്ട്.
18. എല്ലാവർക്കും കക്കൂസ് സൗകര്യമില്ല.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഒരാശുപത്രി നിർമ്മിക്കണം.
2. ഡിസ്പെൻസറിയുടെ കേടുപാടുകൾ തീർത്ത് കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാക്കണം.
3. ആവശ്യത്തിന് മരുന്ന് ലഭ്യമാക്കണം.
4. പഞ്ചായത്തിൽ ആയ്യുർവ്വേദ ഡിസ്പെൻസറി തുടങ്ങണം.
5. കുടുംബക്ഷേമകേന്ദ്രങ്ങൾക്ക് കെട്ടിടമുണ്ടാക്കുകയും നിലവിലുള്ളത് നന്നാക്കുകയും വേണം.
6. ഓരോ വാർഡിലും കുടുംബക്ഷേമകേന്ദ്രങ്ങൾ തുടങ്ങണം.
7. ജനകീയാരോഗ്യ പ്രവർത്തനം കാര്യക്ഷമമാക്കണം.
8. ഹെൽത്ത് സെൻറർ ജീവനക്കാർ വീടുകൾ സന്ദർശിക്കണം.
9. ആരോഗ്യ ശീലങ്ങളും ശുചിത്വ ബോധവും വളർത്തണം.
10. എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കണം.
11. കിണറുകളും കുളങ്ങളും ശുദ്ധീകരിക്കണം.
12. വെള്ളം കെട്ടികിടക്കുന്നത് ഒഴിവാക്കുകയും മലിനജലം തടയുകയും വേണം.
13. കൊതുക നിർമ്മാർജ്ജന പ്രവർത്തനം കാര്യക്ഷമമാക്കണം.
14. എലിശല്യം ദൂരീകരിക്കണം.
15. പോഷകാഹാര വിതരണം സംഘടിപ്പിക്കണം.
16. എല്ലാ വീടിനും കക്കൂസ് ഉണ്ടാവണം.
17. ബോധവൽക്കരണ ക്ലാസ്സുകൾ ധാരാളം നടത്തണം.
18. പ്രതിരോധ കുത്തിവെപ്പുകൾ യഥാസമയം നടത്തണം.

19. പകർച്ചവ്യാധികൾക്കെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കണം..
20. ലെപ്രസി വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കണം.
21. പുകയേൽക്കാത്ത അടുപ്പ് എല്ലാ വീട്ടിലും ഉണ്ടാക്കണം.
22. തെരുവു നായ്ക്കളെ കാലാകാലങ്ങളിൽ നശിപ്പിക്കണം.
23. റോഡരുകിൽ പൊതുകുപ്പത്തൊട്ടി സ്ഥാപിക്കുകയും നിറയുമ്പോൾ നീക്കം ചെയ്യുകയും വേണം.
24. പ്രകൃതി ചികിത്സാ കേന്ദ്രം തുടങ്ങണം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ചെവ്വല്ലൂർ കോളനി വാട്ടർ സ്കീം ഉടൻ പൂർത്തിയാക്കുക.
2. ചോരക്കുളത്തിൻെറ മേൽ ഭാഗത്തേക്കും മറ്റെല്ലാഭാഗത്തേക്കും പൈപ്പ് ലൈൻ നീട്ടുക.
3. പൊതു ശ്മസാനത്തിന് മതിൽ കെട്ടുക.
4. കണ്ടാണശ്ശേരി, കരിയന്നൂർ, മുസ്ലീം കോളനി ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുക, കിണർ കുഴിക്കുക.
5. 1, 2, 3, 4 വാർഡുകൾക്ക് സൗകര്യം ലഭിക്കും വിധം 2-ാം വാർഡിൽ ഒരാശുപത്രി പണിയുക.
6. നിരവധി വീടുകൾക്ക് 3-ാം വാർഡിൽ കക്കൂസ് ഇല്ല. അതുണ്ടാക്കാനുള്ള നടപടി വേണം.
7. പുല്ലാനിക്കുന്നത്തെ ജലക്ഷാമം പരിഹരിക്കണം.
8. 4-ാം വാർഡിൽ കുറുക്കൻകുന്നു ഭാഗത്തുള്ള കുഴൽ കുണർ കേടുതീർത്ത് ഉപയോഗ യോഗ്യമാക്കണം. കടവല്ലൂർ, വടുതല, പൊട്ടിൽ, ആട്ടയൂരിലേയും മറ്റും കുടിവെള്ളക്ഷാമം പരിഹരിക്കണം.
9. ചിറമേൽ തോമസ് സൗജന്യമായി കൊടുത്ത 5 സെൻറ് സ്ഥലത്ത് തീപ്പെട്ടി കമ്പനിയുടെ അടുത്ത് ആരോഗ്യകേന്ദ്രം പണിയണം.
10. തോടുകളിൽ മൃഗാവശിഷ്ടങ്ങൾ ഇടുന്നത് നിർത്തലാക്കണം.
11. 5-ാം വാർഡിൽ നിലവിലുള്ള മറ്റം ഡിസ്പെൻസറി വിപുലമാക്കി 25 രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള ആശുപത്രിയാക്കി മാറ്റണം. രോഗികൾക്ക് ആവശ്യത്തിന് മരുന്ന് ലഭിക്കണം.
12. ആധുനിക രീതിയിലുള്ള പൊതു ശ്മശാനം നിർമ്മിക്കുക.
13. സെൻററിലെ മാലിന്യങ്ങൾ നീക്കാൻ തൂപ്പുകാരെ ഏർപ്പെടുത്തുക.
14. റോഡിലെ അറവ് നിരോധിക്കുക. ശുചീകരണ പ്രവർത്തനം നടത്തുക. ഇല്ലാത്ത ഭാഗങ്ങളിലേക്കും പൈപ്പ് ലൈൻ നീട്ടുക. ബോയ്സ് ഹൈസ്ക്കൂളിന് അടുത്ത് ഒരു പൊതുകിണർ കുഴിക്കുക.
15. മാനഴിക്കുളം താഴ്ത്തി ശുദ്ധീകരിച്ച് ആളൂർ 7, 8 വാർഡു ഭാഗത്തേക്ക് മുഴുവൻ പൈപ്പ് ലൈൻ സ്ഥാപിക്കുക.
16. കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കിണറുകൾ കുഴിക്കണം.
17. എല്ലാവർക്കും കക്കൂസ് അനുവദിക്കണം.
18. പട്ടികജാതി കോളനിയിലും, കുമ്പാരകോളനിയിലും പൊതുകക്കൂസ് നിർമ്മിക്കുക.
19. 8-ാം വാർഡിലെ കുടുംബക്ഷേമകേന്ദ്രം പുതുക്കിപണിയുക. ആളുർ കുടുംബക്ഷേമകേന്ദ്രത്തിന് സ്വന്തമായുള്ള 25 സെൻറ് സ്ഥലത്ത് ആയുർവ്വേദ ഡിസ്പെൻസറി കൂടി പ്രവർത്തനം തുടങ്ങണം. ആവശ്യമായ ഫർണീച്ചറുകൾ ഡിസ്പെൻസറിക്കും ആശുപത്രിക്കും അനുവദിക്കുക.
20. 9-ാം വാർഡിൽ കൂനംമൂച്ചി സെൻററിൽ മൂത്രപ്പുരയും കക്കൂസും നിർമ്മിക്കുക.
21. 9-ാം വാർഡിൽ ഹോമിയോ ഡിസ്പെൻസറിക്ക് കെട്ടിടം പണി പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങണം.
22. കൂനംമൂച്ചി കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ലെപ്രസി വെൽഫെയർ കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമാക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.
23. ജലവിതരണം കാര്യക്ഷമമാക്കണം.
24. പത്താം വാർഡിൽ 15% വീടുകൾക്ക് കക്കൂസ് ഇല്ല. അത് അനുവദിക്കണം.
25. വെള്ളം ലഭിക്കാൻ പൈപ്പ് ലൈൻ സ്ഥാപിക്കുകയും കിണറുകൾ കുഴിക്കുകയും വേണം.
26. ലക്ഷം വീട് കോളനിയിലെ പോഷകാഹാരക്കുറവ് പരിഹരിക്കണം.
27. മലിന ജലവും ചപ്പുചവറും നീക്കം ചെയ്യാൻ നടപടി വേണം.
28. ആരോഗ്യ കേന്ദ്രം സ്ഥാപിക്കണം.

# പാർപ്പിടം

കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിൽ 4893 വീടുകൾ ഉണ്ട്. ഗൾഫ് വരുമാനത്തിന്റേയും മറ്റും വ്യവസായിക മേഖലയിലെ തൊഴിൽ സാധ്യതകളും, പരമ്പരാഗത കൃഷിരീതിയും കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമ്മാണമേഖലയിൽ പ്രകടമായ സ്വാധീനം ചെലുത്തിയതായി കാണാം. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ശരാശരി 650 കെട്ടിടങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ 65% വീടുകളും ഓടുപാകിയതാണ്. 20% കോൺക്രീറ്റ് മേൽക്കൂരയുള്ളതും, 15% ഓലമേഞ്ഞ വീടുകളും, ചെറ്റകുടിലുകളുമാണ്. 75% കെട്ടിടങ്ങളുടെ ചുമർ വെട്ടുകല്ലോ, ഇഷ്ടികയോ കൊണ്ട് നിർമ്മിച്ചിരിക്കുന്നു. 14% വീടുകൾ മണ്ണ് പശപറ്റാക്കി ഉണ്ടാക്കിയതും, 6% വീടുകൾ ഓല, പനമ്പ് എന്നിവയാൽ നിർമ്മിതവുമാണ്. ചെറ്റകുടിലുകൾ ഒഴികെ ഭൂരിഭാഗം വീടുകളുടേയും തറ മൺവെട്ടുകല്ല്കൊണ്ടും, കരിങ്കല്ലുകൊണ്ടും നിർമ്മിച്ചതാണ്. വീടുകളുടെ തറകൾ, പരമ്പരാഗതമായ രീതിയിൽ ചാണകം മെഴുകുന്നവർ ഉണ്ടെങ്കിലും കൂടുതൽ വീടുകൾ സിമന്റ് ഉപയോഗിച്ച് തറ മിനുസപ്പെടുത്തിയതാണ്.

| | | |
|---|---|---|
| 1 | തറ ചാണകം മെഴുകിയവ | 9% |
| 2 | സിമന്റ് ഉപയോഗിച്ച് മിനുസപ്പെടുത്തിയവ | 69% |
| 3 | ഇഷ്ടിക പാകിയവ | 6% |
| 4 | മൊസൈക്ക് പാകിയവ | 13% |
| 5 | മാർബിൾ പതിച്ചവ | 3% |

വീടുകളുടെ വിസ്തീർണ്ണത്തിന്റെ കണക്ക്

| | | |
|---|---|---|
| 1. | 200 ച. അടിക്കു താഴെ | 28% |
| 2. | 200-500 ച. അടിക്കു ഇടയ്ക്ക് | 27% |
| 3. | 500 - 1000 ച. അടിക്കു താഴെ | 26% |
| 4. | 1000-1500 ച. അടിക്കു ഇടയ്ക്ക് | 14% |
| 5. | 1500-2000 ച. അടിക്കു ഇടയ്ക്ക് | 4.8% |
| 6. | 2000 ച. അടിക്കു മുകളിൽ | 0.2% |

കെട്ടിട നികുതി

| | | |
|---|---|---|
| 1. | 11 മുതൽ 25 രൂപ വരെ | 105 എണ്ണം |
| 2. | 26 മുതൽ 50 രൂപ വരെ | 671 " |
| 3. | 51 മുതൽ 100 രൂപ വരെ | 723 " |
| 4. | 101 മുതൽ 250 രൂപ വരെ | 616 " |
| 5. | 251 മുതൽ 500 രൂപ വരെ | 275 " |
| 6. | 500 നു മുകളിൽ | 78 " |

വാടക വീട് - 99 നികുതിയില്ലാത്തവ - 2326

ആകെ - 4893

200 ച. അടിയ്ക്ക് താഴെയുള്ള വീടുകളിൽ തൃപ്തികരമല്ലാത്ത രീതിയിലുള്ളതും, ബലപ്പെടുത്തേണ്ടതുമായ വീടുകൾ 20% വരും.

പഞ്ചായത്തിൽ ഭവനരഹിതരായ 250 കുടുബങ്ങളുണ്ട്. പാർപ്പിട പ്രശ്നം സാമാന്യം രൂക്ഷമായ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിൽ ആവശ്യക്കാർക്ക് ഭവനനിർമ്മാണ വായ്പ കൊടുക്കുവാൻ ഇന്നുള്ള സംവിധാനം കൊണ്ട് കഴിയാത്ത അവസ്ഥ നിലവിലുണ്ട്. ഈ രംഗത്തെ സ്ഥിതിഗതികൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ഫലപ്രദമായ ഒരു ജനകീയ സംവിധാനം രൂപപ്പെടുത്തേണ്ടതുണ്ട്. ദാരിദ്രരേഖയ്ക്ക് താഴെയുള്ള വീടുകളിൽ കക്കൂസില്ലാത്തവ 576 ഉം കിണറില്ലാത്തവ 1160 ഉം വൈദ്യുതീകരിക്കാത്തവ 1650 ഉം, വീടു അറ്റകുറ്റപണി നടത്താനുള്ളവ 800 ഉം മാണ്. ഈ വിഭാഗത്തിൽ ദക്ഷത കൂടിയ അടുപ്പ് ഉള്ളവർ ആരും തന്നെയില്ല.

കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിൽ ഒന്നാം വാർഡിലെ ചൊവ്വല്ലൂർ പട്ടികജാതി കോളനിയിൽ 31 വീട്ടുകാരും, ഏഴാം വാർഡിലെ തിരുവത്ര പട്ടികജാതി കോളനിയിൽ 30 വീട്ടുകാരും, തിരുത്തി പട്ടികജാതി കോളനിയിൽ 11 വീട്ടുകാരും, എട്ടാം വാർഡിലെ ആളൂർ പട്ടികജാതി കോളനിയിൽ 10 വീട്ടുകാരും രണ്ടാം വാർഡിലെ ചിറ്റികാട് പട്ടികജാതി കോളനിയിൽ 14വീട്ടുകാരും, നമ്പഴിക്കാട് പട്ടികജാതി കോളനിയിൽ 10 വീട്ടുകാരുമാണ് ഉള്ളത്. ഇവരുടെ ആളോഹരി വരുമാനം ശോചനീയാവസ്ഥയിലാണ്. കോളനികളിൽ അടിസ്ഥാനസൗകര്യങ്ങൾ ഇല്ലെന്നു പറയാം. പട്ടികജാതിയിൽപ്പെട്ട ഭവനരഹിതരായ 90 വീട്ടുകാരും കക്കൂസില്ലാത്തവർ 195 വീട്ടുകാരും വൈദ്യുതീകരിക്കാത്തവർ 180 വീട്ടുകാരും, കിണറില്ലാത്തവർ 210, വീട്ടുകാരും അറ്റകുറ്റപണി നടത്തേണ്ടവർ 200 വീട്ടുകാരുമാണ്. ജനസംഖ്യാ കണക്കനുസരിച്ച് ആവാസയോഗ്യമല്ലാത്ത വീടുകളിൽ കൂട്ടുകുടുംബമായി താമസിക്കുന്നവർ കോളനികളിലും, പട്ടികജാതിയിൽപെട്ടവരിലും നിരവധിയുണ്ട്.

18 വീടുകളുള്ള എട്ടാം വാർഡിലെ കിഴക്കനൊളൂരിലെ കുംഭാര കോളനിയും, രണ്ടാം വാർഡിലെ കുംഭാരകോളനിയിലും, (9 വീട്) ആവാസയോഗ്യമല്ലാത്ത വീടുകളാണുള്ളത്. അതിനാൽ ഈ വിഭാഗത്തിലെ ക്ഷേമത്തിനായി പ്രത്യേക ശ്രദ്ധ കൊടുത്ത് ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

നമ്പഴിക്കാട് ലക്ഷം വീടുകോളനിയിലും, കണ്ടാണശ്ശേരി പുല്ലാനികുന്ന് ലക്ഷം വീടുകോളനിയിലും, അരികന്നിയൂർ ലക്ഷം വീടുകോളനിയിലും ഭവനരഹിതർക്ക് വീടു വച്ചുകൊടുക്കേണ്ടതും, പ്രാഥമികാവശ്യത്തിന് സൗകര്യം ചെയ്തുകൊടുക്കേണ്ടതുമുണ്ട്. പുറംപോക്കുകളിലും, കടതിണ്ണകളിലും മറ്റും പാർക്കുന്നവരും തമിഴ്നാട്ടിൽ നിന്നും മറ്റും കുടിയേറിയ തൊഴിലാളികളും ഈ പഞ്ചായത്തിലുണ്ട്. ഇവർക്കായി പുതിയ ആവാസകേന്ദ്രം കണ്ടെത്തേണ്ടതുണ്ട്.

കേരള ശൈലിയിലുള്ള വാസ്തുശില്പ മാതൃക മാറ്റി ആഡംഭര സാമഗ്രികളുപയോഗിച്ച് കോൺക്രീറ്റ് മേൽകൂരയുള്ള വീടുകളാണ് സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർ പണിയുന്നത്. പഴയ മനവീടുകളും, വാരിയർ നായർ വീടുകളിലും മാത്രമേ ഇത്തരത്തിലുള്ള വാസ്തുശില്പമാതൃകയിലുള്ള വീടുകൾ നിലനില്ക്കുന്നുള്ളൂ. വാസ്തു ശില്പ മാതൃകയിൽ പണിയാൻ വലിയ സാമ്പത്തിക ബാധ്യത വരുന്നതിനാൽ പഴയ വീടിന്റെ ജീർണ്ണതയുടെ പേരിൽ വീടുപൊളിച്ച് കോൺക്രീറ്റ് വീടുകൾ നിർമ്മിക്കുന്ന അവസ്ഥ ഇന്ന് നിലവിലുണ്ട്

നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധിച്ചിട്ടും, കെട്ടിട നിർമ്മാണരംഗത്ത് അനാവശ്യ ചിലവുകൾക്കുള്ള പ്രവണത കൂടിവരികയാണ്. കെട്ടിടനിർമ്മാണ രംഗത്തുള്ള തൊഴിലാളികൾക്ക് സാമാന്യം നല്ല രീതിയിലുള്ള കൂലിനിരക്കുണ്ട്. എന്നാൽ പുരുഷ സ്ത്രീ അദ്ധ്വാനത്തിന്റെ ശേഷി എടുത്തു പരിശോധിച്ചാൽ പുരുഷ സ്ത്രീ അന്തരം പഴയ രീതിയിൽ തന്നെ തുടർന്നു വരുന്നു. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ തൊഴിൽ വൈദഗ്ധ്യം തൃപ്തികരമാണെങ്കിലും, ഈ മേഖലയിൽ തൊഴിൽ പരിശീലനത്തിലൂടെ കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കാൻ സാധിക്കുകയും, ദുർവ്യയംമില്ലാത്ത വീടുകൾ നിർമ്മിക്കുന്നതിന് വിദഗ്ധരുടെ സഹായം ലഭിക്കേണ്ടതുണ്ട്.

വീടു നിർമ്മാണത്തിന് ജനങ്ങൾ കൂടുതൽ ആശ്രയിക്കാറ്, സൊസൈറ്റികളേയും, കേരള സ്റ്റേറ്റ് ഭവനനിർമ്മാണ ബോർഡിനേയുമാണ്. സാമ്പത്തികശേഷി കുറഞ്ഞവർ ബ്ളോക്കുകളും, പഞ്ചായത്തുകളും വഴിയുള്ള സാമ്പത്തിക സഹായത്തേയും ആശ്രയിക്കുന്നു. ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഒരു പാർപ്പിട നിർമ്മാണ പദ്ധതി ത്വരിതപ്പെടുത്തേണ്ടതുണ്ട്.

## <u>സാധ്യതകൾ നിർദ്ദേശങ്ങൾ</u>

1. ഗ്രൂപ്പ് ഹൗസിങ്ങ് സ്കീം പ്രകാരം വീടുകൾ നിർമ്മിച്ച് നൽകുന്നതിന് ഭൂരഹിത കർഷക തൊഴിലാളികൾക്ക് പഞ്ചായത്തിൽ ഒന്നോ രണ്ടോ കേന്ദ്രങ്ങൾ തെരഞ്ഞെടുത്ത് വീടു നിർമ്മിച്ച് കൊടുക്കേണ്ടതാണ്.
2. ഭവനരഹിതർക്ക് വീടുവെക്കാൻ സാമ്പത്തികസഹായം ചെയ്യുകയും, ദുർബല വിഭാഗങ്ങൾക്ക് കേന്ദ്ര - സംസ്ഥാന സാമ്പത്തിക സഹായം ഇന്നുള്ളിതിനേക്കാൻ വർദ്ധിപ്പിക്കുകയും ചെയ്യണം.
3. ദുർബല വിഭാഗങ്ങളിലെ വീടുകൾക്ക് അറ്റകുറ്റപണികൾക്ക് സാമ്പത്തികസഹായം അനുവദിക്കുക.
4. പാടങ്ങൾ നികത്തി വീടുവെയ്ക്കുന്നതുവഴി കൃഷിയെ നിരുത്ഹാസപ്പെടുത്തുന്ന സമീപനം കർശനമായി നിയന്ത്രിക്കണം.
5. ചിലവുകുറഞ്ഞ വീടുപണികൾ വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തു തലത്തിൽ നിർമ്മിതി കേന്ദ്രം ആരംഭിക്കുക, ചിലവു കുറഞ്ഞ വീടു പണിയാൻ വൈദഗ്ധ്യ പരിശീലന കേന്ദ്രവും ആരംഭിക്കുക.
6. വീടുകൾക്ക് ഇപ്പോൾ ഈടാക്കുന്ന നികുതി പരിശോധിക്കുകയും, നിർമ്മാണചിലവിന് അനുസ്മൃതമായി കൃത്യമായി അടയ്ക്കേണ്ടതാണ്.
7. പൊതുവഴിയിൽ നിന്ന് മൂന്ന് മീറ്റർ നീക്കി കെട്ടിടം പണിയുന്നതിന് നിയമാക്കേണ്ടതും, കർശനമായി നടപ്പാക്കേണ്ടതുമാണ്.
8. ദുർവ്യയ ഭവനനിർമ്മാണം നിരുത്സാഹപ്പെടുത്താനുതകുന്നതും ദുർബല വിഭാഗങ്ങളുടെ ഭവന നിർമ്മാണം ത്വരിതപ്പെടുത്താനും ഉതകുന്ന രീതിയിൽ നികുതി സംവിധാനം പുനഃസംഘടിപ്പിക്കുക.
9. ഭവനവായ്പ അപേക്ഷകൾ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരവും വായ്പ കൊടുക്കുന്നതിനുള്ള ചട്ടങ്ങൾ പൂർത്തീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം കൈമാറുക.
10. പുറംപോക്കിലും, കടതിണ്ണകളിലും താമസിക്കുന്നവരേയും തമിഴ്നാട്ടിൽനിന്നും കുടിയേറിയ തൊഴിലാളികളേയും, പുനഃരധിവസിപ്പിക്കുക.
11. ഭവനനിർമ്മാണ സഹകരണ സംഘം പഞ്ചായത്തുതലത്തിൽ രൂപീകരിക്കുക.
12. പട്ടികജാതി കോളനികളേയും കുംഭാരകോളനിയേയും ലക്ഷം വീടു കോളനിയേയും, പ്രത്യേകം ശ്രദ്ധകൊടുത്ത് പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.
13. ലക്ഷം വീടുകൾ പുതുക്കി പണിയണം.

◆ ◆ ◆

# പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

## ആമുഖം

കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്തിൽ പട്ടിവവർഗ്ഗക്കാർ ഇല്ല. പട്ടിക ജാതിക്കാർ മാത്രമേ ഉള്ളൂ. നൂറ്റാണ്ടുകളായി കാർഷികമേഖലയിലെ പണികൾ മാത്രം ചെയ്ത് ജീവിച്ചിരുന്ന ഒരു ജനവിഭാഗമാണ് പട്ടികജാതിക്കാർ. തീണ്ടികൂടായ്മ, തൊട്ടുകൂടായ്മ തുടങ്ങിയ അനാചാരങ്ങൾമൂലം റോഡിൽകൂടി നടക്കുന്നതിനോ, ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ വിദ്യാലയങ്ങളിൽ സവർണ്ണഹിന്ദുക്കളായ കുട്ടികളോടൊപ്പം വിദ്യാഭ്യാസം നടത്തുന്നതിനോ ഇവർക്ക് സാധിക്കുമായിരുന്നില്ല.

ഉദ്ദേശം 75 വർഷങ്ങൾക്കുമുമ്പ് സ്ഥാപിക്കപ്പെട്ട ചില ക്രിസ്ത്യൻ മാനേജ്മെന്റിൽ കീഴിലുള്ള പ്രാഥമിക വദ്യാലയങ്ങളിൽ ചേർന്ന് പലതരത്തിലുള്ള ക്ലേശങ്ങൾ സഹിച്ചാണെങ്കിലും പഠനം നടത്താൻ ചിലയാളുകൾക്ക് കഴിഞ്ഞതാണ് സാമൂഹ്യപരിവർത്തനത്തിന് തുടക്കമായത്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷവും, ജാതീയമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നു. ഇവർക്ക് സ്വന്തമായ താമസയോഗ്യമായ വീടുകളോ, ഭൂമിയോ ഉണ്ടായിരുന്നില്ല.

കേരള ഭൂപരിഷ്ക്കരണ നിയമം പ്രാബല്യത്തിൽ വന്നതോടുകൂടിയാണ് കുടികിടപ്പവകാശം എന്ന നിലയിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവർ 10 സെന്റ് ഭൂമിയുടെ അവകാശികളായത്.

നടപ്പു പദ്ധതികാലത്ത് സ്വന്തമായി വീടുണ്ടാക്കുവാൻ കഴിയാതിരുന്ന പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിന് ഗ്രാന്റു കൊടുത്തും, കൃഷിഭൂമി വാങ്ങുവാൻ പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന വായ്പ കൊടുത്തു സഹായിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ 52 കുടുംബങ്ങൾക്ക് പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് ഇതുമൂലം കഴിഞ്ഞിട്ടുണ്ട്.

കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്തിൽ മൊത്തം 393 കുടുംബങ്ങളിലായി 2086 പട്ടികജാതിയിപ്പെട്ട ജനങ്ങൾ ഉണ്ട്. അതിൽ 1, 4, 7, 8 എന്നീ വാർഡുകളിൽ 239 കുടുംബങ്ങളിലായി 1379 പേർ താമസിക്കുന്നു. ബാക്കിയുള്ളവർ ഒറ്റപ്പെട്ടും താമസിച്ചുവരുന്നു. മൊത്തം ജനസംഖ്യയുടെ 10% പട്ടികജാതിക്കാരാണ്.

### വാർഡടിസ്ഥാനത്തിലുള്ള ജനസംഖ്യ സ്ഥിതിവിവരങ്ങൾ

| വാർഡ് നമ്പർ | കുടുംബങ്ങളുടെ എണ്ണം | ജനസംഖ്യ |
|---|---|---|
| 1 | 87 | 824 |
| 2 | 23 | 126 |
| 3 | 43 | 178 |
| 4 | 59 | 225 |
| 5 | 22 | 118 |
| 6 | 25 | 102 |
| 7 | 52 | 175 |
| 8 | 50 | 155 |
| 9 | 15 | 74 |
| 10 | 26 | 109 |
| ആകെ | 393 | 2086 |

## വിദ്യാഭ്യാസനിലവാരം

വിദ്യാഭ്യാസപരമായി വളരെ പിന്നിലാണ് പട്ടികജാതി - പട്ടികവർഗ്ഗക്കാർ. വൃദ്ധജനങ്ങൾ അധികവും നിരക്ഷരരാണ്. യുവാക്കളിൽ 50% പേർ പ്രാഥമിക വിദ്യാലയത്തിൽ വെച്ച് പഠനം നിർത്തിപോകുന്നു. കലാലയങ്ങളിൽ പോയി പഠനം തുടരാനാവാതെ അവർ പിന്തള്ളപ്പെടുന്നു. ചുരുക്കം ചിലർ പഠനം തുടർന്ന് ഡിഗ്രി എടുക്കുന്നുണ്ട്. അദ്ധ്യാന വർഷാരംഭത്തിൽ തങ്ങളുടെ കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ, വസ്ത്രം, ബാഗ്, കുട, ചെരിപ്പ് എന്നിവ വാങ്ങുന്നതിന് മുടക്കേണ്ട സംഖ്യ കണ്ടെത്തുക എന്നത് കൂലിവേലക്കാരായ മാതാപിതാക്കൾക്ക് വിഷമകരമായ കാര്യമാണ്. കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ട്യൂഷൻ കൊടുക്കുന്നതിനോ കുട്ടികളുടെ പഠനകാര്യങ്ങളിൽ സഹായിക്കുന്നതിനോ മാതാപിതാക്കൾക്ക് കഴിയാതിരിക്കുന്നതാണ് വിദ്യാഭ്യാസ നിലവാരതകർച്ചക്ക് കാരണമായിത്തീരുന്നത്.

## തൊഴിൽപരമായ നില

പാരമ്പര്യമായി കാർഷികമേഖലയിലെ പണിചെയ്ത് ജീവിച്ചിരുന്നവരുടെ പുതിയ തലമുറ കാർഷിക മേഖലയോട് വിമുഖത കാണിക്കുന്നു. വൃദ്ധ ജനങ്ങൾ മാത്രമാണ് കാർഷിക മേഖലയിലെ ജോലികൾ ചെയ്തുവരുന്നത്. യുവാക്കൾ ഇതര മേഖലകളിലെ ജോലികൾക്കുവേണ്ടി കാത്തിരിക്കുന്നു. സർക്കാർ, സ്വകാര്യസ്ഥാപനങ്ങളിൽ ജോലിയുള്ളവർ വളരെ കുറവാണ്. പാരമ്പര്യതൊഴിലുകളായിരുന്ന കുട്ട, വട്ടി, മുറം, പനമ്പ്, തഴപ്പായ നെയ്ത്ത് പണികൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളായ മുള, കൈതോല എന്നിവയുടെ ദൗർലഭ്യം നിമിത്തം ആ തൊഴിലുകളും നിലച്ചുപോയി.

## സാംസ്കാരിക നില

സാംസ്കാരിക ഉന്നമനത്തിനുവേണ്ടി നിലകൊള്ളുന്ന ബഹുജനസംഘടനകളിൽ പട്ടികജാതിക്കാരായ യുവതീയുവാക്കൾ പ്രവർത്തിച്ചുവരുന്നു. സാമ്പത്തിക പരാധീനതകളാൽ നേതൃത്വ സ്ഥാനങ്ങളിലേക്ക് ഉയർന്നുവരാൻ അവർക്ക് സാധിക്കുന്നില്ല. നാടൻ കലകളായിരുന്ന കാളകളി, തിറ, തെയ്യം, പൂതൻ, പൊറാട്ടുനാടകം എന്നിവയോട് യുവജനങ്ങൾ വൈമുഖ്യം കാണിക്കുന്നു. ജാതീയമായ വേർതിരിവിന് കാരണമാകാമെന്നതുകൊണ്ടും മറ്റു വിഭാഗം ആളുകളിൽ ചിലർ പരിഹസിക്കുമെന്നതുകൊണ്ടും യുവാക്കൾ ഇവയിൽനിന്ന് അകലുകയാണ്.

## സാമൂഹ്യനില

ജാതീയമായ ഉച്ചനീചത്വങ്ങൾ നിലവിലില്ലെങ്കിലും സാമൂഹികമായി പട്ടികജാതിക്കാർ പിന്നിൽതന്നെയാണ്. സാമൂഹിക പരിവർത്തനത്തിന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘടനകളിൽപെട്ട വ്യക്തികളിൽപോലും, ജാതീയമായ ചിന്തയും, പട്ടികവർഗ്ഗക്കാരോട് വിവേചനപരമായ സമീപനവും വച്ചുപുലർത്തുന്നവരുണ്ട്. സാമ്പത്തിക ഭദ്രത കൈവരിക്കാൻ സാധിക്കുകയാണെങ്കിൽ സാമുദായികമായും, വിദ്യാഭ്യാസപരമായും മുന്നോക്കക്കാരായവരുടെ വിവേചനപരമായ സമീപനത്തെ ചെറുക്കുവാൻ പട്ടികജാതിക്കാർക്ക് പ്രാപ്തിയുണ്ടാകും.

## പ്രശ്നങ്ങൾ

1. കോളനികളിലും, പുറത്തും താമസിക്കുന്ന പട്ടികജാതിക്കാർക്ക് വാസയോഗ്യമായ വീട്, കക്കൂസ്, കുടിവെള്ളം, വൈദ്യുതി റോഡ് എന്നീ അടിസ്ഥാനസൗകര്യങ്ങൾ മതിയായത്ര ഇല്ല.
2. കോളനികളിലെ ശ്മശാനങ്ങൾ മതിൽകെട്ടി സംരക്ഷിച്ചിട്ടില്ല.
3. തിരുവത്ര കോളനിയിൽ വായനശാലയില്ല. മറ്റു കോളനികളിലെ വായനശാലകൾക്ക് സൗകര്യപ്രദമായ കെട്ടിടവും, ഉപകരണങ്ങളും ഇല്ല, വേണ്ടത്ര പ്രസിദ്ധീകരണങ്ങളും, ടി. വി., റേഡിയോ എന്നിവയും വാങ്ങുന്നതിനുള്ള സാമ്പത്തിക ശേഷിയില്ല.
4. കോളനികളിൽ നേഴ്സറികളും, പ്രാഥമിക വിദ്യാലയങ്ങളും ഇല്ല.

5. പട്ടികജാതി വിദ്യാർത്ഥികൾക്ക് കൊടുത്തുവരുന്ന സാമ്പത്തികാനുകൂല്യങ്ങൾ പര്യാപ്തമല്ല. അവ വിദ്യാഭ്യാസ വർഷാരംഭത്തിൽതന്നെ ലഭിക്കാത്തതുമൂലം ശരിയായ പ്രയോജനം കിട്ടുന്നില്ല.
6. പഠനത്തിൽ പിറകിലായ കുട്ടികൾക്ക് ട്യൂഷൻ നൽകി നില മെച്ചപ്പെടുത്താൻ, സാമ്പത്തിക പരാധീനത അനുവദിക്കുന്നില്ല.
7. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവർക്ക്, സ്വയംതൊഴിൽ കണ്ടെത്താൻ വേണ്ടത്ര സഹായം ലഭിക്കുന്നില്ല.
8. വിവാഹധനസഹായമായി ലഭിക്കുന്ന തുക തീരെ പര്യാപ്തമല്ല.
9. പരമ്പരാഗത തൊഴിലുകൾ നിലനിർത്താനും, പോഷിപ്പിക്കാനും വേണ്ടത്ര ശ്രമമില്ല.
10. തൊഴിൽപരിശീലന പരിശ്രമങ്ങൾ ആവശ്യമായത്രയില്ല.

## അടിസ്ഥാനസൗകര്യങ്ങളില്ലാത്ത കുടുംബങ്ങളുടെ സ്ഥിതിവിവരങ്ങൾ

| വാർഡ് നമ്പർ | കക്കൂസ് ഇല്ലാത്ത കുടുംബങ്ങളുടെ എണ്ണം | വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം | വീട് ഇല്ലാത്ത കുടുംബങ്ങളുടെ എണ്ണം | വീട് വെക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങളുടെ എണ്ണം | കിണറില്ലാത്ത കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 25 | 30 | 15 | 15 | 50 |
| 2 | 7 | 15 | 8 | 8 | 16 |
| 3 | 18 | 13 | 20 | 15 | 20 |
| 4 | 15 | 15 | 10 | 10 | 17 |
| 5 | 10 | 16 | 5 | 5 | 18 |
| 6 | 7 | 12 | 7 | 7 | 15 |
| 7 | 9 | 5 | 2 | - | 13 |
| 8 | 13 | 7 | 10 | 10 | 2 |
| 9 | 9 | 3 | 2 | 3 | 2 |
| 10 | 9 | 14 | 7 | 4 | 15 |
| ആകെ | 122 | 130 | 86 | 77 | 168 |

### ഗ്രാമസഭ നിർദ്ദേശങ്ങളും, സാധ്യതകളും

1. പഞ്ചായത്തിലെ 1, 4, 7, 8 എന്നീ വാർഡുകളിൽ നിലവിലുള്ള കോളനികളിൽ കക്കൂസില്ലാത്ത കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് സഹായം അനുവദിക്കുക.
2. കോളനികളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പൈപ്പ്ലൈൻ സ്ഥാപിച്ച് ടാപ്പിട്ടുകൊടുക്കുക. ഇത് പൊതുജനസഹകരണത്തോടെ നടപ്പിലാക്കാവുന്നതാണ്.
3. രാജീവ്ഗാന്ധി ഡ്രിംങ്കിങ്ങ് വാട്ടർ സ്കീമനുസരിച്ച് പ്രവർത്തനത്തിലിരിക്കുന്ന സ്കീം സമയബന്ധിതമായി പൂർത്തീകരിക്കുക. വെള്ളം ലിഫ്റ്റുചെയ്യാൻ ഉപയോഗിക്കുന്ന കുളം താഴ്ത്തി ജലദൗർലഭ്യം പരിഹരിക്കുക. വൈദ്യുതിയിൽ ഉണ്ടാകാറുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
4. വൈദ്യുതീകരിച്ചിട്ടില്ലാത്ത പട്ടികജാതിക്കാരുടെ വീടുകൾ വൈദ്യുതീകരിക്കുക.
5. കോളനികളിലെ ശ്മശാനങ്ങളിലേക്കുള്ള അന്യാധീനപ്പെട്ട വഴികൾ ഒഴിപ്പിച്ചെടുത്ത് ടാർ ചെയ്ത്

സംരക്ഷിക്കുക.

6. കോളനികളിലെ റോഡുകൾ ടാർ ചെയ്യുക

7. കോളനികളിലെ ശ്മശാനങ്ങൾ മതിൽകെട്ടി സംരക്ഷിക്കുക.

8. കോളനികളിലെ നിലവിലുള്ള വായനശാലകൾ പുനരുദ്ധാരണം ചെയ്ത് പ്രവർത്തനക്ഷമമാക്കുക.

9. കോളനികളിൽ വായനശാലകൾ പുതുതായി സ്ഥാപിക്കുക.

10. വായനശാലകളിൽ ആനുകാലിക പ്രസദ്ധീകരണങ്ങളും റേഡിയോ, ടി. വി. എന്നീ വാർത്താ മാർഗ്ഗങ്ങളും ഏർപ്പെടുത്തുക.

11. കോളനികളിൽ നേഴ്സറി ക്ളാസുകൾ തുടങ്ങുക.

12. വിദ്യാഭ്യാസ സർവ്വേയുടെ അടിസ്ഥാനത്തിൽ കോളനികളിൽ പ്രാഥമിക വിദ്യാലയങ്ങൾ സ്ഥാപിക്കുക.

13. ലക്ഷം വീടു കോളനികളിൽ ഒരു വീട്ടിൽ രണ്ടു കുടുംബം എന്ന നിലവിലുള്ള സ്ഥിതി മാറ്റി ഒരു കുടുംബത്തിന് ഒരു 'വീട് എന്ന നയം ആവിഷ്കരിച്ച് നടപ്പിലാക്കുക.

14. പഞ്ചായത്തിലെ മുഴുവൻ ഭവനരഹിതർക്കും, ഭവനിർമ്മാണത്തിനാവശ്യമായ ഗ്രാന്റ് അനുവദിക്കുക.

15. നിലവിലുള്ള വീടുകളുടെ അറ്റകുററപണികൾക്ക് സാമ്പത്തികസഹായം അനുവദിക്കുക.

16. പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് കൊടുത്തുവരുന്ന ലംസം ഗ്രാന്റ്, സ്റ്റൈഫന്റ് എന്നിവ വർദ്ധിപ്പിക്കുക. വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ ലംസം ഗ്രാന്റ് വിതരണം ചെയ്യുവാൻ ഏർപ്പാടുചെയ്യുക.

17. വിദ്യാഭ്യാസത്തിൽ പിന്നോക്കകാരായ വിദ്യാർത്ഥികളെ കണ്ടുപിടിച്ച് അവർക്ക് ട്യൂഷൻ ഏർപ്പെടുത്തുവാൻ സാമ്പത്തിക സഹായം നൽകുക.

18. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവർക്ക് അവരുടെ ട്രേഡ് അനുസരിച്ച് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തികസഹായം ചെയ്യുക.

19. ദാരിദ്രരേഖയ്ക്ക് താഴെയുള്ള പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് അനുവദിക്കുന്ന സഹായധനം വർദ്ധിപ്പിക്കുക.

20. പട്ടികജാതി പട്ടികവർഗ്ഗ യുവതീ യുവാക്കളുടെ വിവാഹാവശ്യത്തിന് വേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യതകൾ നിറവേറ്റുന്നതിന് ചുരുങ്ങിയ പലിശനിരക്കിൽ ബാങ്കുലോൺ അനുവദിക്കുക.

21. തൊഴിലിനുവേണ്ടി വിദേശത്തുപോകുന്ന പട്ടികജാതി വർഗ്ഗക്കാർക്ക് ആവശ്യമായ സാമ്പത്തകിസഹായം ചെയ്യുക.

22. തൊഴിൽ സമ്പാദനത്തിന് തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ഏർപ്പെടുത്തുക. പരിശീലനകാലത്ത് സ്റ്റൈഫന്റ് അനുവദിക്കുക. തൊഴിൽ സമ്പാദനത്തിന് ആവശ്യമായ സാമ്പത്തിക സഹായം ചെയ്യുക.

23. പരമ്പരാഗത തൊഴിലുകളായ കുട്ടനെയ്ത്ത, പായനെയ്ത്ത്, എന്നിവയെ പ്രോത്സാഹിപ്പിച്ച്, വികസിപ്പിക്കുന്നതിന് സാമ്പത്തിക സഹായം ചെയ്യുക. അത്തരം ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന്, പഞ്ചായത്തു തലത്തിൽ വിപണന കേന്ദ്രം സ്ഥാപിക്കുക.

24. കോളനി നിവാസികൾ കുളിക്കാൻ ഉപയോഗിക്കുന്ന കുളങ്ങൾ താഴ്ത്തി, പടവുകൾ കെട്ടി സംരക്ഷിക്കുക. ഉദാ: 1. തിരുവത്ര കോളനിയിലെ ഒറുഒഴികുളം. 2. ചൊവല്ലൂർ കോളനിക്കടുത്തുള്ള കുളം.

25. പഞ്ചായത്തിലെ പട്ടികജാതി വനിതകൾക്ക് കുടുംബവരുമാനം വർദ്ധിപ്പിക്കുവാൻ സഹായിക്കത്തക്ക നിലയിൽ നല്ലയിനം കറവമാടുകൾ (തൊഴുത്തിനുള്ള സഹായമടക്കം) ആടുകൾ, മുട്ടക്കോഴികൾ എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

26. പട്ടിക ജാതിക്കാർ ഒറ്റപെട്ടു താമസിക്കുന്ന സ്ഥലങ്ങളിലേക്ക് റോഡുകൾ നിർമ്മിക്കുക.

27. സഞ്ചാരയോഗ്യമല്ലാത്തതും, വെള്ളക്കെട്ടുള്ളതുമായ റോഡുകൾ നികത്തി വെള്ളം ഒഴിഞ്ഞു പോകാൻ സൗകര്യം ഏർപ്പെടുത്തി സംരക്ഷിക്കുക.

28. ടി. വി. സെറ്റ് ഉള്ള കോളനികളിൽ കിയോസ്ക് പണിയുക.

29. ബാലവാടികൾക്ക് സ്ഥിരമായ കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുക.

30. കാർഷികോപകരണങ്ങൾ വിതരണം ചെയ്യുക.

31. പരമ്പരാഗത തൊഴിലുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക ഉള്ളവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക..

32. പട്ടികജാതി കോളനികളിൽ താമസിക്കുന്നവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ കോളനികൾക്ക് പുറത്തു താമസിക്കുന്നവർക്കും ലഭ്യമാക്കുക.

◆ ◆ ◆

# സംസ്കാരം

സാംസ്കാരികാധഃപതനത്തിന്റെ ഞെട്ടിക്കുന്ന കഥകൾ അനുദിനം അടുത്തെത്തുന്ന ഇക്കാലത്തും ഉന്നതമായ സാംസ്കാരികപാരമ്പര്യം കാത്തുസൂക്ഷിക്കുന്ന നാടാണ് കണ്ടാണശ്ശേരി. കണ്ടാണശ്ശേരിയുടെ സാംസ്കാരികഗോത്രത്തിൽ അഴുക്ക് പുരളാതെ സൂക്ഷിക്കുക എന്നത് ഓരോ കണ്ടാണശ്ശേരിക്കാരന്റെയും കടമയാണ്.

ചരിത്രപ്രസിദ്ധമായ കണ്ടാണശ്ശേരിയിൽ ഓരോ കാലഘട്ടങ്ങളിലായി വിവിധ സാംസ്കാരിക ധാരകളെത്തി. ദ്രാവിഡ സംസ്കാരം നിലനിന്ന ഈ പ്രദേശത്തേക്ക് ആര്യസംസ്കാരവും ജൈന-ബൗദ്ധ സംസ്കാരങ്ങളും ജൂത-ക്രൈസ്തവ ഇസ്ലാമിക സംസ്കാരങ്ങളും കടന്നുവന്നു. അരിയന്നൂരിലെ കുടക്കല്ലുകളും കണ്ടാണശ്ശേരിയിലെ മുനിമടയും മററം ഫൊറോന പള്ളിയും മററും ഇതിന്റെ സ്മാരകങ്ങളാണ്. വിവിധ സംസ്കാരങ്ങളുടെ സ്വാധീനഫലമായി ഏതു സംസ്കാരത്തെയും കൈനീട്ടി സ്വീകരിക്കാനുള്ള സാംസ്കാരിക ഔന്നത്യം കണ്ടാണശ്ശേരിക്കാർക്കുണ്ടായി.

ബാഹ്യലോകവുമായി എന്നും ബന്ധം പുലർത്തിയിട്ടുള്ള നാടാണ് കണ്ടാണശ്ശേരി .ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും ശ്രീലങ്ക, മലയാ തുടങ്ങിയ വിദേശരാജ്യങ്ങളിലും കണ്ടാണശ്ശേരിക്കാർ വളരെ മുമ്പുതന്നെ എത്തിയിട്ടുണ്ട്. ഇപ്പോൾ ഗൾഫ്‌രാജ്യങ്ങളിൽ ഒട്ടേറെ കണ്ടാണശ്ശേരിക്കാരുണ്ട്. വിവിധ സർക്കാർ ആഫീസുകളും ശ്രീകൃഷ്ണ കോളേജും വന്നതോടെ കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ളവർ കണ്ടാണശ്ശേരിയിൽ എത്തുകയും ചെയ്തിട്ടുണ്ട്. ഈ വിദേശ ബന്ധങ്ങളെല്ലാം കണ്ടാണശ്ശേരിയുടെ സാമ്പത്തികവും സാംസ്കാരിയവുമായ പുരോഗതിക്ക് സഹായിച്ചിട്ടുണ്ട്.

പഴമയും പുതുമയും ഒരുപോലെ നിലനിർത്താൻ കഴിയുന്ന അപൂർവ്വം ദേശങ്ങളിലൊന്നാണ് കണ്ടാണശ്ശേരി. പഴമയും പുതുമയും കൈകോർത്തുനില്ക്കുന്ന ദൃശ്യങ്ങൾ ഇവിടെ ഏതുഭാഗത്തും ലഭ്യമാണ്. ചെങ്കല്ലിൽ ചെത്തിപ്പടുത്ത പഴയ മാളിക വീടുകളും നൂററാണ്ടുകളുടെ പഴക്കമുള്ള ആചാരാനുഷ്ഠാനങ്ങളും ഇവിടെയുണ്ട്. ആധുനിക മണിമാളികകളും ആധുനിക വ്യവസായശാലകളും അത്യന്താധുനിക ജീവിത രീതികളും ഇവയോടൊപ്പം തന്നെ ഇവിടെ കാണാം.

മതസൗഹാർദ്ദത്തിനു പേരുകേട്ട പ്രദേശമാണ് കണ്ടാണശ്ശേരി. ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഇവിടെ ഏകോദരസഹോദരങ്ങളെപ്പോലെ ജീവിക്കുന്നു. കണ്ടാണശ്ശേരിയുടെ എല്ലാ ഭാഗങ്ങളിലും ഈ മൂന്നു വിഭാഗങ്ങളിലും പെട്ടവർ താമസിക്കുന്നുണ്ട്. കണ്ടാണശ്ശേരിയുടെ വികസനത്തിന് ഇവർ ഒത്തൊരുമിച്ചുപ്രവർത്തിക്കുന്നുണ്ട്. വർഗ്ഗീയ സംഘട്ടനങ്ങൾ കണ്ടാണശ്ശേരിയുടെ ചരിത്രത്തിലില്ല.

പ്രശസ്തമായ ഒട്ടനവധി ആരാധനാലയങ്ങളുള്ള നാടാണ് കണ്ടാണശ്ശേരി. ഹിന്ദു - ക്രിസ്ത്യൻ -മുസ്ലീം ദേവാലയങ്ങൾ ഇവിടെ പലയിടങ്ങളിലും അടുത്തടുത്തു സ്ഥിതി ചെയ്യുന്നു.

ഇരുപതോളം ക്ഷേത്രങ്ങളും ഒട്ടേറെ സർപ്പക്കാവുകളും ഹിന്ദുക്കളുടെ വകയായി ഇവിടെയുണ്ട്. ശിവനും വിഷ്ണുവും ശക്തിയുമെല്ലാം ഇവിടെ ആരാധിക്കപ്പെടുന്നു. ക്ഷേത്രങ്ങളിൽ പ്രധാനപ്പെട്ടവ അരിയന്നൂർ ഹരികന്യകാ ക്ഷേത്രവും ചൊവ്വല്ലൂർ ശിവക്ഷേത്രവുമാണ്. സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ഈ ക്ഷേത്രങ്ങൾ വാസ്തുശില്പരംഗത്തെ മികച്ചസംഭാന ളാണ് 'ചന്ദ്രോത്സവത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള അരിയന്നൂർ ഹരികന്യ ക്ഷേത്രം പറയിപെററ പന്തിരുകുലത്തിൽ പ്പെട്ട പെരുന്തച്ചൻ നിർമ്മിച്ചതാണെന്ന് ഐതിഹ്യം ഉൽഘോഷിക്കുന്നു. ചൊവ്വല്ലൂർ ക്ഷേത്രത്തിന്റെ ശില്പചാതുരിയു, ക്ഷേത്രത്തിന്റെ പടിഞ്ഞാറെനടയിൽ സ്ഥാപിച്ചിട്ടുള്ള ഗജമസ്തകശില്പങ്ങളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അഞ്ച് ക്രിസ്തീയ ദേവാലയങ്ങളും മൂന്ന് മുസ്ലിംപള്ളികളും കണ്ടാണശ്ശേയിലുണ്ട്. മററം ഫൊറോനപള്ളി ഇന്ത്യയിലെ ആദ്യകാല ക്രിസ്തീയ ദേവാലയങ്ങളിലൊന്നാണ്. എ. ഡി. 140ൽ ഇതു സ്ഥാപിക്കപ്പെട്ടു.

മററത്തുള്ള മാതാവിൻെറ പള്ളിയുടെ മുററത്തുള്ള 'തീർത്ഥക്കിണർ' ഒട്ടേറെ തീർത്ഥാടകരെ ആകർഷിക്കുന്നുണ്ട്. കണ്ടാണശ്ശേരിയിലെ മുസ്ലീംപള്ളികൾ ചൊവ്വല്ലൂർ, അരിയന്നൂർ, ആളൂർ എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്നു.

ക്ഷേത്രങ്ങളിലും പള്ളികളിലുമായി വർഷംതോറും ഒട്ടേറെ ഉത്സവങ്ങളും പൂരങ്ങളും പെരുന്നാളുകളുമുണ്ട്. അരിയന്നൂർ ക്ഷേത്രത്തിൽ പതിനഞ്ചുദിവസം നീണ്ടുനില്ക്കുന്ന ഉത്സവമുണ്ട്. ചൊവ്വല്ലൂർക്ഷേത്രത്തിലും പൊന്മലക്ഷേത്രത്തിലും ശിവരാത്രി ആഘോഷം പ്രധാനമാണ്. ചെറിയ ക്ഷേത്രങ്ങളിൽ പൂരങ്ങൾ നടക്കുന്നു. മേളങ്ങളും ക്ഷേത്രകലാ പ്രകടനങ്ങളും കാവടിയാട്ടവും കരിമരുന്നു പ്രയോഗവും ഉത്സവങ്ങളുടെയും പൂരങ്ങളുടെയും കൊഴുപ്പുവർദ്ധിപ്പിക്കുന്നു. വാഴേക്കാവിൽ ഭഗവതിക്ഷേത്രത്തിൽ എല്ലാ വർഷവും ഏഴുദിവസം നീണ്ടുനില്ക്കുന്ന പാവക്കൂത്ത് നടത്തുന്നുണ്ട്. മററം നിത്യസഹായ മാതാവിൻെറ പള്ളിയിലെ പെരുന്നാളും മുസ്ലീം പള്ളികളിലെ പെരുന്നാളുകളും ഒട്ടേറേ ഭക്തജനങ്ങൾ പങ്കെടുക്കുന്ന പരിപാടികളാണ്. ജാതിമതഭേദമെന്യെ ഈ ഉത്സങ്ങവങ്ങളുടെയും, പൂരങ്ങളുടെയും പെരുന്നാളുകളുടെയും നടത്തിപ്പിൽ ഈനാട്ടുകാർ സഹകരിക്കുന്നുണ്ട്.

നല്ല കള്ളിനും നല്ലവൈദ്യനും പേരുകേട്ട കണ്ടാണശ്ശേരിയിൽ മററു പ്രദേശങ്ങളിലെന്നപോലെ കർക്കശമായ ജാതിവ്യവസ്ഥയും മററ് അനാചാരങ്ങളും ഒരു കാലത്ത് ഉണ്ടായിരുന്നു. ദേശീയപ്രസ്ഥാനത്തിൻെറയും ശ്രീനാരായണ പ്രസ്ഥാനത്തിൻെറയും സ്വാധീന ഫലമായി ഇവ അപ്രത്യക്ഷമായി.

പുരോഗമന വാദികളായ ഒട്ടേറെ ആളുകളുള്ള പ്രദേശം ആയിരുന്നു കണ്ടാണശ്ശേരി സാമൂഹ്യ തിന്മകൾക്കെതിരെ ഇവർ സമരം നടത്തി.ഇവരുടെ നേതൃത്വത്തിൽ മിശ്രവിവാഹങ്ങളും മററും നടന്നിരുന്നു.

ദേശീയപ്രസ്ഥാനത്തിൽ കണ്ടാണശ്ശേരിക്കാർ പങ്കെടുക്കുകയുണ്ടായി. ക്വിററ് ഇന്ത്യ സമരത്തിൽപങ്കെടുത്തവരും ഐ. എൻ. എ.യിൽ അംഗങ്ങളായിരുന്നവരും ഇവിടെയുണ്ട്. കണ്ടാണശ്ശേരി പഞ്ചായത്ത് വൈസ് പ്രസിഡണ്ടായിരുന്ന പി. കെ. ചുണ്ടത്തിൽ (ഇട്ടീര) ഐ. എൻ. എ.യിൽ അംഗവും സ്വാതന്ത്ര്യ സമര സേനാനിയും ആയിരുന്നു. ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായി ഗുരുവായൂരിൽ നടന്ന ക്ഷേത്രപ്രവേശന സമരത്തിൽ ശ്രീ. വെട്ടത്തു ഗോവിന്ദൻ എന്ന അപ്പുവിൻെറ നേതൃത്വത്തിൽ കണ്ടാണശ്ശേരിയിലെ ഒരു പററം ആളുകൾ പങ്കെടുത്തു. ഗുരുവായൂർ സമരത്തിന് സാമ്പത്തിക സഹായം നല്കുകയും പിടിയരി പിരിവ്, സന്നദ്ധ ഭടൻമാരെ തെരഞ്ഞെടുത്തു പറഞ്ഞയയ്ക്കൽ തുടങ്ങിയ കാര്യങ്ങളിൽ സഹകരിക്കുകയും ചെയ്തു കണ്ടാണശ്ശേരിക്കാർ.

സാഹിത്യകാരന്മാരും സഹൃദയരും വേണ്ടുവോളമുള്ള അനുഗ്രഹീത പ്രദേശമാണ് കണ്ടാണശ്ശേരി. കോവിലൻെറ നാടാണിത്. അദ്ദേഹത്തിൻെറ തട്ടകം എന്ന നോവൽ കണ്ടാണശ്ശേരിയുടെ കഥപറയുന്നു.

ഗ്രന്ഥശാലാ പ്രസ്ഥാനം കണ്ടാണശ്ശേരിയിൽ എത്തിയിട്ട് ഏതാണ്ട് ഒരു നൂററാണ്ടായി. പത്തൊമ്പതാം നൂററാണ്ടിൻെറ അന്ത്യപാദത്തിൽ മററം പള്ളിയോടനുബന്ധിച്ച് ഒരു വായനശാല സ്ഥാപിക്കപ്പെട്ടു. പിന്നീട് കണ്ടാണശ്ശേരിയുടെ വിവിധ ഭാഗങ്ങളിൽ വായനശാലകളും ഗ്രന്ഥശാലകളും ഉണ്ടായി. കണ്ടാണശ്ശേരി, ചൊവ്വല്ലൂർ, കൂനംമൂച്ചി, ആളൂർ, മററം എന്നിവിടങ്ങളിൽ ഇപ്പോൾ ഗ്രന്ഥശാലകളുണ്ട്. ഈ ഗ്രന്ഥാലയങ്ങളിൽ നല്ല ഗ്രന്ഥശേഖരമുണ്ടെങ്കിലും വായനക്കാരുടെ എണ്ണം കുറഞ്ഞുവരുന്നു. യുവാക്കളുടെയും, വനിതകളുടെയും, കുട്ടികളുടെയും ഇടയിൽ വായനാശീലം വളർത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

മലയാളത്തിലുള്ള മിക്ക പത്രങ്ങളും മാസികകളും കണ്ടാണശ്ശേരിയിൽ പ്രചാരത്തിലുണ്ട്. ഇംഗ്ലീഷ് പത്രമാസികകളും ഇവിടെ എത്തുന്നുണ്ട്. പുസ്തകവായന കുറവാണെങ്കിലും പത്രങ്ങളുംമാസികകളും വായിക്കുന്ന കാര്യത്തിൽ ഈ നാട്ടുകാർ പിന്നിലല്ല. ആനുകാലിക സംഭവങ്ങൾ വായിച്ചു മനസ്സിലാക്കുകയും ചർച്ച് ചെയ്യുകയും ചെയ്യുന്നുണ്ട്. രാഷ്ട്രീയ പ്രബുദ്ധതയുടെ കാര്യത്തിൽ കണ്ടാണശ്ശേരി എന്നും മുൻപന്തിയിൽ തന്നെയായിരുന്നു.

ഒട്ടേറെ സാംസ്കാരിക സംഘടനകൾക്ക് കണ്ടാണശ്ശേരി ജന്മംനൽകിയിട്ടുണ്ട്. ഈ നൂററാണ്ടിന്റെ നാലാംദശകത്തിൽ കണ്ടാണശ്ശേരിയിൽ സ്ഥാപിക്കപ്പെട്ട 'യുവജനസംഘം' ആണ് ആദ്യത്തെ സാംസ്കാരിക സംഘടന. സത്യം, സമത്വം, സാഹോദര്യം, സ്വജനസ്നേഹം, സ്വാശ്രയശീലം, പരസ്പര വിശ്വാസം, ഐകമത്യം എന്നിവവളർത്തുന്നതിനാണ് ഇതു സ്ഥാപിച്ചത്. പിന്നീട് ഒട്ടേറെ കലാസമിതികൾ ഉണ്ടായി. 1954ൽ സ്ഥാപിച്ച കണ്ടാണശ്ശേരി കലാസമിതിയാണ് ഇതിൽ ആദ്യത്തേത്. ഇന്ന് ഇവിടെയുള്ള കലാസമിതികൾ വേണ്ടരീതിയിൽ പ്രവർത്തിക്കുന്നു എന്നു പറയാനാവില്ല.

കലാകാരന്മാർക്കു ക്ഷാമമില്ലാത്ത ഈ നാട്ടിൽ കലാസമിതികളുടെ പ്രവർത്തനം മോശമാകാനുള്ള കാരണത്തെപ്പററി ഉറക്കെചിന്തിക്കേണ്ടിയിരിക്കുന്നു. തനതു നാടൻ കലകൾക്കുവേണ്ടു വേദി ഒരുക്കിയിരുന്ന നാടായിരുന്നു കണ്ടാണശ്ശേരി. കോൽക്കളി, മാരികളി, പറയൻതുള്ളൽ, പാണൻപാട്ട്, കൈകൊട്ടിക്കളി, തെയ്യം, തിറ തുടങ്ങിയവ പോയകാലത്ത് ഇവിടെ അരങ്ങതകത്തിരുന്നു. കളരികളും ഇവിടെ ഉണ്ടായിരുന്നു. സിനിമാശാലയും ടെലിവിഷനും കേബിൾ ടി. വിയും മററും വന്നതോടെ ഈ നാടൻകലകൾക്കു പ്രോത്സാഹനം ലഭിക്കാതായി അനർഘമായ നാടൻ കലാസമ്പത്ത് സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ താമസംവിനാ കൈക്കൊള്ളേണ്ടിയിരിക്കുന്നു.

കായികാഭ്യാസികൾക്കു പേരുകേട്ട പ്രദേശമായിരുന്നു കണ്ടാണശ്ശേരി. മൈസൂർ പടയുമായി കണ്ടാണശ്ശേരിയിലെ കായികാഭ്യാസികൾ ഏററുമുട്ടിയതായി പറയപ്പെടുന്നു. ആ യുദ്ധത്തിൽ ഇരുഭാഗങ്ങളിലുമായി ആയിരത്തോളം പേർ വധിക്കപ്പെട്ടുവെന്നും ആ ജഡങ്ങൾ ഒരു കുളത്തിലിട്ട് മൂടിയെന്നും ആ സ്ഥലമാണ് ആയിരംകുളം എന്ന് അറിയപ്പെടുന്നതെന്നും പഴമക്കാർ പറയുന്നു. കായികമത്സരങ്ങൾ ഇവിടെ നടന്നിരുന്നു. ഇന്നത്തെ കോളേജുകുന്നിൽ 'ഓണത്തല്ല്' എല്ലാ വർഷവും ഉണ്ടായിരുന്നു.

ഇപ്പോൾ കണ്ടാണശ്ശേരിയിൽ ഒട്ടേറെ കായിക സമിതികൾ ഉണ്ട്. എന്നാൽ പലതരത്തിലുള്ള പരാധീനതകൾ ഉള്ളതുകൊണ്ട് വേണ്ടരീതിയിൽ പ്രവർത്തിക്കാൻ അവക്കു കഴിയുന്നില്ല. വാർഷികയോഗങ്ങളിലും ഒന്നോ രണ്ടോ മത്സരങ്ങളിലും ഒതുങ്ങുന്നു. അവയുടെ പ്രവർത്തനം വനിതകളെ കായികരംഗത്തു കാണുന്നുമില്ല.

### പ്രശ്നങ്ങൾ:

1 രാഷ്ട്രീയാതിപ്രസരം കണ്ടാണശ്ശേരിയുടെ സാംസ്കാരിക ജീവിതത്തിൽ പോറലുകൾ വീഴ്ത്തുന്നുണ്ട്

2 വായനാശീലം കുറഞ്ഞിരിക്കുന്നു

3 തനതുനാടൻ കലകൾ ഏതാണ്ട് അപ്രത്യക്ഷമായിരിക്കുന്നു.

4 കലാ-കായിക-സമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല.

5 ആഘോഷങ്ങളോടനുബന്ധിച്ച് നാടൻ കലാകാരന്മാർ പരിപാടികൾ അവതരിപ്പിക്കുന്നത് വിരളമായിരിക്കുന്നു.

6 കുടുംബകലഹങ്ങളും സ്ത്രീപീഢനങ്ങളും ഉണ്ടാകുന്നു.

7 മദ്യവും മയക്കുമരുന്നുകളും പ്രചരിക്കുന്നു.

8 ആർഭാടജീവിതം പ്രചരിക്കുന്നു. ഉപഭോഗസംസ്കാരം പടരുന്നു

9 സാംസ്കാരികപ്രവർത്തനങ്ങളിലുള്ള താൽപര്യം കുറഞ്ഞുവരുന്നു.

**സാദ്ധ്യതകൾ - നിർദ്ദേശങ്ങൾ**

1 വികസന പ്രവർത്തനങ്ങളിൽ കക്ഷിഭേദമെന്യേ നാട്ടുകാരെ പങ്കാളികളാക്കുക.

2 ഓരോ വാർഡിലും വായനശാലയും ഗ്രന്ഥശാലയും സ്ഥാപിക്കുക. നിലവിലുള്ളവക്ക് സാമ്പത്തിക സഹായം നൽകുക. സാഹിത്യ മത്സരങ്ങളും ചർച്ചകളും നടത്തുക. ടി.വി.യുടെ ദുരുപയോഗത്തി നെതിരെ ബോധവൽക്കരണം നടത്തുക.

3 നാടൻകലാകാരന്മാർക്ക് പ്രോത്സാഹനം നൽകുക. അവർക്ക് വേദിയൊരുക്കുക.

4 കാലാകായിക സമിതികളുടെ പ്രവർത്തനം പഞ്ചായത്തടിസ്ഥാനത്തിൽ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. അവയ്ക്ക് സ്വന്തം സ്ഥലവും കെട്ടിടവും ഉണ്ടാക്കാൻവേണ്ട സാമ്പത്തിക സഹായം നൽകുക.

5 കുട്ടികൾക്കും വനിതകൾക്കുംവേണ്ടി പ്രത്യേകം കലാകായിക സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുക.

6 വികസന പ്രവർത്തനങ്ങളിൽ കലാകായിക സമിതികൾക്ക് പങ്കാളിത്തം നൽകുക

7 കലാകായിക പരിശീലനത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.

8 ഓരോ വാർഡിലും കളിസ്ഥലവും കമ്യൂണിററിഹാളും നിർമ്മിക്കുക.

9 കുട്ടികൾക്കുള്ള പാർക്കുകൾ നിർമ്മിക്കുക

10 മദ്യം,മയക്കുമരുന്നുകൾ, AIDS–ഇവയ്ക്കെതിരെ ബോധവൽക്കരണം നടത്തുക.

11 സ്കൂൾ കോളേജ് വിദ്യാർത്ഥികളും നാട്ടുകാരുംചേർന്നുള്ള വികസനപ്രവർത്തനങ്ങളും കലാകായിക പരിപാടി കളും സംഘടിപ്പിക്കുക.

12 തൊഴിലില്ലായ്മ പരിഹരിക്കുക.

13 കുടക്കല്ലുകൾ, മുനിമട, കല്ലത്തിപ്പാറ, മററം പള്ളിക്കുന്ന്, പൊന്മല തുടങ്ങിയവയിലേക്ക് വിനോദസഞ്ചാ രികളെ ആകർഷിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുക.

14 വനിതാ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

15 കണ്ടാണശ്ശേരിയുടെ ചരിത്രവും സംസ്കാരവും ഉൾക്കൊള്ളുന്ന ഗ്രന്ഥം ഉണ്ടാക്കി പ്രചരിപ്പിക്കുക.

16 എല്ലാ വാർഡിലും പൊതു ടി. വി. സ്ഥാപിക്കുക.

## കണ്ടാണശ്ശേരിയിലെ ഗ്രന്ഥശാലകൾ

| പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലിക ങ്ങളുടെ എണ്ണം | അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| യുവജനസമാജം വായനശാല ആളൂർ | 1950 | ഇ | 2450 | 172 | 180 | പത്രം-1, വാരിക-1 | സെമിനാറുകൾ,സമ്മേളനങ്ങൾ |
| കണ്ടാണശ്ശേരി ഗ്രാമീണ വായനശാല | 1953 | എ | 5540 | 176 | 720 | പത്രം-5, വാരിക-5 | കലാപരിപാടികൾ സാംസ്കാരികസമ്മേളനങ്ങൾ വിദ്യഭ്യാസ പ്രോത്സാഹനം |
| ഗ്രാമീണവായനശാല കൂനംമൂച്ചി | 1955 | ബി | 5000 | 450 | 650 | പത്രം-1 വാരിക-1 | സെമിനാറുകൾ, കലാ കായിക മത്സരങ്ങൾ |
| ഉദയാഗ്രന്ഥശാല ചൊവ്വല്ലൂർ | 1990 | | 900 | 35 | 100 | | സെമിനാറുകൾ കയ്യെഴുത്തുമാസിക |
| കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാല മറ്റം | 1990 | | 907 | 82 | 113 | പത്രം-7 വാരിക-2 | കലാസാഹിത്യ ചർച്ചകൾ |

## കണ്ടാണശ്ശേരിയിലെ കലാ കായിക സമിതികൾ

| | | |
|---|---|---|
| ഉദയാ ആർട്സ് ക്ലബ്, ചൊവ്വല്ലൂർ<br>ഐശ്വര്യ സ്പോർട്സ് ക്ലബ്, ചൊവ്വല്ലൂർ<br>കണ്ടാണശ്ശേരി കലാസമിതി, കണ്ടാണശ്ശേരി<br>സാരഥി ആർട്സ് & സ്പോർട്സ് ക്ലബ്, കണ്ടാണശ്ശേരി<br>അപ്പു ക്ലബ്, കണ്ടാണശ്ശേരി<br>പ്രഥമ ക്ലബ്, കണ്ടാണശ്ശേരി<br>യുവത കലാസമിതി, കരിയന്നൂർ<br>പുരോഗമനകലാവേദി, നമ്പഴിക്കാട്<br>KPAC, നമ്പഴിക്കാട്.<br>നാദം ആർട്സ് & സ്പോർട്സ് ക്ലബ്,നമ്പഴിക്കാട്<br>ഗ്രാമശില്പ, നമ്പഴിക്കാട്<br>ഗ്രാമദീപം, നമ്പഴിക്കാട് | പ്രിയദർശിനി ക്ലബ്, നമ്പഴിക്കാട്<br>റെഡ് സ്റ്റാർ, നമ്പഴിക്കാട്<br>മറ്റം ആർട്സ് & സ്പോർട്സ് ക്ലബ്, മറ്റം<br>അനശ്വര ആർട്സ് & സ്പോർട്സ് ക്ലബ്, മറ്റം<br>ടെൻ ആർട്സ് ക്ലബ്, മറ്റം<br>ഗ്രാമരഥം ക്ലബ്, മറ്റം<br>പുരോഗമന സാംസ്കാരികവേദി, മറ്റം.<br>ശില ക്ലബ്; ആളൂർ.<br>നാട്ടുകൂട്ടം, ആളൂർ.<br>ഒയാമ ആർട്സ് & സ്പോർട്സ് ക്ലബ്, ആളൂർ.<br>ഇനീഷ്യേറ്റീവ്സ്, അളൂർ.<br>ഹഷ്മി ക്ലബ്, ആളൂർ. | ഫ്രൻസ് ആർട്സ് & സ്പോർട്സ് ക്ലബ്, ആളൂർ.<br>സഹൃദയ കലാവേദി, കിഴക്കാളൂർ.<br>കല, കൂനംമൂച്ചി.<br>അക്ഷരശ്ലോകസമിതി, കൂനംമീച്ചി.<br>ഫ്രൻസ് ആർട്സ് ക്ലബ്, പന്നിശ്ശേരി.<br>ചേരി & ചേരി, അരിയന്നൂർ.<br>എക്കോ ആർട്സ് & സ്പോർട്സ് ക്ലബ്, അരിയന്നൂർ.<br>ഗ്രാമം കലാസാംസ്കാരിക വേദി, അരിയന്നൂർ.<br>ശാസ്ത്രസാഹിത്യപരിഷത്ത്, മറ്റം, കൂനംമൂച്ചി. |

# ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

## ഊർജ്ജം

നമ്മുടെനിലനില്പിനും അഭിവൃദ്ധിക്കും ഊർജ്ജം വഹിക്കുന്ന പങ്ക് നിസ്സീമമാണ്. വൈദ്യുതിയും, മണ്ണെണ്ണ, ഗ്യാസ്, പെട്രോൾ, ഡീസൽ, വിറക് തുടങ്ങിയ മറ്റ് ഊർജ്ജരൂപങ്ങളും നിലച്ചാലുള്ള സ്ഥിതി ചിന്തിക്കുവാൻ കൂടി വിഷമമാണല്ലോ! സൗരോർജജവും ഒരു പരിധിവരെ വൈദ്യുതിയും ഒഴിച്ചാൽ ബാക്കിയെല്ലാം ഉപയോഗിച്ചാൽ തീർന്നു പോകുന്നവയാണ്. പലതിന്റേയും രൂക്ഷമായ ക്ഷാമം വരുന്ന ഇരുപത് വർഷത്തിനകം തന്നെ അനുഭവത്തിൽ എത്തുമെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. ഉപഭോക്താക്കൾ വർദ്ധിക്കുകയും ലഭ്യത കുറയുകയും സ്രോതസ്സുകൾ പുതുക്കപ്പെടാതിരിക്കുകയും ചെയ്യുന്നു എന്നുള്ളത് വലിയൊരു പ്രതിസന്ധി തന്നെയാണ്. ഊർജ്ജത്തിന്റെഉപഭോഗം വർദ്ധിക്കുന്നതിലൂടെ തന്നെയാണ് ജനങ്ങളുടെ ജീവിത ഗുണനിലവാരം വർദ്ധിക്കുന്നത്.

**ചില വികസിത രാജ്യങ്ങളിലെ ആളോഹരി വാർഷിക വൈദ്യുതി ഉപഭോഗം (1994)**

| രാജ്യത്തിന്റെ പേര് | യൂണിറ്റ് | രാജ്യത്തിന്റെ പേര് | യൂണിറ്റ് |
|---|---|---|---|
| നോർവ്വെ | 17829 | സോവിയറ്റ് യൂണിയൻ | 3830 |
| കാനഡ | 11833 | ഹോളണ്ട് | 3820 |
| യു. എസ്. എ. | 9370 | ഫ്രാൻസ് | 3420 |
| സ്വീഡൻ | 9360 | ഇറ്റലി | 2360 |
| ന്യൂസിലാന്റ് | 6063 | ഇന്ത്യ | 98 |

മേൽകാണിച്ചിരിക്കുന്ന പട്ടികയിൽ നിന്നും ഇന്ത്യയുടെ സ്ഥിതി വളരെ പരിതാപകരമാണ് എന്ന് മനസ്സിലാക്കാം.

ഇത്തരം പ്രധാനപ്പെട്ട ഈ മേഖലയെ സംബന്ധിച്ച സ്ഥിവിവരകണക്കുകൾ വേണ്ടത്ര ലഭ്യമല്ല എന്നത് ദയനീയമായ ഒരു വസ്തുതയാണ്. വൈദ്യുതി, പെട്രോളിയം ഉല്പന്നങ്ങൾ എന്നിവയെ കുറിച്ചു മാത്രമേ ഏകദേശകണക്കുകൾ ഉള്ളൂ അത് കേരളത്തിന്റെ മൊത്തമായിമാത്രം. പഞ്ചായത്തിന്റേയോ, ജില്ലയുടെ പോലുമോ കണക്കുകൾ ലഭിക്കുക എന്നത് വളരെ പ്രയാസമാണ്. സാധാരണക്കാർ ഉപയോഗിക്കുന്ന വിറക്, തെങ്ങുല്പന്നങ്ങൾ, ചാണകവരളി എന്നിവയെ കുറിച്ച് യാതൊരു കണക്കുകളും ഒരു തലത്തിലും ലഭ്യമല്ല.

**ഇന്ത്യയിലെ ആളോഹരി വാർഷിക വൈദ്യുതി ഉപഭോഗം യൂണിറ്റിൽ**

| വർഷം | കർണ്ണാടകം | തമിഴ്നാട് | ആന്ധ്ര | പഞ്ചാബ് | ഗുജറാത്ത് | ഇന്ത്യയിലെ മൊത്തം | കേരളം |
|---|---|---|---|---|---|---|---|
| 1970 - 71 | 104 | 130 | 56 | 159 | 138 | 90 | 76 |
| 1980 - 81 | 157 | 190 | 106 | 315 | 245 | 135 | 101 |
| 1981 - 82 | 168 | 194 | 116 | 298 | 245 | 141 | 117 |
| 1982 - 83 | 166 | 180 | 134 | 336 | 252 | 146 | 121 |
| 1983 - 84 | 166 | 178 | 142 | 354 | 274 | 154 | 113 |
| 1984 - 85 | 190 | 228 | 167 | 354 | 282 | 167 | 129 |
| 1985 - 86 | 189 | 218 | 182 | 423 | 304 | 178 | 139 |
| 1986 - 87 | 197 | 238 | 205 | 481 | 320 | 191 | 135 |
| 1987 - 88 | 207 | 249 | 197 | 515 | 373 | 201 | 130 |

മേൽ വിവരച്ചിരിക്കുന്ന കണക്കുകകളിൽ നിന്നും വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ **മാത്രമാണ്** കേരളത്തിന് പിന്നിലെന്ന് മനസ്സിലാക്കാം.

ഇനി വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്ന വൈദ്യുതിയുടെ **ഉപഭോഗം** പരിശോധിക്കാം.

## വ്യാവസായിക വൈദ്യുതോപഭോഗം (വർഷത്തിൽ കോടി യൂണിറ്റ്)

| വർഷം | കേരളം | ഇന്ത്യ | |
|---|---|---|---|
| 1971 | 122.54 | 3492.63 | കോടി യൂണിറ്റ് |
| 1977 | 154.94 | 4884,59 | " |
| 1983 | 171.18 | 6305.2 | " |
| 1986 | 224.40 | 7997.74 | " |
| 1988 | 177.01 | 9086.80 | " |
| 1989 | 217.70 | 9670.00 | " |
| പ്രതിശീർഷ വളർച്ചാ നിരക്ക് | 2.91% | 5.03% | |

(8-ാം പദ്ധതി രേഖകളിൽനിന്നും, വൈദ്യുതി ബോർഡ് രേഖകളിൽനിന്നും എടുത്തത്)

മേൽ കാണിച്ച വിവരങ്ങളിൽനിന്നും കേരളത്തിന്റെ സ്ഥിതി വളരെ ശോചനീയമാണെന്ന് **കാണാം.**

## സിംഗിൾ ഫെയ്സ് ഉപഭോക്താക്കളുടെ പീക്ക് ലോഡ് സമയത്തെ വോൾട്ടേജ്

| വോൾട്ടേജ് | ഉപഭോക്താക്കൾ ശതമാനകണക്കിൽ |
|---|---|
| 150-ൽ താഴെ | 30 |
| 150നും 180നും ഇടയിൽ | 40 |
| 180 നു മീതെ | 30 |

ഇതിൽ നിന്നും ഉപഭോക്താക്കൾക്ക് ലഭിക്കുന്ന വൈദ്യുതി വോൾട്ടേജിന്റെ **അവസ്ഥ** മനസ്സിലാക്കാവുന്നതാണല്ലോ

മേൽ വിവരിച്ച കാര്യങ്ങളിൽ നിന്നും ഊർജ്ജസംരക്ഷണത്തിനും, ഊർജ്ജാസൂത്രണ**ത്തിനും** നല്കേണ്ട പ്രാധാന്യം വ്യക്തമാണ്. "വിദഗ്ധ കർമ്മ സേന" യുടെ നേതൃത്വത്തിൽ സമഗ്രമായ **ഊർജ്ജവിവര** ശേഖരണവും, തദ്വാര ക്രിയാത്മകമായ, പ്രകൃതിസമ്പത്തിന് കാര്യമായി ദോഷം സംഭവിക്കാത്ത**തുമായ** ഊർജ്ജപദ്ധതികൾ നടപ്പിൽ വരുത്തുന്നതും മാതൃകാപരമായിരിക്കും.

സ്ഥിതിവിവരകണക്കുകൾ പഞ്ചായത്തടിസ്ഥാനത്തിൽ

ആമുഖത്തിൽ പറഞ്ഞതുപോലെ പഞ്ചായത്തടിസ്ഥാനത്തിലുള്ള സ്ഥിതിവിവരക**ണക്കുകൾ** വ്യക്തമായി ലഭ്യമല്ലാത്ത സ്ഥിയാണുള്ളത്. ഗ്രാമസഭകളുടെ നേതൃത്വത്തിൽ ചില വകുപ്പുകളി**ൽനിന്നും,** പര്യടനവേളയിലും ലഭിച്ച കണക്കുകൾ വെച്ച് പഞ്ചായത്തുതലസ്ഥിതി വിവരകണക്ക് **അനുബന്ധമായി** ചേർക്കുന്നു.

## പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന ട്രാൻസ്ഫോർമറുകൾ

| | |
|---|---|
| 1. ചൊവ്വല്ലൂർ | 100 KVA |
| 2. കണ്ടാണശ്ശേരി | 100 KVA നമ്പർ 1 |
| 3. കണ്ടാണശ്ശേരി | 100 KVA നമ്പർ 2 |
| 4. കണ്ടാണശ്ശേരി | 100 KVA നമ്പർ 3 |
| 5. കണ്ടാണശ്ശേരി | 100 KVA നമ്പർ 3 |

| | |
|---|---|
| 6. അരിയന്നൂർ | 100 KVA നമ്പർ 1 |
| 7. അരിയന്നൂർ | 100 KVA നമ്പർ 2 |
| 8. കൂനംമൂച്ചി | 100 KVA |
| 9. ശ്രീകൃഷ്ണകോളേജ് | 160 KVA |
| 10. അരിയന്നൂർ ശാസ്താ | 63 KVA |
| 11. മുനിമട | 100 KVA |
| 12. പന്നിശ്ശേരി ഗ്രൗണ്ട് | 100 KVA |
| 13. മറ്റം | 315 KVA |
| 14. ചൂരക്കുളം | 160 KVA |
| 15. പൊട്ടിൽകുന്ന് | 63 KVA |
| 16. നമ്പഴിക്കാട് | 100 KVA |
| 17. തിരുവത്ര കോളനി | 100 KVA |
| 18. ആളൂർ തിരുത്തി | 63 KVA |
| 19. ആളൂർ സെന്റർ | 100 KVA |
| 20. ആളൂർ | 100 KVA |
| 21. ആളൂർ പാലം | 100 KVA |

◆ ◆ ◆

**പഞ്ചായത്തുതലം :**

| | | |
|---|---|---|
| ആകെ വീടുകൾ | — | 4893 |
| വൈദ്യുതി ലഭിച്ചവ | — | 3766 |
| വൈദ്യുതീകരിക്കാത്തവ | — | 1127 |
| വ്യവസായത്തിന് വൈദ്യുതി ലഭിച്ചവ | — | 61 |
| വ്യാപാരാവശ്യത്തിന് ,, ,, | — | 435 |
| കാഷികാവശ്യത്തിന് ,, ,, | — | 2435 |
| അപേക്ഷിച്ചിട്ടും വൈദ്യുതിലഭിക്കാത്തവ | | |
| OTP | — | 12 |
| OYC | — | 27 |
| വൈദ്യുതീകരിച്ച കോളനികൾ(ആളൂർ, തിരുത്തി,തിരുവത്ര) | | 3 |

| | | |
|---|---|---|
| ട്രാൻസ്ഫോർമറുകൾ | : | 21 |
| മണ്ണെണ്ണ പെർമിററിൻെറ എണ്ണം | : | 875 |
| കൃഷിഭവൻ മുഖേനയുള്ളത് | : | 375 |
| കാർഡ് വഴി വിതരണം ചെയ്യുന്നത് | : | 2,50,194 ലിററർ |
| പെർമിററ് പ്രകാരം വിതരണം ചെയ്യുന്നത് | : | 50,060 ലിററർ |
| വിറക് വില്പന കേന്ദ്രങ്ങൾ | : | 9 |
| ഉപയോഗിക്കുന്ന വിറക് (പ്രതിദിനം) | : | 7000 ടൺ |
| ക്ഷമതകൂടിയഅടുപ്പുകൾ | : | 148 |
| സൗരോർജ്ജ റാന്തൽ | : | 1 |
| തെരുവ് വിളക്ക് | : | 525 |
| തെരുവ് വിളക്കിന് പ്രതിമാസം അടയ്ക്കുന്ന സംഖ്യ | : | 5973 |

**നടപ്പുപദ്ധതികൾ:**

സമഗ്ര ഊർജ്ജാസൂത്രണവുമായി ബന്ധപ്പെട്ട പദ്ധതികൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽഇപ്പോൾ ഇല്ല.

**പ്രശ്നങ്ങൾ:**

1. വൈദ്യുതി കാത്തിരിക്കുന്നവരുടെ എണ്ണം നിരവധിയാണ്.
2. വോൾട്ടേജ് ക്ഷാമം
3. അത്യാവശ്യമായ സമയങ്ങളിൽ ലഭിക്കായ്ക.
4. വോൾട്ടേജ് കുറവുകാരണം ഉപകരണങ്ങൾ കേടുവരുന്നു.
5. സ്റ്റെപ്അപ് ഉപയോഗം പ്രശ്നം ഒന്നുകൂടി രൂക്ഷമാക്കുന്നു.
6. കൃഷിയേയും മററ് തൊഴിൽ മേഖലകളേയും പ്രതികൂലമായി ബാധിക്കുന്നു.
7. വിതരണ ശൃംഖലയിലെ അശാസ്ത്രീയതകൊണ്ടുള്ള നഷ്ടങ്ങൾ.
8. തെരുവ് വിളക്കിൻെറ ദൗർലഭ്യം.
9. അധികബില്ല്
10. കേടുപാടുകൾ തീർക്കുന്നതിലെ കാര്യക്ഷമത കുറവ്.
11. കണക്ഷൻ ലഭിക്കാൻ നടപടിക്രമങ്ങൾ മൂലമുള്ള വൈകൽ
12. ഡിപ്പാർട്ട്മെൻറുകളുടെ സഹകരണക്കുറവ്

**സാദ്ധ്യതകൾ:**

* ഉല്പാദനരംഗത്ത് ഇടപെടാവുന്ന ഒരു സ്ഥിതി ഇന്ന് ഈ പഞ്ചായത്തിലില്ല.
* ലഭ്യമായ വൈദ്യുതി ശരിയായി ഉപയോഗിക്കുക
* സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന സ്ഥലങ്ങളിലേയ്ക്ക് വൈദ്യുതിലൈൻ എത്തിക്കുക.
* പഞ്ചായത്തിലെ മുഴുവൻ വീടുകളിലും വെളിച്ചത്തിന് വൈദ്യുതി എത്തിയ്ക്കാനുള്ള തീവ്രയത്ന പരിപാടി നടപ്പിലാക്കുക.
* വൈദ്യുതി നഷ്ടവും (ലൈനിൽ തൊട്ടുനില്ക്കുന്ന മരച്ചില്ലകൾ വെട്ടിമാററൽ, വിതരണ സംവിധാനത്തിലെ അപാകതകൾ തീർക്കൽ, തെരുവു വെളിച്ചത്തിനുള്ള ബൾബുകൾ മാററി ട്യൂബും ഇലക്ട്രോണിക് ചോക്കും സ്ഥാപിക്കൽ) മോഷണവും (മീററർ കേടാക്കിയിടുക മുതലായവ) തടയൽ.
* ഉപയോഗിച്ച വൈദ്യുതിയ്ക്കുമാത്രം പണം നല്കാനുള്ള സംവിധാനമുണ്ടാക്കൽ
* പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ
* അതിരുവിട്ട ഉപഭോഗം കുറയ്ക്കുന്നതിനുള്ള പരിപാടികൾ
* വീട്ടുപകരണങ്ങളുടെ ക്ഷമത വർദ്ധിപ്പിക്കൽ
* കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ ഉപയോഗസമയം ക്രമീകരിക്കൽ
* സൗരോർജ്ജ ഉപകരണങ്ങളുടെ ലഭ്യതവർദ്ധിപ്പിക്കൽ
* പഞ്ചായത്തിൽ വൈദ്യുതി വിഭാഗം രൂപീകരിക്കൽ

## വിറക് പ്രശ്നങ്ങൾ

1 ലഭ്യത കുറയുന്നു, വില കൂടുന്നു.
2 ഉപയോഗം നിയന്ത്രിക്കാൻ കഴിയുന്നില്ല.
3 അനാവശ്യമായ പണച്ചെലവ്.
4 പരിസ്ഥിതി പ്രശ്നങ്ങൾ.
5 ആരോഗ്യപ്രശ്നങ്ങൾ

**കണക്കുകൾ:—**

കേരളത്തിൽ ആകെ 50 ലക്ഷം വീടുകളിൽ 125 ലക്ഷം ടൺ വിറക് ഉപയോഗിക്കുന്നു. ഇതാണ് ലഭ്യമായ ഏകദേശകണക്ക്

ഒരു ദിവസം ശരാശരി വീട്ടിൽ 5കി. വിറക് ഉപയോഗിക്കുന്നുവെന്നാണ് മറെറാരു ഏകദേശ കണക്ക്. ഇത് അംഗീകരിച്ചാൽ പഞ്ചായത്തിൽ 5000 വീടുണ്ടെങ്കിൽ ദിവസം 25000 കി. വിറക് വേണം. വർഷം 9125000കി. വിറക് (9125mt)

ഇത് 7000ടൺ എന്ന് ചുരുക്കിയാൽപോലുംടണ്ണിന് 1000രൂപ വെച്ച് കണക്കാക്കിയാൽ 7000 × 1000 =70,00,000 (എഴുപത് ലക്ഷം) രൂപ വരും.

സാധാരണ അടുപ്പിൽ ഒരു രൂപയുടെ വിറക് കത്തിച്ചാൽ 10പൈസയുടെചൂടാണ് പാത്രത്തിന് കിട്ടുക, ബാക്കി 90 പൈസ കരിയായും പുകയായും നഷ്ടപ്പെടുന്നു. ക്ഷമത കൂടിയ അടുപ്പാണെങ്കിൽ

**മണ്ണെണ്ണ :**

പാചകത്തിനും കാർഷിക ആവശ്യത്തിനുമായി പെർമിററ്വഴി വിതരണം ചെയ്യുന്നതിൻെറ അളവ് പരിമിതമാണ്. അളവ് വർദ്ധിപ്പിക്കുകയും അർഹതക്കുള്ള വ്യവസ്ഥകൾ ലഘൂകരിക്കുകയും വേണം. മണ്ണെണ്ണ പെർമിററിന് അർഹത നിശ്ചയിക്കുന്നതു പഞ്ചായത്ത്വഴിയായിരിക്കണം.

**ഗ്യാസ് :**

ഈ പഞ്ചായത്തിൽ സർക്കാർവക ഗ്യാസ്ഏജൻസി ഇല്ല. സർക്കാർവക ഗ്യാസ് പഞ്ചായത്തിൽ ലഭ്യമാക്കുന്നതിന് ഉടൻ നടപടികൾ എടുക്കണം. ഇപ്പോൾ NRI എക്കൗണ്ട്വഴി മാത്രമെ ഗ്യാസ് ലഭിക്കുന്നുള്ളു.

**നിർദ്ദേശങ്ങൾ**

1 4_ാംവാർഡിൽ ഒരുട്രാൻസ്ഫോർമർ സ്ഥാപിക്കുക.

2 ഊർജ്ജക്ഷമതയുള്ള മണ്ണെണ്ണ സ്റ്റൗവുകൾ സൗജന്യനിരക്കിൽ ലഭ്യമാക്കണം.

3 പ്രഷർകുക്കറുകൾ സൗജന്യനിരക്കിൽ ലഭ്യമാക്കണം.

4 സൗരോജ്ജ റാന്തലുകളും മററും ഈ പഞ്ചായത്തിൽ സൗജന്യമായിലഭിക്കാനുള്ള സൗകര്യം ഏർപ്പെടുത്തണം.

5 ഉയരമുള്ള കുന്നുകളിൽ സൗരോജ്ജത്തിൽ നിന്നും കാററിൽ നിന്നും വൈദ്യുതി ലഭിക്കാനുള്ള പദ്ധതി ഉണ്ടാക്കണം.

6 മിനി ഇൻഡസ്ട്രിയൽ എസ്റ്റേററ് സ്ഥാപിച്ചാൽ വൈദ്യുതി വിതരണം (വ്യവസായത്തിന്) സൗകര്യമാകും.

7 'അനർട്ട്'' ഓഫീസ് ഈ പഞ്ചായത്തിൽ തുറക്കണം.

# ഗതാഗതം :

റോഡ്മാർഗ്ഗമുള്ള ഗതാഗതം മാത്രമാണ് പഞ്ചായത്തിലുള്ളത്. റെയിലോ, ജലമാർഗ്ഗമോ ഒട്ടുമില്ല. പുതിയ റോഡുകൾക്കുവേണ്ടിയുള്ള ആവശ്യങ്ങൾ എല്ലാ വാർഡുകളിൽ നിന്നും വ്യാപകമായി വന്നിട്ടുണ്ട്. വിവിധ തരത്തിൽ 114 പേരുകളിൽ 68കി.മീ. റോഡാണ് പഞ്ചായത്തിൽ ആകെയുള്ളത്. റോഡുകളുടെ സ്ഥിതി മൊത്തത്തിൽ എടുത്താൽ മോശമാണ്. കുണ്ടും, കുഴിയും, സൈഡ് ഇടിഞ്ഞതുമായി നിരവധി പ്രശ്നങ്ങൾ. വെള്ളം ഒഴുകിപോകുന്നതിനുള്ള കാനകൾ വളരെയൊന്നും ഇല്ല. പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണവും, റോഡായി മാറിയസ്ഥലത്തിൻെറ വിസ്തീർണ്ണവും തമ്മിലുള്ള അനുപാതവും, പഞ്ചായത്തിൻെറ ആകെ വരവും, ചിലവും റോഡിന് മാത്രം ചിലവാക്കിയ തുക (കഴിഞ്ഞ 5വർഷം) തമ്മിൽ ബന്ധപ്പെടുത്തി ഒരു പഠനം നടത്തണം.

**സ്ഥിതിവിവര കണക്ക് :**

പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണം — 15_27 സ്ക്വ. കി. മി.
റോഡിൻെറ മൊത്തം നീളം — 68 കി. മി.

| വർഷം | | പഞ്ചായത്തിൽനിന്നും ചിലവാക്കിയ സംഖ്യ |
|---|---|---|
| 1980_91 | — | 1,99,000/_ |
| 1991_92 | — | 3,81,000/_ |
| 1992_93 | — | 2,02,000/_ |
| 1993_94 | — | 2,64,000/_ |
| 1994_95 | — | 84,000/_ |
| മൊത്തം | — | 11,30,000/_ |

1 രൂപയുടെ വിറകിൽനിന്നും 30-35പൈസയുടെ ചൂട്കിട്ടും. ഇത് 25 എന്ന് കണക്കാക്കിയാൽ ഇപ്പോൾ ചിലവാക്കുന്ന അത്രയും തുകയ്ക്ക് രണ്ട് ഇരട്ടി അധികം ഗുണം ലഭിക്കും. ദിവസം 5 കി. ഗ്രാം വിറക് ഉപയോഗിക്കുന്ന ആൾക്ക് 50 പൈസയുടെ (കിലോക്ക് 1രൂപ നിരക്കിൽ) ചൂട് മാത്രമാണ് കിട്ടിയിരുന്നത്. അത്രയും ചൂട് ക്ഷമതകൂടിയ അടുപ്പിൽനിന്ന് ലഭിക്കാനായി 2കി. വിറക് മതിയാകുന്നതാണ്. പകുതിയിൽ കൂടുതൽ വിറക് ലാഭിയ്ക്കാം. പകുതിയായി കുറയ്ക്കാം എന്ന് കണക്കാക്കിയാൽ പോലും 35 ലക്ഷം രൂപയുടെ വിറക് ഒരു വർഷം പഞ്ചായത്തിൽ ലാഭിയ്ക്കാം.

## നടപ്പ് പദ്ധതികൾ:

I R E P പരിപാടിയിൻകീഴിൽ വളരെ ചെറിയതോതിൽ ക്ഷമതകൂടിയ അടുപ്പുകൾ വ്യാപനം നടക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്ത് ഈ പദ്ധതിയിൽ വരുന്നില്ല. I R E P പദ്ധതിപ്രകാരം അംഗീകൃത ഏജൻസികൾ സ്ഥാപിക്കുന്ന അടുപ്പിന് ഏതാണ്ട് 75% സബ്സിഡിയുണ്ട്. 300രൂപയിൽ താഴെയാണ് അടുപ്പിന്റ് ചിലവ് വരിക.

## പ്രശ്നങ്ങൾ :

ക്ഷമതകൂടിയ അടുപ്പിന്റെ പ്രവർത്തനം ബോദ്ധ്യപ്പെടാതെ വരികയും, വേണ്ടവർക്ക് ആവശ്യത്തിന് ലഭിക്കാതെ വരുന്നതും പ്രശ്നമാണ്. വേണ്ടവിധത്തിൽ അടുപ്പ് സ്ഥാപിക്കുവാനുള്ള വിദഗ്ദരുടെ ഏണ്ണക്കുറവും പ്രശ്നംതന്നെ.

## സാദ്ധ്യതകൾ :

* ക്ഷമതകൂടിയ അടുപ്പിന്റെ മേന്മ ഗുണഭോക്താക്കളെ ബോദ്ധ്യപ്പെടുത്തുക. അടുപ്പ് സ്ഥാപിക്കുവാൻ ബന്ധപ്പെട്ടവർക്ക് പരിശീലനം കൊടുക്കുക.
* 5000 വീടുകളിൽ ക്ഷമതകൂടിയ അടുപ്പുകൾ സ്ഥാപിച്ചാൽ മൊത്തം വിറകിന്റെ ചിലവ് പകുതിയിൽ താഴെയായി കുറയ്ക്കാം.
* ഒരു അടുപ്പ് ഒരു വീട്ടിൽ സ്ഥാപിക്കുമ്പോൾ 6 തൊഴിൽദിനങ്ങൾ പുതിയതായി ഉണ്ടാകുന്നു.
* സ്ത്രീകൾക്ക് ചെറിയ പരിശീലനത്തോടെ പ്രാദേശികമായി ചെയ്യുന്ന ഒരു പദ്ധതിയാണിത്.
* സ്ത്രീകൾക്ക് തൊഴിൽ ലഭിക്കാവുന്ന ഒരു പദ്ധതി.
* ഓരോ വീട്ടുകാർക്കും നേരിട്ടുള്ള സാമ്പത്തികലാഭം
* വിറക് സംരക്ഷിക്കുന്നതുവഴിയുള്ള സാമൂഹ്യ നേട്ടം.
* അന്തരീക്ഷ മലിനീകരണം പകുതിയിൽ താഴെയായി കുറയ്ക്കാം.
* അടുക്കളയിൽ കരിയും പുകയും ഒഴിവാകും
* വീട്ടമ്മമാരുടെ ആരോഗ്യം പരിരക്ഷിക്കുന്നു.
* പാത്രങ്ങളിൽ കരിപിടിക്കുന്നത് കുറയുന്നു. കഴുകുന്നതിൽ അദ്ധ്വാനലാഭം.
* സമയലാഭം, ഇന്ധനലാഭം, സാമ്പത്തികനേട്ടം, സാമൂഹ്യനന്മ.

**കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് റോഡുകളുടെ പേരും വിവരങ്ങളും.**

| | | | |
|---|---|---|---|
| 1 | ചൊവ്വല്ലൂർ റോഡ് (പ്യാരീസ് റോസ്) | — | മെററൽ ചെയ്തത് |
| 2 | ചൊവ്വല്ലൂർ കണ്ടാണശ്ശേരി റോഡ് | — | ടാർ ചെയ്തത് |
| 3 | ചൊവ്വല്ലൂർ കോവിൽ റോഡ് | — | ,, |
| 4 | ചൊവ്വല്ലൂർ കോളനി റോഡ് | — | ,, |
| 5 | ചോർകുളം കോളനി റോഡ് | — | മൺ റോഡ് |
| 6 | പട്ട്യംപുള്ളി റോഡ് | — | ,, |
| 7 | മരുതോടി പാടംറോഡ് | — | ,, |
| 8 | പൊന്നംതോട് റോഡ് | — | ,, |
| 9 | മരയ്ക്കാത്ത് റോഡ് | — | ,, |
| 10 | അയ്യപ്പത്ത് റോഡ് | — | ,, |
| 11 | കണ്ടാണശ്ശേരി റോഡ് | — | ടാർ ചെയ്തത് |
| 12 | ശങ്കരംകുളം റോഡ് | — | മൺറോഡ് |
| 13 | അറമുഖൻ ഷൺമുഖൻ റോഡ് | — | |
| 14 | മററംP.W.D.റോഡിൽനിന്ന് ഗ്രൗണ്ട് കണ്ടാണശ്ശേരിറോഡ് | — | ടാർ ചെയ്തത് |
| 15 | കണ്ടാണശ്ശേരി വട്ടംപറമ്പിൽ റോഡ് | — | ,, |
| 16 | കൊട്ടിലിങ്ങൽ റോഡ് | — | മൺറോഡ് |
| 17 | ഉമ്മ ബസാർ റോഡ് | — | ,, |
| 18 | വട്ടതല സ്കൂൾ റോഡ് | — | ,, |
| 19 | ആട്ടയൂർ കടവല്ലൂർ റോഡ് | — | ,, |
| 20 | പയനികുളം ബസ്സ്റ്റാൻറ് റോഡ് | — | ,, |
| 21 | കടവല്ലൂർ ആനേടത്ത് റോഡ് | — | ,, |
| 22 | വട്ടതല കണ്ട്യപുരം റോഡ് | — | ,, |
| 23 | നമ്പഴിക്കാട് ആശാരി റോഡ് | — | ,, |
| 24 | നമ്പഴിക്കാട് കുരിശുപള്ളി റോഡ് | — | മെററൽ ചെയ്തത് |
| 25 | നമ്പഴിക്കാട് പൈങ്കണ്ണി റോഡ് | — | ,, |
| 26 | നമ്പഴിക്കാട് ചിറമ്മൽ റോഡ് | — | മൺറോഡ് |
| 27 | നമ്പഴിക്കാട് നമ്പ്യഴ മണ്ണാത്ത റോഡ് | — | ,, |
| 28 | അരികന്നിയൂർ കലാറോഡ് | — | ,, |
| 29 | അരികന്നിയൂർ അമ്പലനട റോഡ് | — | ,, |
| 30 | അരികന്നിയൂർ തട്ടാൻ റോഡ് | — | ,, |
| 31 | അരികന്നിയൂർ മററം റോഡ് | — | ടാർ ചെയ്തത് |
| 32 | അരികന്നിയൂർ മഠം റോഡ് | — | മൺ റോഡ് |
| 33 | കണ്ടികുളം പാടം റോഡ് | — | ,, |
| 34 | കുടക്കല്ല് റോ | — | ടാർചെയ്തത് |
| 35 | തൊറകര കുരിശുപള്ളി റോഡ് | — | മൺറോഡ് |
| 36 | കണ്ടംപുള്ളി റാഡ് | — | ,, |
| 37 | പയ്യൂർ റോഡ് | — | ,, |
| 38 | അമ്പർ ചർക്ക റോഡ് | — | ,, |

| | | | |
|---|---|---|---|
| 39 | പാറക്കളം റോഡ് | — | മൺ റോഡ് |
| 40 | ശ്രീകൃഷ്ണ കോളേജ് റോഡ് | — | ടാർ ചെയ്തത് |
| 41 | ഏലത്തൂർ റോഡ് | — | മൺ റോഡ് |
| 42 | പ്പാക്കാട്ട് അരിയന്നൂർ അമ്പലം റോഡ് | — | ടാർ ചെയ്തത് (M·L·A·) |
| 43 | പുത്തൂർ കയ്പട റോഡ് | — | ,, (M·L·A·) |
| 44 | കുംഭാരൻ റോഡ് (പോന്നോർ ഇടക്കളത്തൂർ) ആളൂർറോഡ് | — | ,, |
| 45 | ആളൂർ റോഡ് | — | ,, |
| 46 | വെട്ടുക്കാട് ചോട്ടിലപ്പാറ റോഡ് | — | മൺറോഡ് |
| 47 | കാഞ്ഞങ്ങാട്ട റോഡ് | — | ടാർ ചെയ്തത് |
| 48 | അകപഡേററ് (ചോട്ടിലപ്പാറ റോഡ്) | — | മൺറോഡ് |
| 49 | അകപഡേററ് റോഡ് ആളൂർ | — | ,, |
| 50 | K· V· P· റോഡ് | — | ,, |
| 51 | കേലാടി റോഡ് | — | ,, |
| 52 | തിരുത്തി റോഡ് | — | ,, |
| 53 | പാലോക്കാരൻ റോഡ് | — | ,, |
| 54 | ചക്രമാക്കൽ റോഡ്, | — | ,, |
| 55 | ചെറുകുന്ന റോഡ് | — | ,, |
| 56 | പൊൻമല റോഡ് | — | ,, |
| 57 | കല്ലാററ റോഡ് | — | ,, |
| 58 | വടക്കുംപാട്ട് മനറോഡ് | — | ടാർ ചെയ്തത് |
| 59 | വെട്ടുകാട് മേലിട്ടിക്കൽ റോഡ് | — | മൺറോഡ് |
| 60 | ചിയ്യാന്നൂർ റോഡ് | — | ,, |
| 61 | തിരുവത്ര കോളനി റോഡ് | — | ,, |
| 62 | കോളനിപാടം റോഡ് | — | ,, |
| 63 | തിരുവത്ര പയനിത്തടം റോഡ് | — | ,, |
| 64 | കുനംമൂച്ചി സമുദായകുളം റോഡ് | — | ,, |
| 65 | പന്നിശ്ശേരി അമ്പലം റോഡ് | — | ,, |
| 66 | കേലാരി റോഡ് | — | ,, |
| 67 | കണ്ടിയൂർ റോഡ് | — | ,, |
| 68 | പന്നിശ്ശേരി പാടം റോഡ് | — | ,, |
| 69 | വാക്കലത്ത് റോഡ് | — | ,, |
| 70 | നെട്ടച്ചാംകുളം റോഡ് | — | ,, |
| 71 | ഓണപ്പാറ റോഡ് | — | ,, |
| 72 | വല്ല്യാടം റോഡ് | — | ,, |
| 73 | പൊട്ടൽ റോഡ് | — | ,, |
| 74 | ഹിൽ ക്വാർട്ടേഴ്സ് റോഡ് | — | ,, |
| 75 | ചൂരക്കളം റോഡ് | — | ,, |
| 76 | മററം സ്കൂൾ റോഡ് | — | ,, |
| 77 | മററം ബോയ്സ് സ്കൂൾ റോഡ് | — | ,, |

| | | | | |
|---|---|---|---|---|
| 78 | മററം മാക്കററ് റോഡ് | | — | മൺറോഡ് |
| 79 | മററം ആരിയംപാടം റോഡ് | | — | ,, |
| 80 | ചെമ്പിശ്ശേരി റോഡ് | | — | ,, |
| 81 | മഹാത്മജി റോഡ് (കുളിറോഡ്) | | — | ,, |
| 82 | ആര്യയംപാടം തുറങ്കര റോഡ് | | — | ,, |
| 83 | കാർളി മനറോഡ് | | — | ,, |
| 84 | എരുകുളം റോഡ് | | — | ,, |
| 85 | മററം ബോയ്സ് സ്കൂൾ ഗ്രൗണ്ട് റോഡ് | | — | ,, |
| 86 | വെട്ടകാട് കുനംമൂച്ചി പന്നിശ്ശേരി റോഡ് | | — | ,, |
| 87 | നമ്പുഴ ബസ്സ്റ്റോപ്പിൽ നിന്നും നമ്പഴിക്കാട് റോഡ് | | — | ,, |
| 88 | നമ്പഴിക്കാട് പൊന്നാംതോടിലേക്കുള്ള റോഡ് | | — | ,, |
| 89 | ചൊവ്വല്ലൂർ ഇരിങ്ങപ്പുറം മുതൽ ചൊവ്വല്ലൂർപടിവരെ റോഡ് | | — | ടാർ ചെയ്തത് |
| 90 | തൊറങ്കര കുരിശുപള്ളി തട്ടാൻറോഡ് | | — | മൺറോഡ് |
| 91 | വെട്ടകാട് കോളനി റോഡ് | | — | ,, |
| 92 | ആലികുളം റോഡ് | | — | ,, |
| 93 | മററം ആര്യാപാടം റോഡ് | | — | ,, |
| 94 | താഴത്തേ കാവ് റോഡ് | | — | ,, |
| 95 | പൈങ്കണിക്കൽ പൈങ്കണിക്കാവ് റോഡ് | | — | ,, |
| 96 | കണ്ടിയൂർ വെട്ടകാട് റോഡ് | | — | ,, |
| 97 | മുളക്കൽ ഇടവഴി ,, | | — | ,, |
| 98 | ശങ്കരംകുളംബസ്സ്റ്റോപ്പിൽ നിന്നുള്ളകൂത്തമ്പലം റോഡ് | | — | ,, |
| 99 | കണ്ടാണശ്ശേരി ബസ്സ്റ്റോപ്പൽനിന്നുള്ള കൂത്തമ്പല | ,, | — | ,, |
| 100 | ആളൂർ P. W.D റോഡിൽനിന്നുള്ള കല്ലായി | ,, | — | ,, |
| 101 | ചൊവ്വല്ലൂർപടി പണ്ടാരിതറ | ,, | — | ,, |
| 102 | മററം പാവററി റോഡിൽനിന്നുള്ള വട്ടതല ആശാരി | ,, | — | ,, |
| 103 | കണ്ട്യപുറംറോഡിൽനിന്നുള്ള കൊട്ടിലിങ്ങൽ | ,, | — | ,, |
| 104 | മാക്കുണ്ണി അറുമുഖൻ | ,, | — | ,, |
| 105 | ആളൂർ പുത്തൂർ | ,, | — | മൺറോഡ് |
| 106 | കണ്ടിയൂർ പന്നിശ്ശേരി | ,, | — | മെററൽചെയ്തത് |
| 107 | കല്ലത്തിപാറ | ,, | — | മൺറോഡ് |
| 103 | കണ്ടാണശ്ശേരി ബസ്സ്റ്റോപ്പിൽ നിന്നുള്ളചിററിക്കാട്ട | ,, | — | ,, |
| 109 | അറുമുഖൻ ഷൺമുഖൻ റോഡിൽനിന്നുള്ള മൂത്തേടത്ത് | ,, | — | ,, |
| 110 | ചൊവ്വല്ലൂർ ശിവക്ഷേത്രം | ,, | — | ,, |
| 111 | ചിറക്കൽ | ,, | — | ,, |
| 112 | കണ്ടിയൂർ വിങ്ങ് | ,, | — | ,, |
| 113 | പന്നിശ്ശേരി വെട്ടകാട് | ,, | — | ,, |
| 114 | കണ്ടാണശ്ശേരി ഹെൽത്ത്സെൻറർ | ,, | — | ,, |
| 115 | കുററിയിൽ ഇടവഴി റോഡ് പന്നിശ്ശേരി | | — | ,, |

## നടപ്പുപദ്ധതികൾ :

താഴെ പറയുന്ന പൊതുമരാമത്തുവക റോഡുകൾ യാത്രായോഗ്യമല്ല. റീടാറിങ്ങ് നടത്താനുള്ള ശ്രമം ഉണ്ടെന്നറിയുന്നു.

പൊതുമരാമത്തുവക റോഡുകൾ

| | | |
|---|---|---|
| മററം | — | കേച്ചേരി |
| മററം | — | ചൂണ്ടൽ |
| മററം | — | പാവറട്ടി |
| മററം | — | വാക |
| ആളൂർ | — | കുന്നംമൂച്ചി |

## പ്രശ്നങ്ങൾ :

എല്ലാ ഭാഗത്തുമുള്ള ജനങ്ങളുടെ ആവശ്യമാണ് റോഡുകൾ. നടന്നുപോകാനുള്ള വഴിയിൽ നിന്നും തുടങ്ങി 8മീററർ വീതിയുള്ള ടാർചെയ്ത റോഡുകളായി മാറുംവരെ നിരന്തരമായ ആവശ്യങ്ങൾ ഉയർന്നു വരും. മറെറാരു പ്രശ്നത്തിലും ഇത്രയും തുടർച്ചയായ നടപടികൾ ഉണ്ടാകാറില്ല. നല്ലൊരു ശതമാനം തുകയും ഈ ആവശ്യത്തിന് ചിലവാക്കിക്കൊണ്ടിരിക്കുകയാണ്. റോഡ് പണിയുമ്പോൾ അവക്ക് ഭാവിയിൽ ദോഷംചെയ്യാൻ സാദ്ധ്യതയുള്ള നീർവാർച്ചാ പ്രദേശങ്ങളെക്കുറിച്ചോ, അതിനുള്ള പരിഹാരത്തെക്കുറിച്ചോ കാര്യമായ ആലോചന നടക്കാറില്ല. റോഡരുകിൽ കാനയുണ്ടാക്കുന്നതിനും അത്കേട്പാടുകൾ ചെയ്ത് നിലനിത്തുന്നതിനും പരിപാടിയുണ്ടാകാറില്ല. എല്ലാവിഭാഗം ജനങ്ങളും ഉപയോഗിക്കുന്ന റോഡുകളുടെ നിർമ്മാണത്തിലും, കേടുപാടുകൾ തീർത്ത് സംരക്ഷിക്കുന്നതിലും പൂർണ്ണമായ വികേന്ദ്രീകരണം വേണം.

## സാദ്ധ്യതകൾ :

പഞ്ചായത്തിലെ എല്ലാ വീടുകളേയും 50 വീതം വീടുകളുള്ള അയൽ ക്കൂട്ടങ്ങളായി തിരിക്കണം. വാർഡ് അടിസ്ഥാനത്തിൽ ഇത് നടത്തണം. ഒരു അയൽക്കൂട്ടത്തിൽ നിന്ന് ഒരു പുരുഷനും ഒരു വനിതയും വീതം വാർഡ് വികസന സമിതിയിൽ വരണം. ഓരോ അയൽക്കൂട്ടത്തിന്റേയും പരിധിയിൽവരുന്ന റോഡുകളുടെ സംരക്ഷണം അവർ ഏറെറടുക്കണം. വാർഡ്സമിതി ഈപ്രവത്തനങ്ങളെ ഏകീകരിക്കണം. മററ് പലവികസന പ്രവത്തനങ്ങളിലും അയൽക്കൂട്ടങ്ങളെ പ്രയോജനപ്പെടുത്താം. റോഡിനുവേണ്ടിയുള്ള വദ്ധിച്ചചിലവ് അയൽക്കൂട്ടം വഴി ഒരുപരിധിവരെ കുറയ്ക്കാം.

## പൊതുനിർദ്ദേശങ്ങൾ :

* മററം സെൻററിലെ ഗതാഗതക്കരുക്ക് അവസാനിപ്പിക്കാൻ മററം വാക റോഡിൽ ഒരു ബെൽമൗത്ത് നിർമ്മിക്കുക.

* മററം സെൻററിലെ വെയിററിംഗ് ഷെഡ് സൗകര്യപ്രദമായ സ്ഥലത്തേക്ക് മാററുക.

* പരസ്യ ബോർഡുകൾ, സ്തൂപങ്ങൾ, കൊടിമരങ്ങൾ എന്നിവ നീക്കംചെയ്യുക.

* മററം സെൻററിലെ ടാക്സി, ഓട്ടോ സ്റ്റാൻറുകൾക്കും, സ്വകാര്യവാഹനങ്ങൾക്കും അനുയോജ്യമായ പേട്ട നിമ്മിക്കുക.

* മററം സെൻററിൽ കംഫർട്ട് സ്റ്റേഷൻ നിമ്മിക്കുക.

* മററം സെൻററിലുള്ള മുഴവൻ റോഡിന്റേയും കാനകൾ സൈഡ് കെട്ടിവൃത്തിയാക്കുക.

* പുതിയ റോഡുകൾക്ക് മുൻഗണനാക്രമം വേണം.

* ഉപാധിരഹിതഫണ്ട് റോഡിനുവേണ്ടി മാററുന്നത് നിർത്തണം.

* റോഡ് പണി പുതിയ റോഡിനുള്ള ഫണ്ടിൽ നിന്ന് മാത്രം നടത്തണം.

* കേട തീർക്കലിനായി വരുന്ന പണം മുഴുവനായി അതിനുവേണ്ടി ചിലവാക്കണം.

* കരാറുകാർ, നോമിനി, കൺവീനർ തുടങ്ങി എല്ലാ ഇടത്തട്ടുകാരേയും ഒഴിവാക്കണം.

* വാർഡു കൗൺസിലിൻെറ ഉത്തരവാദിത്വത്തിലാക്കണം പണികൾ.

* മൊത്തം തുകയുടെ പകുതിയെങ്കിലും ശ്രമദാനമായും ഉപയോക്താക്കളുടെ വിഹിതമായും ഉണ്ടാക്കണം

* റോഡ് പണിയുടെ ഇന്നത്തെ സംവിധാനം പൂർണ്ണമായും ഇത്തരത്തിൽ പൊളിച്ചെഴുതണം.

* ഗ്രാമീണ റോഡുകൾ, ടാർ കൂടാതെ തന്നെ നല്ല നിലയിൽ സംരക്ഷിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾക്ക് മുൻഗണന വേണം,

## വിവിധ ഗ്രാമസഭകളിൽ നിന്നും നിർദേശിക്കപ്പെട്ട പുതിയ റോഡുകൾ

### വാർഡ് – 1

1 S. M. U. P കീട്ടിക്കുളം – കാട്ടിക്കുളം റോഡ്
2 ചൊവ്വല്ലൂർ – മരുതോടിപ്പാടം ,,
3 ശിവക്ഷേത്രം – വലിയവരമ്പ് ,,
4 ചോരകുളം – മേലെഭാഗം ,,
5 ഞാലിൽകുളം – ,,
6 കാരകുളം – ,,
7 മുസ്ലീം കോളനി – ,,
8 നാരായണൻപടി – മരുതോടിപ്പാടം ,,
9 ഉപ്പുകുന്നത്ത് ,,

### വാർഡ്–2

1 ചിററിക്കാട് മുതൽ നാൽക്കവലവരെയുള്ള ,,
2 കൂത്തമ്പലം – ലിങ്ക് ,,
3 കൂത്തമ്പലം – കല്ലുത്തിപ്പാറ ,,
4 കുമ്പാരകോളനി – കല്ലുത്തിപ്പാറ ,,
5 ചെറവട്ടപാടം – കൂത്തമ്പലം ,,

### വാർഡ്–3

1 തുറങ്കര കരിശുപള്ളി റോഡിൽനിന്ന് മെയിൻറോഡിലേക്കുള്ള ലിങ്ക്റോഡ്
2 കണ്ടാണശ്ശേരി സ്കൂൾ റോഡിൽനിന്ന് നമ്പഴിക്കാടുമായി ബന്ധിപ്പിക്കുന്ന ലിങ്ക്റോഡ്.
3 തട്ടാൻ അറുമുഖൻ റോഡിൽനിന്ന് കണ്ടാണശ്ശേരി ചിററിക്കാട് അമ്പലപരിസരത്തേക്കുള്ള ലിങ്ക്റോഡ്
4 മററം ചെമ്പിശ്ശേരി റോഡ് – പൊന്നതോട് വഴി നമ്പഴിക്കാട് സെൻററിൽ എത്തുന്ന ,,

### വാർഡ് – 4

1 ആട്ടയൂർ പടിഞ്ഞാറെ ഭാഗത്ത് കടവല്ലൂർ തൈക്കാട് ആശുപത്രി റോഡ്.
2 ആര്യംപാടം കടവല്ലൂരിൽനിന്ന് ആട്ടയൂർ റോഡിലേക്ക് എത്തുന്ന ,,

3 പൊട്ടള്ളിൽ ചെട്ടിയാംകുളത്തിൻെറ ഭാഗത്തുനിന്ന് തെക്കോട്ടുള്ള റോഡ്
4 പൈങ്കണ്ണിക്കൽ കുളത്തിലേക്കുള്ള ,,
5 പെങ്ങിണിക്കാവ് അമ്പലനടയിൽ നിന്ന് ആട്ടയൂർറോഡിലേക്കുള്ളലിങ്ക് റോഡ്.

## വാർഡ്_5

1 കരുവാൻപടിയുടെ തെക്കുഭാഗത്ത് മെയിൻറോഡിൽ നിന്ന് താഴേയ്ക്കിറങ്ങുന്ന മുളയ്ക്കൽറോഡ്
2 നമ്പഴിക്കാട് – നമ്പൂഴ ക്ഷേത്രം ആട്ടയൂർ റോഡ്
3 നമ്പഴിക്കാട് – ദീപ്തി മഹിളാസമാജം റോഡ്
4 നമ്പഴിക്കാട് – കുരിശുപള്ളി_മുളയ്ക്കൽ റോഡ്
5 നമ്പൂഴക്ഷേത്രം – കണ്ടാണശ്ശേരി സ്കൂൾ റോഡ്
6 ആര്യംപാടം – ചൂരകുളം അരികിൽ കൂടി മെയിൻറോഡിലേക്കുള്ള റോഡ്

## വാർഡ് – 6

1 മററം ചെമ്പിശ്ശേരി റോഡിൽനിന്നും തുറങ്കര റോഡുമായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ്
2 പന്നിശ്ശേരി – കണ്ടിയൂർ റോഡിൽനിന്നും സെൻറ് ഫ്രാൻസീസ് ബോയ്സ് സ്കൂളിലേയ്ക്കുള്ളറോഡ്
3 പയനിത്തടംറോഡ് – തിരുവത്ര കോളനിറോഡുമായി ബന്ധിപ്പിയ്ക്കുന്ന ,,
4 കാർളി മനറോഡ് – മററം കണ്ടാണശ്ശേരി റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് ,,
5 മററം മാർക്കററ് റോഡിൽനിന്നും മാതാവിൻെറ പള്ളിയുടെ സൈഡിൽകൂടി ബോയ്സ് സ്കൂൾ റോഡുമായിബന്ധിപ്പിയ്ക്കുന്ന റോഡ്
6 മററം ബോയ്സ് സ്കൂൾ ഗ്രൗണ്ട് റോഡ് – മററം മാർക്കററ്റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്
7 മററം പാവറട്ടി റോഡിൽനിന്നും – പ്രിയദർശിനി മഹിളാസമാജം നേഴ്സറി സ്കൂളിൻെറ സൈഡിൽ കൂടി ബോയ്സ് സ്കൂളിൻെറ പടിക്കൽ എത്തുന്നറോഡ്

## വാർഡ് - 7

1 ഇമ്മട്ടി റോഡിൽ നിന്നും നട്ടച്ചകുളം വഴി വടക്ക്പാട്ട് മനറോഡിലേക്കുള്ള റോഡ്
2 തിരുത്തി ഹരിജൻ കോളനി റോഡ്
3 തിരുവത്ര കോളനി – ചിറയ്ക്കൽ അമ്പലംവഴി പണിക്കർ ഇടവഴി ,,

## വാർഡ്_8

1 കൊല്ലംകുളം റോഡ് പന്നിശ്ശേരിവരെ നീട്ടുക.
2 വടക്കുമ്പാട്ടു മനറോഡിൽ നിന്ന് കണ്ടിയൂർ ഇമ്മട്ടി റോഡുവരെ ബണ്ട് റോഡ് നിർമ്മിക്കുക.

## വാർഡ്_10

1 അരികന്നിയൂർ അമ്പലനടയിൽ നിന്ന് പ്ലാക്കാട്ട് റോഡുമായി ബന്ധിപ്പിക്കുന്ന ചേന്ദലത്ത് റോഡ്
2 കുടക്കല്ല് റോഡിൽ നിന്ന് കോളേജിൻെറ പിൻവശത്തേക്കുള്ള റോഡ്

# മാർക്കററ്

കണ്ടാണശ്ശേരി പഞ്ചായത്തിൽ എവിടേയും ആഴ്ചചന്തകളോ പൊതുചന്തകളോ ഇല്ല. ജനങ്ങളുടെ ജീവിതരീതി മാറിയതും, ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചതും ആഴ്ച ചന്തകളുടെ പ്രസക്തിഇല്ലാതാക്കി. പ്രധാനകേന്ദ്രങ്ങളോടനുബന്ധിച്ച് സ്വകാര്യ വ്യക്തികളുടേയും സഹകരണസ്ഥാപനങ്ങളുടേയും

കച്ചവടസ്ഥാപനങ്ങളാണുള്ളത്. കൂടാതെ പ്രാദേശികമായ ചെറുകിട കച്ചവടസ്ഥാപനങ്ങളും എല്ലാ സാധനങ്ങളും ''വാങ്ങി ഉപയോഗിക്കുക'' എന്ന പുതിയ സംസ്കാരം നിലവിൽ വന്നതോടെ സ്ഥാപനങ്ങളും പേക്കററ് ഉല്പന്നങ്ങളും വ്യാപകമായി. ഉല്പാദനസൗകര്യങ്ങളും, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നതുമായ താഴെക്കിടയിലുള്ളവർക്ക് അപ്രാപ്യമായ വിലയാണ് നിത്യോപയോഗ സാധനങ്ങൾക്ക്. സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും വാർഡ് കൗൺസിലുകളുടെ നേതൃത്വത്തിലും നിത്യോപയോഗ സാധനങ്ങൾ എങ്കിലും വിതരണം ചെയ്യുന്ന സ്റ്റോറുകൾ വാർഡുതല കേന്ദ്രങ്ങളിൽ വേണം. സിവിൽസപ്ലൈ കോർപ്പറേഷനുമായി സഹകരിച്ച പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോറെങ്കിലും ഈവഷം തന്നെ നടപ്പിലാക്കണം. പച്ചക്കറികൾക്കും, മത്സ്യമാംസാദികൾക്കും പ്രത്യേകസൗകര്യങ്ങളോടു കൂടിയ പൊതുമാർക്കററുകൾ ഉണ്ടാക്കണം. ഇവയിൽനിന്നുള്ള ആനാവശ്യ വസ്തുക്കൾ ജനങ്ങൾക്ക് ശല്യമാകാത്ത വിധത്തിൽ സംസ്കരിക്കുന്നതിന് സംവിധാനങ്ങൾ ഉണ്ടാക്കണം. മാർക്കററും അറവുശാലയുമില്ലാത്തതിനാൽ അറവും, വില്പനയും ഇപ്പോൾ നടക്കുന്നത് റോഡരുകിലാണ്. 118

## മത്സ്യ - മാംസകച്ചവടം

പ്രാദേശികമായി ചെറിയ ചെറിയ സ്ഥാപനങ്ങൾ നിരവധിയാണ്. കശാപ്പ് മുതൽ വില്പന വരെ യാതൊരു നിയന്ത്രണവും എവിടേയും ഇല്ല. ഇവയുടെ അവശിഷ്ടങ്ങൾ തോട്ടിലും, പുഴയിലും, വയലുകളിലും, കുളങ്ങളിലും കൊണ്ടുപോയി രഹസ്യമായി ഉപേക്ഷിക്കുന്ന രീതിയാണിന്ന്. ഇത് പൂർണ്ണമായി നിരോധിക്കുക തന്നെവേണം. മത്സ്യമാംസ വില്പനകൾക്കു ലൈസൻസും അവശിഷ്ട സംസ്കരണ സംവിധാനവും ഏർപ്പെടുത്തണം. സർക്കാർവക അറവുശാലകളിൽ വെച്ചല്ലാതെയുള്ള കശാപ്പ് നിരോധിക്കണം. ബ്ലോക്ക് അടിസ്ഥാനത്തിൽ ശാസ്ത്രീയമായി രൂപകല്പനചെയ്ത അറവുശാലകളും, ലൈസൻസുള്ളവില്പനശാലകൾ പ്രാദേശികമായും ഇതായിരിക്കണം അതിന്റെ സംവിധാനം. പലവിധ പകർച്ചവ്യാധികളും നിയന്ത്രിക്കാൻ ഇതുകൊണ്ടാകും.

## പച്ചക്കറി

നമ്മുടെ നാട്ടിൽ പച്ചക്കറി ഉൽപാദനം ഇല്ലാതായി വരുന്നതുമൂലം മററ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന അവസ്ഥയാണിപ്പോൾ. ഇതുമാറി പ്രാദേശികമായി പച്ചക്കറി ഉൽപാദിപ്പിക്കുകയും ഇവ പ്രാദേശികമായി തന്നെ വിതരണം ചെയ്യാവുന്ന വിധത്തിലുള്ള പച്ചക്കറി മാർക്കററുകൾ ഉണ്ടാക്കണം. ഇതിന്റെ നേട്ടകോട്ടങ്ങളെ കുറിച്ച് വിലയിരുത്തൽ ആവശ്യമാണ്.

## ഗ്രാമസഭ നിർദ്ദേശം:

1 പച്ചമുളക് കൃഷി അഭിവൃദ്ധിപ്പെടുത്തുകയും മുളക് ഉല്പാദനത്തിൽ പഞ്ചായത്ത് സ്വയം പര്യാപ്തത നേടുകയും ചെയ്യുക.

2 വയലുകളിലും വീട്ടുവളപ്പിലും വ്യാപകമായി പച്ചക്കറികൃഷി നടത്തുവാനുള്ള ശ്രമവും സൗകര്യവും ഉണ്ടാക്കുക.

3 അറവുശാലയും പൊതുമാർക്കററും വേണം.

4 റോഡിൽ വെച്ചുള്ള കശാപ്പ്, നിരോധിക്കണം.

5 ആഴ്ച്ചചന്തകൾ തുടങ്ങണം.

6 മാവേലിസ്റ്റോർ തുടങ്ങണം.

★★★

# വനിത

നമ്മുടെ ജനസംഖ്യയിൽ സ്ത്രീകൾ കൂടുതലാണെങ്കിലും അവരുടെ ജീവിതനിലവാരം വളരെ പിന്നിലാണ്. സ്ത്രീകളുടെ പുരോഗമനത്തിനുവേണ്ടി പല മഹിളാ സംഘടനകളും രംഗത്തുണ്ട്. ഗവൺമെൻറിൻെറ ഭാഗത്തുനിന്നും പല സ്കീമുകളും ഉണ്ട്. വിവിധ ഡിപ്പാർട്ടുമെൻറിലും സ്ത്രീകളുടെ പുരോഗമനത്തിനുവേണ്ടി മുൻഗണനയുണ്ട്. സമൂഹത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്ല്യപദവി നിലവിലുണ്ട്. എന്നാലും വിവിധ മേഖലകളിൽ സ്ത്രീകൾ അവഗണിക്കപ്പെടുന്നു. ഉദാഹരണമായി ഇന്ന് ഈആസന്നമായ കാലഘട്ടത്തിൽ ബാംഗ്ലൂരിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന സൗന്ദര്യമത്സരം സ്ത്രീകളുടെ കായികവും, കലാപരവുമായ കഴിവുകൾക്ക് അംഗീകാരം കൊടുക്കുന്നതിനുപകരം നഗ്നത പ്രദർശിപ്പിച്ച് അപമാനിക്കുന്നു. അതുപോലെതന്നെ ഗർഭസ്ഥശിശു പെണ്ണാണെന്നറിഞ്ഞാൽ ഭ്രൂണഹത്യ നടത്തുന്നു. ദിനംപ്രതി സ്ത്രീധനപീഡനങ്ങളും, കൊലപാതകങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീധന നിരോധന നിയമം പാസ്സായിട്ടുണ്ടെങ്കിലും അതു പ്രാബല്ല്യത്തിൽ എത്തിയിട്ടില്ല. 113

ഈ പഞ്ചായത്തിൽ പൊതുരംഗത്ത് വനിതകൾ പൊതുവെ കുറവാണ്. വനിതകൾക്ക് സംവരണം വന്നതോടെ സ്ത്രീകൾ രംഗത്തുവരാൻ തുടങ്ങിയിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയിൽ 4 വനിത അംഗങ്ങളുണ്ട്. പ്രസിഡണ്ട് വനിതയാണെന്നതും അഭിമാനകരമാണ്. സ്ത്രീകളുടെ നിയന്ത്രണത്തിലുള്ള വീടുകൾ ഉണ്ടെങ്കിലും അധികവീടുകളും പുരുഷനിയന്ത്രണത്തിലുള്ളതാണ്. പൊതുരംഗത്തും വനിതാ നേതൃത്വം വേണ്ടത്ര ഇല്ലെന്നു പറയാമെങ്കിലും സംഘടനകളിൽ നേരിയതോതിൽ സ്ത്രീകളുടെ പ്രവർത്തനം കാണാൻ കഴിയും.കോളേജ് വിദ്യാർത്ഥികളിൽ ആൺകുട്ടികളേക്കാൾ കൂടുതൽ പെൺകുട്ടികളാണ്. ഈ പഞ്ചായത്തിൽ സ്ത്രീതൊഴിലാളികളാണ് കൂടുതൽ ഉണ്ടായിരുന്നത്. അവരിൽ അധികവും കർഷകതൊഴിലാളികളാണ്. ഇവർതന്നെ കെട്ടിടനിർമ്മാണ രംഗത്തും പ്രവർത്തിക്കുന്നു. കൂലിനിരക്ക് കാർഷികമേഖലയിലേക്കാൾ കൂടുതൽ കെട്ടിടനിർമ്മാണ രംഗത്തായതിനാൽ കെട്ടിടനിർമ്മാണം ഉള്ളപ്പോൾ കാർഷികമേഖലയിലെ പണിക്ക് പോകാറില്ല. കാർഷികമേഖലയിൽ സ്ത്രീതൊഴിലാളികൾ പൊതുവെ കുറഞ്ഞുവരുന്നുണ്ട്. പുതിയ തലമുറയിൽപ്പെട്ടവർ കാർഷികമേഖലയിലേക്ക് ഇറങ്ങിവരാത്ത അവസ്ഥയുമുണ്ട്.

അദ്ധ്വാനശേഷി ഏകദേശം പുരുഷനൊപ്പം വരുന്നുണ്ടെങ്കിലും സ്ത്രീകൾക്ക് കൂലി കുറവാണ്. വനിതകൾക്കുവേണ്ടിയുള്ള തൊഴിൽ സംരംഭങ്ങൾ ഈ പഞ്ചായത്തിൽ വളരെ കുറവാണ്.

നമ്മുടെ പഞ്ചായത്തിലെ ഉജാല, നെബൂല, തീപ്പെട്ടികമ്പനി, കരികുമ്പനി, ബീഡികമ്പനി, ഇലാസ്റ്റിക്കമ്പനി, വൈരകല്ലൊര കമ്പനി, മൺപാത്രനിർമ്മാണ സഹകരണസംഘം, ചക്ക യൂണിററ് പലഹാര യൂണിററ് എന്നീ സ്ഥാപനങ്ങളിൽ കൂടുതലായി സ്ത്രീകളാണ് തൊഴിൽ ചെയ്യുന്നത്. ഓഫീസ് ജോലികളിൽ സ്ത്രീകൾ വളരെ കുറവാണ്.

ഉന്നതസമ്പൂർണ്ണ സാക്ഷരത നേടിയെങ്കിലും ഉന്നതവിദ്യാഭ്യാസവും സാങ്കേതിക വൈദഗ്ദ്യവും വളരെകുറച്ച് സ്ത്രീകൾക്കേ ലഭിച്ചിട്ടുള്ളൂ. സമ്പന്നരല്ലാത്തതുകൊണ്ടാണ് സ്ത്രീകൾ പൊതുരംഗത്തേക്ക് വരാൻ മടിക്കുന്നത്. തുടർ സാക്ഷരതാ പ്രവർത്തനം ഇല്ലാതിരുന്നതിനാൽ നിരക്ഷരതയിലേക്കുള്ള തിരിച്ചുപോക്ക് നടക്കുകയാണ്. അതുകൊണ്ട് വാർഡ്തലത്തിൽ സാക്ഷരതാ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. സ്ത്രീകളുടെ പുരോഗമനത്തിനും, ക്ഷേമത്തിനുംവേണ്ടി ഗവൺമെൻറ് ഏർപ്പെടുത്തിയിട്ടുള്ള പല പദ്ധതികളും യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല. പൊതുവായി പഞ്ചായത്ത് തലത്തിൽ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയുംചെയ്യണം.

സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി പൊതുമേഖലയിൽ വ്യവസായങ്ങൾ തുടങ്ങുവാൻവേണ്ട സഹായങ്ങളും പഞ്ചായത്തിൽ നിന്നും ചെയ്തുതരണം. ഉദാ: സോപ്പ്, മെഴുകുതിരി, വട്ടക്കണ്ണി, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ചൂരൽ, പ്ലാസ്റ്റിക് ഉല്പന്നങ്ങൾ എന്നിവയുടെ നിർമ്മാണവും കൈത്തറിനെയ്ത്തും, ബുക്ക്ബൈൻറിങ്ങും എല്ലാ വാർഡുകളിലും ആരംഭിക്കുവാൻ ഗവൺമെൻറിൻെറയും പഞ്ചായത്തിൻെറയും സഹായംവേണം.

വിത്തിൻെറയും വളത്തിൻെറയും വിലവർദ്ധനവുമൂലം കാർഷിക മേഖലയിൽ മുരടിപ്പാണ്. അതുകൊണ്ട് കർഷക തൊഴിലാളികളായ സ്ത്രീകൾക്ക് തൊഴിൽസാദ്ധ്യത കുറഞ്ഞുവരുന്നു. പച്ചക്കറികൾ കൃഷിചെയ്യുവാൻ സ്ത്രീകൾക്ക് താല്പര്യമുണ്ട്. എന്നാൽ വിത്തിൻെറയും വളത്തിൻെറയും വില വർദ്ധനവ് താങ്ങാൻ കഴിയുന്നില്ല. ആയതിനാൽ സർക്കാരിൻെറ ഭാഗത്തുനിന്ന് കുറഞ്ഞനിരക്കിൽ വിത്തും വളവും കൃഷിഭവൻവഴി വിതരണം നടത്തണം. ഓരോ കുടുംബങ്ങളിലും അടുക്കളതോട്ടങ്ങൾ ഉണ്ടാവണം. ഇതിനുവേണ്ടി പഞ്ചായത്തിൽനിന്ന് വേണ്ടനടപടികൾ ആരംഭിക്കേണ്ടതാണ്.

കോഴികളെ വളർത്തി വരുമാനമാർഗ്ഗവും ആരോഗ്യവും നിലനിർത്തുവാൻ സ്ത്രീകൾ ആഗ്രഹിക്കുന്നു. അതുകൊണ്ട് നല്ലയിനം കോഴികുഞ്ഞുങ്ങളെ കുറഞ്ഞവിലയ്ക്ക് വിതരണം ചെയ്യുകയും രോഗബാധ ഉണ്ടാകാതിരിക്കുന്നതിനുള്ള ഏർപ്പാടുകളും ബന്ധപ്പെട്ട സ്ഥാപനങ്ങൾവഴി പഞ്ചായത്തിൻെറ ഭാഗത്തുനിന്ന് ചെയ്യേണ്ടതാണ്. വീട്ടുമുററത്ത് താറാവുകളെ വളർത്തുന്നതിനും സബ്സിഡി നിരക്കിൽ തീററ ലഭ്യമാക്കുന്നതിനും ഏർപ്പാടുകൾ ഉണ്ടാവണം.

ആടുകളെയും പശുക്കളേയും വളർത്തുവാനും തീററസാധനങ്ങളുടെ വില നിയന്ത്രിക്കുവാനും ഏർപ്പാടുകൾ ചെയ്യുക. ബാങ്ക്വഴി കുറഞ്ഞപലിശയ്ക്ക് സ്ത്രീകൾക്ക് വളർത്തുമൃഗങ്ങളെ വാങ്ങുവാനുള്ള ധനസഹായം നല്കുക. ഈ തരത്തിൽ വളർത്തുമൃഗങ്ങളെ കിട്ടിയാൽ സ്ത്രീകളുടെ വരുമാനം വർദ്ധിക്കുകയും വീട്ടുവളപ്പിൽ പച്ചകറികൃഷികൾ നടത്തുവാൻവേണ്ട ചാണകം ലഭിക്കുകയുംചെയ്യും,

നമ്മുടെ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും അദ്ധ്യാപകരിൽ വനിതകളാണ് കൂടുതൽ. പഠിക്കുന്നതും അധികം പെൺകുട്ടികളാണ്. അത് സ്ത്രീകൾക്ക് അഭിമാനകരമാണ്. ചില സ്കൂളുകളിലെ കുട്ടികളുടെ എണ്ണംകുറയുന്നു എന്നപരാതി ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. അതു പഞ്ചായത്ത് ശ്രദ്ധിക്കണം. ഓരോ വാർഡിലെ കുട്ടികളു ആ വാർഡിലെ സ്കൂളുകളിൽതന്നെ പഠിക്കണം എന്ന നിർദ്ദേശം ഗ്രാമസഭയിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്.

പഞ്ചായത്തിൽ 10 മഹിളാ സമാജങ്ങളാണുള്ളത്. മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നില്ല എന്നാണ് മൊത്തം അഭിപ്രായം ചില മഹിളാ സമാജങ്ങൾക്ക് സ്ഥലവും കെട്ടിടവും ഇല്ല. 1-ാംവാർഡിലെ ഹരിജൻ നഴ്സറിക്ക് സ്ഥലവും കെട്ടിടവും ഇല്ല. 3-ാംവാർഡിലെ നഴ്സറിക്കും കെട്ടിടം ഇല്ല. 4-ാംവാർഡിലും ആട്ടയൂർ ഭാഗത്ത് പ്രവർത്തിക്കുന്ന പട്ടികജാതി നഴ്സറിക്ക് സ്ഥലമോ കെട്ടിടമോ ഇല്ല. 7-ാം വാർഡിലെ ശിശുവിഹാർ മന്ദിരത്തിനോടനുബന്ധിച്ച് ക്രഷ് യൂണിററ് ഉണ്ടാക്കുക. ശിശുവിഹാറിനും മതിൽ കിണർ എന്നിവ ഉണ്ടാക്കുക. പുതുതായി കണ്ടിയൂർ ഭാഗത്ത് ഒരു ശിശുവിഹാർ സ്ഥാപിക്കുക. 4-ാംവാർഡിൽ കടവല്ലൂർഭാഗത്ത് ഒരു നഴ്സറിഉണ്ടാവണം 6-ാംവാർഡിൽ നഴ്സറിക്ക് മതിലും വാഹനസൗകര്യത്തിനുള്ള റോഡും ഉണ്ടാകണം.

റേഷൻ കടകളിലും ചന്തകളിലും മാവേലി സ്റ്റോറുകളിൽ സാധനങ്ങൾ വാങ്ങുവാൻ കൂടുതൽ വരുന്നത് സ്ത്രീകളാണ് കാരണം മിക്ക കുടുംബങ്ങളിലും പുരുഷൻമാർ ജോലിക്ക് പോകുന്നു. ബഹുജന സംഘടനകളിൽ സ്ത്രീകൾവരാത്തതിൻെറ പ്രധാനകാരണം, കുടുംബത്തിലെ ബുദ്ധിമുട്ടുകളും പുരുഷൻമാരുടെ മേധാവിത്വവും ആണ്. എങ്കിലും സ്ത്രീകൾക്കെതിരെ ആക്രമണം വളരെകുറവാണ്. സ്ത്രീധനത്തിൻെറ പേരിലുള്ള പീഡനം ഇല്ലെന്നുതന്നെ പറയാം.

ഒമ്പതാംപദ്ധതിയുടെ ഭാഗമായി നടക്കുന്ന ആസൂത്രണ പരിപാടികളിൽ സ്ത്രീകളെ കൂടുതൽ പങ്കെടുപ്പിക്കണം. വാർഡ്തലത്തിൽ സ്ത്രീകളെ സംഘടിപ്പിച്ച് ബോധവൽക്കരണ ക്ലാസുകൾ കൊടുക്കണം. അങ്ങനെ സ്ത്രീകളെ രംഗത്ത്കൊണ്ടുവരണം. അവരുടെ കടമകളും കടപ്പാടുകളും അവർ അറിയണം. ബഹുജന സംഘടനകളിൽ അംഗങ്ങൾ ആവുകയും ചെയ്യണം.

ഈ പഞ്ചായത്തിലെ ആശുപത്രികളിൽവരുന്ന രോഗികളിൽ കൂടുതലും സ്ത്രീകളാണ്. ഗർഭിണികൾക്കും കുട്ടികൾക്കുംവേണ്ടത്ര മരുന്നുകൾ ആശുപത്രികളിൽ ഇല്ല. രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യങ്ങളും ഇല്ല. സാധുക്കളായ ഗർഭിണികൾക്ക് ആശുപത്രിവഴി പാലും മുട്ടയും വിതരണം നടത്തണം. പൊതുവേ സ്ത്രീകൾക്ക് പോഷകാഹാരത്തിന്റെ കുറവുണ്ട്. മിക്ക കുടുംബങ്ങളിലും സ്ത്രീകൾക്ക് നല്ലഭക്ഷണം ലഭിക്കുന്നില്ല കാരണം നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവ് ആണ് ഉപ്പുതൊട്ട് കർപ്പൂരംവരെ തീപിടിച്ച വിലയാണ്. സാധനങ്ങളുടെ വില നിയന്ത്രിക്കുവാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്. വിലകയററംമൂലം ബുദ്ധിമുട്ടുകൾ കൂടുതൽ അനുഭവിക്കുന്നതും സ്ത്രീകളാണ്.

ബസ്സുകളിൽ സ്ത്രീകൾക്ക് സംവരണംചെയ്ത സീററുകൾ സ്ത്രീകൾക്ക്തന്നെ ലഭിക്കണം. ധാരാളം സ്ത്രീസംഘടനകൾ രംഗത്ത് വന്നതിന്റെ ഫലമാണ് 40% സീററ് സ്ത്രീകൾക്ക് സംവരണംചെയ്തത് എന്നാൽ എല്ലാ ബസ്സുകളിലും സ്ത്രീകൾ കുട്ടികളെ എടുത്ത്നിൽക്കുന്ന കാഴ്ച നിത്യവും കാണുന്നു. ഈ അവസ്ഥയ്ക്ക് മാററങ്ങൾ ഉണ്ടാവണം.

മദ്യപാനംമൂലം ദുരിതമനുഭവിക്കുന്നവർ ചെറിയതോതിൽ ഉണ്ടായിരുന്നു. അടുത്തയിടെ നടപ്പാക്കിയ ചാരായ നിരോധനംകൊണ്ട് അവരുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. എന്നിരുന്നാലും സമ്പൂർണ്ണ മദ്യനിരോധനം ആവശ്യമാണ്. ചാരായം ഒരു കൂലിവേലക്കാരൻ 10രൂപക്ക് കഴിച്ചിരുന്നത് ഇന്ന് 60 രൂപക്ക് കഴിക്കുന്നു. അതുകൊണ്ട് കുടുംബം കൂടുതൽ പട്ടിണിയിലാണ്. ഇതിന്റെ ദുരിതഫലവും അനുഭവിക്കുന്നത് സ്ത്രീകളാണ്. ചില വാർഡുകളിൽ വ്യാജമദ്യം വില്പന നടത്തുന്നതായി ഗ്രാമസഭയിൽ നിന്ന് ആരോപണമുണ്ടായി. എന്നാൽ ഈ അനീതിക്കെതിരെ ശബ്ദമുയർത്തുവാൻ ആരും തയ്യാറില്ല.

ഇതിന്റെ ദുരിതഫലവും സ്ത്രീകൾ അനുഭവിക്കുന്നു. ഇതൊക്കെ കണത്തിലെടുത്ത് പരിപൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുകയും, മദ്യമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ നൽകി കുടുംബത്തെ രക്ഷിക്കുകയും ചെയ്യണമെന്ന് ശക്തിയായി സർക്കാരിനോട് ആവശ്യപ്പെടുന്നു. വ്യാജമദ്യവിൽപ്പന നടത്തുന്നത് ഓരോ കുടുംബത്തിനും ജീവിതമാർഗ്ഗം ഇല്ലാത്തതുകൊണ്ടാണ് എന്ന് നമുക്ക് കാണുവാൻ കഴിയുന്നുണ്ട്, ഈ കാര്യത്തിൽ കൂടുതൽ പരിശോധന നടത്തേണ്ടതാണ്.

## പ്രശ്നങ്ങൾ:

1 പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.

2 മിക്ക തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.

3 സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിതമായി ശ്രമങ്ങൾ വളരെ കുറവാണ്.

4 മഹിളായൂണിററുകളുടെ പ്രവർത്തനത്തിൽ സ്ത്രീകൾക്കിടയിലെ നേതൃത്വത്തിന്റെ അഭാവം പ്രകടമാണ്.

5 ഏതു രംഗത്തും വനിതകൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകുന്ന കാഴ്ചപ്പാട് ഒരു രാഷ്ട്രീയപാർട്ടിയിലും കാണുന്നില്ല.

6 സ്ത്രീകളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടി ഒന്നും തന്നെ നിലവിലില്ല.

7 സ്ത്രീധന നിരോധനനിയമം പരിപൂർണ്ണമായി നടപ്പിലാക്കുക.

**നിർദ്ദേശങ്ങളും സാദ്ധ്യതകളും:**

1 വനിതാ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക

2 സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കിയാൽ ഇന്ന് സ്ത്രീകളെ അലട്ടുന്ന പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കപ്പെടും.

3 സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന അശ്ലീലപോസ്റ്ററുകളും പ്രസിദ്ധീകരണങ്ങളും നിരോധിക്കുക.

4 തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് തുല്യവേതനം ഉറപ്പുവരുത്തുക.

5 മഹിളാ സമാജങ്ങളും വനിത സഹകരണസംഘങ്ങളും സ്ഥാപിക്കുക.

6 സ്ത്രീകൾ സ്വയം തൊഴിൽപദ്ധതികൾ നടപ്പിലാക്കുക.

7 സ്ത്രീധനത്തിനെതിരെയും സ്ത്രീ മർദ്ദനത്തിനെതിരെയും നടപടികൾ സ്വീകരിക്കുക.

8 പഞ്ചായത്ത്തലത്തിൽ ഒരു വനിതാ സൊസൈററി രൂപീകരിക്കണം.

കുട്ടികളെയും വൃദ്ധജനങ്ങളെയും പരിചരിക്കൽ തൊഴിൽബന്ധിത സേവന മേഖലയായി വികസിപ്പിക്കാവുന്നതാണ്. ഇതിനായി സൊസൈററികൾ രൂപീകരിക്കുകയും അവയുടെ നേതൃത്വത്തിൽ വനിതകളെ പരിശീലിപ്പിക്കാവുന്നതാണ്. ഇത്തരം പുതിയ സാദ്ധ്യതകൾ കണ്ടെത്തുകയും നിലനിർത്തുകയും ചെയ്യേണ്ടതാണ്. നിലവിലുള്ള രീതികളിൽ നിന്നും വ്യത്യസ്തമായി വനിതകളെ അവരുടെ മാറുന്ന ജീവിത സാഹചര്യങ്ങൾക്കനുസൃതമായി സാമൂഹ്യവളർച്ച്നേടാൻ പ്രാപ്തരാക്കേണ്ടതാണ്. വനിതകളുടെ തൊഴിൽ സംരംഭ യൂണിററുകളോട്ചേർന്ന് സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യസംരക്ഷണത്തിനായുള്ള കേന്ദ്രങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

## കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

**1. കൃഷി, ജലസേചനം**

കെ. വി. ജോസ് മാസ്റ്റർ (ചെയർമാൻ)
എ. ബി. ബാബുരാജ് (കൺവീനർ)
ഷൈജു കെ. ജി.
ബാലകൃഷ്ണൻ
ചന്ദ്രശേഖരൻ
പി. പി. രാഘവൻ
ജോർജ്ജ്
സി. എ. ബാലകൃഷ്ണൻ
പി. എൻ. സുഗുദേവൻ
കെ. വി. വിജയൻ
പി. പി. ലാസർ
രാജൻ
അന്തപ്പൻ

**2. മത്സ്യബന്ധനം, മൃഗപരിപാലനം**

അയിഷാ ഖാലിദ് (ചെയർമാൻ)
പി. എ. ചാക്കോ (കൺവീനർ)
എം. ജി. അരവിന്ദൻ
ദേവു ബാലൻ
പി. പി. നാരായണൻ
എം. എസ്. ശ്രീനിവാസൻ
സബിതാ ഷൺമുഖൻ
സി. ഒ. സൈമൺ
ഇ. ആർ. ജെയിംസ്
കെ. കെ. കേശവൻ
ജോസഫ്
ഗോവിന്ദൻകുട്ടി നായർ

**3. വ്യവസായം**

പി. എ. വിശ്വംഭരൻ (ചെയർമാൻ)
ജെയ്സൺ ചാക്കോ (കൺവീനർ)
ലക്ഷ്മണൻ
കെ. വി. മജീദ്
ടി. എ. വാമനൻ
പി. ജി. സാജൻ
അശോക്കുമാർ
പി. അബ്ദുൾഖാദർ ഹംസ
പി. എ. നാരായണൻ
എം. പി. ജോസ്
എം. ആർ. വർഗ്ഗീസ്
കെ. യു. ജോസ്
എ. ജി. കേശവൻ
വിൻസന്റ്
നന്ദകുമാർ
കെ. വി. സജീവൻ
ടി. വി. ജോൺസൺ
ടി. ജെ. ജോസഫ്

**4. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്**

കെ. എ. ജോണി (ചെയർമാൻ)
പി. മുരളീധരൻ (കൺവീനർ)
ജമാൽ
വി. ആർ. അശോകൻ
അഖിലേഷ്
ഷാജു തരകൻ
പി. കെ. ബാലൻ
പി. വി. കുമാരൻ
പി. എ. ഹംസ
സി. ഡി. ജോസഫ്
ഷാജു കെ. ജെ.
എ. പി. മുഹമ്മദുകുട്ടി
വി. ജി. ജിനീഷ്

**5. വിദ്യാഭ്യാസം**

ഇ. എ. ജോസ് മാസ്റ്റർ (ചെയർമാൻ)
പി. എ. ദാമോദരൻ മാസ്റ്റർ (കൺവീനർ)
ചന്ദ്രൻ മാസ്റ്റർ
ബബിതാ ജോസഫ്
വി. കെ. സുശീല
സി. ഐ. അന്തോണി മാസ്റ്റർ
ശുഭ മോഹൻ
സി. എൽ. തോമാസ്
രാമൻമേനോൻ മാസ്റ്റർ
ചാക്കുണ്ണി മാസ്റ്റർ
കെ. കെ. കേശവൻ നായർ മാസ്റ്റർ
സി. എം. അന്തോണി മാസ്റ്റർ

**6. ആരോഗ്യം, കുടിവെള്ളം, ശുചിത്വം**

വി. കെ. കുഞ്ഞമ്മ (ചെയർമാൻ)
വി. കെ. ഭാനുപ്രകാശ് (കൺവീനർ)
വി. പി. സിദ്ധാർത്ഥൻ
ലീല
പ്രഭാകരൻ
സി. കെ. ദേവസ്സികുട്ടി
ഫ്രാൻസിസ് പി. എ.
ലീലാമ്മ
പി. എ. ജോൺ
രത്നം ടീച്ചർ
സി. എസ്. സുബ്രഹ്മണ്യൻ
കെ. ടി സുദർശൻ

**7. സംസ്കാരം**

കെ. കെ. പുഷ്പാർജ്ജുനൻ മാസ്റ്റർ (ചെയർമാൻ)
എൻ. രാജശേഖരൻ മാസ്റ്റർ (കൺവീനർ)
എം. എ. രാമകൃഷ്ണൻ
കെ. ആർ. തോമസ്
വി. കെ. മോഹനൻ
അജയൻ
പ്രഹ്ലാദൻ
ജോൺസൺ
സി. വി. വേണു
കെ. കെ. എം. നമ്പൂതിരി
എ. പി. രാജം

**8. ഭവനനിർമ്മാണം ക്ഷേമപ്രവർത്തനം**

പി. എ. മുസ്തഫ (ചെയർമാൻ)
വിൽസന്റ് ഡി. പോൾ (കൺവീനർ)
കൊച്ചമ്മിണി
എം. കെ. രവി
പുഷ്പ
ഗംഗാധരൻ
രുഗ്മിണി ടീച്ചർ
ഇ. കെ. ജോർജ്ജ്
ഷീല
മുരളീധരൻ
ക്ലീമീസ്
പി. വി. സുകുമാരൻ
കൃഷ്ണൻ മണ്ണത്തൂർ
കെ. ജി. ബാലകൃഷ്ണൻ

**9. വനിത**

സാവിത്രി രാമകൃഷ്ണൻ (ചെയർമാൻ)
ശോഭന സുകുമാരൻ (കൺവീനർ)
എം. കെ. ചന്ദ്രമതി ടീച്ചർ
വത്സല
പുഷ്പ
സുലോചന സുബ്രഹ്മണ്യൻ
സീത ജയൻ
ശാന്ത
രമണി
രുഗ്മിണി
ഒ. എൽ. മേരി
ജാൻസി ടീച്ചർ
അന്നമ്മ ഫ്രാൻസിസ്
ത്രേസ്യാ ടീച്ചർ

**10. സഹകരണം**

സി. എ. നാരായണൻ മാസ്റ്റർ (ചെയർമാൻ)
സി. പി. ആന്റണി (കൺവീനർ)
എം. ജി. പുരുഷൻ
എൻ. ആർ. പരമേശ്വരൻ
പി. എസ്. വിനോദൻ
കെ. വി. അൽഫോൻസ
പി. ടി. പൗലോസ്
പി. ഐ. വർക്കി
അയ്യപ്പൻ മാസ്റ്റർ
സന്തോഷ്
കെ. വി. ചന്ദ്രാംഗദൻ
ഇ. പി. മുഹമ്മദുകുട്ടി

**11. പട്ടികജാതി - പട്ടികവർഗ്ഗം**

എ. എസ്. ശശി (ചെയർമാൻ)
എ. പി. കണ്ടൻ മാസ്റ്റർ (കൺവീനർ)
കെ. കെ. കുമാരൻ
കെ. വി. ചന്ദ്രൻ
പി. കെ. കാർത്ത്യായനി
കെ. ടി. ഫ്രാൻസിസ്

എൻ. വി. ഭാസ്കരൻ
കെ. ടി. ഗോപാലൻ
എം. കെ. അപ്പു
ഇ. കെ. ചന്ദ്രൻ
ശാന്ത ശങ്കരൻ
സി. കെ. ചന്ദ്രൻ
രാമകൃഷ്ണൻ

**12. വിഭവസമാഹരണം**

വിൻസന്റ് തെക്കത്ത് (ചെയർമാൻ)
കെ. കെ. ഔസേപ്പ് മാസ്റ്റർ (കൺവീനർ)
കെ. എ. ബാലൻ
ഇ. കെ. രമേഷ്
സി. കെ. കൊച്ചുമാത്യു
സി. കെ. ജോർജ്ജ്
ഇ. എസ്. മോഹനൻ
എൻ. എ. ബാലചന്ദ്രൻ
അംബികേശൻ
ബേബി ജെ. പുലിക്കോട്ടിൽ

● ● ●

കെ. എസ്. മിനി (കൃഷി ഓഫീസർ)
ദേവകി (വില്ലേജ് ഓഫീസർ)
ഡോ. കെ. സി. ചാർളി (വെറ്റിറനറി സർജൻ)
ഡോ. അബ്ദുള്ള (പ്രാഥമികാരോഗ്യ കേന്ദ്രം)
ഡോ. ഇന്ദിര (ഹോമിയോ ഡിസ്പെൻസറി)
പി. ഉണ്ണികൃഷ്ണൻ (ഹെൽത്ത് സെന്റർ)
കെ. ആർ. ശങ്കരൻ (വി. ഇ. ഒ.)
വിൻസന്റ്. ഡി. പോൾ (വി. ഇ. ഒ.)

## ഉപസംഹാരം

ഒരു ഗ്രാമത്തിന്റെ ഉൺമയും, ഇല്ലായ്മയും, ഉത്കണ്ഠയും, അഭിലാഷങ്ങളും കൂട്ടായ്മയിലൂടെ സ്വരൂപിച്ച ഒരു പിടി വാക്കുകളിലൂടെ പകർത്താൻ ശ്രമിച്ചിരിക്കുകയാണിവിടെ. "അറിഞ്ഞതിൽ പാതി പറയാതെ പോയി, പറഞ്ഞതിൽ പാതി പതിരായും പോയി" എന്ന് തോന്നായ്കയില്ല. "ഉള്ളതിൽ പാതി അറിയാതെ പോയോ" എന്ന് പരിശോധിക്കേണ്ടതുണ്ട്. സമയക്കുറവ് ചെറുതല്ലാത്ത കാരണമായിട്ടുണ്ട് എന്നാശ്വസിക്കാം. ചർച്ചയിലൂടെ, കൂടുതൽ ചർച്ചയിലൂടെ പോരായ്മകൾ പരിഹരിച്ച് ഈ രേഖയെ സമഗ്രവും സമ്പൂർണ്ണവും ആക്കാൻ വികസന സെമിനാറിനു കഴിയുമെന്ന പ്രതീക്ഷയാണുള്ളത്.

എല്ലാ കുറവുകൾക്കിടയിലും, പ്രത്യാശയുണർത്തിയ ഒരു ഘടകമുണ്ട് നാടിനെ അറിയുന്നതിലും, നാടിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിലും പ്രകടമായ ഒരു ഉണർവ്വ്. ഈ കൂട്ടായ്മ കെടാതെ സൂക്ഷിച്ച് ഊതിപെരുപ്പിച്ചു വേണം ഇനിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ. ഒമ്പതാം പദ്ധതിയുടെ ആസൂത്രണത്തിൽ ഒതുങ്ങുന്നില്ല നമ്മുടെ ദൗത്യം. നന്മയുടേയും, സമൃദ്ധിയുടേയും നിറവാർന്ന ഒരു നാട് - ഇനിയുള്ള നാളുകൾ ആ ലക്ഷ്യത്തിലേക്കുള്ള ഒരു തീർത്ഥയാത്രയാക്കാം.

കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്ത്
ജനകീയാസൂത്രണ സമിതി

മററം,
23 - 11 - '96.

